**ധനകാര്യം**

2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ
ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XII - പോലീസ്

ധനാഭ്യർത്ഥന നമ്പർ XIII - ജയിലുകൾ

ധനാഭ്യർത്ഥന നമ്പർ XIV - സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും

ധനാഭ്യർത്ഥന നമ്പർ XXIII – വാർത്താവിതരണവും പ്രചരണവും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം

കാണിച്ചിട്ടുള്ള തുകകൾ 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബജറ്റ് എസ്റ്റിമേറ്റ് 2024-25 | | | | |
|---|---|---|---|---|---|---|
| | | 15-02-2024-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (₹) | മൂലധനം (₹) | റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XII | പോലീസ് | 1567,12,30,000 | 18,09,67,000 | 3212,50,60,000 | 36,19,35,000 | 3248,69,95,000 |
| XIII | ജയിലുകൾ | 69,30,18,000 | ---- | 138,60,38,000 | ---- | 138,60,38,000 |
| XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 212,69,11,000 | 2,82,67,000 | 425,38,23,000 | 5,65,33,000 | 431,03,56,000 |
| XXIII | വാർത്താവിതരണവും പ്രചരണവും | 35,57,78,000 | 70,00,000 | 71,15,58,000 | 1,40,00,000 | 72,55,58,000 |

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയെയും ജയിലുകൾ എന്ന XIII-ാം നമ്പർ

ധനാഭ്യർത്ഥനയെയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയെയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതും അതിനുശേഷം നാല് ധനാഭ്യർത്ഥനകളുടെയും ചർച്ച ഒരുമിച്ച് നടത്താവുന്നതുമാണ്.

**ഖണ്ഡനോപക്ഷേപങ്ങൾ**

**ധനാഭ്യർത്ഥന നമ്പർ XII - പോലീസ്**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3248,69,95,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഗുണ്ടാ-ലഹരിമാഫിയ സംഘങ്ങളുടെ പ്രവർത്തനം നിരീക്ഷിച്ച് മനസ്സിലാക്കുന്നതിൽ പോലീസ് ഇന്റലിജൻസ് വിഭാഗത്തിന് സംഭവിച്ചതായി കരുതപ്പെടുന്ന വീഴ്ചമൂലം സംസ്ഥാനത്ത് അക്രമപ്രവർത്തനങ്ങളിൽ വർദ്ധനവുണ്ടായതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3248,69,95,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കണ്ണൂർ ജില്ലയിലെ പാനൂരിലും സമീപപ്രദേശങ്ങളിലും ബോംബ് നിർമ്മാണം നടക്കുന്നുണ്ടെന്ന ഇന്റലിജൻസ് റിപ്പോർട്ട് പോലീസ് അവഗണിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3248,69,95,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അവയവ കച്ചവടം നടത്തുകയും അതിന്റെ

പേരിൽ പാവപ്പെട്ടവരെ ചൂഷണം ചെയ്യുകയും ചെയ്യുന്ന റാക്കറ്റുകളെ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3248,69,95,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3248,69,95,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പോലീസ് സ്റ്റേഷനുകളിൽ മനുഷ്യാവകാശ ലംഘനങ്ങൾ നടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3248,69,95,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ക്രമസമാധാനനില സംരക്ഷിക്കുന്നതിൽ പോലീസ് ദയനീയമായി പരാജയപ്പെടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3248,69,95,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പോലീസുകാരിലെ ക്രിമിനലുകളെ കണ്ടെത്തി അവരെ സർവ്വീസിൽനിന്നും നീക്കം ചെയ്യാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീമതി കെ. കെ. രമ</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3248,69,95,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്ത്രീധനപീഡനത്തിന് പരാതി നൽകിയിട്ടും പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ അനാസ്ഥയെത്തുടർന്ന് താലിമാല അറുത്ത്

സ്റ്റേഷനിൽ വയ്ക്കുകയും കേസിലെ പ്രതിയെ രക്ഷപ്പെടാൻ പോലീസ് സഹായിക്കുകയും ചെയ്തതായി പറയപ്പെടുന്ന സംഭവം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3248,69,95,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അതിഥി തൊഴിലാളികൾ പ്രതികളാകുന്ന കൊലപാതകങ്ങൾ, അതിക്രമങ്ങൾ, മോഷണ കേസുകൾ തുടങ്ങിയവ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ക്രിമിനൽ പശ്ചാത്തലമുള്ളവരെ തിരിച്ചറിഞ്ഞ് ക്രമസമാധാനവും ജനങ്ങളുടെ സുരക്ഷയും ഉറപ്പാക്കുന്നതിനാവശ്യമായ നടപടി പോലീസ് സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3248,69,95,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് ഗുണ്ടാ-ലഹരി മാഫിയ

സംഘങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിലും അതിക്രമങ്ങൾ തടയുന്നതിലും പോലീസ് പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3248,69,95,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൂക്കോട് വെറ്ററിനറി കോളേജ് വിദ്യാർത്ഥി സിദ്ധാർത്ഥന്റെ മരണവുമായി ബന്ധപ്പെട്ട സി.ബി.ഐ. അന്വേഷണത്തിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3248,69,95,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഇന്ധനം നിറയ്ക്കുവാൻ തുക അനുവദിക്കാത്തതിനാൽ പോലീസ് വാഹനങ്ങൾ ഓടിക്കുവാൻ സാധിക്കാതെ പോലീസ് പട്രോളിംഗ് മുടങ്ങുകയും തന്മൂലം ജനങ്ങളുടെ സുരക്ഷ

അപകടത്തിലാവുകയും ചെയ്തിരിക്കുന്നതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3248,69,95,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3248,69,95,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പോലീസിൽ രാഷ്ട്രീയവൽക്കരണവും ക്രിമിനൽവൽക്കരണവും ഉള്ളതായും തന്മൂലം ക്രമസമാധാന തകർച്ചയുണ്ടാകുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3248,69,95,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (വണ്ടിപ്പെരിയാറിൽ പെൺകുട്ടിയെ പീഡിപ്പിച്ച് കൊലപ്പെടുത്തിയ കേസിന്റെ അന്വേഷണത്തിൽ പോലീസിന്റെ ഭാഗത്തുനിന്ന് കൃത്യവിലോപമുണ്ടായതായി പറയപ്പെടുന്ന കോടതി പരാമർശം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3248,69,95,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിലെ അടിസ്ഥാനസൗകര്യങ്ങൾ വർധിപ്പിച്ച് അവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3248,69,95,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മാധ്യമപ്രവർത്തകർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തുകൊണ്ട് മാധ്യമസ്വാതന്ത്ര്യം അട്ടിമറിക്കാൻ പോലീസിനെ

ദുരുപയോഗം ചെയ്യുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3248,69,95,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. യു. എ. ലത്തീഫ്
2. ശ്രീ. എ. കെ. എം. അഷ്റഫ്
3. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
4. ശ്രീ. കുറുക്കോളി മൊയ്തീൻ
5. ശ്രീ. എൻ. ഷംസുദ്ദീൻ
6. ശ്രീ. കെ. പി. എ. മജീദ്
7. ശ്രീ. മഞ്ഞളാംകുഴി അലി

**ധനാഭ്യർത്ഥന നമ്പർ XIII – ജയിലുകൾ**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 138,60,38,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ ജയിലുകളിൽ കഴിയുന്ന കൊലക്കേസ് പ്രതികളുൾപ്പെടെയുള്ളവർക്ക് ചട്ടവിരുദ്ധമായി പരോൾ അനുവദിക്കപ്പെടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 138,60,38,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജയിലുകളിൽ ഉൾക്കൊള്ളാവുന്നതിലേറെ കുറ്റവാളികളെ പാർപ്പിച്ചിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 138,60,38,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (രാഷ്ട്രീയ പരിഗണനവച്ച് തടവുകാർക്ക്

പരോളും മറ്റ് സൗകര്യങ്ങളും അനുവദിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 138,60,38,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജയിലുകളിൽ ലഹരി, മയക്കുമരുന്ന് ഉപയോഗം തടയാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 138,60,38,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കൊലപാതക കേസുകളിലുൾപ്പെട്ടവർ പരോൾ കാലാവധിക്കുശേഷം ജയിലുകളിൽ തിരികെ എത്താതിരിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 138,60,38,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന തടവുകാരുടെ വേതനം വർദ്ധിപ്പിച്ച് നൽകാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 138,60,38,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് കൂടുതൽ ഓപ്പൺ ജയിലുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 138,60,38,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കൗമാരക്കാരായ തടവുകാരെ ചട്ടം

ലംഘിച്ച് സ്ഥിരം കുറ്റവാളികൾക്കൊപ്പം പാർപ്പിക്കുന്നതായും അതുമൂലം ഇത്തരക്കാർ ഭാവിയിൽ കൊടുംകുറ്റവാളികളായിത്തീരാനുള്ള സാദ്ധ്യതയുണ്ടെന്നുമുള്ള എ.ജി.-യുടെ ആഡിറ്റ് പരാമർശം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 138,60,38,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജയിൽ അധികൃതരുടെ പിന്തുണയോടെ തടവുപുള്ളികൾക്ക് ലഹരിപദാർത്ഥങ്ങളും മൊബൈൽ ഫോണും എത്തിച്ചുനൽകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 138,60,38,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ ജയിലുകൾ കേന്ദ്രീകരിച്ച് ക്രിമിനലുകളുടെ നേതൃത്വത്തിൽ മയക്കുമരുന്ന് വ്യാപാരം നടക്കുന്നതായി

പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 138,60,38,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ ജയിൽ നിയമങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 138,60,38,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. കുറുക്കോളി മൊയ്തീൻ
2. ശ്രീ. എൻ. ഷംസുദ്ദീൻ

3. ശ്രീ. എ. കെ. എം. അഷ്റഫ്

4. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

5. ശ്രീ. യു. എ. ലത്തീഫ്

6. ശ്രീ. കെ. പി. എ. മജീദ്

7. ശ്രീ. മഞ്ഞളാംകുഴി അലി

8. ശ്രീ. പി. സി. വിഷ്ണുനാഥ്

9. ശ്രീ. ടി. ജെ. വിനോദ്

10. ശ്രീ. എം. വിൻസെന്റ്

11. ശ്രീ. സി. ആർ. മഹേഷ്

12. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

13. ഡോ. മാത്യു കുഴൽനാടൻ

**ധനാഭ്യർത്ഥന നമ്പർ XIV- സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

ശ്രീ. മഞ്ഞളാംകുഴി അലി: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 431,03,56,000 രൂപ ഒരു രൂപയായി കുറവ്

ചെയ്യേണ്ടതാണ് (സർക്കാർ വകുപ്പുകളും സർക്കാരുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളും അച്ചടി ജോലികൾ സ്വകാര്യ പ്രസ്സുകളെ ഏൽപ്പിക്കുന്നതായും അതുവഴി ഖജനാവിന് വൻ സാമ്പത്തിക ബാധ്യതയുണ്ടാകുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 431,03,56,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സർക്കാർ പ്രസ്സുകളുടെ ആധുനികവൽക്കരണത്തിനായുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

വകകൊള്ളിച്ചിട്ടുള്ള 431,03,56,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നിലവാരം കുറഞ്ഞ സ്റ്റേഷനറി സാധനങ്ങൾ വിതരണം ചെയ്യുന്നതായുള്ള പരാതി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 431,03,56,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സർക്കാർ ഗസറ്റ് മുടക്കം കൂടാതെ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 431,03,56,000 രൂപ ഒരു രൂപയായി കുറവ്

ചെയ്യേണ്ടതാണ് (അഗ്നിബാധ തടയുന്നതിന് സ്കൈ ലിഫ്റ്റ് ഉൾപ്പെടെയുള്ള ആധുനിക ഉപകരണങ്ങൾ വാങ്ങാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 431,03,56,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കൂടുതൽ സർക്കാർ പ്രസ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 431,03,56,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിലെ ക്രമക്കേടുകൾ

പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 431,03,56,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കൂടുതൽ അഗ്നിശമന സേനാ ഓഫീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 431,03,56,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഹോം ഗാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും അവരുടെ വേതനം കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനും നടപടി

സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 431,03,56,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. ടി. വി. ഇബ്രാഹിം
2. ശ്രീ. എ. കെ. എം. അഷ്റഫ്
3. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
4. ശ്രീ. യു. എ. ലത്തീഫ്
5. ശ്രീ. കെ. പി. എ. മജീദ്
6. ശ്രീ. കുറുക്കോളി മൊയ്തീൻ

7. ശ്രീ. എൻ. ഷംസുദ്ദീൻ

8. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

9. ശ്രീ. മഞ്ഞളാംകുഴി അലി

10. ശ്രീമതി കെ. കെ. രമ

11. ശ്രീ. അൻവർ സാദത്ത്

12. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

13. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

14. ശ്രീ. എം. വിൻസെന്റ്

15. ശ്രീ. പി. സി. വിഷ്ണുനാഥ്

16. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

17. ഡോ. മാത്യു കുഴൽനാടൻ

18. ശ്രീ. സി. ആർ. മഹേഷ്

## ധനാഭ്യർത്ഥന നമ്പർ XXIII- വാർത്താവിതരണവും പ്രചരണവും നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,55,58,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാന സർക്കാരിന്റെ സോഷ്യൽ മീഡിയ വഴിയുള്ള പ്രചരണത്തിന് ഖജനാവിൽനിന്നും വൻതുക ചെലവഴിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,55,58,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഗുരുതരമായ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും പരസ്യപ്രചാരണങ്ങൾക്ക് വൻതുക ചെലവഴിക്കുന്നതായി പറയപ്പെടുന്ന

വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,55,58,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജില്ലാ ഇൻഫർമേഷൻ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,55,58,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ചെറുകിട-പ്രാദേശിക പത്രപ്രവർത്തകരുടെ ക്ഷേമത്തിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,55,58,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിവിധ സർക്കാർ പ്രസിദ്ധീകരണങ്ങളുടെ നിലവാരം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,55,58,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പബ്ലിക് റിലേഷൻസ് വകുപ്പ് തയ്യാറാക്കുന്ന പ്രസിദ്ധീകരണങ്ങൾ ചില രാഷ്ട്രീയ കക്ഷികളുടെ ഓഫീസുകൾവഴി വിതരണം ചെയ്യുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,55,58,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സർക്കാർ ലഘുലേഖകളുടെ കോപ്പികൾ വിതരണം ചെയ്യാതെ കെട്ടിക്കിടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,55,58,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സർക്കാർ പരസ്യങ്ങൾ മാധ്യമങ്ങൾക്ക് നൽകുന്നതിൽ കാണിക്കുന്നതായി പറയപ്പെടുന്ന വിവേചനം ഒഴിവാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള

72,55,58,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പരസ്യ ഇനത്തിൽ മാധ്യമങ്ങൾക്ക് സർക്കാർ നൽകാനുള്ളതായി പറയപ്പെടുന്ന കുടിശ്ശിക നൽകാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,55,58,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ചെറുകിട പത്രങ്ങൾക്ക് സർക്കാർ പരസ്യങ്ങൾ കൊടുക്കുന്നില്ലായെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,55,58,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പത്രപ്രവർത്തക

ക്ഷേമനിധിയിൽനിന്നുള്ള പെൻഷനും മറ്റ് ആനുകൂല്യങ്ങളും സമയബന്ധിതമായി വിതരണം ചെയ്യണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,55,58,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സാമ്പത്തിക പ്രതിസന്ധിയുടെ കാലഘട്ടത്തിലും പരസ്യ ഇനത്തിൽ സർക്കാർ വൻ തുക ചെലവഴിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,55,58,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് മാധ്യമ പ്രവർത്തകർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്യുന്നതായും സെക്രട്ടേറിയറ്റിൽ ഉൾപ്പെടെ മാധ്യമ പ്രവർത്തകർക്ക് പ്രവേശന നിയന്ത്രണം

ഏർപ്പെടുത്തിയിട്ടുള്ളതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,55,58,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. ടി. വി. ഇബ്രാഹിം
2. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
3. ശ്രീ. പി. ഉബൈദുള്ള
4. ശ്രീ. എ. കെ. എം. അഷ്റഫ്
5. ശ്രീ. കുറുക്കോളി മൊയ്തീൻ
6. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

7. ശ്രീ. യു. എ. ലത്തീഫ്

8. ശ്രീ. കെ. പി. എ. മജീദ്

9. ശ്രീ. മഞ്ഞളാംകുഴി അലി

10. ശ്രീ. എൻ. ഷംസുദ്ദീൻ

11. ശ്രീമതി കെ. കെ. രമ

12. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

13. ശ്രീ. ടി. ജെ. വിനോദ്

14. ശ്രീ. അൻവർ സാദത്ത്

15. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

16. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

17. ശ്രീ. സി. ആർ. മഹേഷ്

**ചർച്ച**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. നമ്മുടെ രാജ്യത്ത് ഒരു പൊതുതിരഞ്ഞെടുപ്പിന്റെ വിജയ പരാജയങ്ങളുടെ പശ്ചാത്തലത്തിലാണ് ഈ സഭാ സമ്മേളനം നടക്കുന്നത്. ഇന്നലെ വളരെ വിശദമായിത്തന്നെ വിജയ പരാജയങ്ങളെ സംബന്ധിച്ച ഗൗരവതരമായ പരിശോധന നമ്മൾ നടത്തിയതാണ്. നിശ്ചയമായും ഈ തിരഞ്ഞെടുപ്പിനെ ഞാൻ നോക്കിക്കാണുന്നത് 1977-ലെ ലോക്സഭയിലേയ്ക്കും നിയമസഭയിലേയ്ക്കും ഒരുമിച്ച് നടന്ന തിരഞ്ഞെടുപ്പിലെ വിജയ പരാജയത്തെ സംബന്ധിച്ച രൂപത്തിലാണ്. അന്ന് ഇരുപതിൽ ഇരുപത് സീറ്റും തോറ്റൊരു മുന്നണിയായിരുന്നു ഇടതുപക്ഷമുന്നണി. പ്രമുഖരായ പല നേതാക്കൻമാരും അന്ന് പരാജയപ്പെട്ടു. സി.പി.ഐ.(എം.) അന്ന് 68 സീറ്റിൽ മത്സരിച്ചെങ്കിലും 17 സീറ്റിൽ മാത്രമാണ് ജയിക്കാൻ സാധിച്ചത്. ശ്രീ. പിണറായി വിജയൻ അടക്കമുള്ള നമ്മുടെ നേതാക്കൾ ആ കാലഘട്ടത്തിൽ ജയിലിലായിരുന്നു എന്നകാര്യം നമ്മൾ ഓർക്കേണ്ടതുണ്ട്. രാജൻ എന്ന വിദ്യാർത്ഥിയെ ഉരുട്ടിക്കൊല നടത്തിയൊരു കാലം. ഇന്ത്യയിലാകെ സി.പി.ഐ.(എം.)-ഉം

ഇടതുപക്ഷ പ്രസ്ഥാനങ്ങളും മതേതര ജനാധിപത്യ സമൂഹവും ഏകാധിപത്യത്തിനെതിരായ വലിയ പോരാട്ടം നടത്തിയൊരു കാലമായിരുന്നു. 1977-ലെ ആ തിരഞ്ഞെടുപ്പ് രംഗത്ത് ഏകാധിപത്യത്തിനെതിരായ പോരാട്ടത്തിൽ ജനാധിപത്യ സമൂഹത്തിന് രാജ്യത്താകെ വിജയം കൈവരിക്കാൻ സാധിച്ചപ്പോഴും നമ്മുടെ സംസ്ഥാനത്ത് കനത്ത പരാജയമാണ് ഏറ്റുവാങ്ങേണ്ടിവന്നത്. ഇന്ത്യയിലാകെ ഇന്ദിരാ ഗാന്ധിക്കെതിരെ ജനരോക്ഷം ഉയർന്നുവരികയും ജനവിധി ഉണ്ടാകുകയും ചെയ്ത കാലമായിരുന്നു. സ്വാഭാവികമായും കനത്ത തിരഞ്ഞെടുപ്പ് പരാജയത്തിന്റെ വിഷമത്തിലും നിരാശയിലുമായിരുന്നു അന്ന് കേരളത്തിലെ ജനങ്ങൾ. എന്നാൽ, നമ്മുടെ രാജ്യത്ത് ജനാധിപത്യം പുനഃസ്ഥാപിച്ച രാജ്യത്തിലെ ജനങ്ങളുടെ സന്തോഷത്തിൽ പൊതുവെ ഈ കേരളവും കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങളും അതിലെ പ്രവർത്തകരും ജനങ്ങളും ഒരുമിച്ച് ചേരുന്ന അനുഭവമാണുണ്ടായത്. അതുപോലുള്ളൊരു തിരഞ്ഞെടുപ്പ് ഫലമായിട്ടാണ് ഈ തിരഞ്ഞെടുപ്പ് ഫലത്തെ ഞാൻ നോക്കിക്കാണുന്നത്.

നമ്മുടെ സംസ്ഥാനത്തിനുമേൽ കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക ഉപരോധം എത്രമാത്രം ശക്തമായിരുന്നു എന്നകാര്യം ഞാനിവിടെ പറയേണ്ട കാര്യമില്ല. അത് നമുക്കെല്ലാം അറിയാവുന്നതാണ്. അതിന്റെ ഭാഗമായി ഉയർന്നുവന്ന സാമ്പത്തിക ഞെരുക്കം സൃഷ്ടിച്ചതായ ചില അവസ്ഥാവിശേഷം നമ്മുടെ സംസ്ഥാനത്തെ ജനങ്ങളെ ബാധിച്ചുവെന്നത് യാഥാർത്ഥ്യമാണ്. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ഈ സാമ്പത്തിക ഉപരോധം കേന്ദ്ര ബി.ജെ.പി. ഗവൺമെന്റ് സൃഷ്ടിച്ചതാണെന്ന വസ്തുത ജനങ്ങളുടെ ഇടയിൽ എത്തിക്കാതിരിക്കാനാവശ്യമായ കരുതലുകൾ നമ്മുടെ രാജ്യത്തെ മുഖ്യധാരാ മാധ്യമങ്ങൾ വളരെ ഫലപ്രദമായി നടത്തിയെന്നുള്ള യാഥാർത്ഥ്യവും നമുക്ക് മറക്കാൻ സാധിക്കില്ല. അതോടൊപ്പം ഒഴുകിനിൽക്കുന്നതുപോലൊരു അവസ്ഥയാണ് നമ്മുടെ സംസ്ഥാനത്തെ പ്രതിപക്ഷം സ്വീകരിച്ചത്. ജനങ്ങളുടെ ഇടയിൽ കനത്ത തെറ്റിദ്ധാരണ സൃഷ്ടിക്കാൻ അവർക്ക് സാധിച്ചു എന്നത് യാഥാർത്ഥ്യമാണ്. സർക്കാർ ജീവനക്കാരുടെ പ്രശ്നം ഇന്നലെ ഇവിടെ ചൂണ്ടിക്കാണിക്കുന്നുണ്ടായിരുന്നു. അവർക്ക് 19% ഡി.എ. കുടിശ്ശിക നൽകാനുണ്ട്. സ്വാഭാവികമായും അതെല്ലാം അവരുടെ മനസ്സിൽ കുറച്ച്

പ്രയാസങ്ങൾ ഉണ്ടാക്കിയിട്ടുണ്ടാകും. ഗവൺമെന്റിന്റെ നല്ല പ്രവർത്തനങ്ങൾ കാണുന്നതിനോടൊപ്പംതന്നെ തങ്ങൾക്ക് ലഭിക്കേണ്ട സാമ്പത്തിക ആനുകൂല്യങ്ങൾ ലഭ്യമാകാതിരിക്കുമ്പോഴുണ്ടാകുന്ന പ്രയാസങ്ങൾ വ്യക്തിപരമായി അവരെ സ്വാധീനിച്ചിട്ടുണ്ടാകും. അതെല്ലാം തിരഞ്ഞെടുപ്പ് രംഗത്ത് പ്രതിഫലിച്ചിട്ടുണ്ടാകുമെന്നുതന്നെ കരുതാം. അതുപോലെത്തന്നെ പെൻഷൻ, സാമൂഹ്യക്ഷേമ പെൻഷൻ സംബന്ധിച്ച ഗവൺമെന്റിന്റെ പോളിസി വളരെ ക്ലിയറാണ്. സമൂഹത്തിലെ സാധാരണക്കാരായ ജനങ്ങളെ സംബന്ധിച്ചിടത്തോളം, പാവപ്പെട്ടവരെ സംബന്ധിച്ചിടത്തോളം പട്ടിണി കിടക്കാൻ പാടില്ലെന്ന നിലയിലാണ് 600 രൂപ പെൻഷനായിരുന്നത് 1600 രൂപയാക്കി വർദ്ധിപ്പിച്ചത്. ഒരു വീട്ടിൽ രണ്ടുപേരുണ്ടാകും. അവർക്ക് രണ്ടുപേർക്കുംകൂടി 3200 രൂപ ലഭിക്കും. സൗജന്യ റേഷൻ. ഒരു കുടുംബത്തിന് പ്രയാസമില്ലാത്തൊരു അന്തരീക്ഷമായിരുന്നു. ഗവൺമെന്റ് എല്ലാ മാസവും കൃത്യമായി കൊടുത്തുകൊണ്ടിരുന്നതാണ്. അതിനുവേണ്ടി ഒരു കമ്പനിയുണ്ടാക്കി. എല്ലാ കാര്യങ്ങളും ഏറ്റവും നന്നായി നടന്നുവന്നപ്പോഴാണ് യഥാർത്ഥത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക പിടിമുറുക്കം ഉണ്ടായത്.

അതിന്റെ ഭാഗമായി നമുക്ക് പെൻഷൻ കുടിശ്ശിക വന്നു. ഈ സാമ്പത്തിക പ്രതിസന്ധിക്കിടയിലും കുറച്ചൊക്കെ കൊടുത്തുതീർക്കാൻ ഗവൺമെന്റ് പരിശ്രമിക്കുകയുണ്ടായി. പക്ഷേ, വലിയ തെറ്റിദ്ധാരണയാണ് ബി.ജെ.പി.-യും കോൺഗ്രസും ഐക്യ ജനാധിപത്യ മുന്നണിയും ആ സമൂഹത്തിന്റെ മേൽ സൃഷ്ടിച്ചത്. ആ തെറ്റിദ്ധാരണയാകെ മാറ്റാൻ ഞങ്ങൾക്ക് സാധിച്ചിട്ടില്ലെന്ന കാര്യം വാസ്തവമാണ്. നിശ്ചയമായും ആ തെറ്റിദ്ധാരണയെല്ലാം മാറ്റി, ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ അവർക്ക് അവരുടെ പെൻഷൻ കൃത്യമായി നൽകുകയും അതുപോലെ സർക്കാർ ജീവനക്കാരുടെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും പരിഹരിക്കുന്നതിനാവശ്യമായ നടപടികളെല്ലാം സ്വീകരിച്ച് വളരെ ശക്തിയായിത്തന്നെ ഈ ഗവൺമെന്റ് മുന്നോട്ട് പോകുമെന്ന കാര്യത്തിൽ സംശയമൊന്നുമില്ല.

ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ എം.എൽ.എ.-മാർ ഇപ്പോഴിവിടെ ഉണ്ടെന്ന് തോന്നുന്നു. ഈ തെരഞ്ഞെടുപ്പ് ഫലം വന്നപ്പോൾ ഞങ്ങളെ കുറ്റപ്പെടുത്തിക്കൊണ്ട് മുസ്ലീം ലീഗിന്റെ, നമുക്ക് ഏറ്റവും പ്രിയപ്പെട്ട ഒരു നേതാവാണല്ലോ ഡോ. എം. കെ. മുനീർ. അദ്ദേഹം ഒരു പ്രസ്താവന നടത്തിയത്

സത്യത്തിൽ എന്നെ ആശ്ചര്യപ്പെടുത്തിയ ഒന്നായിരുന്നു. ഡോ. എം. കെ. മുനീറിനെപ്പോലെ ഒരു മതേതരവാദി എന്ന് ഞാൻ കരുതുന്നതായ മുസ്ലീം ലീഗിന്റെ നേതാവിൽനിന്നും ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്തൊരു സ്റ്റേറ്റ്മെന്റാണുണ്ടായത്. ഇന്ന് അദ്ദേഹം ഇവിടെയില്ല, വയനാട്ടിലോ മറ്റോ ആയിരിക്കാം. അദ്ദേഹം പറഞ്ഞത്, മുസ്ലീം പ്രീണനം നടത്തിയതിനുള്ള തിരിച്ചടിയാണ് ഈ തിരഞ്ഞെടുപ്പ് ഫലമെന്നാണ്. അദ്ദേഹം എന്താണ് ഉദ്ദേശിച്ചതെന്ന് ഞങ്ങൾക്കറിയില്ല. ഇടതുപക്ഷത്തിന്റെ നിലപാട്, പലസ്തീൻ പോലെയുള്ള പ്രശ്നങ്ങളിൽ വളരെ കൃത്യമായ നിലപാടുള്ള പ്രസ്ഥാനമാണ്. പലസ്തീൻ ജനങ്ങളോടുള്ള ഐക്യദാർഢ്യവും അതുപോലെത്തന്നെ ബി.ജെ.പി. ഗവൺമെന്റ് പാസ്സാക്കിയ പൗരത്വ നിയമ ഭേദഗതിക്കെതിരായി നടത്തിയ സമരവുമാണ് മുസ്ലീം പ്രീണനമായി അദ്ദേഹം ചൂണ്ടിക്കാണിച്ചത്. ഇത് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ നിലപാടാണോയെന്ന് എനിക്കറിയില്ല. അവർക്ക് അങ്ങനെയൊരു നിലപാടുണ്ടാകാനുള്ള സാധ്യതയുണ്ടോ; ഉണ്ടെങ്കിൽ അത് മുസ്ലീം ലീഗിന്റെ നേതാക്കൾ സംസാരിക്കുമ്പോൾ പറയുമെന്ന് ഞാൻ കരുതുകയാണ്. ലോകത്താകെ പലസ്തീൻ വിഷയത്തിൽ കമ്മ്യൂണിസ്റ്റ്

ബ്ലോക്കുകൾക്ക് ഒരൊറ്റ നിലപാടാണുള്ളത്. അതിൽ വ്യത്യാസമൊന്നുമില്ല. മിഡിൽ ഈസ്റ്റിലെ മുസ്ലീം രാജ്യങ്ങൾപോലും ഇസ്രയേലിനോടുള്ള സമീപനത്തിൽ മാറ്റം വരുത്തിയപ്പോൾ കമ്മ്യൂണിസ്റ്റ് ബ്ലോക്കുകൾ അതിൽനിന്നും പിൻമാറിയിട്ടില്ല. അതൊരു പാർലമെന്ററി മുന്നേറ്റത്തിന്റെ ഭാഗമായി ഉയർത്തിയ മുദ്രാവാക്യമായിരുന്നില്ല. തിരഞ്ഞെടുപ്പുഫലം വന്നു. ഞങ്ങൾക്ക് കനത്ത നഷ്ടമുണ്ടായി. എന്നിട്ടും കേരളത്തിലും ഡൽഹിയിലും സി.പി.ഐ.(എം.) വിശേഷിച്ച്, പലസ്തീൻ ഐക്യദാർഢ്യ സമരം നടത്തിയിരുന്നു. എന്തിനധികം പറയുന്നു, ഇസ്രയേലിലെ കമ്മ്യൂണിസ്റ്റ് ബ്ലോക്കുകൾ പോലും സ്വതന്ത്ര പലസ്തീനുവേണ്ടി നിലകൊള്ളുകയാണെന്ന കാര്യം അദ്ദേഹം മനസ്സിലാക്കാതെ പറഞ്ഞതാണോയെന്ന് എനിക്കറിയില്ല. അദ്ദേഹത്തിന്റെ പ്രസ്താവന കുറച്ച് നിരുത്തരവാദപരമായിപ്പോയി എന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല.

ഇപ്പോൾ നിങ്ങൾ ശ്രീ. രാഹുൽ ഗാന്ധിയെ മുൻനിർത്തി നേടിയ വിജയം 2019-ന്റെ ആവർത്തനം തന്നെയാണ്. ഇവിടെ തിരഞ്ഞെടുപ്പിന്റെ പ്രവർത്തനത്തിനൊക്കെ വന്നത്, കർണ്ണാടക സംസ്ഥാനത്തിലെ ഉപമുഖ്യമന്ത്രി

അടക്കമുള്ള ആളുകൾ തിരുവനന്തപുരത്തെല്ലാം തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്നുണ്ടായിരുന്നു. അവർ അവിടെ ശ്രദ്ധിച്ചില്ല. ശ്രീ. രാഹുൽ ഗാന്ധിയെല്ലാം അവിടെയൊന്ന് ശ്രദ്ധിച്ചിരുന്നുവെങ്കിൽ കർണ്ണാടകം പോലെയുള്ള സംസ്ഥാനങ്ങളിൽ ഇപ്പോൾ ഉണ്ടായിട്ടുള്ള പരാജയം കോൺഗ്രസിന് നേരിടേണ്ടി വരുമായിരുന്നില്ല. അങ്ങനെയാണെങ്കിൽ നമുക്ക് നിശ്ചയമായും ഒരു മതേതര ഗവൺമെന്റ് രാജ്യത്ത് ഉണ്ടാക്കാൻ സാധിക്കുമായിരുന്നു. അതിനുവേണ്ടിയുള്ള ശ്രദ്ധ ചെലുത്താതെ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ പരാജയപ്പെടുത്തുന്നതിനുള്ള പരിശ്രമത്തിലാണ് നിങ്ങൾ ഏർപ്പെട്ടത്. ഏതായാലും അക്കാര്യങ്ങളെല്ലാം ഇന്നലെ വളരെ വിശദമായി ചർച്ച ചെയ്യപ്പെട്ടതാണ്.

ഇന്നലെ ഇവിടെ സംസാരിക്കുന്ന കൂട്ടത്തിൽ, ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടമായും കരുതലായും ശ്രദ്ധയായും ഞങ്ങൾ കാണുന്നത് സർക്കാർ ജനങ്ങളുടെ മുന്നിൽ വയ്ക്കുന്ന വാഗ്ദാനങ്ങൾ പാലിക്കാൻ എത്രമാത്രം പരിശ്രമിച്ചിട്ടുണ്ടെന്നുള്ള കാര്യം യഥാസമയം ജനങ്ങളെ അറിയിക്കാൻ

വേണ്ടിയുള്ള പരിശ്രമങ്ങളാണ്. അതാണ് പ്രോഗ്രസ് റിപ്പോർട്ട് എന്നുപറയുന്നത്. എത്ര വിലകുറഞ്ഞ മട്ടിലാണ് ആ പ്രോഗ്രസ് റിപ്പോർട്ടിനെ ഇന്നലെ ഒരംഗം, കുണ്ടറ നിയോജകമണ്ഡലത്തിലെ സാമാജികൻ ആ പ്രോഗ്രസ് റിപ്പോർട്ടിനെ വിലയിരുത്താൻ പരിശ്രമിച്ചത്. നിങ്ങൾ ധരിച്ചിട്ടുള്ളത്, നിങ്ങൾ കഴിഞ്ഞ കാലത്തെല്ലാം ചെയ്തിട്ടുള്ളത് നമ്മുടെ നാട്ടിൽ പ്രകടനപത്രിക ജനങ്ങളുടെ മുന്നിൽ വയ്ക്കുക. എന്നിട്ട് വോട്ട് ചോദിക്കുക. വോട്ട് ചോദിച്ച് അധികാരത്തിൽ വന്നുകഴിഞ്ഞാൽ ആ പ്രകടനപത്രിക ചവറ്റുകുട്ടയിലേയ്ക്ക് തള്ളുക. ആ പ്രകടനപത്രിക നടപ്പിലാക്കാനുള്ളതാണെന്നുള്ള ധാരണപോലും ഇല്ലാത്തവരാണ് നിങ്ങൾ. പക്ഷേ, ഞങ്ങൾ അങ്ങനെയല്ല. 2016 മുതൽ കഴിഞ്ഞ 8 വർഷം കൃത്യമായി ഓരോ വർഷവും, 2016 മുതൽ 2021 വരെയുള്ള ഗവൺമെന്റിന്റെ കാലത്ത് 600 കാര്യങ്ങൾ, ചെറുതും വലുതുമായിട്ടുള്ള കാര്യങ്ങൾ. അവ ജനങ്ങളുടെ മുന്നിൽവച്ചു. അതിൽ എത്രമാത്രം നടപ്പാക്കാൻ സാധിച്ചു. ഓരോ വർഷവും അങ്ങനെ പറയുന്നുണ്ട്. എല്ലാം ഒറ്റയടിക്ക് നടപ്പിലാക്കാൻ സാധിക്കുമോ; ഇന്നലെ പരിഹാസത്തോടുകൂടി കെ-ഫോണിന്റെ കാര്യം പറയുന്നുണ്ടായിരുന്നു. 20 ലക്ഷം ആളുകൾക്ക് കെ-ഫോൺ

കൊടുക്കുമെന്ന് പറഞ്ഞിട്ട് 5500 പേർക്കേ കൊടുത്തിട്ടുള്ളൂ എന്നുപറഞ്ഞ് എന്തൊരു പരിഹാസമായിരുന്നു. ഇന്നലത്തെ കണക്ക് പുറത്തുവന്നു. പതിനായിരത്തിലധികം പേർക്ക് കെ-ഫോൺ നൽകാൻ, അതും ബി.പി.എൽ.-കാർക്ക്, ദാരിദ്ര്യരേഖയ്ക്ക് താഴെ താമസിക്കുന്ന പാവപ്പെട്ടവരുടെ കയ്യിൽ ആ സംവിധാനം നൽകാൻവേണ്ടി ഗവൺമെന്റ് നടത്തിയ പരിശ്രമത്തെ പരിഹാസത്തോടും പുച്ഛത്തോടും പറയുകയാണ്. ഇന്നലെ അട്ടപ്പാടിയിലെ നഞ്ചിയമ്മയ്ക്ക് കെ-ഫോൺ ലഭ്യമായി. സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ളവരും പാവപ്പെട്ടവരുമായ സാധാരണക്കാർക്ക് ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കുകയെന്നുള്ള നിലയിൽ ഗവൺമെന്റ് പ്രവർത്തിക്കുമ്പോൾ ഒറ്റയടിക്ക് ഇരുപത്-ഇരുപത്തഞ്ച് ലക്ഷം കെ-ഫോൺ കണക്ഷനുകൾ ഈ മൂന്ന് വർഷത്തിനുള്ളിൽ കൊടുക്കാൻ സാധിച്ചില്ലെന്ന് പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്? ഗവൺമെന്റ് നിശ്ചയമായും ചെയ്യുമെന്ന് പറഞ്ഞ കാര്യങ്ങൾ, ചെയ്യാനായി ശ്രമിച്ച കാര്യങ്ങൾ, ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ എന്നിവയിൽ വന്നുഭവിച്ചിട്ടുള്ള പ്രതിസന്ധികളും പ്രയാസങ്ങളും ജനങ്ങളോട് കൃത്യമായും സുതാര്യമായും

പറയുകയാണ്, ഒന്നും മറച്ചുവയ്ക്കുന്നില്ല. എന്നാൽ ആ കാര്യങ്ങളെ എടുത്തുവച്ചാണ് പ്രതിപക്ഷം സംസാരിക്കുന്നത്. ഞങ്ങൾ ചെയ്യുമെന്ന് പറഞ്ഞ എല്ലാകാര്യങ്ങളും നടത്തിയെന്ന് അവകാശപ്പെടുന്നില്ല, ചിലതെല്ലാം പരിഗണനയിലിരിക്കുകയാണ്, അല്ലെങ്കിൽ അതിനായുള്ള പ്രവർത്തനങ്ങൾ ഇന്ന ഘട്ടത്തിലാണ്, എന്ന് പറയുന്നത് വളരെ വലിയ പിശകായി ചൂണ്ടിക്കാണിക്കുന്നത് എത്രമാത്രം അപഹാസ്യമാണെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല.

സംസ്ഥാനത്തെ പോലീസ് സേനയെ സംബന്ധിച്ച ഗൗരവതരമായ ഒരു പരിശോധനയാണ് ഇന്ന് സഭാതലത്തിൽ നടക്കാൻ പോകുന്നത്. കേരളത്തിലെ പോലീസ് സേനയുടെ ഇന്നത്തെ സ്ഥിതി പരിശോധിക്കുമ്പോൾ തൊട്ടുപിന്നിലുള്ള കാലയളവിലെ കാര്യങ്ങൾകൂടി പരിശോധിക്കേണ്ടതായുണ്ട്. 2016-ൽ ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വരുമ്പോൾ നമ്മുടെ സംസ്ഥാനത്തെ പോലീസിന്റെ അവസ്ഥ, അതായത് അതുവരെയുള്ള യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ അവസ്ഥ എന്തായിരുന്നുവെന്ന്

ആദ്യം പരിശോധിച്ചശേഷം അതിനുശേഷമുള്ള 8 വർഷം പോലീസ് സേനയിൽ വന്നിട്ടുള്ള വലിയ മാറ്റങ്ങൾ വിലയിരുത്താം.

സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഒരു പോലീസ് സംവിധാനത്തെ രൂപപ്പെടുത്താൻ നമ്മുടെ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ടെന്നതാണ് ഇന്നത്തെ ഏറ്റവും വലിയ നേട്ടമായി പറയാനുള്ളത്. മുൻകാലങ്ങളിൽ യു.ഡി.എഫ്.-ലെ ആളുകൾ സംസാരിച്ചിരുന്നത് ഇവിടെ സെൽ ഭരണമാണ്, പോലീസ് സ്റ്റേഷനിൽ മാർക്സിസ്റ്റുകാരുടെ ഭരണമാണ് എന്നൊക്കെയായിരുന്നല്ലോ. എന്നാൽ ഇപ്പോൾ ആർക്കും എവിടെയും അത്തരത്തിലുള്ള ആക്ഷേപങ്ങൾ ഉന്നയിക്കാൻ കഴിയുന്നില്ല. സ്വതന്ത്രമായ പ്രവർത്തനവും അന്വേഷണ സംവിധാനവും പോലീസിന് സമ്മാനിക്കാൻ സാധിച്ചു. കൃത്യമായും സ്വതന്ത്രമായും പ്രവർത്തിക്കുന്ന ഒരു സംവിധാനമായി പോലീസ് വിഭാഗത്തെ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ, കഴിഞ്ഞ 8 വർഷംകൊണ്ട് ഈ ഗവൺമെന്റിന് സാധിച്ചുവെന്നത് ചെറിയ കാര്യമല്ല. നിങ്ങളുടെ ഭരണകാലത്ത് പോലീസ് നിഷ്ക്രിയമാണെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിക്കുപോലും വിമർശിക്കേണ്ടി വന്നകാര്യം നിങ്ങൾ മറക്കരുത്. സംസ്ഥാനത്തെ

ക്രമസമാധാനം തകർന്നുവെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിരീക്ഷിച്ചത് യു.ഡി.എഫ്. ഗവൺമെന്റിനെക്കുറിച്ചായിരുന്നു. രാജ്യത്തെ ഏറ്റവും മോശം പോലീസ് ഉദ്യോഗസ്ഥർ കേരളത്തിലേതാണെന്ന ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിരീക്ഷണമുണ്ടായതും നിങ്ങൾ ഭരിച്ചുതകർക്കുന്ന കാലയളവിലാണ്. ഭരണത്തിലുള്ളപ്പോൾ അതിന്റെ ഗുണംകൊണ്ട് സംസ്ഥാനത്ത് ഒരു സമാന്തര പോലീസ് സംവിധാനം പ്രവർത്തിക്കുന്നുവെന്ന് ഹൈക്കോടതിയിൽ സത്യവാങ്മൂലം കൊടുക്കേണ്ടി വന്നവരാണ് യു.ഡി.എഫ്.-ഭരണക്കാർ. നിങ്ങളുടെ സർക്കാരിന്റെയും അതിലെ മന്ത്രിമാരുടെയും അഴിമതിക്കഥകൾ പോലീസിനെ ഉപയോഗിച്ച് മറച്ചുപിടിക്കാൻ ശ്രമിച്ചപ്പോൾ രൂപപ്പെട്ടതായിരുന്നല്ലോ ആ സമാന്തര പോലീസ് സ്റ്റേഷൻ സംവിധാനം. രാഷ്ട്രീയ എതിരാളികളെ കുടുക്കാനായി ചിലർ പോലീസിനെ ഉപയോഗപ്പെടുത്തുന്നുവെന്ന് തുറന്നുപറഞ്ഞത് അന്നത്തെ നിങ്ങളുടെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണ്. അതാ, അദ്ദേഹം ഇങ്ങോട്ടുതന്നെ നോക്കിക്കൊണ്ടിരിക്കുകയാണ്. നിങ്ങളുടെ മന്ത്രി ഓഫീസുകളെക്കുറിച്ച്

അന്നത്തെ ഡി.ജി.പി. വിശേഷിപ്പിച്ചത് 'കുറ്റവാളികളുടെ താവളം' എന്നാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മാഫിയകളുടെ സമാന്തര ഭരണമാണെന്ന് പറഞ്ഞത് ശ്രീ. വി. എം. സുധീരൻ എന്ന കോൺഗ്രസ് നേതാവാണ്. ഒരു ഡി.ഐ.ജി.-യുടെ ഭീഷണി നേരിടാൻ ഡി.വൈ.എസ്.പി.-ക്ക് സായുധ പോലീസിന്റെ കാവൽ ഏർപ്പെടുത്തിയ അപൂർവ്വനേട്ടവും നിങ്ങളുടെ സർക്കാർ സ്വന്തമാക്കിയതാണ്. എം.ജി. കോളേജിൽ ആർ.എസ്.എസ്. ക്രിമിനലുകൾ പോലീസുകാരെ വകവരുത്തുന്നതിനായി ബോംബ് എറിയുകയും ആ സംഭവത്തിൽ ഒരു സർക്കിൾ ഇൻസ്പെക്ടർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്ത കേസിൽ, പരിക്കുപറ്റിയ പോലീസ് ഓഫീസറോട് ഒരു വാക്കുപോലും ചോദിക്കാതെ നിങ്ങൾ പ്രസ്തുത കേസ് എഴുതിത്തള്ളി. അന്ന് പ്രതിപ്പട്ടികയിൽ ഉണ്ടായിരുന്ന ആർ.എസ്.എസ്.-കാരനായ വ്യക്തിക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തരം ലഭിച്ച ഉദ്യോഗം ലഭ്യമാക്കുന്നതിനുവേണ്ട നടപടിയായി നിങ്ങൾ അങ്ങനെ ചെയ്തു. കേരളത്തിലെത്തി വർഗ്ഗീയ വിഷം ചീറ്റിയ 'പ്രവീൺ തൊഗാഡിയ'ക്ക് എതിരെയുള്ള കേസ് അട്ടിമറിച്ചതും നിങ്ങളുടെ ഭരണനേട്ടമായിരുന്നു. നിങ്ങൾ ഭരിച്ചിരുന്നപ്പോൾ കേരളം സുരക്ഷിതമല്ലെന്ന്

മലപ്പുറത്ത് മൈക്ക് കെട്ടി പ്രസംഗിച്ചത് അന്നത്തെ കെ.പി.സി.സി. പ്രസിഡന്റാണ്. ഭരണം ശരിയല്ലായെന്നും ഭരണത്തിൽ തിരുത്തൽ വേണമെന്നും കേരള കൗമുദിയിൽ ലേഖനം എഴുതിയത് അന്നത്തെ ആഭ്യന്തര മന്ത്രിയായിരുന്ന ശ്രീ. രമേശ് ചെന്നിത്തലയാണ്. ലീഗിന്റെ സ്വന്തം ചന്ദ്രിക പത്രത്തിലെ 2013 സെപ്റ്റംബർ 2-ാം തീയതിയിലെ വാർത്തയുടെ ഒരു തലക്കെട്ട് വായിക്കാം, " കേരളം കുറ്റകൃത്യങ്ങളുടെ സ്വന്തം നാട്" . ആ അവസ്ഥയിൽനിന്നാണ് കുറ്റാന്വേഷണ രംഗത്ത് വൻ മുന്നേറ്റമുണ്ടാക്കുകയും പോലീസ് വൻ നേട്ടങ്ങൾ കരസ്ഥമാക്കുകയും ചെയ്യുന്നതായിട്ടുള്ള നിലയിലേയ്ക്ക് സംസ്ഥാനം മാറിയത്. ആഭ്യന്തര വകുപ്പ് നിങ്ങളുടെ കൈവശം ഉണ്ടായിരുന്നപ്പോൾ നിങ്ങൾ എന്തെല്ലാം ചെയ്തുവെന്ന് ഞാൻ ഇവിടെ പ്രത്യേകം പറയേണ്ടതില്ല. നിയമസഭാ മന്ദിരത്തിന് മുമ്പിൽവച്ച് വനിതാ എം.എൽ.എ.-മാരെ മർദ്ദിച്ച് ആശുപത്രിയിലാക്കിയതടക്കം നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്, സമയക്കുറവുമൂലം ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. കഴിഞ്ഞ എട്ട് വർഷങ്ങൾകൊണ്ട് കേരള പോലീസ് വിവിധ നേട്ടങ്ങൾ കൈവരിച്ചു. കുറ്റാന്വേഷണ രംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കാൻ

സാധിച്ചു. വയനാട് പനമരം നെല്ലിയമ്പത്തെ വൃദ്ധദമ്പതികളുടെ കൊലപാതകത്തിൽ പോലീസിന്റെ കുറ്റമറ്റ അന്വേഷണത്തിൽ പ്രതിയെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ സാധിച്ചു. കേശവദാസപുരത്ത് 'മനോരമ ' എന്ന വീട്ടമ്മയെ കൊലപ്പെടുത്തി രക്ഷപ്പെട്ട അന്യസംസ്ഥാന തൊഴിലാളിയെ 24 മണിക്കൂറിനകം കേരള പോലീസ് കസ്റ്റഡിയിലാക്കി. കൊലപാതകം നടത്തിയശേഷം ട്രെയിനിൽ രക്ഷപ്പെട്ട 21-കാരനായ പ്രതി 'ആദം അലി'-യെ ചെന്നൈ എക്സ്പ്രസ്സിൽനിന്നാണ് പോലീസ് കസ്റ്റഡിയിൽ എടുത്തത്. 2022 മേയ് 26-ന് കുളിമുറിയിൽ കുഴഞ്ഞുവീണ് മരിച്ചനിലയിൽ ആശുപത്രിയിൽ എത്തിച്ച 'ഹെന' എന്ന യുവതിയുടേത് സ്ത്രീധന പീഡനത്തെത്തുടർന്നുള്ള മരണമാണെന്ന് പോലീസ് കണ്ടെത്തി. വിരലടയാള വിദഗ്ധർ എത്തിച്ചേർന്ന് നടത്തിയ പരിശോധനയിലൂടെ ഭർത്താവായ അപ്പുക്കുട്ടനാണ് കൊലപാതകം നടത്തിയതെന്ന് കണ്ടെത്തി. 2022 ഏപ്രിൽ 9-11-ാംതീയതികൾക്കിടയിൽ വയനാട് പുൽപ്പള്ളി ടൗണിൽ, സമയമില്ലാത്തതുകൊണ്ട് അതിനെക്കുറിച്ച് ദീർഘമായി പറയുന്നില്ല. പോലീസിനെ സംബന്ധിച്ചിടത്തോളം തെളിയില്ലെന്ന് കരുതിയ കേസുകൾപോലും തെളിയിക്കാൻ സാധിച്ചു.

എ.കെ.ജി. സെന്ററിനുനേരെ നടന്ന ബോംബാക്രമണ കേസിലെ പ്രതികളെ പോലീസിന് പിടിക്കാൻ കഴിയുന്നില്ല എന്നെല്ലാം പറഞ്ഞ് വളരെ വലിയ വാദകോലാഹലങ്ങൾ നടക്കുകയും ദിവസവും പത്രങ്ങളിൽ അതുസംബന്ധിച്ച വാർത്തകൾ വരികയും ചെയ്തിരുന്നു. എന്നാൽ വളരെ കൃത്യതയോടെയുള്ള പോലീസ് അന്വേഷണത്തിലൂടെ പ്രതികളായ യൂത്ത് കോൺഗ്രസ് നേതാക്കന്മാരെ പിടിക്കാൻ കഴിഞ്ഞല്ലോ. നമ്മുടെ സംസ്ഥാനത്തെ പോലീസ് സംവിധാനം കുറ്റമറ്റനിലയിലേയ്ക്ക് മാറ്റിത്തീർക്കാനും ഇന്ത്യയിലെതന്നെ ഏറ്റവും മെച്ചപ്പെട്ട പോലീസ് സംവിധാനത്തിലേയ്ക്ക് എത്തിക്കാനും കഴിഞ്ഞ എട്ട് വർഷംകൊണ്ട് കേരളത്തിലെ ആഭ്യന്തര വകുപ്പിന് സാധിച്ചു, അതിന് നേതൃത്വംകൊടുക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സാധിച്ചുവെന്നുള്ള വസ്തുത അടിവരയിട്ട് സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒന്നുകൂടി പിന്തുണച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ ദിവസങ്ങളിലൊക്കെയും സഭയിൽ വിഷയത്തേക്കാൾ ഉപരിയായി പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചർച്ചകളാണ് നടന്നത്,

പൊതുവെ രാഷ്ട്രീയം വിലയിരുത്തപ്പെടുന്ന അന്തരീക്ഷമായിരുന്നു. ഞാൻ നിയമസഭയിൽ എത്തിയിട്ട് മൂന്ന് വർഷമായി. വന്നകാലം മുതൽ സാകൂതം ശ്രദ്ധിക്കുന്ന ചർച്ചകളിൽ മറുവശത്തുനിന്നും നിരന്തരം കേട്ടുകൊണ്ടിരുന്ന ഒരു ഭാഷയും ശൈലിയുമുണ്ട്. രാജ്യം വലിയൊരു പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന സമയത്താണ് ഞങ്ങൾ നിയമസഭയിലേയ്ക്ക് വന്നത്. രാജ്യത്തിലെ മതേതര ജനത ബി.ജെ.പി.-യുടെയും സംഘപരിവാറിന്റെയും നരേന്ദ്ര മോദിയുടെയും അപ്രമാദിത്വത്തിൽപ്പെട്ട് വിങ്ങിപ്പൊട്ടുന്ന സമയത്ത് അതിനെതിരായി പോരാട്ടം നയിക്കുന്ന ശ്രീ. രാഹുൽ ഗാന്ധിക്ക് എതിരെ ഭരണപക്ഷത്തുനിന്നും എപ്പോഴും ആക്ഷേപകരമായ അസ്ത്രങ്ങൾ എയ്തുകൊണ്ടേയിരുന്നത് ഞാൻ കേൾക്കാറുണ്ട്. ഈ രാജ്യത്തെ മതേതരത്വത്തിനും മതേതരരാഷ്ട്രീയത്തിനും ശക്തിപകരുന്നതിനായി ശ്രീ. രാഹുൽ ഗാന്ധി കന്യാകുമാരി മുതൽ കാശ്മീർവരെ പദയാത്ര (ഭാരത് ജോഡോ യാത്ര) നടത്താൻ തീരുമാനിച്ചപ്പോൾ 'കണ്ടെയ്നർ യാത്ര' എന്നുപറഞ്ഞാണ് ഇവിടെനിന്നും അതിനെ ആക്ഷേപിച്ചത്. നിങ്ങൾ എത്രയധികം ആക്ഷേപങ്ങൾ ശ്രീ. രാഹുൽ ഗാന്ധിക്കെതിരെ ചൊരിഞ്ഞു! യഥാർത്ഥത്തിൽ

ശ്രീ. രാഹുൽ ഗാന്ധിയെ ഇകഴ്ത്താൻ ലഭിച്ച ഒരവസരവും നിങ്ങൾ പാഴാക്കിയില്ല. കോൺഗ്രസിനെ താഴ്ത്തിക്കെട്ടാനും ആക്രമിക്കാനും ലഭിച്ച ഒരവസരവും ഈ തിരഞ്ഞെടുപ്പിന്റെ മധ്യത്തിൽപ്പോലും നിങ്ങൾ വിട്ടുകളഞ്ഞില്ല. നിർണ്ണായകമായ ഈ തിരഞ്ഞെടുപ്പിൽ ഈ രാജ്യത്തെ മുഴുവൻ മതേതര ജനാധിപത്യ വിശ്വാസികളെ മുമ്പിൽനിന്ന് നയിച്ച ശ്രീ. രാഹുൽ ഗാന്ധിയെ സംസ്ഥാനങ്ങളിൽ പരസ്പരം മത്സരിക്കുമ്പോൾപ്പോലും ബി.ജെ.പി. ഇതര നേതാക്കന്മാർ മുഴുവൻ പിന്തുണച്ചപ്പോൾ ഒരേയൊരു നേതാവ് മാത്രമാണ് ശ്രീ. രാഹുൽ ഗാന്ധിക്ക് എതിരെ അസ്ത്രം എറിയാൻ തയ്യാറായത്. നിർഭാഗ്യവശാൽ അത് ചെയ്തത് കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ആയിരുന്നു. നിങ്ങൾക്ക് ഇക്കാര്യം നിഷേധിക്കാൻ കഴിയുമോ? ഇന്നലെ എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. എൻ. ഷംസുദ്ദീൻ കുറച്ചു എന്ന ഒരു വാക്ക് പറഞ്ഞുപോയപ്പോൾ, നിമിഷങ്ങൾ കഴിയുന്നതിനുമുമ്പ് അത് പിൻവലിച്ചിട്ടും മറുപടി പ്രസംഗത്തിൽ മുഖ്യമന്ത്രി പറഞ്ഞത് സംസ്കാരസമ്പന്നനായ ശ്രീ. എൻ. ഷംസുദ്ദീന് എങ്ങനെയാണ് ഇങ്ങനെ പറയാൻ കഴിയുക എന്നാണ്. എന്നാൽ അതേ പക്ഷത്തുനിന്നും ശ്രീ. രാഹുൽ

ഗാന്ധിയുടെ ഡി.എൻ.എ. പരിശോധിക്കണമെന്ന് ഒരാൾ പറഞ്ഞപ്പോൾ അതുസംബന്ധിച്ച് അദ്ദേഹത്തിന്റെ പ്രതികരണം "കൊടുത്താൽ കൊല്ലത്തും കിട്ടും" എന്നായിരുന്നു, അതുപറയുമ്പോൾ അങ്ങയുടെ സംസ്കാരം എവിടെയായിരുന്നു. കേരളത്തിൽ ഇന്നും കമ്മ്യൂണിസം മനസ്സിലുള്ള സഖാക്കന്മാർ യഥാർത്ഥത്തിൽ ശ്രീ. രാഹുൽഗാന്ധിയോടാണ് നന്ദി പറയേണ്ടത്. കാരണം, ലോക്‌സഭാ തെരഞ്ഞെടുപ്പ് തുടങ്ങിയപ്പോൾ സി.പി.ഐ.(എം) എന്ന പാർട്ടി നാളെകളിൽ ഈനാംപേച്ചി, മരപ്പട്ടി ചിഹ്നങ്ങളിൽ മത്സരിക്കേണ്ടി വരുമോയെന്ന ആശങ്ക ശ്രീ. എ. കെ. ബാലൻ പറഞ്ഞതല്ലേ? ദേശീയ പാർട്ടി എന്ന പദവി നഷ്ടപ്പെടുമോയെന്നുള്ളതാണ് ഇപ്പോഴും നിങ്ങളുടെ ആശങ്ക. പക്ഷേ, ഇത്തവണ സി.പി.ഐ.(എം) ദേശീയ പാർട്ടി പദവി നിലനിർത്തുന്നുണ്ടെങ്കിൽ അതിന് ആത്മാർത്ഥതയും സത്യസന്ധതയുമുള്ള കേരളത്തിലെ സഖാക്കന്മാർ ശ്രീ. രാഹുൽ ഗാന്ധിയോട് നന്ദി പറയണം. കാരണം, ഇത്തവണയും നിങ്ങളുടെ ദേശീയ പദവി നിലനിർത്താനുള്ള ഏകകാരണം രാജസ്ഥാനിലെ സിക്കാർ ലോകസഭാ സീറ്റ് ജയിക്കാൻ കഴിഞ്ഞതുകൊണ്ടാണ്. സിക്കാർ ലോക്‌സഭാ സീറ്റ്

ലഭിച്ചതെങ്ങനെയാണ്? 2019-ലെ തെരഞ്ഞെടുപ്പിൽ കേവലം 2.3 ശതമാനം വോട്ടാണ് സി.പി.ഐ.(എം) നേടിയത്. കോൺഗ്രസ്സിന് 35 ശതമാനം വോട്ടുമുണ്ടായിരുന്നു. ആ സീറ്റ് നിങ്ങൾക്ക് നൽകിയ മനുഷ്യന്റെ പേരാണ് ശ്രീ. രാഹുൽ ഗാന്ധി. ഞാൻ ചോദിക്കട്ടെ, സി.പി.ഐ.(എം) എന്ന പാർട്ടിക്ക് രാജ്യത്ത് ഒരേയൊരു മുഖ്യമന്ത്രിയാണുള്ളത്. അത് ശ്രീ. പിണറായി വിജയനാണ്. എന്നിട്ട് സിക്കാറിൽ ഇടതുപക്ഷത്തെ വിജയിപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി യാത്ര നടത്തിയോ? അദ്ദേഹം കുടുംബസമേതം വിദേശ സന്ദർശനം നടത്തുമ്പോൾ ശ്രീ. രാഹുൽഗാന്ധിയും ശ്രീ. അശോക് ഗെലോട്ടും ശ്രീ. സച്ചിൻ പൈലറ്റും അരിവാൾ ചുറ്റിക നക്ഷത്രത്തിനുവേണ്ടി രാജസ്ഥാനിൽ വോട്ടുപിടിച്ചതുകൊണ്ടാണ് ഈനാംപേച്ചിയും മരപ്പട്ടിയും നിങ്ങളെ  തേടി വരാത്തത്. അതിനാൽ സഖാക്കന്മാർ യഥാർത്ഥത്തിൽ നന്ദി പറയേണ്ടത് ശ്രീ. രാഹുൽ ഗാന്ധിയോടാണ്. എന്നിട്ടാണ്  കോൺഗ്രസ്സിനെ ആക്ഷേപിക്കാൻവേണ്ടി അങ്ങ് ഇന്നലെ ചില കണക്കുകളുമായി വന്നത്. അങ്ങ് ആരെയാണ് പറ്റിക്കാൻ ശ്രമിക്കുന്നത്? കോൺഗ്രസ്സിന്റെ വോട്ടാണ് ബി.ജെ.പി.-ക്ക് ലഭിച്ചതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞല്ലോ?

അങ്ങയുടെ അടുത്തിരിക്കുന്ന ആറ്റിങ്ങൽ മണ്ഡലത്തിൽ മത്സരിച്ച സ്ഥാനാർത്ഥിക്ക് ലഭിച്ച വോട്ടുകളുടെ കണക്ക് അങ്ങ് പരിശോധിക്കണം. അതായത്, കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ നെടുമങ്ങാട് മണ്ഡലത്തിൽ എൽ.ഡി.എഫ്.-ന് ലഭിച്ചത് 72742 വോട്ടായിരുന്നു. എന്നാൽ ഈ തെരഞ്ഞെടുപ്പിൽ അവിടെ നിങ്ങൾക്ക് ലഭിച്ചത് 50042 വോട്ട് മാത്രമാണ്. 22000 വോട്ട് എവിടെപ്പോയി? കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ആറ്റിങ്ങലിൽ ഇടതുപക്ഷത്തിന് ലഭിച്ചത് 69898 വോട്ടും ഈ പാർലമെന്റ് തെരഞ്ഞെടുപ്പിൽ അവിടെ ലഭിച്ചത് 46161 വോട്ടുമാണ്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ കാട്ടാക്കട മണ്ഡലത്തിൽ എൽ.ഡി.എഫ്.-ന് 66293 വോട്ടായിരുന്നു ലഭിച്ചത്. ഇത്തവണ പാർലമെന്റ് തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് ലഭിച്ചത് 41716 വോട്ടാണ്. ആ അംഗങ്ങളെല്ലാം ഇവിടെയുണ്ട്. 22000 വോട്ട് എവിടെപ്പോയി? വർക്കലയിൽ നിങ്ങൾക്ക് കഴിഞ്ഞ തവണ ലഭിച്ചത് 68816 വോട്ടും ഇത്തവണ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ശ്രീ. വി. ജോയിക്ക് ലഭിച്ചത് 45930 വോട്ടുമാണ്. 25000 വോട്ട് എവിടെപ്പോയി? (.....ബഹളം......) നിങ്ങൾ ഇന്നലെ കണക്കുകൾ നിരത്തി. സാധാരണ സഖാക്കന്മാരെ

പറ്റിക്കാൻവേണ്ടി നടത്തിയ പരിശ്രമമുണ്ടല്ലോ; അത് ഇനി നടക്കില്ല. ബി.ജെ.പി.-ക്ക് വോട്ട് പോയതും വോട്ട് ലഭിച്ചതും എവിടെ നിന്നാണെന്നറിയണം. തൃശ്ശൂരിലെ തെരഞ്ഞെടുപ്പ് പ്രശ്നത്തെക്കുറിച്ച് പറഞ്ഞല്ലോ; (.....ബഹളം.....)

മി. സ്പീക്കർ: പ്ലീസ്........പ്ലീസ്........ അദ്ദേഹം പ്രസംഗിക്കട്ടെ.

ഡോ. മാത്യു കുഴൽനാടൻ: സർ, തൃശ്ശൂരിൽ സി.പി.ഐ.(എം)-ന്റെ മേയറാണ് കോർപ്പറേഷൻ ഭരിക്കുന്നത്. അദ്ദേഹത്തിന്റെ നിലപാട് കഴിഞ്ഞദിവസങ്ങളിൽ നമ്മൾ കണ്ടില്ലേ? ശ്രീ. സുരേഷ് ഗോപിയുടെ വിജയത്തെക്കുറിച്ച് എത്ര ആവേശത്തോടുകൂടിയാണ് അദ്ദേഹം സംസാരിച്ചത്. ബഹുമാന്യനായ കെ. സി. വേണുഗോപാൽ രാജ്യസഭയിലൊരു സീറ്റ് കളഞ്ഞ് ഇങ്ങോട്ട് വന്നത് വലിയ നഷ്ടമായിപ്പോയെന്ന നിലയിൽ അങ്ങ് പറഞ്ഞു. ശ്രീ. കെ. സി. വേണുഗോപാലിനെപ്പോലെ ശക്തനായ ഒരു നേതാവ് ആലപ്പുഴയിൽ മത്സരിച്ചതുകൊണ്ട് ബി.ജെ.പി. രണ്ടാമതും അവിടെ ജയിച്ചില്ല. ഇനി നിങ്ങൾ പറയാൻ പോകുന്ന ഡിഫെൻസ് എന്താണെന്ന് എനിക്കറിയാം. നിയമസഭയും ലോക്സഭയും രണ്ട് പാറ്റേൺ ആണെന്നല്ലേ പറയാൻ

പോകുന്നത്; ഞാൻ ലോക്സഭാ പാറ്റേണിനെക്കുറിച്ച് പറയാം. അതായത്, 2019-ൽ ആലപ്പുഴയിൽ എൽ.ഡി.എഫ്.-ന് ലഭിച്ച വോട്ടുകൾ നിങ്ങൾ പരിശോധിക്കണം. ശ്രീ. കെ. സി. വേണുഗോപാൽ മത്സരിച്ചത് വലിയ തെറ്റായിപ്പോയെന്ന രീതിയിൽ ഇവിടെ പ്രസംഗിച്ചല്ലോ? അമ്പലപ്പുഴയിൽ സി.പി.ഐ.(എം)-ന് 14864-ഉം കായംകുളത്ത് 14350-ഉം വോട്ടുകളുടെ കുറവുണ്ടായി. ആലപ്പുഴയിൽ കോൺഗ്രസ്സിന് 110 വോട്ട് 2019-ലെ തെരഞ്ഞെടുപ്പിനെക്കാൾ കൂടുതൽ കിട്ടിയപ്പോൾ എൽ.ഡി.എഫ്-ന് 18459 വോട്ടും അരൂരിൽ 15046-ഉം ഹരിപ്പാട് 13837-ഉം വോട്ടുകളുമാണ് നഷ്ടപ്പെട്ടത്.

<u>മി. സ്പീക്കർ</u>: ........പ്ലീസ്.......... കൺക്ലൂഡ്............

<u>ഡോ. മാത്യു കുഴൽനാടൻ</u>: കരുനാഗപ്പള്ളിയിൽ നിങ്ങൾക്ക് നഷ്ടപ്പെട്ടത് 5493 വോട്ടാണ്.

<u>മി. സ്പീക്കർ</u>: പ്ലീസ്.... .....പ്ലീസ് .....കൺക്ലൂഡ്.........സമയമായി.

<u>ഡോ. മാത്യു കുഴൽനാടൻ</u>: ചേർത്തലയിൽ നഷ്ടപ്പെട്ടത് 21363 വോട്ട്. ഈ വോട്ടെല്ലാം ബി.ജെ.പി.-ക്ക് കിട്ടിയപ്പോഴാണ് ലക്ഷക്കണക്കിന്

വോട്ടുകളുടെ നേട്ടം അവർക്ക് അവിടെയുണ്ടായത്. ഇതൊക്കെ മറച്ചുവച്ച് സാധാരണ സഖാക്കന്മാരെ......(മൈക്ക് ഓഫ്......)

<u>ശ്രീമതി സി. കെ. ആശ</u>: 2024-25 സാമ്പത്തികവർഷത്തിലേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു.

<u>മി. സ്പീക്കർ</u>: പ്ലീസ്........ തടസ്സപ്പെടുത്തരുത്.... (.......ബഹളം.......) ബഹുമാനപ്പെട്ട അംഗം സംസാരിക്കട്ടെ. (.......ബഹളം.......)

<u>ശ്രീമതി സി. കെ. ആശ</u>: സർ, കേരളത്തിന്റെ സ്ത്രീ മുന്നേറ്റത്തിന് അഭിമാനകരമായ പാരമ്പര്യമുണ്ട്. അടുക്കളയിൽനിന്നും അരങ്ങത്തേയ്ക്ക് കടന്നുവന്ന ആ മുന്നേറ്റം ഇന്ന് നാടിന്റെ സമസ്ത മേഖലകളിലും തിളക്കമുള്ള കാഴ്ചകളായി മാറിക്കഴിഞ്ഞു. അതിനെ കൂടുതൽ പുരോഗതിയിലേയ്ക്ക് നയിക്കുന്നതിനും സുരക്ഷയും ക്ഷേമവും ഉറപ്പുവരുത്തുന്നതിനുമാണ് കഴിഞ്ഞ എട്ടുവർഷങ്ങളായി എൽ.ഡി.എഫ്. ഗവൺമെന്റ് ശ്രമിച്ചിട്ടുള്ളത്. സ്ത്രീകളുടെ മാത്രമല്ല, പൊതുസമൂഹത്തിന്റെയും പ്രത്യേകിച്ച് കുട്ടികളുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് സർക്കാർ പോലീസ് വകുപ്പുമായി ചേർന്ന് നിരവധി പദ്ധതികളാണ് നടപ്പാക്കിവരുന്നത്. സൈബർ ലോകത്ത് വർദ്ധിച്ചുവരുന്ന

കുറ്റകൃത്യങ്ങൾക്കെതിരെ കുട്ടികളെ സജ്ജരാക്കാൻ കേരള പോലീസ് 'ബച്ച്പൻ ബച്ചാവോ ആന്തോളൻ' സംഘടനയുമായി കൈകോർത്ത് കേരളത്തിൽ നടപ്പാക്കുന്ന സമഗ്ര ബോധവത്കരണ നിയമസഹായ പദ്ധതിയാണ് 'കൂട്ട്' . കുട്ടികളിൽ സുരക്ഷിതമായ ഓൺലൈൻ ഉപയോഗം ഉറപ്പുവരുത്താനുള്ള ഇടപെടലുകൾ, കൗൺസിലിംഗ് സെന്ററുകൾ, നിയമസഹായ കേന്ദ്രങ്ങൾ തുടങ്ങിയവ ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. നമ്മുടെ കുട്ടികൾക്ക് ചുറ്റുമുള്ള സുരക്ഷാവലയം തകർക്കപ്പെടുമ്പോൾ നിശ്ശബ്ദ കാണികളായി നിൽക്കുന്നതിന് പകരം കേരള പോലീസ് കുട്ടികളുടെ സുരക്ഷ, സംരക്ഷണം, വികസനം എന്നിവയ്ക്കായി വിവിധ സംരംഭങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. രാജ്യത്തിനുതന്നെ മാതൃകയായ രീതിയിലാണ് നമ്മുടെ സ്കൂളുകളിൽ നടപ്പാക്കിവരുന്ന എസ്.പി.സി.-യെ നാം നോക്കി കാണേണ്ടത്. സാമൂഹിക പ്രതിബദ്ധതയുള്ള ഒരു പുതുതലമുറയെ വാർത്തെടുക്കുന്നതിന് ഈ പദ്ധതി എത്രമാത്രം പ്രയോജനകരമാണെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. എല്ലാ കുട്ടികൾക്കും ക്ഷേമം ഉറപ്പുവരുത്തുക, കുട്ടികളിലെ പെരുമാറ്റ വൈകല്യങ്ങൾ വൈകാരികവും വ്യക്തിപരവുമായ പ്രശ്നങ്ങൾ, പഠന പ്രശ്നങ്ങൾ,

ശാരീരിക വെല്ലുവിളികൾ എന്നിവ തിരിച്ചറിയുകയും വേണ്ടവിധം പരിഹരിക്കപ്പെടുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ 'ചിരി ഹെൽപ് ഡെസ്ക്' സംസ്ഥാനത്ത് മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. പോലീസ് നടത്തുന്ന 'പ്രോജക്റ്റ് ഹോപ്' എന്ന പദ്ധതി വളരെ വലിയ പ്രതീക്ഷയാണ് നൽകുന്നത്. കാരണം, എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ഫുൾ എ പ്ലസ് ലഭിച്ച കുട്ടികളെ വിവിധ സംഘടനകളും മറ്റും ആദരിക്കുമ്പോൾ പരാജയപ്പെട്ടുപോയവരുടെ കാര്യം നമ്മളാരും ശ്രദ്ധിക്കുന്നില്ലെന്നുള്ളത് വസ്തുതയാണ്. ഈ സന്ദർഭത്തിലാണ് പോലീസ് വകുപ്പ് 'പ്രോജക്റ്റ് ഹോപ്' എന്ന പദ്ധതിയുമായി കുട്ടികളുടെ മുന്നിലേയ്ക്കെത്തുന്നത്. 98 ശതമാനം കുട്ടികൾ എസ്.എസ്.എൽ.സി. പാസ്സായെങ്കിൽ തോറ്റുപോയ 2 ശതമാനം കുട്ടികളെ വീണ്ടും ജീവിതത്തിലേയ്ക്ക് കൈപിടിച്ചുയർത്തുന്നതിനും അതോടൊപ്പം പ്ലസ് ടു ക്ലാസ്സുകളിൽ പരാജയപ്പെട്ടുപോയ കുട്ടികൾക്കും വിദ്യാഭ്യാസത്തിന്റെ സാമൂഹ്യവത്കരണ പ്രക്രിയയിൽനിന്ന് അകന്നുപോകുന്ന കുട്ടികൾക്കും പ്രതീക്ഷ നൽകി ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടുവരുന്ന പദ്ധതിയാണ് പോലീസിന്റെ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിലൂടെ സാധ്യമാകുന്നത്.

അതിലൂടെ പരാജയപ്പെട്ടുപോകുന്ന അല്ലെങ്കിൽ യോഗ്യതയില്ലാത്ത കുട്ടികളെ പഠനത്തിൽ മികച്ച നിലവാരത്തിലേയ്ക്ക് കൊണ്ടുവരുന്നതിന് ഈ പദ്ധതിയിലൂടെ പോലീസിന് സാധ്യമാകുന്നുണ്ടെന്നത് പോലീസിന്റെ സാമൂഹ്യ പ്രതിബദ്ധതയുടെ തെളിവായി എടുത്തുകാണിക്കാവുന്നതാണ്. കേരളത്തിലെ 110 ഓളം സ്ത്രീ സൗഹൃദ പോലീസ് സ്റ്റേഷനുകളെ ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകളായി മാറ്റിയിട്ടുണ്ട്. ശിശുസൗഹാർദ്ദപരമായ സമീപനം, അന്തരീക്ഷം, അടിസ്ഥാന സൗകര്യങ്ങൾ, നടപടിക്രമങ്ങൾ, നിർവ്വഹണം എന്നിവയിൽ മാറ്റം വരുത്തിയിട്ടുള്ള പോലീസ് സ്റ്റേഷനുകളാണിവ. സ്ത്രീകളും കുട്ടികളും നേരിടുന്ന ഓൺലൈൻ അടിസ്ഥാനമാക്കിയുള്ള ഉപദ്രവങ്ങൾ പരിഹരിക്കുന്നതിനുള്ള ദ്രുതപ്രതികരണ സംവിധാനം കൂടിയാണിത്.

വനിതാ സ്വയം പ്രതിരോധ പരിശീലന പദ്ധതി- ഇക്കാലങ്ങളിൽ സ്ത്രീകൾ സ്വയം പ്രതിരോധം തീർക്കേണ്ടൊരു സാമൂഹ്യ സാഹചര്യമാണ് നമുക്ക് ചുറ്റുമുള്ളത്. എപ്പോഴാണ് ആക്രമിക്കപ്പെടുക, അക്രമി എപ്പോഴാണ് നമ്മുടെ മുന്നിലേയ്ക്ക് ചാടി വീഴുകയെന്ന യാതൊരു പ്രതീക്ഷയുമില്ലാതെയാണ് പലപ്പോഴും യാത്ര ചെയ്യുന്നത്. ആ ഒരു ഘട്ടത്തിൽ സ്വയം പ്രതിരോധ

സംവിധാനമൊരുക്കയെന്നുള്ളത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണെന്നുള്ളതുകൊണ്ട് പോലീസിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തൊട്ടാകെ 212 വ്യത്യസ്ത സ്ഥാപനങ്ങളിലായി ആകെ 26675 വനിതകൾക്ക് സ്വയം പ്രതിരോധ പരിശീലനം നൽകിയെന്നത് ശ്ലാഘനീയമായ കാര്യമാണ്. പ്രത്യേകിച്ച് ഗേൾസ് സ്കൂളുകൾ കേന്ദ്രീകരിച്ചുകൊണ്ട് അത്തരത്തിലുള്ള പരിശീലന പരിപാടികൾ പോലീസിന്റെ നേതൃത്വത്തിൽ നടത്തണമെന്നുകൂടി ഞാൻ ഈ അവസരത്തിൽ വിനീതമായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതിദ്രുതം വളരുകയും മാറ്റങ്ങൾക്ക് വിധേയമാകുകയും ചെയ്തുകൊണ്ടിരിക്കുന്ന ഡിജിറ്റൽ ലോകത്ത് നിയമനിർവഹണ ഏജൻസികൾക്ക് ഏറ്റവും വലിയ വെല്ലുവിളി ഉയർത്തുന്ന മേഖലയാണ് സൈബർ കുറ്റകൃത്യങ്ങൾ. സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണവും കുട്ടികൾക്ക് സൈബർ സുരക്ഷ ഉറപ്പാക്കലും പോലീസിന്റെ ഏറ്റവും പ്രധാന ദൗത്യങ്ങളിലൊന്നാണ്. കുട്ടികൾക്കെതിരെയുള്ള ലൈംഗിക ചൂഷണം, അശ്ലീല ചിത്രപ്രദർശനം എന്നിവ തടയുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന CCSE (Counter Child Sexual Exploitation) എന്ന ഒരു

പ്രത്യേക യൂണിറ്റ് ഇന്ന് പോലീസ് സംവിധാനത്തിനുണ്ട്. ഈ വിഷയത്തിൽ ഏറ്റവും മികച്ച രീതിയിൽ പോലീസ് വകുപ്പ് അത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നുവെന്നത് നമുക്കെല്ലാവർക്കും ശുഭപ്രതീക്ഷ നൽകുന്ന കാര്യമാണ്. വൈകിക്കിട്ടുന്ന നീതി, നീതി നിഷേധത്തിന് തുല്യമാണ് എന്നത് മാനിച്ചുകൊണ്ട് കേരള പോലീസിന്റെ കാര്യക്ഷമമായ ഇടപെടലിന്റെ ഭാഗമായി NCRB (National Crime Records Bureau) റിപ്പോർട്ട് പ്രകാരം കുറ്റപത്രം സമർപ്പിക്കുന്നതിലും കുറ്റാന്വേഷണം നടത്തുന്നതിലും ശിക്ഷ നടപ്പാക്കുന്നതിലും കേരളം രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകുന്ന തരത്തിൽ മുന്നിലാണെന്ന് പറയുന്നതും നമ്മുടെ സംസ്ഥാനത്ത് പോലീസ് എത്രമാത്രം കാര്യക്ഷമമായ പ്രവർത്തനങ്ങളാണ് ഇത്തരം വിഷയങ്ങളിൽ കാഴ്ചവയ്ക്കുന്നതെന്നതിന്റെ നേർസാക്ഷ്യമാണ്. പോലീസ് ഇത്രയും കാര്യക്ഷമമായ രീതിയിൽ ലാ ആൻഡ് ഓർഡർ സംരക്ഷിക്കുന്നതിനും ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി പ്രവർത്തിക്കുന്നു. അതിന്റെ ഭാഗമായി ഏകദേശം മുപ്പത്തിയൊന്ന് പുരസ്കാരങ്ങൾ പോലീസ് സേനയ്ക്ക് ലഭിച്ചിട്ടുള്ള സാഹചര്യംകൂടി നമ്മുടെ മുന്നിലുണ്ട്. പലപ്പോഴും അവർ ജോലി

ചെയ്യുന്ന ഇടങ്ങളും പോലീസ് സ്റ്റേഷനുകളും ഉൾപ്പെടെ പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. സംതൃപ്തമായൊരു സേനയ്ക്ക് മാത്രമെ സംതൃപ്തമായ സേവനം ചെയ്യാൻ സാധിക്കുകയുള്ളൂവെന്നതുകൊണ്ടുതന്നെ പോലീസ് സ്റ്റേഷനുകളുടെ ആധുനികവത്കരണവും ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പല പോലീസ് സ്റ്റേഷനുകളും നവീകരിക്കപ്പെട്ടിട്ടുണ്ട്. വൈക്കത്ത് എം.എൽ.എ. ഫണ്ടുപയോഗിച്ചുകൊണ്ട് പോലീസ് സ്റ്റേഷനുകളുടെ നവീകരണത്തിനും റെസ്റ്റ് റൂം ഉൾപ്പെടെയുള്ളവ നിർമ്മിച്ച് നൽകുന്നതിനും മറ്റും എം.എൽ.എ.-മാർ മുന്നോട്ടുവരുന്നുണ്ടെങ്കിലും പോലീസ് സ്റ്റേഷനുകൾ ആധുനികവത്കരിക്കപ്പെടുകയെന്നുള്ളത് ഈ കാലഘട്ടത്തിന്റേകൂടി ആവശ്യമായതിനാൽ ഇക്കാര്യം ഏറ്റവും പ്രധാന വിഷയമായിത്തന്നെ സർക്കാർ പരിഗണിക്കേണ്ടതാണ്. ഏറ്റവും വേഗത്തിൽ നീതി നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ പോലീസ് സേനയ്ക്ക് സ്വീകരിക്കണമെങ്കിൽ ആധുനികവത്കരണം ഏറ്റവും പ്രധാനപ്പെട്ടൊരു കാര്യമാണ്. ജനസംഖ്യയ്ക്ക് ആനുപാതികമായി പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുകയെന്നുള്ളതും ഈ കാലഘട്ടത്തിന്റെ ഏറ്റവും

വലിയൊരാവശ്യമാണ്. ലോക്കൽ പോലീസ് സ്റ്റേഷനുകളിലെ സ്ട്രെങ്ത് വർധിപ്പിക്കുന്നതിനുവേണ്ടി സർക്കാർ KCP (Kerala Civil Police Subordinate Service) കൊണ്ടുവന്നെങ്കിലും അത് കാര്യക്ഷമമായ രീതിയിൽ പ്രാവർത്തികമായോ എന്നുള്ളത് പരിശോധിക്കപ്പെടണം. സ്കൂൾ പ്രവൃത്തി സമയങ്ങളിൽ സ്കൂളിന് മുന്നിൽ കുട്ടികൾക്ക് സുരക്ഷിതത്വമൊരുക്കുന്നതിനും എസ്.പി.സി. അംഗങ്ങൾക്ക് ട്രെയിനിംഗ് നൽകുന്നതിനും ഉൾപ്പെടെ പോലീസിന്റെ സേവനം ആവശ്യമുള്ള സന്ദർഭങ്ങളിൽ എം.എൽ.എ.-മാർ പോലീസ് സ്റ്റേഷനിലേയ്ക്ക് വിളിക്കാറുണ്ട്. മദ്യത്തിനും മയക്കുമരുന്നിനും അടിമകളായ കുറെ ആളുകൾ വൈക്കം ഗവൺമെന്റ് ആശുപത്രി ആക്രമിച്ച സന്ദർഭത്തിൽ, മുമ്പ് അവിടെയുണ്ടായിരുന്ന ഒരു എയ്ഡ് പോസ്റ്റ് പുനഃസ്ഥാപിക്കണമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയോട് അഭ്യർത്ഥിച്ചതിന്റെ ഭാഗമായി അതുസംബന്ധിച്ച് ഉത്തരവിറക്കുകയും ചെയ്തു. എന്നാൽ നിലവിൽ ആവശ്യമായ സ്റ്റാഫില്ലാത്തതിനാൽ എയ്ഡ് പോസ്റ്റ് പുനഃസ്ഥാപിക്കുന്നതിന് നിർവാഹമില്ലെന്ന മറുപടിയാണ് വൈക്കം പോലീസ് സ്റ്റേഷനിൽനിന്നും

കോട്ടയം എസ്.പി.-യിൽനിന്നും ലഭിച്ചത്. പോലീസിൽ മതിയായ സ്റ്റെങ്ത്തുണ്ടെങ്കിൽ മാത്രമെ ഇത്തരംത്തിലുള്ള കാര്യങ്ങൾക്കാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്താൻ സാധിക്കുകയുള്ളൂ. അതിനാൽ അടിയന്തരമായി പോലീസ് സേനയുടെ സ്റ്റെങ്ത് വർധിപ്പിക്കുന്നതിനാവശ്യമായ ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഈയവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. വൈക്കവുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് കാര്യങ്ങൾകൂടി പറയാനുണ്ട്. വൈക്കം സത്യഗ്രഹത്തിന്റെ നൂറാം വാർഷികം ആഘോഷിക്കുന്ന സമയമാണിത്. വൈക്കം സത്യഗ്രഹത്തിൽ പങ്കെടുത്ത സത്യഗ്രഹികളെ രാജഭരണകൂടം പാർപ്പിച്ചിരുന്ന പോലീസ് സ്റ്റേഷൻ ഇന്ന് ജീർണ്ണാവസ്ഥയിലാണ്. ഈ നൂറാം വാർഷികാഘോഷങ്ങളുടെ ഭാഗമായി അത് പുനർനിർമ്മിച്ച് പൈതൃക സ്മാരകമായി സംരക്ഷിക്കണമെന്നുള്ള അഭ്യർത്ഥന സർക്കാരിന് മുന്നിൽ വയ്ക്കുകയാണ്. വൈക്കത്തെ 2.91 ഏക്കർ സ്ഥലത്താണ് വൈക്കം പോലീസ് സ്റ്റേഷനും ഒരു ഫ്ലാറ്റും ഡിവൈ.എസ്.പി. ഓഫീസും പ്രവർത്തിക്കുന്നത്. രണ്ട് ഏക്കറോളം ഭൂമി മിച്ചമുള്ള സ്ഥലത്ത് പതിനഞ്ചോളം ക്വാർട്ടേഴ്സുകൾ ഇന്ന്

ജീർണ്ണാവസ്ഥയിലാണ്. അവ നവീകരിക്കുകയോ ബന്ധപ്പെട്ട വകുപ്പിന് കൈമാറുകയോ ചെയ്യുന്നപക്ഷം വൈക്കത്ത് കൂടുതൽ സ്ഥാപനങ്ങൾ കൊണ്ടുവരുന്നതിനുള്ള സാഹചര്യമുണ്ടാകുമെന്ന കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഇന്നലെ ഇവിടെ നടന്ന ചർച്ചകളിന്മേലുള്ള മറുപടി പ്രസംഗത്തിൽ, ഈ തിരഞ്ഞെടുപ്പ് വിജയം ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിനെ വല്ലാതെ മത്ത് പിടിപ്പിച്ചിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. ചരിത്രത്തിലെ ഏറ്റവും വലിയ വിജയം മുസ്ലീം ലീഗിനുണ്ടായത് ഈ തെരഞ്ഞെടുപ്പിൽത്തന്നെയാണ്. മലപ്പുറം ലോക്സഭാ മണ്ഡലത്തിൽ മൂന്ന് ലക്ഷം വോട്ടിന്റെ ഭൂരിപക്ഷം ലഭിച്ചു. പൊന്നാനിയിൽ നിങ്ങൾ ഇതിനുമുമ്പ് നടത്തിയ പരീക്ഷണങ്ങളേക്കാൾ ദയനീയമായ പരാജയമായിരിക്കും ഇത്തവണത്തെ പരീക്ഷണത്തിൽ അവിടെ സംഭവിക്കുന്നതെന്ന കാര്യം ഞങ്ങൾ ആദ്യംതന്നെ പറഞ്ഞിരുന്നതാണ്, അത് സംഭവിച്ചു. രണ്ടര ലക്ഷം വോട്ടിന്റെ ഭൂരിപക്ഷത്തിന് മുസ്ലീം ലീഗ്

പൊന്നാനിയിൽ വിജയിച്ചു. മുസ്ലീം ലീഗ് ഉൾപ്പെടുന്ന മുന്നണിക്ക് കേരളത്തിൽ ചരിത്രത്തിലില്ലാത്തവിധം വലിയ ഭൂരിപക്ഷത്തോടുകൂടിയുള്ള വിജയമുണ്ടായി. ഈ വിജയങ്ങളൊന്നും ഞങ്ങളെ മത്ത് പിടിപ്പിക്കുന്നില്ല എന്നുള്ളത് ഞാനിവിടെ പറയാൻ ആഗ്രഹിക്കുകയാണ്. കാരണം, ഇത് ജനാധിപത്യ സംവിധാനമാണ്. ആ സംവിധാനത്തിൽ നാം ജനങ്ങളുടെ മുന്നിൽവയ്ക്കുന്ന രാഷ്ട്രീയത്തിന് ലഭിക്കുന്ന അംഗീകാരവും യോജിപ്പും വിയോജിപ്പുമൊക്കെയാണ് തെരഞ്ഞെടുപ്പുകളിൽ പ്രകടമാകുന്നത്. കേരളത്തിലെ ജനങ്ങളെ പ്രതിപക്ഷവും മാധ്യമങ്ങളും കൂടി തെറ്റിദ്ധരിപ്പിച്ചതുകൊണ്ടാണ് തങ്ങൾ തോറ്റതെന്ന് ഇവിടെ ഇന്നത്തെ ചർച്ചയ്ക്ക് തുടക്കം കുറിച്ചുകൊണ്ട് ശ്രീ. കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. നിങ്ങൾ ആ വിലയിരുത്തലാണ് സ്വീകരിക്കുന്നതെങ്കിൽ അങ്ങനതന്നെ തുടർന്നോളൂ. എത്ര മോശമായ വിലയിരുത്തലാണ് ഒരു രാഷ്ട്രീയ പാർട്ടി ഇവിടെ നടത്തിയത്. കേരളത്തിലെ ജനങ്ങളെയാണ് നിങ്ങൾ ചെറുതാക്കിക്കാണുന്നത്. അങ്ങനെ തെറ്റിദ്ധരിപ്പിച്ചാൽ തെറ്റിദ്ധരിക്കപ്പെടുന്നവരാണോ കേരളത്തിലെ ജനങ്ങൾ; ആരൊക്കെ തെറ്റിദ്ധരിക്കപ്പെട്ടു? അപ്പുറത്ത് നിൽക്കുന്ന നിങ്ങളുടെ പാർട്ടി അണികൾ വളരെ

കൃത്യമായി തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ടല്ലോ; അതുകൊണ്ടാണല്ലോ പാർട്ടി ഗ്രാമങ്ങളിൽപ്പോലും വോട്ട് കുറഞ്ഞുപോയത്. ഇവിടെ ഇടതുപക്ഷത്തിന്റെ പരാജയത്തെക്കുറിച്ച് നിങ്ങൾ കൃത്യമായി ചിന്തിക്കണം. നിങ്ങളുടെ ഇടങ്ങളിലേയ്ക്ക് ബി.ജെ.പി. കടന്നുവരികയാണ്. കൃത്യമായും കേരളത്തിൽ പശ്ചിമബംഗാളും ത്രിപുരയും മണക്കുന്നുണ്ടെന്ന് ഞാൻ പറയുകയാണ്. ഇക്കാര്യങ്ങൾ നിങ്ങൾ കൃത്യമായി വിലയിരുത്തണം. നിങ്ങളുടെ ഇടങ്ങളിലേയ്ക്ക് ബി.ജെ.പി. കടന്നുവന്നിട്ടുണ്ടെന്നുള്ളതാണ് ഈ തെരഞ്ഞെടുപ്പിന്റെ ഒരു പ്രത്യേക സാഹചര്യം. കാസർഗോഡും പാലക്കാടും ആറ്റിങ്ങലിലും ആലപ്പുഴയിലും നിങ്ങൾക്ക് വോട്ട് കുറയുകയും അവിടെയെല്ലാം ബി.ജെ.പി.-ക്ക് വോട്ടുകൂടുകയും ചെയ്തെന്നുള്ള കാര്യം ഇവിടെ നിങ്ങൾതന്നെ വിലയിരുത്തിയിട്ടുണ്ടല്ലോ; ശതമാനത്തിലെ നേരിയ വർധനവുമായി ഇവിടെ യു.ഡി.എഫ്. ഒന്നാം സ്ഥാനത്ത് നിൽക്കുന്നു. രണ്ടാം സ്ഥാനത്തിന് ബി.ജെ.പി.-യും ഇടതുപക്ഷവും തമ്മിലാണ് മത്സരം. കോൺഗ്രസ് മുക്ത കേരളമെന്നാണ് നിങ്ങൾ ആദ്യം ധരിച്ചത്. ബി.ജെ.പി.-യുടെ മുദ്രാവാക്യം 'കോൺഗ്രസ് മുക്ത ഭാരതം' എന്നാണ്. കോൺഗ്രസിനെയും യു.ഡി.എഫ്.-

നെയും നിഷ്പ്രഭമാക്കി നിങ്ങളും ബി.ജെ.പി.-യുമുള്ളൊരു കേരളമുണ്ടാകുമെന്ന് പ്രതീക്ഷിച്ചു. അതിൽ നിങ്ങൾക്ക് ചില രാഷ്ട്രീയ ലാഭങ്ങളൊക്കെയുണ്ട്. ന്യൂനപക്ഷങ്ങൾക്ക് അമ്പത് ശതമാനത്തോളം പ്രാമുഖ്യമുള്ളൊരു സംസ്ഥാനമാണിത്. അതുകൊണ്ടുതന്നെ ബി.ജെ.പി.-പേടിയിൽ കുറച്ചുകാലം ഇടതുപക്ഷത്തിന് കേരളത്തിൽ ഈ രാഷ്ട്രീയം മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നും അങ്ങനെ നിങ്ങളുടെ ഭരണത്തുടർച്ചകളുണ്ടാക്കാൻ സാധിക്കുമെന്നും തെറ്റിദ്ധരിച്ചു. പക്ഷെ, ഇവിടെ സംഭവിച്ചത് അങ്ങനെയൊന്നുമല്ല. നിങ്ങൾക്കാണ് അത് ബൂമറാങ്ങായി തിരിച്ചുവരുന്നത്. അതിലൂടെ ഇടതുപക്ഷമാണ് ദുർബലപ്പെട്ടുവരുന്നത്. ഇവിടെ യു.ഡി.എഫ്. ഒന്നാംസ്ഥാനത്ത് വരികയും രണ്ടാംസ്ഥാനത്തിനുവേണ്ടി ഇനിയുള്ള നാളുകളിൽ നിങ്ങളും ബി.ജെ.പി.-യും തമ്മിൽ പോരടിക്കേണ്ടിവരികയും ചെയ്യുന്ന ഒരവസ്ഥയിലേയ്ക്കാണ് കേരളം പോകുന്നത്. ഈ മണ്ഡലങ്ങളിലെ വോട്ടുനില പരിശോധിക്കുമ്പോൾ അത്തരത്തിലുള്ള കാര്യങ്ങളാണ് കാണാൻ സാധിക്കുന്നത്. കൊല്ലം ലോക്സഭാ മണ്ഡലത്തിൽ കഴിഞ്ഞ തവണത്തേക്കാൾ ഇപ്പോൾ 57000 വോട്ട് നിങ്ങൾക്ക് കുറവുണ്ട്. രണ്ടര ലക്ഷം വോട്ടിന് നിങ്ങൾ

തോറ്റ എറണാകുളം മണ്ഡലത്തിൽ 90000 വോട്ടിന്റെ കുറവാണ് അരിവാൾ ചുറ്റിക നക്ഷത്രത്തിനുണ്ടായത്. കോഴിക്കോട്ടും കണ്ണൂരും ആ കുറവുണ്ട്. പത്രങ്ങൾ എഴുതിയതുപോലെ, പിണറായിയിലെ പാറപ്പുറത്തും വോട്ട് ചോർന്നിട്ടുണ്ട്. ഇതെല്ലാം പരിശോധിക്കേണ്ടതാണ്. കാരണം, അവിടെയൊന്നും ഒരു കാലത്തും വോട്ട് ചോരാറില്ല, അത്ര ഭദ്രമായിരുന്ന ആ കോട്ടകൾ. അവിടെയെല്ലാം ഇടതുപക്ഷത്തിന്റെ വോട്ടുകൾ കുറയുകയും ബി.ജെ.പി. മുന്നിലേയ്ക്ക് വരികയും ചെയ്തുവെന്നതാണ് സത്യം. ഇടതുപക്ഷം തകർന്നിട്ട് ബി.ജെ.പി. മുന്നിലേയ്ക്ക് വരുന്നത് യു.ഡി.എഫ്.-ന് അത്ര സന്തോഷമുള്ള കാര്യമല്ല. പശ്ചിമബംഗാൾ ഓർമ്മയില്ലേ; പാർട്ടി കമ്മിറ്റികളും പാർട്ടി ഓഫീസുകളും പാർട്ടിയുടെ എം.എൽ.എ.-മാരും താമര ചിഹ്നത്തിൽ ബി.ജെ.പി.-ക്കുവേണ്ടി മത്സരിച്ചതൊക്കെ ഓർമ്മയില്ലേ? അത് ഞാനിവിടെ ഓർമ്മപ്പെടുത്തുകയാണ്. ഇക്കാര്യങ്ങളെല്ലാം തിരുത്തിയാൽ എൽ.ഡി.എഫ്-ന് നല്ലത്. ഈ തെരഞ്ഞെടുപ്പിൽ കേരളത്തിലെ ഇടതുപക്ഷം കാര്യമായി വിമർശിച്ചത് ശ്രീ. രാഹുൽ ഗാന്ധിയെയും കോൺഗ്രസിനെയുമാണ്. അതിന്റെ ഭാഗമായാണ് നിങ്ങൾക്ക് ഈ ദയനീയാവസ്ഥയുണ്ടായത്. ശ്രീ. നരേന്ദ്ര

മോദിയുടെ ദുർഭരണത്തിൽനിന്ന് രാജ്യത്തിന്റെ മതേതരത്വവും ഭരണഘടനയും സംരക്ഷിക്കാൻ ഒരു മെയ്യായി, ഒരു കൈയായി ഇന്ത്യ മുഴുവൻ ഒരുങ്ങി നിൽക്കുമ്പോൾ നിങ്ങളതിന് വിള്ളൽ വീഴ്ത്തിക്കൊണ്ട്, ഞങ്ങളും ഇന്ത്യാ മുന്നണിയുടെ ഭാഗമാണ്, ഞങ്ങൾക്ക് വോട്ട് ചെയ്താലും ഫാസിസത്തിനെതിരായി സംരക്ഷണം കിട്ടുമെന്ന് പറഞ്ഞു. ഇത് കേരള ജനത അംഗീകരിച്ചില്ല. നിങ്ങൾക്ക് വോട്ട് ചെയ്താൽ ഫാസിസത്തിനെതിരായ സംരക്ഷണം കിട്ടില്ല എന്നുള്ളത് അവർ വളരെ കൃത്യമായി മനസ്സിലാക്കി. ബി.ജെ.പി.-യുടെ സ്ഥാനാർത്ഥികളൊക്കെ കേമൻമാരാണെന്ന് ഇടതുമുന്നണിയുടെ കൺവീനർ പറയുകയാണ്. ആദ്യത്തെ സർട്ടിഫിക്കറ്റ് അദ്ദേഹം നൽകിക്കഴിഞ്ഞു. തീർന്നില്ല. ഇടതുമുന്നണിയും ബി.ജെ.പി.-യും തമ്മിൽ ചില സീറ്റുകളുടെ കാര്യത്തിൽ, പ്രത്യേകിച്ച് ഇത്തവണ പരാജയപ്പെട്ട തൃശ്ശൂരിലെ സീറ്റിനെ സംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ടെന്ന് ശ്രീ. ദല്ലാൾ നന്ദകുമാർ പറഞ്ഞു. കൂട്ടുകെട്ടുകൾ സൂക്ഷിക്കണമെന്നാണ് അതിന് മറുപടിയായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. അല്ലാതെ ചർച്ച നടത്തിയതല്ല പ്രശ്നം. കൂട്ടുകെട്ടുകൾ ശ്രദ്ധിക്കണമെന്നാണ് ശ്രീ. ഇ. പി. ജയരാജിന് അദ്ദേഹം

നൽകിയ ഉപദേശം. അങ്ങനെ ആയിക്കോട്ടേ; നിങ്ങൾ തോറ്റതിന് കാരണം കണ്ടെത്തുകയല്ലേ; ശ്രീ. പ്രകാശ് ജാവ്ദേക്കർ എന്റെ വീട്ടിൽ വന്നിരുന്നുവെന്നും ഞാൻ അദ്ദേഹത്തെ കണ്ടിരുന്നുവെന്നും തെരഞ്ഞെടുപ്പ് ദിവസം രാവിലെ ശ്രീ. ഇ. പി. ജയരാജൻ പ്രസ്താവന നടത്തി. അദ്ദേഹം പറയേണ്ട ദിവസംതന്നെ പറഞ്ഞു. കൊച്ചുമകന്റെ പിറന്നാൾ ദിവസമായതുകൊണ്ട് ഒരാശംസ പറയാനായി കയറിയതാണെന്നാണ് അദ്ദേഹം പറഞ്ഞത്. ആർക്കാണ് ഇതൊക്കെ വിശ്വസിക്കാൻ കഴിയുന്നത്; ഇവിടെ കുറേ ആൾക്കാരുടെ കൊച്ചുമക്കൾക്ക് പിറന്നാളും അതുപോലുള്ള വിശേഷങ്ങളുമൊക്കെയുണ്ടായിരുന്നു. ശ്രീ. പ്രകാശ് ജാവ്ദേക്കർ ഞങ്ങളുടെ ആരുടെയും വീട്ടിൽ കയറുകയോ ഞങ്ങളെ അന്വേഷിച്ച് വരികയോ ചെയ്തിട്ടില്ല. തെരഞ്ഞെടുപ്പ് ദിവസം ഇത്തരത്തിലുള്ള പരാമർശങ്ങൾ നടത്തേണ്ട ആവശ്യമുണ്ടായിരുന്നോ; ഇവിടെ ഇടതുമുന്നണി കൺവീനറെ മാറ്റും വമ്പിച്ച നടപടിയുണ്ടാകുമെന്നൊക്കെ രാജ്യത്തെ മാധ്യമങ്ങൾ ഒന്നടങ്കം പറഞ്ഞു; എന്തേ ഒന്നും നടക്കാത്തത്; അതിന് കാരണമുണ്ട്. പാർട്ടി അറിഞ്ഞുകൊണ്ടാണ് ഇതൊക്കെ ചെയ്തത്. അപ്പോൾ ശ്രീ. ഇ. പി.

ജയരാജനെ കൺവീനർ സ്ഥാനത്തുനിന്നും അദ്ദേഹം കാര്യങ്ങളെല്ലാം തുറന്നുപറയുമെന്ന് പാർട്ടിക്കറിയാം. ഇതൊക്കെയാണ് ചരിത്രത്തിലെ ഏറ്റവും വലിയ തോൽവി എൽ.ഡി.എഫ്-ന് കേരളത്തിലുണ്ടാകാനുള്ള പ്രധാനപ്പെട്ട കാരണങ്ങൾ. ഞാൻ ഇനിയും ആ വിഷയങ്ങൾ പറഞ്ഞ് ദീർഘിപ്പിക്കുന്നില്ല.

ഇന്നത്തെ ധനാഭ്യർത്ഥ ചർച്ച പോലീസുമായി ബന്ധപ്പെട്ടതാണ്. സംസ്ഥാനത്തെ പോലീസ് സേന വളരെ വലിയ ആക്ഷേപങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ പോലീസുകാർ ഗുണ്ടകളൊരുക്കുന്ന വിരുന്നുസൽക്കാരങ്ങളിൽ പങ്കെടുത്തതായാണ് ഏറ്റവും അവസാനമായി നമ്മൾ കേട്ട വാർത്ത. തമ്മനം ഫൈസലിന്റെ പാർട്ടിയിൽ ആലപ്പുഴയിലെ ഡിവൈ.എസ്.പി. ആയ ശ്രീ. എം. ജി. സാബു പങ്കെടുത്തത് നമുക്ക് നാണക്കേടുണ്ടാക്കുന്ന സംഭവമാണ്. പോലീസിലെ ക്രിമിനലുകൾ ശക്തിപ്പെട്ട് വരികയാണ്. പോലീസും ഗുണ്ടകളും തമ്മിലുള്ള സൗഹൃദം ശക്തമായിക്കൊണ്ടിരിക്കുകയാണ്. അതുപോലെ ക്രിമിനൽ കേസ്സുകളിൽ പ്രതികൾ ശിക്ഷിക്കപ്പെടാതെ പോകുകയാണ്. 431 ബോംബാക്രമണ കേസ്സുകളിൽ ഒരാളെപ്പോലും ശിക്ഷിച്ചില്ലെന്ന് കേരളത്തിലെ ഒരു പത്രം

നടത്തിയ സർവെയിൽ പറയുന്നു. 'തൃശ്ശൂർപൂരം കലക്കിയ പോലീസ്'. അങ്ങനെ എന്തെല്ലാം പ്രശ്നങ്ങൾ പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടായി. തൃശ്ശൂരിൽ ബി.ജെ.പി. ജയിച്ചതിനൊരു കാരണമായി പറയുന്നത് അതാണ്. ആർ.എസ്.എസ്.-ന് കൂട്ടുനിന്ന് പോലീസാണ് തൃശ്ശൂർപൂരം കലക്കികൊടുത്തതെന്ന് നിങ്ങളുടെ സ്ഥാനാർത്ഥി പറഞ്ഞില്ലേ; എന്നിട്ടും ആ പോലീസുകാരനെതിരെ നടപടിയെടുത്തോ; ഇങ്ങനെ ഒരുപാട് അർത്ഥത്തിൽ പോലീസിന്റെ മുഖം വികൃതമായിക്കൊണ്ടിരിക്കുകയാണ്. നിയമസഭാ സമ്മേളനം നടക്കുന്നതിനാൽ അനാവശ്യമായി പോലീസ് ഇനി ആരെയും കസ്റ്റേഡിയിലെടുക്കരുതെന്ന് കോഴിക്കോട് സിറ്റി കമ്മീഷണർ നിർദ്ദേശം നൽകി. അപ്പോൾ നിയമസഭാ സമ്മേളനം ഇല്ലെങ്കിൽ പോലീസിന് ആളുകളെ അനാവശ്യമായി കസ്റ്റഡിയിൽ വയ്ക്കാൻ സാധിക്കുമോ; കസ്റ്റഡി കൊലപാതകങ്ങളിൽ മുഖം നഷ്ടപ്പെട്ട് നിൽക്കുകയാണ് കേരളാ പോലീസ്. ഇതാണ് പോലീസിന്റെ സ്ഥിതി. ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. ജോബ് മൈക്കിൾ: സർ, ഞാൻ 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ശ്രീ. എൻ. ഷംസുദ്ദീൻ കേരളാ പോലീസിനെപ്പറ്റി പറഞ്ഞത് എന്തടിസ്ഥാനത്തിലാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. കേരളത്തിലെ പോലീസിന്റെ സ്ഥിതിയെപ്പറ്റി അദ്ദേഹം നന്നായി മനസ്സിലാക്കിയിട്ടില്ല. കേരളാ പോലീസ് രാജ്യത്തെ ഏറ്റവും മികച്ച സേനകളിലൊന്നാണ്. ഈ നേട്ടം ഒരു ദിവസം കൊണ്ടുണ്ടായതല്ല. മികച്ച സംവിധാനങ്ങളൊരുക്കിയും ആധുനികവത്കരണം നടത്തിയും പരിശീലനം നടത്തിയുമാണ് ഈ മികവ് ലഭിച്ചത്. ഇതിനുപിന്നിൽ പ്രവർത്തിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെയുള്ളവരെ ഞാൻ അഭിനന്ദിക്കുകയാണ്. ഈ സർക്കാരിനുകീഴിൽ കേരളാപോലീസിന് നന്നായി നീതിനിർവഹണം നടത്താൻ സാധിക്കുന്നുവെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നീതിനിർവഹണ കാര്യത്തിൽ മികച്ച സേവനത്തിലൂടെ നിരവധി ദേശീയ പുരസ്കാരങ്ങൾ നേടിയെടുക്കാൻ കേരള പോലീസിന് സാധിച്ചിട്ടുണ്ടെന്ന് പറയുമ്പോൾ നമുക്ക് ആത്മാഭിമാനമുണ്ടാകുന്നു. പോലീസ് സേനയിലെ വനിതാ പങ്കാളിത്തം വർദ്ധിപ്പിച്ചുകൊണ്ട് സ്ത്രീ സുരക്ഷയ്ക്കായി

നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാലാക്കി. സ്ത്രീകൾക്ക് സ്വയം പ്രതിരോധ പരിശീലനം നൽകാനും സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കാനും പോലീസ് സ്റ്റേഷനുകളിൽ നിർഭയ സന്നദ്ധ സേനാ പ്രവർത്തകരെ ചുമതലപ്പെടുത്താൻ സാധിച്ചു.

ഇവിടെ എല്ലാവരും രാഷ്ട്രീയം പറയുകയാണ്. 2019-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ 19 സീറ്റിൽ യു.ഡി.എഫ്.-ഉം ഒരു സീറ്റിൽ എൽ.ഡി.എഫ്.-ഉം ജയിച്ചു. ആ തെരഞ്ഞെടുപ്പിൽ 122 നിയമസഭാ മണ്ഡലങ്ങളിൽ യു.ഡി.എഫ്.-ഉം 22 മണ്ഡലങ്ങളിൽ എൽ.ഡി.എഫ്.-ഉം ജയിച്ചു. അപ്പോൾ ആരുമില്ലെങ്കിലും ഞങ്ങൾക്ക് ഇവിടെ ഭരിക്കാമെന്നും ആരുടെയും സഹായം ഞങ്ങൾക്ക് ആവശ്യമില്ലെന്നും യു.ഡി.എഫ്.-ന് തോന്നലുണ്ടായി. ആ തോന്നലിന്റെ പേരിൽ അവർക്കുണ്ടായ ഗതി നമ്മൾ കണ്ടു. പിന്നീടുവന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിലും തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിലും നിയമസഭാ തെരഞ്ഞെടുപ്പിലും അതിദയനീയമായ പരാജയം അവർക്ക് നേരിടേണ്ടിവന്നു. 2014-ൽ രണ്ടാം യു.പി.എ. സർക്കാരിനും ഇങ്ങനെയൊരു തോന്നലുണ്ടായിരുന്നു. ഇന്ത്യയിൽ കോൺഗ്രസ് മാത്രം മതിയെന്നും മറ്റൊരു

പാർട്ടിയും വേണ്ടായെന്നും അവർ വിചാരിച്ചു. ഞങ്ങൾതന്നെ വീണ്ടും ഭരിക്കുമെന്ന് പറഞ്ഞ് ഇലക്ഷനെ നേരിട്ടു. എന്നാൽ കോൺഗ്രസിന്റെ ഭരണം ബി.ജെ.പി.-യുടെ കൈയിൽ കൊണ്ടെത്തിച്ചു. ബി.ജെ.പി.-ക്ക് പത്ത് വർഷം തുടർഭരണം നേടികൊടുത്തതിന്റെ ഉത്തരവാദിത്വം ഇന്ത്യയിലെ കോൺഗ്രസ് പ്രസ്ഥാനത്തിനാണ്. കേരളത്തിലെ ഇടതുപക്ഷമുന്നണി ഗവൺമെന്റിനെ ദുർബലപ്പെടുത്തിക്കൊണ്ട് ജനങ്ങൾക്കിടയിൽ തെറ്റിധാരണ പരത്തി ഈ ഗവൺമെന്റിനെ അസ്ഥിരപ്പെടുത്താനുള്ള നീക്കങ്ങൾക്കാണ് നിങ്ങൾ ശ്രമിക്കുന്നത്. പക്ഷെ അത് ഭാവിയിൽ നിങ്ങൾക്കായിരിക്കും ദൂഷ്യം ചെയ്യാൻ പോകുന്നത്. 2024-ലെ തെരഞ്ഞെടുപ്പിൽ 111 സ്ഥാനത്ത് നിങ്ങൾക്കും 18 സ്ഥാനത്ത് എൽ.ഡി.എഫ്.-നും ഭൂരിപക്ഷമുണ്ട്. ബാക്കി ആർക്കാണ് ഭൂരിപക്ഷമെന്ന് നിങ്ങൾ ചിന്തിക്കണം. ബി.ജെ.പി.-യെ ഊട്ടി വളർത്താൻ യു.ഡി.എഫ്. നടത്തുന്ന ശ്രമങ്ങൾ ജനങ്ങൾ തിരിച്ചറിയുന്നുണ്ടെന്ന് മനസ്സിലാക്കണം. ഇവിടെ വോട്ട് ചോർച്ചയെപ്പറ്റി പറഞ്ഞു. തൃശ്ശൂരിൽ എവിടെയാണ് വോട്ട് ചോർന്നത്; ആരുടെ വോട്ടാണ് ചോർന്നത്; ഹരിപ്പാട് എന്താണ് സംഭവിച്ചത്; ഹരിപ്പാട് ആർക്കാണ് ഭൂരിപക്ഷം ലഭിച്ചത്? ഞാൻ

അഭിമാനത്തോടെ എൽ.ഡി.എഫ്. മുന്നണിയുടെ ഭാഗമായി പറയുകയാണ്, കേരള കോൺഗ്രസ് പാർട്ടിയുടെ ചെയർമാൻ ശ്രീ. ജോസ് കെ. മാണി ഇന്ന് രാജ്യസഭാ സ്ഥാനാർത്ഥിയായി നോമിനേഷൻ കൊടുത്തു. ഞാൻ എൽ.ഡി.എഫ്. സർക്കാരിനെയും ഇടതുപക്ഷ മുന്നണിയെയും അഭിനന്ദിക്കുകയാണ്. ഇന്ന് ആ സ്ഥാനത്ത് യു.ഡി.എഫ്.-ൽ ആയിരുന്നുവെങ്കിൽ 'അത് വളരെ മോശമായിപ്പോയി സീറ്റ് കൊടുക്കാൻ പാടില്ലായിരുന്നു' എന്ന് കോൺഗ്രസ് വൈസ് പ്രസിഡന്റിന്റെ പ്രസ്താവന വരുമായിരുന്നു. യൂത്ത് കോൺഗ്രസ്സുകാർ ശ്രീ. ജോസ് കെ. മാണിയുടെ കോലം കേരളത്തിലെ എല്ലാ ജില്ലകളിലും കത്തിക്കുമായിരുന്നു. ഡി.സി.സി.-കൾ പ്രസ്താവന നടത്തി രാജ്യസഭാ സീറ്റ് നൽകിയത് ശരിയായില്ലെന്നും നൽകാൻ പാടില്ലായിരുന്നുവെന്നും പറയുമായിരുന്നു. അതല്ലേ കഴിഞ്ഞ പ്രാവശ്യം കണ്ടത്; ഇപ്പോൾ അന്തസ്സായി ഇടതുപക്ഷ മുന്നണിയിൽനിന്നുകൊണ്ട് കേരള കോൺഗ്രസ് പാർട്ടിയെ അംഗീകരിച്ചുകൊണ്ട് എല്ലാ കക്ഷികളെയും ഒരുപോലെ കണ്ടുകൊണ്ട് എല്ലാവരെയും കൂട്ടുചേർത്തുപിടിക്കാൻ കേരളത്തിലെ മുഖ്യമന്ത്രിയും ഇടതുപക്ഷവും നടത്തുന്ന ശ്രമങ്ങളെ ഞാൻ അഭിനന്ദിക്കുകയാണ്.

നിങ്ങൾക്ക് ഇതിന് പറയാൻ മറുപടിയുണ്ടോ? ഇവിടെ ബാർ കോഴ കേസ്സിന്റെ കാര്യം പറഞ്ഞു. ഒന്നാമത്തെ ബാർ കോഴ കേസ്സിന്റെ ഉപജ്ഞാതാവ് ആരാണ്; അവർ ഇപ്പോൾ ഈ നിയമസഭയിലില്ല. ഒരു കൂട്ടം യു.ഡി.എഫ്. നേതാക്കന്മാർ ചേർന്ന് എല്ലാരീതിയിലും അന്ന് കെ. എം. മാണി സാറിനെ അപമാനിക്കാൻ ശ്രമിച്ചപ്പോൾ രണ്ടാമത്തെ ബാർ കോഴ കേസിൽ ആരാണ് പ്രതിയായത്; സൈബർ വിംഗിന്റെ അന്വേഷണത്തിൽ കണ്ടല്ലോ; കേരളത്തിലെ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് അവരുടെ മുമ്പിൽ പുകമറ സൃഷ്ടിച്ച് കേരളത്തിലെ ജനങ്ങളുടെ വോട്ട് വേർതിരിച്ചെടുക്കാൻ നിങ്ങൾ നടത്തുന്ന ശ്രമങ്ങളെ ജനങ്ങൾ ചെറുത്തുതോൽപ്പിക്കും. 2019-ൽ നിങ്ങൾ അഹങ്കരിച്ചെങ്കിൽ 2024-ലും അഹങ്കരിച്ചോളൂ. ഇനി നിങ്ങൾക്ക് വരാൻ പോകുന്നത് പരാജയമായിരിക്കും. ഈ സർക്കാരിന്റെ എല്ലാ പ്രവർത്തനങ്ങളെയും അഭിനന്ദിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, 400 സീറ്റുമായി അധികാരത്തിൽ വരുമെന്ന് അഹങ്കാരത്തോടുകൂടി പറഞ്ഞ ശ്രീ. നരേന്ദ്ര മോദിയെ പിടിച്ചുകെട്ടിയ

ശ്രീ. രാഹുൽ ഗാന്ധി പാർലമെന്റ് തെരഞ്ഞെടുപ്പിനുശേഷം ആദ്യമായി ഇന്ന് കേരളത്തിലെത്തിയിരിക്കുകയാണ്. അദ്ദേഹത്തെ അഭിവാദ്യം ചെയ്യാനും ഈ രാജ്യത്തെ മതേതര ജനാധിപത്യ വിശ്വാസികൾക്ക് സുരക്ഷിതത്വബോധം നൽകിയ അദ്ദേഹത്തിന് ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്താനും ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ഒന്നേകാൽ മണിക്കൂറോളം ഇവിടെ പ്രസംഗിച്ചു. പക്ഷെ പ്രസക്തമായ ഞങ്ങളുടെ ഒരു ചോദ്യത്തിന് അദ്ദേഹം മറുപടി പറഞ്ഞില്ല. ഇന്നും ഞങ്ങൾ ആ ചോദ്യം ആവർത്തിക്കുകയാണ്. രാജ്യത്ത് ഒരു തെരഞ്ഞെടുപ്പ് നടക്കുമ്പോൾ, ശ്രീ. നരേന്ദ്ര മോദിയുടെ ഫാസിസ്റ്റ് ഭരണകൂടത്തിനെതിരായി രാജ്യത്തുടനീളം പോരാട്ടം നടക്കുമ്പോൾ എന്തുകൊണ്ട് തിരഞ്ഞെടുപ്പ് വേദികളിൽനിന്ന് അദ്ദേഹം വിട്ടുനിന്ന് വിദേശയാത്ര നടത്തിയെന്ന് ഇന്നെങ്കിലും മറുപടി പറയണമെന്ന് വളരെ വിനീതമായി ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇന്നലെ അദ്ദേഹം ഒരുപാട് കണക്കുകൾ ഇവിടെ പറഞ്ഞു. ജനങ്ങൾ വോട്ട് നൽകി വിജയിപ്പിച്ച യു.ഡി.എഫ്.-നെ വാക്കും കണക്കുംകൊണ്ട്

പരാജയപ്പെടുത്താനാണ് അദ്ദേഹം ശ്രമിക്കുന്നത്. അദ്ദേഹം പറയാത്ത ചില കണക്കുകളുണ്ട്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.-ന് ലഭിച്ചത് 9434513 വോട്ടായിരുന്നു. എന്നാൽ ഇത്തവണ ലഭിച്ചത് 6755499 വോട്ട് മാത്രമാണ്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ അരിവാൾ ചുറ്റിക നക്ഷത്രത്തിനും ഇടതുപക്ഷ മുന്നണിയുടെ ചിഹ്നങ്ങൾക്കും വോട്ട് ചെയ്ത 27 ലക്ഷം പേരാണ് നിങ്ങൾക്കെതിരായി ഇത്തവണ വോട്ട് ചെയ്തിട്ടുള്ളതെന്ന് ഓർക്കണം. അതിൽ 8 ലക്ഷം വോട്ട് കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിനെക്കാൾ കൂടുതലായി യു.ഡി.എഫ്. നേടി. നിങ്ങളുടെ ബാക്കി വോട്ട് എവിടെപ്പോയി; രണ്ട് തെരഞ്ഞെടുപ്പുകളുടെയും പാറ്റേൺ വ്യത്യാസമാണെന്ന് പറയുന്നത് ശരിയാണ് ഞാൻ സമ്മതിക്കുന്നു. കാരണം ബി.ജെ.പി.-ക്ക് വേണ്ടത് കേന്ദ്ര ഭരണവും ഇടതുപക്ഷ മുന്നണിക്ക് വേണ്ടത് സംസ്ഥാനഭരണവുമാണ്. അപ്പോൾ ഓരോ തെരഞ്ഞെടുപ്പിലും രണ്ട് പാർട്ടിക്കാരും അങ്ങോട്ടുമിങ്ങോട്ടും മാറ്റി വോട്ട് ചെയ്യുന്നതാണ് പാറ്റേൺ. ആ പാറ്റേണാണ് ഇന്നിവിടെ കാണാൻ കഴിഞ്ഞിട്ടുള്ളത്. എന്തുകൊണ്ടാണ് ഇടതുപക്ഷ മുന്നണിയിൽനിന്നും ഇത്രയും വോട്ട് ബി.ജെ.പി.-ലേയ്ക്ക് പോയത്;

കാരണം രാജ്യത്തെമ്പാടും ജനാധിപത്യ മതേതര ശക്തികൾ ശ്രീ. നരേന്ദ്ര മോദിക്കെതിരായി പ്രചരണം നടത്തുമ്പോൾ ഇന്ത്യയിലെ ഏക ഇന്ത്യേതര മുഖ്യമന്ത്രി ശ്രീ. രാഹുൽ ഗാന്ധിയെ വിമർശിക്കുകയാണ്. അദ്ദേഹത്തിന്റെ ആക്രമണം മുഴവൻ അഴിച്ചുവിട്ടത് ശ്രീ. രാഹുൽ ഗാന്ധിക്കും കോൺഗ്രസ്സിനുമെതിരായാണ്. അത് ആരെ സന്തോഷിപ്പിക്കാനാണ്; കോൺഗ്രസ്സിനെ ആക്രമിക്കാൻ ശ്രീ. നരേന്ദ്ര മോദി ഔട്ട്സോഴ്സ് ചെയ്തവരാണ് കേരളത്തിലെ എൽ.ഡി.എഫ്.-കാരെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ഇപ്പോൾ ജയിച്ചില്ലെങ്കിൽ മരപ്പട്ടിയും ഈനാംപേച്ചിയും ചിഹ്നത്തിൽ മത്സരിക്കേണ്ടി വരുമെന്ന് ശ്രീ. എ. കെ. ബാലനെപ്പോലുള്ള നേതാക്കന്മാർ വളരെ ദുഃഖത്തോടുകൂടി പറഞ്ഞിട്ടുപോലും ഈ ഒഴുക്കിനെ തടയാൻ കഴിഞ്ഞില്ല. ഇവർക്ക് മരപ്പട്ടിയും ഈനാംപേച്ചിയും ചിഹ്നം കിട്ടിയിരുന്നെങ്കിൽ ചുവരുകളൊക്കെ മരപ്പട്ടിയുടെയും ഈനാംപേച്ചിയുടെയും ചിഹ്നങ്ങൾ വരച്ചുവയ്ക്കില്ലേയെന്ന് ഞാൻ ചിന്തിച്ചുപോകുകയാണ്. അത് കണ്ട് സ്കൂൾ കുട്ടികൾ പേടിക്കില്ലേ; നിങ്ങളുടെ അനൗൺസ്മെന്റ് എങ്ങനെയായിരിക്കുമായിരുന്നു? 'അധ്വാന വർഗ്ഗത്തിന്റെ ചിഹ്നം മരപ്പട്ടി, തൊഴിലാളി വർഗ്ഗത്തിന്റെ ചിഹ്നം

ഈനാംപേച്ചി'. അതിൽനിന്നും നിങ്ങളുടെ പാർട്ടിയെ രക്ഷപ്പെടുത്തിയത് ശ്രീ. രാഹുൽ ഗാന്ധിയാണ്. ഏതോ ഒരു സിനിമയിൽ പറയുന്നതുപോലെ സ്മരണ വേണം സ്മരണ. കോൺഗ്രസ്സിൽനിന്ന് ധാരാളംപേർ ബി.ജെ.പി.-ലേയ്ക്ക് പോകുന്നുവെന്ന് നിങ്ങൾ ഇവിടെ പറഞ്ഞല്ലോ. കോൺഗ്രസ്സിൽനിന്ന് ബി.ജെ.പി.-ലേയ്ക്ക് പോയവരെല്ലാവരും കോൺഗ്രസ് വിട്ടുപോയവരാണ്. എന്നാൽ ബി.ജെ.പി. നേതാക്കളുമായി ചർച്ച നടത്തിയ ആളുകൾ ഇന്നും നിങ്ങളുടെ പാർട്ടിയിലാണുള്ളത്. അവർ പരസ്യമായി ബി.ജെ.പി. നേതാക്കളുമായി ചർച്ച ചെയ്യുന്നില്ലേ; നിങ്ങളുടെ പാർട്ടി കൺവീനറും ചർച്ച ചെയ്തിട്ടില്ലേ; അതുപോലെ, ഇടുക്കിയിലെ മുൻ എം.എൽ.എ.-യായിരുന്ന ശ്രീ. എസ്. രാജേന്ദ്രൻ ബി.ജെ.പി. നേതാക്കളുമായി ചർച്ച ചെയ്തതിൽ എന്തെങ്കിലും നടപടി സ്വീകരിച്ചോ? ഇത്തരത്തിൽ ബി.ജെ.പി.-ലേയ്ക്കുള്ള നിങ്ങളുടെ ഒഴുക്കിന് പ്രധാനപ്പെട്ട കാരണം നിങ്ങളുടെ സുപ്രീം കമാൻഡർ നൽകിയിട്ടുള്ള സന്ദേശമായ 'ശ്രീ. നരേന്ദ്ര മോദി അല്ല ശത്രു, പ്രധാനപ്പെട്ട ശത്രു കോൺഗ്രസ്സാണ്' എന്നുള്ളതാണ്.

പോലീസിന്റെ നിഷ്പക്ഷതയെക്കുറിച്ച് പറഞ്ഞാൽ, നമ്മുടെ സഹപ്രവർത്തകനായ ശ്രീ. സി. ആർ. മഹേഷ് എം.എൽ.എ.-യെ കല്ലെറിഞ്ഞ് കൊല്ലാൻ ശ്രമിക്കുകയും എന്നിട്ട് അദ്ദേഹത്തിനെതിരായി വധശ്രമത്തിന് കേസ്സെടുക്കുകയും ചെയ്ത പോലീസാണ് ഇന്ന് ആഭ്യന്തര വകുപ്പിലുള്ളതെന്ന് നിങ്ങൾ ഓർക്കണം. എന്ത് നിഷ്പക്ഷതയാണ് നിങ്ങൾക്ക് പറയാനുള്ളത്; ഈ രാജ്യത്ത് ഗുണ്ടാ മാഫിയകൾ അരങ്ങ് തകർക്കുകയാണ്. തലസ്ഥാന നഗരിയിൽ ലഹരി മരുന്ന് സംഘം അമ്പൂരി സ്വദേശിയായ പാസ്റ്ററിനെ വെട്ടിപ്പരിക്കേൽപ്പിച്ചു, കൺസ്യൂമർ ഫെഡ് ജീവനക്കാരിയെയും ഭർത്താവിനെയും നടുറോഡിലിട്ട് മർദ്ദിച്ചു, ബഹളം കേട്ട് പുറത്തിറങ്ങിയ വീട്ടുടമയെ അസഭ്യം പറഞ്ഞു, ഈ സംഭവം അറിഞ്ഞ് ഒന്നരമണിക്കൂറിനുശേഷമാണ് പോലീസ് എത്തുന്നത്. കരമന സ്വദേശിയായ 22 വയസ്സുള്ള അഖിലിനെ തലയ്ക്കടിച്ച് കൊലപ്പെടുത്തി. അങ്കമാലിയിലെ ഗുണ്ടയുടെ വീട്ടിൽ പോലീസിന് ഡിന്നർ. സംസ്ഥാനത്ത് നല്ല പോലീസ് ഭരണമാണ് നടക്കുന്നത്. വിയ്യൂർ സെൻട്രൽ ജയിലിൽ ഗുണ്ടാ സംഘങ്ങൾ ഏറ്റുമുട്ടുകയും തടയാൻ ശ്രമിച്ച ഡെപ്യൂട്ടി സൂപ്രണ്ടിന്റെ വലതുകൈ

ചവിട്ടിയൊടിക്കുകയും ചെയ്തു. അസിസ്റ്റന്റ് സൂപ്രണ്ടിന്റെ കാൽ കടിച്ചുപറിച്ചു. പോലീസിനെ ചവിട്ടി കിണറ്റിലിട്ട ചരിത്രമുള്ള ഗുണ്ട ജയിൽ മോചിതനായി അരമണിക്കൂർ കഴിഞ്ഞതിനുശേഷമാണ് അടുത്ത കേസ്സിൽ വാറണ്ടുമായി പോലീസ് പോകുന്നത്. എക്സൈസിന്റെ സ്റ്റേറ്റ് എൻഫോഴ്സ്മെന്റ് സ്ക്വാഡിൽ അസിസ്റ്റന്റ് കമ്മീഷണറായിരുന്ന ശ്രീ. ടി. അനിൽ കുമാറിനെ കൊലപ്പെടുത്താൻ ശ്രമിച്ച ഗുണ്ടകളെ രക്ഷപ്പെടുത്താൻ പോലീസ് സഹായിച്ചുവെന്ന് അദ്ദേഹംതന്നെ വെളിപ്പെടുത്തിയിരിക്കുകയാണ്. ഇത്തരത്തിൽ സംസ്ഥാനത്തിന്റെ ക്രമസമാധാനനില സമ്പൂർണ്ണമായും തകർത്ത് തരിപ്പണമാക്കിയിട്ടുള്ള പോലീസ് ഭരണമാണ് കേരളത്തിൽ നടക്കുന്നത്. പോലീസ് ഭരണത്തിന് ലഭിച്ച തിരിച്ചടികൂടിയാണിത്. ഇത് സംസ്ഥാന സർക്കാരിന്റെ വിലയിരുത്തലല്ലെന്ന് പറയുമ്പോൾ, എറണാകുളം ജില്ലാ കമ്മിറ്റിയുടെയും ആലപ്പുഴ ജില്ലാ കമ്മിറ്റിയുടെയും വിലയിരുത്തൽ പുറത്തുവന്നിട്ടുണ്ട്. സർക്കാരിന്റെ തെറ്റായ നയങ്ങളാണ് ഈ പരാജയത്തിന് കാരണമെന്ന് സി.പി.ഐ.-യുടെ വിവിധ ജില്ലാ കമ്മിറ്റികൾ

വിലയിരുത്തിയിട്ടുണ്ട്. അത് പരിശോധിക്കാൻ നിങ്ങൾ തയ്യാറായില്ലെങ്കിൽ വലിയ തകർച്ചയിലേയ്ക്ക്.........

ചെയർപേഴ്സൺ: പ്ലീസ്........ പ്രസംഗം അവസാനിപ്പിക്കു......

ശ്രീ. എം. വിൻസെന്റ്: സർ, ബംഗാളിൽ നിങ്ങൾ അധികാരത്തിലുണ്ടായിരുന്നപ്പോൾ കേരളത്തിൽ ബംഗാൾ ആവർത്തിക്കുമെന്നാണ് എല്ലാകാലത്തും പറഞ്ഞുകൊണ്ടിരുന്നത്. എന്നാലിപ്പോൾ ഞങ്ങൾ പറയുന്നു നിങ്ങൾ ഇങ്ങനെയാണ് പോകുന്നതെങ്കിൽ കേരളത്തിൽ ബംഗാൾ ആവർത്തിക്കുമെന്ന്.......(മൈക്ക് ഓഫ്) .......

ശ്രീ. കെ. പ്രേംകുമാർ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. കേരളത്തിൽ ഇടതുപക്ഷം ബി.ജെ.പി.-യുമായി ധാരണയുണ്ടാക്കിയെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ചർച്ചയുടെ ഭാഗമായി പറഞ്ഞത്. രാജ്യത്ത് ബി.ജെ.പി.-യെ അധികാരത്തിൽനിന്നും മാറ്റിനിർത്താൻ യു.പി.എ. സർക്കാരിന് പുറമെനിന്ന് പിന്തുണ നൽകാൻ തയ്യാറായിട്ടുള്ളത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണെന്ന് മറന്നുപോകരുതെന്ന് ഓർമ്മിപ്പിക്കുകയാണ്. എപ്പോഴെല്ലാം രാജ്യത്ത് വർഗ്ഗീയ

ശക്തികളുടെ വ്യത്യസ്ത നിലയിലുള്ള ആക്രമണങ്ങൾ വന്നിട്ടുണ്ടോ അതിനെയെല്ലാം പ്രതിരോധിക്കാനും അതിജീവിക്കാനും രാജ്യത്തിന് കരുത്ത് പകർന്നിട്ടുള്ളതും കാവൽനിന്നിട്ടുള്ളതും മുന്നിൽനിന്നിട്ടുള്ളതും ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണെന്ന് രാജ്യത്തിലെ ജനങ്ങൾക്ക് നല്ല ബോധ്യമുണ്ടെന്നുകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. കേരളത്തിൽ കോൺഗ്രസ്സിന്റെ നേതൃത്വമായിട്ടുള്ള കെ.പി.സി.സി.-യുടെ പ്രസിഡന്റ് " I will go with BJP" എന്നുപറഞ്ഞത് നാട് മറന്നിട്ടില്ല. ആർ.എസ്.എസ്.-ന്റെ ശാഖയ്ക്ക് കാവൽനിന്നത് അഭിമാനമായി കണ്ടവർ കെ.പി.സി.സി.-യുടെ അദ്ധ്യക്ഷ പദവിയിലിരുന്ന നാടാണ് കേരളമെന്ന് കോൺഗ്രസ് മറന്നുപോകരുത്. ശ്രീ. രാഹുൽ ഗാന്ധിയെ വിമർശിക്കാനേ പാടില്ലെന്ന നിലയിലുള്ള അഭിപ്രായം ഇവിടെ പങ്കുവയ്ക്കപ്പെട്ടു. ഇന്ത്യാ മുന്നണിയുടെ നേതാവായ ശ്രീ. രാഹുൽ ഗാന്ധി ആർ.എസ്.എസ്.-മായും സംഘ്പരിവാറുമായും ബി.ജെ.പി.-യുമായും നേരിട്ട് ഏറ്റുമുട്ടേണ്ട സംസ്ഥാനങ്ങളിൽ മത്സരിക്കാതെ കേരളത്തിൽ വരേണ്ടിയിരുന്നോയെന്ന ശരിയായ ചോദ്യം ഉന്നയിക്കുമ്പോഴേയ്ക്കും തകർന്നുപോകുന്നതാണോ

കോൺഗ്രസ് എന്ന് ഞങ്ങൾ ചോദിച്ചിട്ടുണ്ട്. 'കേരളത്തിലെ മുഖ്യമന്ത്രിയെ എന്തുകൊണ്ടാണ് അറസ്റ്റ് ചെയ്യാത്തത്' എന്നാണ് ആ ചോദ്യത്തിന് മറുപടിയായി ശ്രീ. രാഹുൽ ഗാന്ധി പറഞ്ഞത്. ഇതാണോ രാഷ്ട്രീയ മര്യാദ? ജനാധിപത്യ മതനിരപേക്ഷ സംരക്ഷണത്തിനുവേണ്ടി നിലപാട് എടുക്കുന്നതിനെ സംബന്ധിച്ച് ഇത്തരത്തിലുള്ള പരാമർശം നടത്തുമ്പോൾ നിശ്ചയമായും ആ പരാമർശങ്ങൾക്ക് മറുപടി പറയേണ്ടിവരുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഈ തിരഞ്ഞെടുപ്പിൽ രാജ്യത്ത് ബി.ജെ.പി.-യുടെ നേതൃത്വത്തിലുള്ള എൻ.ഡി.എ. ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വന്നു. ബി.ജെ.പി.-ക്ക് മാത്രമായി ഭൂരിപക്ഷം ലഭിക്കാത്ത സാഹചര്യം എൻ.ഡി.എ.-യ്ക്കുണ്ടായി. അത്തരമൊരു സാഹചര്യത്തിലേയ്ക്ക് രാജ്യത്തെ നയിച്ചതിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പങ്ക് നിർണ്ണായകമാണെന്ന് ഈ സന്ദർഭത്തിൽ വീണ്ടും സൂചിപ്പിക്കുന്നു. എവിടെയാണ് ബി.ജെ.പി.-ക്ക് സീറ്റ് നഷ്ടമായത്? ഇടതുപക്ഷമുൾപ്പെടെ ഇന്ത്യയിൽ നടത്തിയ വ്യത്യസ്തമായ പ്രക്ഷോഭങ്ങളുടെയും സമരങ്ങളുടെയും പോരാട്ടങ്ങളുടെയും ഭാഗമായി ജനങ്ങളെ ചേർത്തുനിർത്തിയയിടത്തും അവരെ അണിനിരത്തിയയിടത്തുമാണ്

ബി.ജെ.പി.-ക്ക് സീറ്റ് നഷ്ടമായത്. രാജസ്ഥാനിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ഒരു സീറ്റ് നൽകിയതിനെ സംബന്ധിച്ച് ശ്രീ. രാഹുൽ ഗാന്ധിയുടെ ഔദാര്യമാണെന്ന് പറയുന്നുണ്ട്. അത് ശ്രീ. രാഹുൽ ഗാന്ധിയുടെ ഔദാര്യമാണോ; രാജസ്ഥാനിൽ നിലവിലുണ്ടായിരുന്നത് യു.ഡി.എഫ്.-ന്റെ/കോൺഗ്രസ്സിന്റെ ഭരണമായിരുന്നില്ലേ; അങ്ങനെ കോൺഗ്രസ്സിന് നിലവിലുണ്ടായിരുന്ന സംസ്ഥാനഭരണം സംരക്ഷിക്കാൻ കഴിയാതെ പോയി. അന്ന് ഇടതുപക്ഷവുമായി സഖ്യമുണ്ടായിരുന്നില്ല. അവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഉൾപ്പെടെ നേതൃത്വം നൽകി നടത്തിയ കർഷക സമരങ്ങളുടെ തുടർച്ചയിൽ, ആ സമരങ്ങളുടെ പ്രക്ഷോഭങ്ങളിൽ നേതാവായി വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയെയും ഇടതുപക്ഷത്തിന്റെ സ്വീകാര്യതയെയും അംഗീകരിക്കാതെ മുന്നോട്ടുപോകാനാകില്ലെന്ന് കോൺഗ്രസ് തിരിച്ചറിഞ്ഞതല്ലേ യാഥാർത്ഥ്യം? ആ യാഥാർത്ഥ്യത്തിന് നേരെ കണ്ണടയ്ക്കുകയാണ് കേരളത്തിലെ കോൺഗ്രസ്. ആരുമായി കൂട്ടുകൂടിയാലും ഇടതുപക്ഷം കേരളത്തിൽ തകരണമെന്നാണ് കോൺഗ്രസ് ആഗ്രഹിക്കുന്നതെന്നാണ് ഇതിൽനിന്നും വ്യക്തമാകുന്നത്. കോൺഗ്രസ്

ഹൈക്കമാൻഡ് സ്വീകരിച്ച ഒരു ശരിയായ നിലപാടിനെ/തീരുമാനത്തെ ഞങ്ങൾ സ്വാഗതം ചെയ്യുന്നുവെന്ന് പറയുന്നതിനുപകരം നിങ്ങളുടെ ഔദാര്യംകൊണ്ട് ഞങ്ങൾക്ക് അവിടെ സീറ്റ് ലഭിച്ചുവെന്ന് പറയുന്നത് ശരിയല്ലെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നു. മോദി സർക്കാരിന്റെ ജനവിരുദ്ധ നയങ്ങളെയും വർഗ്ഗീയ നിലപാടുകളെയും തുറന്നുകാണിച്ച് അതിനെ എതിർക്കുന്നതിൽ ഇടതുപക്ഷം മുന്നിൽനിന്ന് പ്രവർത്തിച്ചിട്ടുണ്ടെന്ന കാര്യത്തിൽ അവ്യക്തതയോ ആശങ്കയോ ഇടതുപക്ഷത്തിന് ഒരിക്കലുമുണ്ടായിട്ടില്ല. മോദി ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വന്നെങ്കിലും കോൺഗ്രസ് തിരിച്ചുവരുന്നതിനുള്ള ശ്രമം നടത്തിയെങ്കിലും കോൺഗ്രസ്സിന്റെ സീറ്റ് വർദ്ധിച്ചുവെന്ന യാഥാർത്ഥ്യം അംഗീകരിക്കുന്നു. എന്നാൽ അതിൽ അഹങ്കരിക്കാനുള്ളതില്ലെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. ഇടതുപക്ഷം നടത്തിയ പ്രക്ഷോഭങ്ങളുടെയും സമരങ്ങളുടെയും ചൂട് ഏറ്റുവാങ്ങിയ പ്രദേശങ്ങളിലാണ് ബി.ജെ.പി. പരാജയപ്പെട്ടതെന്ന് നേരത്തെ ഇവിടെ സൂചിപ്പിച്ചു.

ഞാൻ ഗാന്ധിയെ മനസ്സിലാക്കിയത് 'ഗാന്ധി' സിനിമയിലൂടെയാണെന്നാണ് ശ്രീ. നരേന്ദ്ര മോദി പറഞ്ഞത്. 1982-ലാണ് ഗാന്ധി സിനിമ പുറത്തിറങ്ങിയത്. ഗുജറാത്തിലെ പോർബന്തറിൽ ജനിച്ച മഹാത്മാ ഗാന്ധി, ദേശീയ സ്വാതന്ത്ര്യസമര പ്രക്ഷോഭത്തിന് നേതൃത്വം നൽകിയ ഗാന്ധി....... രാജ്യത്താകെ കോൺഗ്രസ് കാറ്റ് ആഞ്ഞുവീശിയെങ്കിലും ഗുജറാത്തിലെ എത്ര സീറ്റിൽ കോൺഗ്രസ് ജയിച്ചു; ഗാന്ധി പിറന്ന ഗുജറാത്തിൽനിന്ന് പാർലമെന്റിലേയ്ക്ക് എത്രപേരെ വിജയിപ്പിക്കാൻ കോൺഗ്രസ്സിന് സാധിച്ചു; നേരിട്ട് ഏറ്റുമുട്ടിയ സ്ഥലമായിരുന്നില്ലേ? ഞങ്ങൾ കുറ്റപ്പെടുത്തുന്നില്ല, അഹങ്കരിക്കരുതെന്ന് ഓർമ്മിപ്പിക്കുകയാണ്. രാമക്ഷേത്ര നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയത്തിൽ കോൺഗ്രസ്സിന്റെ നിലപാടെന്തായിരുന്നു? ഈ തിരഞ്ഞെടുപ്പുഘട്ടത്തിലും അതിനുമുമ്പുള്ള ഓരോ ഘട്ടങ്ങളിലും നിങ്ങൾ സ്വീകരിച്ച മൃദുഹിന്ദുത്വ സമീപനത്തിന്റെ തുടർച്ചയാണ് ഇന്ന് രാജ്യത്ത് കോൺഗ്രസ് ആഗ്രഹിച്ചനിലയിൽ എൻ.ഡി.എ. ഗവൺമെന്റിനെ രാജ്യത്തിന്റെ അധികാരത്തിൽനിന്ന് മാറ്റിനിർത്താൻ കഴിയാതെപോയതെന്ന് തിരിച്ചറിയാൻ കോൺഗ്രസ് തയ്യാറാകണം. ശ്രീമതി

പത്മജ വേണുഗോപാലും ശ്രീ. അനിൽ കെ. ആന്റണിയും മാത്രമല്ല ബി.ജെ.പി.-യിലേയ്ക്ക് പോയത്. കെ.പി.സി.സി. പ്രസിഡന്റായിരുന്ന ശ്രീ. കെ. സുധാകരന്റെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ടയാളും ബി.ജെ.പി.-യിലേയ്ക്ക് പോയി. ഒരുകാരണവശാലും ഒരാൾ ബി.ജെ.പി.-യിലേയ്ക്ക് പോയതിനെ, അയാളുടെ വ്യക്തിപരമായിട്ടുള്ള രാഷ്ട്രീയ ആഭിമുഖ്യത്തെ, ഞങ്ങൾ ചെറുതായി കാണുന്നില്ല. അവരുടെ സ്വാതന്ത്ര്യത്തെ അംഗീകരിക്കുന്നു. പക്ഷേ നയപരമായി ബി.ജെ.പി.-ക്ക് ബദലാകാൻ കോൺഗ്രസിന് കഴിയില്ലെന്ന് നാട് കൃത്യമായി തിരിച്ചറിഞ്ഞിട്ടുണ്ടെന്നുകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. ആറ്റിങ്ങലിലെ വോട്ടിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മൂവാറ്റുപുഴ അംഗം സൂചിപ്പിച്ചല്ലോ; കഴിഞ്ഞ തിരഞ്ഞെടുപ്പിനെക്കാൾ ആറ്റിങ്ങൽ ലോക്സഭാ മണ്ഡലത്തിൽ അറുപതിനായിരം വോട്ടാണ് യു.ഡി.എഫ്.-ന് കുറഞ്ഞതെന്ന് തിരിച്ചറിയണം. ഇടതുപക്ഷത്തിന് വോട്ട് കുറഞ്ഞിട്ടുണ്ട്. ജനങ്ങളുടെ അഭിപ്രായങ്ങൾ കേട്ട് അവരുടെ നിർദ്ദേശങ്ങളും അവരുടെ അഭിപ്രായങ്ങളും മാനിച്ച് തിരുത്തൽ വരുത്തി, ഇടതുപക്ഷം കരുത്താർജ്ജിച്ച് മുന്നോട്ടുവരുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല.

പോലീസുമായി ബന്ധപ്പെട്ട കാര്യത്തെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചല്ലോ; വർഗ്ഗീയ സംഘർഷങ്ങളില്ലാത്ത ഇന്ത്യയിലെ ഏക സംസ്ഥാനമായി കേരളം മാറുന്നു. അത്തരം സംഘർഷങ്ങളില്ലാത്ത, സമാധാനം നിറഞ്ഞ നാടായി കേരളത്തെ കാത്തുസംരക്ഷിക്കുന്നതിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് എങ്ങനെ പോലീസിനെ കൈകാര്യം ചെയ്യുന്നു എന്നതിന്റെകൂടി ഉദാഹരണമാണിത്. ക്രമസമാധാനപാലനത്തിലും കുറ്റാന്വേഷണത്തിലും കേരള പോലീസ് രാജ്യത്ത് ഒന്നാമതാണ്. ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിൽ മുന്നിൽ നിൽക്കുന്നു. രാജ്യത്തിന് മാതൃകയായി മൊബൈൽ ആന്റിഡ്രോൺ വെഹിക്കിൾ തയ്യാറാക്കാൻ കേരള പോലീസിന് കഴിഞ്ഞു. പോലീസ് വകുപ്പിൽ ഏറ്റവും കൂടുതൽ തസ്തികകൾ സൃഷ്ടിച്ചത് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരാണ്. ജയിൽ വകുപ്പിൽ അന്തേവാസികളുടെ സുരക്ഷിതത്വവും ക്ഷേമവും പുനരധിവാസവും ലക്ഷ്യമാക്കി കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ ഒട്ടേറെ പ്രധാന പദ്ധതികൾ ഈ ഗവൺമെന്റ് നടപ്പാക്കി. ഓവർ ക്രൗഡിംഗ് കുറയ്ക്കാനുള്ള പദ്ധതി...., സംസ്ഥാനത്തെ എല്ലാ ജയിലുകളിലുംകൂടി 8000 തടവുകാർക്കുള്ള സൗകര്യങ്ങളാണുള്ളതെങ്കിലും

തടവുകാരുടെ എണ്ണം 9500-ലധികമാണ്. ഐക്യകേരള രൂപീകരണത്തിനുശേഷം സംസ്ഥാനത്ത് പണികഴിപ്പിച്ച ആദ്യത്തെ സെൻട്രൽ ജയിലായ തവനൂർ സെൻട്രൽ പ്രിസൺ ആൻഡ് കറക്ഷണൽ ഹോമിന്റെ ഉദ്ഘാടനം 2022 ജൂൺ മാസത്തിലായിരുന്നു. 2022 ജൂൺ മാസത്തിൽത്തന്നെ കണ്ണൂരിലെ കൂത്തുപറമ്പിൽ സ്പെഷ്യൽ സബ് ജയിൽ ഉദ്ഘാടനം ചെയ്തു. തളിപ്പറമ്പ് ജയിലിന്റെ ആദ്യഘട്ട നിർമ്മാണ പ്രവൃത്തിയുടെ തൊണ്ണൂറുശതമാനം പൂർത്തിയായി. വടകര, മണ്ണാർക്കാട്, കൃഷ്ണഗിരി ജയിലുകളുടെ നിർമ്മാണം ഏറെ വൈകാതെ നടക്കുന്ന സ്ഥിതിയാണ്. ജയിൽ അന്തേവാസികളുടെ പുനരധിവാസം ലക്ഷ്യമിട്ട് ഡ്രൈവിംഗ്, ടെയിലറിംഗ്, ഫാഷൻ ഡിസൈനിംഗ്, ഫുഡ് പ്രോസസ്സിംഗ്, സ്ക്രീൻ പ്രിന്റിംഗ്, ഓർഗാനിക് ഫാമിംഗ് തുടങ്ങിയ തൊഴിൽ പരിശീലന പരിപാടികൾ ജയിലുകളിൽ നടത്തിവരുന്നു. അന്തേവാസികളുടെ മാനസിക പിരിമുറുക്കം ലക്ഷ്യമാക്കി അത് തടയാൻ ജയിൽ ക്ഷേമദിനാഘോഷം, യോഗ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നു. ശിക്ഷാ കാലാവധിക്കുശേഷവും പരാശ്രയമില്ലാതെ സമൂഹത്തിലവർക്ക് ജീവിക്കാനാവശ്യമായ നിലയിൽ അടിസ്ഥാന സൗകര്യവും

പരിശീലനവും ജയിലുകളിൽ നൽകുന്നു. ചപ്പാത്തി, ബിരിയാണി, കഫ്റ്റീരിയ, ബേക്കറി തുടങ്ങിയ ഫുഡ് പ്രോസസ്സിംഗ് യൂണിറ്റുകൾ, പെട്രോൾ പമ്പ്, ഫാഷൻ ഡിസൈനിംഗ് യൂണിറ്റ്, ബ്യൂട്ടിപാർലർ, കാർപ്പെന്ററി, സ്മിത്തി, ബയന്റിംഗ്, വീവിംഗ് ആൻഡ് ടെയിലറിംഗ് എന്നിവകൂടാതെ റബ്ബർ പ്ലാന്റേഷൻ, കശുമാവ് പ്ലാന്റേഷൻ, പച്ചക്കറി, പശു ഫാം, ആട് ഫാം, കോഴിഫാം, മുയൽ ഫാം തുടങ്ങിയ തൊഴിലുകൾ അന്തേവാസികൾക്ക് നൽകുന്നതിനുവേണ്ടിയുള്ള നിലപാട് സ്വീകരിച്ച് കേരളത്തിലെ ഗവൺമെന്റ് മാതൃകാപരമായി മുന്നോട്ടുപോകുകയാണ്. നാടിന്റെ സുരക്ഷയെയും സമാധാനത്തെയും നിലനിർത്തുന്നതിനും മുന്നോട്ടുകൊണ്ടുപോകുന്നതിനും ഒരുനിലയിലുമുള്ള മാഫിയാ സംഘത്തിന്റെയും പിടിയിലല്ല കേരളത്തിലെ സർക്കാരെന്നും അത്തരക്കാരെ കയ്യാമം വയ്ക്കാനുള്ള ആർജ്ജവമുള്ള നിലപാടുള്ള ഗവൺമെന്റാണ് കേരളത്തിലെ ഗവൺമെന്റെന്നുമാണ് ഇതിന്റെ ഭാഗമായി വ്യക്തമാക്കാനുള്ളത്. ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകൾക്ക് പിന്തുണ നൽകിക്കൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീമതി കാനത്തിൽ ജമീല: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. നിയമസഭാ സമ്മേളനം തുടങ്ങിയതിനുശേഷം എൽ.ഡി.എഫ്.-ന്റെ തിരഞ്ഞെടുപ്പ് പരാജയത്തെക്കുറിച്ചാണ് ഇവിടെയുള്ള ചർച്ച. ഈ ഘട്ടത്തിൽ മഹാനായ ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ വാക്കുകൾ ഓർമ്മിപ്പിക്കുകയാണ്. "ഞങ്ങൾ ഒരിക്കലും ഭൂരിപക്ഷത്തോടെ വിജയിച്ചാലും തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടാലും അമിതമായി സന്തോഷിക്കുകയോ അമിതമായി സങ്കടപ്പെടുന്ന ഒരു രീതിയല്ല ഞങ്ങൾക്കുള്ളത്" . ഞങ്ങൾ ജനങ്ങളെ പഠിച്ചുകൊണ്ട് ഞങ്ങൾക്കുവന്നിട്ടുള്ള തെറ്റുകൾ തിരുത്തി മുന്നോട്ടുപോകും. അതിനുള്ള ധാരാളം ഉദാഹരണങ്ങളുണ്ട്. പാർലമെന്റിന്റെ പ്രവർത്തനം ജനങ്ങൾക്കുവേണ്ടി എങ്ങനെ ഉപയോഗിക്കണമെന്നുള്ള നല്ല വ്യക്തത ഞങ്ങൾക്കുണ്ട്. ആ രീതിയിൽത്തന്നെ ഇനിയും മുന്നോട്ടുപോകും.

ഞങ്ങൾ അവസാനിച്ചുപോവുകയാണെങ്കിൽ 1977-ൽ അടിയന്തരാവസ്ഥ കഴിഞ്ഞിട്ടുള്ള തിരഞ്ഞെടുപ്പിൽ ഇല്ലാതായി പോകേണ്ടിയിരുന്നു. അവിടെ നിങ്ങൾ 110 നിയമസഭാ സീറ്റുകളിലും 20 പാർലമെന്റ് സീറ്റുകളിലും വിജയിച്ചു. അവിടെ ഞങ്ങൾ പരാജയപ്പെട്ട് വീണുപോയിട്ടില്ല. എന്നാൽ നിങ്ങൾ

വിജയിച്ചുവന്നിട്ടുള്ള ആ സർക്കാരിന് അൽപ്പായുസ്സായിരുന്നു. 1980 കാലഘട്ടങ്ങളിൽ ആ സർക്കാർ താഴെ വീണു. ഇപ്പോൾ അപ്പുറത്തിരിക്കുന്ന പലരും അന്ന് ഇപ്പുറമായിരുന്നു എന്നുള്ളതോർക്കണം. അതിനുശേഷം 2019-ലെ തിരഞ്ഞെടുപ്പിൽ അതിവേഗത്തിൽ ഞങ്ങൾക്ക് മുന്നേറ്റമുണ്ടായി. ഒരു ഫീനിക്സ് പക്ഷിയെപ്പോലെ ഞങ്ങൾ ഉയർത്തെഴുന്നേറ്റു. 2016-ൽ ലഭിച്ചതിനെക്കാൾ വോട്ടും സീറ്റും വാങ്ങിയാണ് 2019-ൽ ഞങ്ങൾ അധികാരത്തിലെത്തിയത്. ബി.ജെ.പി. ഇവിടെ വളരുന്നുണ്ടെങ്കിൽ യു.ഡി.എഫ്. തന്നെയാണ് അതിന്റെ കാരണമെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. മറ്റൊന്നുമല്ല, അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് തൃശ്ശൂരിൽ ഇന്ന് കാണുന്നത്. സർക്കാർ സാമ്പത്തികമായി വലിയ പ്രയാസം നേരിടുന്ന ഈ സമയത്തും തൃശ്ശൂർ ഡി.സി.സി. ഓഫീസിനു മുൻപിൽ പോലീസുകാരെ കാവലിരുത്തേണ്ടുന്ന ഒരു സ്ഥിതിയാണുള്ളത്. അവിടെ ചോരക്കളമായിരുന്നു. അവിടെനിന്നും കോൺഗ്രസ്സിനുവേണ്ടി ജനവിധി തേടിയ ശ്രീ. കെ. മുരളീധരനെ തോൽപ്പിച്ചു. തൊണ്ണൂറായിരത്തോളം വോട്ടുകളാണ് മറിച്ചുവിറ്റിട്ടുള്ളത്. പല യു.ഡി.എഫ്.-ന്റെ ആളുകളും പ്രസംഗിക്കുമ്പോൾ അത്

മറന്നുപോവുകയാണ്. 2016-ൽ ഞങ്ങൾ അധികാരത്തിലേയ്ക്ക് വരുമ്പോൾ ബി.ജെ.പി.-യുടെ അക്കൗണ്ട് പൂട്ടിച്ചു. എന്നാൽ അതിനെക്കാളും ശക്തമായി നിങ്ങളവിടെ ബി.ജെ.പി.-യെ വിജയിപ്പിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് ഇന്ന് തൃശ്ശൂരിലുണ്ടായിട്ടുള്ളത്. തൃശ്ശൂർ ഡി.സി.സി. ഓഫീസിൽ ഇന്നുണ്ടായിട്ടുള്ളതൊന്നും ജനങ്ങൾക്ക് പ്രശ്നമല്ല. ഇതെല്ലാം ജനങ്ങൾ മുമ്പും കണ്ടിട്ടുള്ളതാണ്. തങ്ങളുടെ പാർട്ടിയിൽ പ്രവർത്തിച്ച തൃശ്ശൂർ ഡി.സി.സി. പ്രസിഡന്റിനെ വെട്ടിനുറുക്കിയതടക്കമുള്ള പാരമ്പര്യമാണ് നിങ്ങൾ മുമ്പോട്ട് കൊണ്ടുപോകുന്നത്. കോൺഗ്രസ്സിന് അഭിമാനിക്കാൻ എന്താണുള്ളത്; വിജയിച്ചുവെന്നുള്ളത് സത്യം. ഞങ്ങൾ പരാജയപ്പെട്ടിട്ടുണ്ട്. അത് ഞങ്ങൾ അംഗീകരിക്കുന്നു. അതിൽ പ്രശ്നമൊന്നുമില്ല. പക്ഷേ നിങ്ങൾക്കുവന്നിട്ടുള്ള പരാജയം നിങ്ങൾ ഓർക്കണം. ഒറ്റയ്ക്ക് ഭൂരിപക്ഷം കിട്ടേണ്ട എത്ര സ്റ്റേറ്റുകളിലാണ് നിങ്ങൾക്ക് കിട്ടിയിട്ടുള്ളത്; പ്രതിപക്ഷം വടകരയിൽ ജയിച്ചകാര്യം ഇവർ പറയുന്നുണ്ട്. വടകരയിൽ എന്തായിരുന്നു സംഭവിച്ചത്? ലീഗിന് മൂന്നാം സീറ്റ് വേണമെന്ന് വാദിച്ചു. മൂന്നാം സീറ്റ് കൊടുക്കാൻ കോൺഗ്രസ് തയ്യാറായില്ല. പക്ഷേ യു.ഡി.എഫ്. എന്ത് ചെയ്തു? അവിടെ മുസ്ലീം

നാമധാരിയായിട്ടുള്ള ഒരാളെ വേണമെന്ന് മുസ്ലീം ലീഗ് ആവശ്യപ്പെട്ടു. അങ്ങനെയൊരു ദത്തുപുത്രനെയാണ് വടകര കൊടുത്തിട്ടുള്ളത്. ആ ദത്തുപുത്രനുണ്ടാക്കിയിട്ടുള്ള ധ്രുവീകരണം എത്രത്തോളമാണെന്ന് മനസ്സിലാക്കണം. ഇന്നുവരെയില്ലാത്ത രീതിയാണ്. കുറെക്കാലങ്ങൾക്കുമുമ്പ് വടകര മണ്ഡലത്തിന്റെ പല ഭാഗങ്ങളിലും പരിശോധിച്ചാൽ വലിയ അസമത്വം ഉണ്ടായിട്ടുള്ള ഒരു കാലമുണ്ടായിരുന്നുവെന്ന് മനസ്സിലാക്കാൻ സാധിക്കും. ധാരാളം നേതാക്കന്മാരും കലാകാരന്മാരുമെല്ലാം അവിടെയിരുന്ന് വലിയരീതിയിലുള്ള പ്രവർത്തനം നടത്തിക്കൊണ്ട് നേടിയെടുത്ത മതേതരസൗഹാർദ്ദമാണ് ഈ തിരഞ്ഞെടുപ്പിൽ ലീഗുകാർ ഇല്ലാതാക്കിയതെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. സാധാരണ ജനാധിപത്യ രീതിയിൽ വോട്ട് പിടിക്കുന്നൊരു സമീപനമാണ് എൽ.ഡി.എഫ്.-നുള്ളത്. ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രനും ശ്രീ. കെ. മുരളീധരനുമൊക്കെ മത്സരിച്ചപ്പോഴും ഇതേ സമീപനമാണ് നമ്മൾ കണ്ടിട്ടുള്ളതാണ്. എന്നാൽ ഇന്ന് അവിടെ ഉണ്ടാക്കിയിട്ടുള്ള ഡാമേജ് കുറച്ചൊന്നുമല്ല. ഓരോ മുസ്ലീം വീടുകളിലും കയറി യു.ഡി.എഫ്. സ്ഥാനാർത്ഥിക്ക് കൈപ്പത്തിയിൽ വോട്ട് ചെയ്യണം എന്ന

രീതിയല്ലായിരുന്നു. എന്താണ് അവിടെ ഉണ്ടായിട്ടുള്ളത്; നിങ്ങൾ യു.ഡി.എഫ്.-ന് കൈപ്പത്തിയിൽ വോട്ട് ചെയ്യണം, വോട്ട് ചെയ്താൽ പോരാ നിങ്ങൾ 'ദിക്റ്' ചൊല്ലണമെന്ന് പറഞ്ഞുകൊടുക്കുകയാണ്. എന്താണ് അതിന്റെ അർത്ഥമെന്നുള്ളത് മനസ്സിലാകുന്നവർക്ക് മനസ്സിലാകും. നിങ്ങൾ പത്ത് ദിക്റ് ചൊല്ലണം. ഇത് ലീഗുകാർ വീടുകളിൽ ചെന്ന് പറഞ്ഞിട്ടുള്ള കാര്യമാണ്. ഇവർ മത്സരിക്കുന്ന എല്ലാ കാലഘട്ടങ്ങളിലും ഇങ്ങനെയല്ലേ; മുസ്ലീം നാമധാരിയല്ലാത്ത ആളുകൾ മത്സരിക്കുമ്പോഴും ഇടതുപക്ഷത്തിന്റെ ആളുകൾ മത്സരിക്കുമ്പോൾ വീടുവീടാന്തരം കയറി മതത്തിനെതിരായി ഇവർ പ്രസംഗിച്ചിട്ടുണ്ടെന്ന് പറഞ്ഞത്...... ഈ നിയമസഭാ തിരഞ്ഞെടുപ്പിൽ ഞാൻ മത്സരിച്ചപ്പോൾ എനിക്ക് അനുഭവമുണ്ട്. ലീഗുകാർ ഉണ്ടാക്കിയിട്ടുള്ള ഒരു വീഡിയോ വീടുവീടാന്തരം കയറിയപ്പോൾ ജനങ്ങൾ അത് തള്ളിക്കളഞ്ഞു. പക്ഷേ ഇന്നവിടെ ഗൗരവ്വമായി കാണേണ്ട ഒരു സ്ഥിതിയുണ്ട്. മലബാറിന്റെ പലഭാഗങ്ങളിലും മുമ്പുണ്ടായിരുന്ന സൗഹാർദ്ദം തകർക്കുമ്പോൾ അതിന്റെ ആഘാതം ഇവർക്ക് മനസ്സിലാകുന്നില്ല. എന്തും പ്രയോഗിച്ച് ജയിക്കുക എന്നുള്ളത് മാത്രമായിരുന്നു ഇവരുടെ ലക്ഷ്യം. ലീഗിന്റെ ഒരു സീറ്റ്

കുറഞ്ഞുപോയതിന്റെ പേരിൽ ഈ ദത്തുപുത്രനെ വിജയിപ്പിച്ചതുകൊണ്ട് ഞങ്ങൾക്ക് പ്രശ്നമൊന്നുമില്ല. കഴിഞ്ഞ മൂന്ന് തവണകളായി ഞങ്ങൾ അവിടെ ജയിച്ച് പോന്നിട്ടുള്ളതല്ല. ഇതുമാത്രമാണോ അവിടെയുള്ള പ്രശ്നം; യു.ഡി.എഫ്.-ന് സ്ത്രീകളോടുള്ള പെരുമാറ്റവും മനോഭാവവും എന്താണെന്നുള്ളത് മനസ്സിലാക്കണം. അവിടെ മതപരമായിട്ടുള്ള ധ്രുവീകരണമുണ്ടാക്കി, ആ ധ്രുവീകരണത്തിൽ നിന്ന് വലിയ പ്രയാസമുണ്ടാക്കുകയാണ്. ഞങ്ങൾ ധ്രുവീകരണമുണ്ടാക്കിയിട്ടുണ്ടെന്നാണ് ഇവർക്ക് തോന്നുന്നത്. വലിയ രീതിയിൽ വർഗ്ഗീയമായി ശ്രീമതി ശൈലജ ടീച്ചറെ ആക്രമിച്ചിട്ടുണ്ടെന്ന് ഇവർക്ക് തോന്നി. തിരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ അവിടെ ഒരു മതസൗഹാർദ്ദയോഗം നടത്തി. ആ പൊതുയോഗത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ, ബുദ്ധിമാനാണെന്നും ബുദ്ധിജീവിയാണെന്നും സ്വയം വിലയിരുത്തുന്ന ആർ.എം.പി.യുടെ നേതാവ് ശ്രീ. കെ. എസ്. ഹരിഹരൻ എന്നിവർ പങ്കെടുത്തിരുന്നു. എന്താണ് ശ്രീ. കെ. എസ്. ഹരിഹരന്റെ പ്രസംഗത്തിൽ വന്നിട്ടുള്ളത്? ശ്രീമതി ശൈലജ ടീച്ചർക്കെതിരെ ലൈംഗിക ചുവയുള്ള വാക്ക് ഉപയോഗിച്ചുകൊണ്ടുള്ള

സംസാരമാണ് ആ പൊതുയോഗത്തിൽ വന്നത്. ശ്രീമതി ശൈലജ ടീച്ചറുടെ പ്രായംപോലും മാനിക്കാത്ത രീതിയിലായിരുന്നു അന്നത്തെ പ്രസംഗം. ശ്രീമതി ശൈലജ ടീച്ചറെ മാത്രമല്ല കേരളം അഭിമാനത്തോടെ കാണുന്ന നമ്മുടെ സ്വകാര്യ അഹങ്കാരമായിട്ടുള്ള ശ്രീമതി മഞ്ജു വാര്യർ എന്ന പ്രശസ്ത സിനിമാ നടിയെപ്പോലും വെറുതെ വിട്ടില്ല. ആ സമയത്താണ് ഇവരുടെ മനോഭാവമെന്താണെന്നുള്ളത് സമൂഹം മനസ്സിലാക്കിയത്. ഇവർ ഒരു സ്ത്രീയെ ഏത് രീതിയിലാണ് കാണുന്നതെന്ന് അന്ന് സമൂഹത്തിന് മനസ്സിലായി. വടകര മാത്രമല്ല നമ്മുടെ നാട്ടുകളിൽ ഓരോ സ്റ്റേറ്റിലുമടക്കം ചർച്ച ചെയ്യുന്ന രീതിയിലേയ്ക്കാണ്, അവിടെ ആ വേദിയിൽ ആരായിരുന്നു കൂടെയുണ്ടായിരുന്നത്? ഇത് പറയുമ്പോൾ ആർ.എം.പി.-യുടെ നേതാവ് കൂടിയായിട്ടുള്ള നമ്മുടെ എം.എൽ.എ.യും കൈകൊട്ടി ചിരിക്കുന്ന രീതിയിലായിരുന്നു. യു.ഡി.എഫ്.-ന് സ്ത്രീകളോടുള്ള മനോഭാവം എന്താണ്? ഇവരാണല്ലോ ജയിച്ചുപോയതെന്നാണ് തിരഞ്ഞെടുപ്പിനുശേഷം നടന്ന ആ പൊതുയോഗത്തിലൂടെ ജനങ്ങൾ മനസ്സിലാക്കിയത്. വടകരയിൽ ഇവർക്കാണല്ലോ വോട്ട് ചെയ്തതെന്ന ശരിക്കുമൊരു വിലയിരുത്തലുണ്ടായ

സമയമായിരുന്നു അത്. ഈ ധനാഭ്യർത്ഥനകളിൽ ഉൾപ്പെട്ടിട്ടുള്ള പോലീസിന്റെ കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. കേരളത്തിൽ എല്ലാ കാര്യത്തിലും നമ്മൾ ഒന്നാമതാണ്.

ചെയർപേഴ്സൺ: യെസ്... യെസ്... കൺക്ലൂഡ് ചെയ്യണം.

ശ്രീമതി കാനത്തിൽ ജമീല: സർ, കേരളത്തിലെ പോലീസുകാരെ ജനങ്ങൾ അംഗീകരിക്കുന്ന രീതിയിലാക്കാൻ... നമുക്കറിയാം യു.ഡി.എഫ്.-ന്റെ കാലത്ത് ജിഷ വധക്കേസിൽ രണ്ട് ചെരുപ്പ് തൂക്കിയിട്ട് ആളെ തപ്പുന്ന രീതിയിലായിരുന്നപ്പോഴാണ് ഇടതുപക്ഷം അധികാരത്തിൽ വരികയും ആ ക്രിമിനലുകളെ പിടിക്കുകയും ചെയ്തത്. എന്റെ സമയം കഴിഞ്ഞതുകൊണ്ട് ഞാൻ നിർത്തുകയാണ്. സംസാരിക്കാനായി ഒരുപാട് സമയം വേണ്ടിയിരുന്നെങ്കിലും ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. ഈ സന്ദർഭത്തിൽ പണ്ട് മഹാനായൊരു കോൺഗ്രസ് നേതാവ് "ഇനി കമ്മ്യൂണിസ്റ്റ് പാർട്ടി നൂറ് വർഷത്തേയ്ക്ക് കേരളത്തിൽ അധികാരത്തിൽ വരില്ല" എന്ന് പറഞ്ഞ കാര്യമാണ് യു.ഡി.എഫ്.-ന്റെ നേതാക്കളെയും

അംഗങ്ങളെയും ഓർമ്മപ്പെടുത്താനുള്ളത്. അങ്ങനെ പറഞ്ഞ നേതാവ് ഒന്നുറങ്ങി ഉണരുന്നതിന് മുമ്പുതന്നെ കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി നയിക്കുന്ന ഗവൺമെന്റ് അധികാരത്തിൽ വന്നുവെന്നുള്ളത് അവരെല്ലാവരും ഓർക്കണമെന്നാണ് എനിക്ക് തുടക്കത്തിലെ സൂചിപ്പിക്കാനുള്ളത്. ഇവിടെ ഡോ. മാത്യു കുഴൽനാടൻ കുറച്ച് കണക്കുകൾ പറഞ്ഞു. കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പിന്റെയും പാർലമെന്റ് തിരഞ്ഞെടുപ്പിന്റെയും വോട്ടിംഗ് പാറ്റേൺ ഒരേ നിലയിലാണോ; അദ്ദേഹം കണക്കിവിടെ അവതരിപ്പിച്ചല്ലോ? ഞാൻ അദ്ദേഹത്തോട് ഒരു കാര്യം ചോദിക്കാൻ ആഗ്രഹിക്കുകയാണ്, 1984-നുശേഷമുള്ള 40 വർഷക്കാലയളവിൽ നടന്ന 11 ലോക്സഭാ തിരഞ്ഞെടുപ്പുകളുടെ ചിത്രം ഞാൻ നോക്കുകയായിരുന്നു. ആ 11 തിരഞ്ഞെടുപ്പുകളിൽ 2004-ൽ ഒഴികെ ബാക്കി ഏത് തിരഞ്ഞെടുപ്പിലാണ് ഞങ്ങൾക്ക് കൂടുതൽ അംഗങ്ങളെ കിട്ടിയത്; ഞങ്ങൾക്ക് എത്രശതമാനം വോട്ട് കിട്ടിയിട്ടുണ്ട്; എന്നാൽ അതുകഴിഞ്ഞ് നടന്ന എല്ലാ നിയമസഭാ തിരഞ്ഞെടുപ്പുകളിലും എന്തായിരുന്നു കേരളത്തിന്റെ റിസൾട്ടെന്നുള്ളത് നിങ്ങൾ കഴിഞ്ഞ തവണ കണ്ടതല്ലേ? അതുകൊണ്ട് കണ്ടാൽ പഠിച്ചില്ലെങ്കിൽ നിങ്ങൾ

കൊള്ളുമ്പോൾ പഠിക്കും. ഞങ്ങൾ ഈ പരാജയത്തിന്റെ/ജനവിധിയുടെ മുമ്പിൽ തലകുനിക്കുകയാണ്. ഇവിടെ ശ്രീമതി കാനത്തിൽ ജമീല സൂചിപ്പിച്ചതുപോലെ ഞങ്ങൾ ചരിത്രത്തെ പഠിച്ചും വിലയിരുത്തിയും അതോടൊപ്പം പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ടും മുന്നോട്ടുപോകും. ഇവിടെ തൃശ്ശൂരിലെ വിജയത്തെക്കുറിച്ച് ചർച്ച നടന്നു. ഞാൻ ചോദിക്കട്ടെ, ബി.ജെ.പി.-യെ സംബന്ധിച്ചിടത്തോളം ഞങ്ങളാണ് അവർക്ക് വോട്ടുകൊടുത്തതെന്ന് പറഞ്ഞ് ചർച്ച നടത്തുന്ന ആൾക്കാർ ഒന്ന് പുറകിലോട്ട് തിരിഞ്ഞ് നോക്കണം. നിങ്ങൾ പണ്ട് കേരളത്തിലുണ്ടാക്കിയ 'കോ-ലീ-ബി' സഖ്യമൊന്നും മറന്നുപോകരുത്. നിങ്ങൾ വടകരയിലും ബേപ്പൂരിലുമുണ്ടാക്കാൻ ശ്രമിച്ച പരീക്ഷണമുണ്ടല്ലോ, കേരളത്തിലെ ജനങ്ങൾ തള്ളിക്കളഞ്ഞ പരീക്ഷണം, അന്ന് നിങ്ങളവരെ കൊണ്ടുവരാൻ ശ്രമിച്ചവരാണ്. അന്നത്തെ സന്ദർഭത്തിൽ ബി.ജെ.പി.-യെ സംബന്ധിച്ചിടത്തോളം 2014-ൽ അവർക്ക് നാല് സീറ്റുകളിൽ അസംബ്ലിയിൽ ലീഡുണ്ടായിരുന്നു. പിന്നെ അവരൊന്നും വിജയിച്ചിട്ടില്ല. അതുകൊണ്ട് 11 സീറ്റ് അവർക്കുണ്ടെന്നുള്ളതുകൊണ്ട് ഞങ്ങൾ പരാജയപ്പെട്ടുവെന്ന് പറയുന്നില്ല. പക്ഷേ, പാലക്കാട് തിരഞ്ഞെടുപ്പൊന്നു വരട്ടെ. വടകരയും പാലക്കാടും

തമ്മിലുണ്ടാക്കിയ കരാർ, ആ കരാർ എങ്ങനെയാണ് നടപ്പിലാക്കാൻ പോകുന്നതെന്നുള്ളത് പാലക്കാട് നിയമസഭാ തിരഞ്ഞെടുപ്പിന്റെ അന്തർധാര കഴിയുമ്പോൾ ഈ നാട്ടിലെ ജനങ്ങൾക്ക് മനസ്സിലാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ മുസ്ലീം ലീഗിന് വർദ്ധിത വീര്യമാണ്. അവർക്ക് വോട്ട് കൂടുന്നു. അതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. നിങ്ങൾ വിജയിച്ചോളൂ. ആ വിജയത്തെ നമ്മൾ ബഹുമാനിക്കുന്നു. പക്ഷേ, നിങ്ങളും ദയനീയമായി പരാജയപ്പെട്ട കാലമുണ്ടായിട്ടുണ്ട്. അതൊന്നും മറന്നുപോകരുത്. ഇന്നലെ ഇവിടെ പ്രസംഗിച്ചപ്പോൾ ഞങ്ങളെ വല്ലാതെ ആക്ഷേപിക്കുന്നത് കേട്ടു. ആ ആക്ഷേപങ്ങളെല്ലാം കേരളത്തിലെ ജനങ്ങൾ കാണുന്നുണ്ടെന്ന കാര്യം ഓർത്താൽ നന്നായിരിക്കും. ഇവിടെ പ്ലസ് വൺ സീറ്റുമായി ബന്ധപ്പെട്ട വിഷയത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പ്രസംഗം കേട്ടു. അദ്ദേഹം മലബാറിനുവേണ്ടി എന്ത് വലിയ തോതിലാണ് വാദിക്കുന്നത്. ശ്രീ. പി. കെ. അബ്ദുറബ്ബ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന കാലഘട്ടത്തിൽ 33 സ്കൂളുകൾക്ക് പ്ലസ് വണ്ണിന് സീറ്റുകൾ അനുവദിച്ചപ്പോൾ എന്തായിരുന്നു ശ്രീ. വി. ഡി. സതീശൻ പറഞ്ഞത്; 'ഇത് സാമുദായിക ധ്രുവീകരണവും

അസന്തുലിതാവസ്ഥയും സൃഷ്ടിക്കുമെന്നാണ്.' ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി അവിടെയുണ്ട്. അഞ്ചാം മന്ത്രി സ്ഥാനവുമായി ബന്ധപ്പെട്ട വിവാദത്തിൽ ഇവിടെ സാമുദായിക ധ്രുവീകരണം വരാൻ പോകുന്നുവെന്നല്ലേ പ്രതിപക്ഷ നേതാവും കൂട്ടരും പ്രസംഗിച്ചിട്ടുള്ളത്. ഞങ്ങൾ വളരെ വ്യക്തമായി ഒരുകാര്യം പറയാൻ ആഗ്രഹിക്കുകയാണ്, ഈ രാജ്യത്തെ മുസ്ലീം ജനവിഭാഗങ്ങളടങ്ങുന്ന എല്ലാവിഭാഗം ജനങ്ങളുടെയും താല്പര്യങ്ങൾ സംരക്ഷിച്ചുതന്നെയാണ് ഞങ്ങൾ മുന്നോട്ട് പോകുന്നത്. ഞങ്ങൾ ഒരിക്കൽപ്പോലും വിവേചനം കാണിച്ചിട്ടില്ല. ഞാൻ ചോദിക്കട്ടെ, ശ്രീ. എം. എ. ബേബി കേരളത്തിന്റെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന വേളയിലാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റിയെ അലിഗഡ് മുസ്ലീം യൂണിവേഴ്സിറ്റിയുടെ ഓഫ് ക്യാമ്പസാക്കി മാറ്റിയത്. ആ ചരിത്രം മാത്രമാണോ; എന്തെല്ലാം ചരിത്രം പറയാനുണ്ട്? മലപ്പുറം ജില്ലയുമായി ബന്ധപ്പെട്ട് പറയാൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ ഈ സഭയിൽ ഇപ്പോൾ സന്നിഹിതരായിരിക്കുന്ന ലീഗുകാരെങ്കിലും കേൾക്കണം. ഇ.എം.എസ്. ഗവൺമെന്റിന്റെ കാലത്ത് മലപ്പുറം ജില്ലയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് അന്നത്തെ കോൺഗ്രസ്സിന്റെ നിലപാട്

എന്തായിരുന്നു? ആര്യാടൻ മുഹമ്മദ് അടക്കമുള്ളവർ നടത്തിയ കലാപ പ്രസംഗങ്ങൾ, വിദ്വേഷ പ്രചരണങ്ങൾ, ആ ചരിത്രമൊന്നും നിങ്ങൾ മറന്നുപോകരുത്. താനൂർ കടപ്പുറത്ത് കപ്പലിൽ പാകിസ്ഥാനികളെ കൊണ്ടുവരാൻ വേണ്ടിയാണ് മലപ്പുറം ജില്ല രൂപീകരിക്കുന്നതെന്ന് പറഞ്ഞുകൊണ്ട് പ്രചരണം നടത്തിയിട്ടുള്ളവരായിരുന്നു കോൺഗ്രസ്സുകാർ. അന്ന് ഭാരതീയ ജനസംഘുമായി ചേർന്ന് അതിനെതിരായി.... അന്ന് ഭാരതീയ ജനസംഘ് ആണ്, ബി.ജെ.പി. ഇല്ല. അവരുമായി ചേർന്ന് സമരം നടത്തിയവരാണ് കോൺഗ്രസ്സുകാർ. ആ കോൺഗ്രസ്സിനെ കൂട്ടുപിടിച്ചുകൊണ്ടാണ് നിങ്ങൾ നടക്കുന്നത്. ഞങ്ങൾ ഇതിനെയെല്ലാം നേരിട്ടുകൊണ്ട് മുന്നോട്ടുപോകും എന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. അടുത്ത ഗവൺമെന്റിനെക്കുറിച്ച് നിങ്ങൾ വല്ലാതെ സ്വപ്നം കാണുകയാണ്. കാരണം നല്ല കൊയ്ത്തായിരുന്നല്ലോ? നിയമസഭാ തിരഞ്ഞെടുപ്പ് വരുമ്പോൾ കേരളത്തിലെ ജനങ്ങൾ ഓരോന്നും വിലയിരുത്തും. എന്തായിരുന്നു 2011-16 വർഷങ്ങളിൽ നടന്നത്? കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ ലേലം വിളിച്ച് വിൽക്കുകയായിരുന്നില്ലേ; ഓണപ്പരീക്ഷയും ക്രിസ്തുമസ് പരീക്ഷയും

ഒന്നിച്ചെഴുതണമെന്ന് പറഞ്ഞൊരു വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ കേരളം കണ്ടതല്ലേ? ഒരു വർഷക്കാലംകൊണ്ട് 100 പള്ളിക്കൂടം പൂട്ടാൻ പറഞ്ഞ യു.ഡി.എഫ്-ന്റെ ഗവൺമെന്റിനെപ്പോലെയാണോ ഞങ്ങൾ? അങ്ങനെയാണോ ഞങ്ങൾ പൊതുവിദ്യാഭ്യാസത്തെ കൊണ്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. ലക്ഷക്കണക്കിന് കുട്ടികളാണ് ഇന്ന് സർക്കാർ സ്കൂളുകളിൽ വന്നുകൊണ്ടിരിക്കുന്നതെന്ന യാഥാർത്ഥ്യം നിങ്ങൾ മറക്കരുത്. നിങ്ങൾ പൊതുജനാരോഗ്യം, പൊതുവിദ്യാഭ്യാസം അതിനെ ലേലം വിളിച്ച് വിൽക്കുകയല്ലായിരുന്നില്ലേ? കൊല്ലം ജില്ലയിലെ ലീഗിന്റെ ഒരു നേതാവ് കശുവണ്ടി ഫാക്ടറി അടച്ച് അവിടെ ബി.എഡ്. കോളേജ് ആരംഭിച്ചു. പലയിടത്തും അതായിരുന്നു സ്ഥിതി. സ്ഥാപനമടച്ച് കോളേജ് ആക്കിയാൽ അവരവരുടെ ആവശ്യത്തിന് വിൽക്കാം. ആർക്കും അവിടേയ്ക്ക് വരാം. ഇതായിരുന്നല്ലോ കേരളത്തിന്റെ അവസ്ഥ? അന്ന് കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയെ ലേലം വിളിച്ച് വിൽക്കുകയായിരുന്നു മുസ്ലീം ലീഗും യു.ഡി.എഫ്.-ഉം ചെയ്തുകൊണ്ടിരുന്നത്. ഇന്ന് കേരളത്തിന്റെ പൊതുവിദ്യാഭ്യാസവും പൊതുജനാരോഗ്യവും ലോകത്തിന് മാതൃകയാകുന്ന

നിലയിലേയ്ക്ക് വളർത്തിയെടുക്കാൻ കഴിഞ്ഞൊരു ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റെന്നുള്ളത് ഞങ്ങൾ അഭിമാനബോധത്തോടെ ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഇന്നത്തെ ചർച്ചയിലെ പ്രധാന വിഷയം ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ടാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മൂന്നുവർഷക്കാലം പിന്നിട്ട് മുന്നോട്ട് പോകുമ്പോൾ, ഞങ്ങൾ വളരെ അഭിമാനത്തോടെയാണ് ഈ ചർച്ചയിൽ പങ്കെടുക്കുന്നത്. പഴയകാല യു.ഡി.എഫ്.-ന്റെ ഭരണകാലഘട്ടം എന്തായിരുന്നു; ഒരു ഭരണ സംവിധാനത്തെ ഏതെല്ലാം രൂപത്തിൽ ദുരുപയോഗം ചെയ്യാമെന്ന് ശാസ്ത്രീയമായി കണ്ടുപിടിച്ചവരല്ലേ നിങ്ങൾ; എത്ര വിജിലൻസ് അന്വേഷണങ്ങളാണ് നിങ്ങൾ അട്ടിമറിച്ചത്; കേരളത്തിലെ ചരിത്രമെടുത്ത് പരിശോധിക്കുമ്പോൾ, മുൻമുഖ്യമന്ത്രി പ്രതിയായ പാമോയിൽ കേസടക്കം അട്ടിമറിച്ചതിന്റെ ചരിത്രമുണ്ട്. യഥാർത്ഥത്തിൽ പോലീസിനെ നിങ്ങൾ രാഷ്ട്രീയവത്കരിക്കുക മാത്രമല്ല, പോലീസിൽത്തന്നെ 'എ' -യും 'ഐ' -യും ഗ്രൂപ്പുകളുണ്ടാക്കിയില്ലേ; പോലീസിനെ ഗ്രൂപ്പിന്റെ അടിസ്ഥാനത്തിൽ വിഹിതം വച്ചില്ലേ; ഓരോ ഗ്രൂപ്പിന്റെയും പ്രതിനിധിക്കാണ് ഓരോ ജില്ലയിലും ചുമതല നൽകിയത്. അക്കാര്യം പോലീസ് ഓഫീസർമാർ പറഞ്ഞിട്ടില്ലേ; അതാണ്

കേരളത്തിന്റെ ചരിത്രം. പോലീസിനെ നിർവീര്യമാക്കാനാണ് നിങ്ങൾ തയ്യാറായിട്ടുള്ളത്. കേരളാ പോലീസ് നിഷ്പക്ഷമായും സത്യസന്ധമായും പ്രവർത്തിക്കുന്നില്ലായെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ; അങ്ങനെ പ്രവർത്തിക്കുന്നതിന്റെ ഫലമായി അതിൽ മികവ് കാണിക്കുകയല്ലേ; തെളിയിക്കപ്പെടാത്ത എത്രയോ കേസുകൾ ഈ ഗവൺമെന്റിന്റെ കാലത്ത് തെളിയിക്കുകയല്ലേ; അങ്ങനെയല്ലേ ഒരു പോലീസ് സേനയെ വിലയിരുത്തേണ്ടത്; എല്ലാ പഴുതുകളും അടച്ച് സമയബന്ധിതമായും സമഗ്രമായും അന്വേഷണം നടക്കുകയല്ലേ; അതാണ് കേരളത്തിന്റെ പ്രത്യേകത. എത്ര കേസുകളുടെ കാര്യം ഇവിടെ പറഞ്ഞു. 19-2-2024-ൽ തിരുവനന്തപുരം ജില്ലയിൽ രണ്ട് വയസ്സുള്ള കുഞ്ഞിനെയാണ് തട്ടികൊണ്ടുപോയത്. എന്നാൽ അന്ന് വൈകുന്നേരം ഏഴര മണിക്കുള്ളിൽ ആ കുഞ്ഞിനെ കണ്ടുപിടിച്ചില്ലേ; തെലങ്കാന ദമ്പതിമാരുടെ കുട്ടിയാണത്. ആ കുട്ടിയെ കണ്ടുപിടിക്കാൻ കേരളത്തിലെ പോലീസ് നടത്തിയത് സമർത്ഥമായ അന്വേഷണമാണ്. സിനിമ സംവിധായകൻ ശ്രീ. ജോഷിയുടെ വീട്ടിൽനിന്നും ഒരു കോടി രൂപയുടെ വജ്രാഭരണങ്ങളടക്കമാണ് കൊള്ളയടിക്കപ്പെട്ടത്. അന്ന് ആ പ്രതിയെ തൊണ്ടി മുതലടക്കം പിടിച്ചില്ലേ; ഈ ഗവൺമെന്റിന്റെ കാലത്തെ പോലീസിന്റെ കാര്യക്ഷമതയുടെ ഫലമല്ലേ കേസുകൾ

ഓരോന്നോരോന്നായി കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടുള്ളത്. ഓൺലൈൻ തട്ടിപ്പ് കേസുകൾ, സൈബർ കേസുകൾ, ഗഞ്ചാവ്, എം.ഡി.എം.എ. ഉൾപ്പെടെയുള്ള ലഹരി പദാർത്ഥങ്ങൾ പിടിക്കുന്ന കേസുകൾ എന്നിവയിലെല്ലാം കേരളാ പോലീസ് അതിസമർത്ഥമായി പ്രവർത്തിക്കുകയല്ലേ; ഈ നാട്ടിലുണ്ടാകുന്ന എല്ലാ ജനകീയ പ്രശ്നങ്ങളിലും സാമൂഹ്യ പ്രശ്നങ്ങളിലും ജീവകാരുണ്യ പ്രവർത്തനങ്ങളിലും എത്ര മാതൃകാപരമായാണ് കേരളത്തിലെ പോലീസ് ഇടപെടുന്നത്. ഇവിടെ പ്രകൃതിക്ഷോഭവും കോവിഡ് മഹാമാരിയും പ്രളയവും വന്നപ്പോൾ കേരളാ പോലീസ് നടത്തിയിട്ടുള്ളത് സമർത്ഥമായ ഇടപെടലുകളാണ്. ഇന്ന് ഏതൊരു പ്രശ്നം വന്നാലും, കേരളത്തിലെ പോലീസ് ജനപക്ഷത്ത് നിൽക്കുന്നവരാണ്. അങ്ങനെയൊരു പോലീസിനെയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണകാലത്തെ ഈ കേരളം കണ്ടുകൊണ്ടിരിക്കുന്നതെന്ന വസ്തുത യു.ഡി.എഫ്. അംഗീകരിച്ചില്ലെങ്കിലും കേരളം അംഗീകരിക്കുമെന്ന കാര്യം മാത്രം സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ക്രമസമാധാനനില തകർന്ന് കുറ്റവാളികൾ യഥേഷ്ടം അഴിഞ്ഞാടുന്ന, ക്രമസമാധാനപാലകരും ഗുണ്ടകളും ക്രിമിനലുകളും കൂട്ടുകച്ചവടക്കാരായി അത്താഴ വിരുന്നുകൾ കൊഴിപ്പിക്കുന്ന, ജയിലുകൾ അവധിക്കാല വസതികളായി മാറുന്ന ദുരിതകാലത്താണ് ഇന്ന് നമ്മുടെ സംസ്ഥാനം. ജനാധിപത്യത്തിന്റെ ഭരണാധികാരികൾ ഏകാധിപതികളായി മാറാൻ ശ്രമിക്കുമ്പോൾ ഇടതുപക്ഷം ഹൃദയപക്ഷത്തുനിന്നും മുതലാളിപക്ഷത്തേയ്ക്ക് മാറുകയാണ്. തെരഞ്ഞെടുപ്പിൽ ജനങ്ങൾ നൽകിയ മുന്നറിയിപ്പ് ഉൾക്കൊള്ളാൻ തയ്യാറായിട്ടില്ലെങ്കിൽ മഷിയിട്ട് നോക്കിയാൽപോലും ഈ ഹൃദയപക്ഷത്തെ കാണാൻ സാധിക്കില്ല. പോലീസ് സംവിധാനം തകർന്നുവരികയാണ്. എത്ര ഭയാനകമായ കാര്യങ്ങളാണ് ഓരോ ദിവസവും കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഗുണ്ടാസംഘങ്ങൾ കേരളത്തിലുടനീളം പരസ്യമായി ആഘോഷ പാർട്ടി നടത്തി ആറാടുന്നത് ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിന്റെ പിന്തുണയില്ലെങ്കിൽ പിന്നെയെങ്ങനെയാണ്? കഴിഞ്ഞ ദിവസം തൃശ്ശൂർ ജില്ലയിൽ

ഗുണ്ടാസംഘങ്ങളുടെ ആഘോഷകരമായ ലഹരി പാർട്ടി അരങ്ങ് തകർത്ത വാർത്ത നാം കണ്ടതാണ്. അവിടെ അന്വേഷിക്കാൻ വന്ന പോലീസ് വാലും ചുരുട്ടി തിരികെ പോകുന്നത് ഏത് ഉന്നത ഇടപെടലിന്റെ ഭാഗമായിട്ടാണ്? കാപ്പ കുറ്റവാളികളും മയക്കുമരുന്ന് പ്രതികളും നിരവധി കൊലക്കേസ് പ്രതികളുമടക്കം കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ ക്രിമിനൽ ക്വട്ടേഷൻ സംഘങ്ങൾ പരസ്യമായ ലഹരി വിരുന്നുകളിൽ പങ്കെടുക്കുമ്പോൾ പോലീസിന് അവരെ തൊടാനായിട്ടില്ല. മുംബൈയിലെ അധോലോകത്തിലല്ല, എന്റെയും നിങ്ങളുടെയും നമ്പർ വൺ സംസ്ഥാനമായ കേരളത്തിലാണ് ഇത് നടക്കുന്നത്. വിരുന്നിന് നേതൃത്വം കൊടുത്തയാളെ സ്റ്റേഷൻ ജാമ്യത്തിൽ വിടാൻ ലജ്ജയില്ലാത്തവരാണ് കേരളത്തിലെ പോലീസെന്ന് നാം മറക്കാൻ പാടില്ല. അങ്കമാലിയിൽ ഗുണ്ടാവിരുന്നിൽ സ്റ്റേറ്റ് ക്രൈം ബ്രാഞ്ചിലെ ഡിവൈ.എസ്.പി. മുഖ്യാതിഥിയായി വന്ന വാർത്ത നമ്മളെയൊക്കെ ഞെട്ടിപ്പിക്കുന്നതാണ്. ഈ സഭയിലെ ഏറ്റവും ബഹുമാന്യയായ എം.എൽ.എ.-യും മുൻമന്ത്രിയുമായ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ വടകര മത്സരിക്കുന്ന സമയത്ത്, 'കാഫിർ' പ്രയോഗം നടത്തി പോസ്റ്റിട്ടുവെന്ന്

ആരോപിച്ചയാൾ ഫോൺ ഉൾപ്പെടെ പോലീസ് സ്റ്റേഷനിൽ ഹാജരാക്കി പരാതി നൽകി. ആ പോസ്റ്റിന്റെ ഉറവിടം കണ്ടെത്താൻ ഇന്നുവരെ പോലീസിനായിട്ടില്ല. വർഗ്ഗീയത കളിച്ച് രാഷ്ട്രീയലാഭം കൊയ്യാൻ ശ്രമിച്ചതാരാണെന്ന് ആ നാടിന് അറിയണം. അധികാരവും പോലീസും നിങ്ങളുടെ കൈയിലാണ്. പോലീസ് സംവിധാനത്തിന് എന്തുകൊണ്ട് ഇത്രയും നാളായിട്ടും അത് കണ്ടെത്താൻ സാധിച്ചില്ല? അശ്ലീല പോസ്റ്ററുകളും വീഡിയോകളും ഇറക്കി അപമാനിച്ചുവെന്ന് ടീച്ചർ തൊണ്ടയിടറുന്ന സ്വരത്തിൽ സംസാരിച്ചത് നമ്മളെല്ലാം കേട്ടതാണ്. അതിന്റെ ഉറവിടം കണ്ടെത്താൻ കഴിയാത്ത നിങ്ങൾ എങ്ങനെയാണ് പോലീസിന്റെ ധനവിനിയോഗ ബില്ലിൽ പണം അനുവദിക്കണമെന്ന് പറയുന്നത്. വടകരയിലെ മത്സരവുമായി ബന്ധപ്പെട്ട് ബഹുമാന്യയായ കൊയിലാണ്ടി എം.എൽ.എ. ഇവിടെ ചില കാര്യങ്ങൾ സംസാരിച്ചു. ഒരു പേര് ഉപയോഗിക്കുന്നതിൽപോലും വർഗ്ഗീയത കാണുകയും അത്തരത്തിൽ പരാമർശങ്ങൾ നടത്തുകയും ചെയ്യുന്ന നിങ്ങൾ എങ്ങനെയാണ് കമ്യൂണിസ്റ്റുകാരാകുന്നത്; നിങ്ങൾ ബി.ജെ.പി.-ക്കാരെക്കാൾ മോശമായി മാറുകയാണ്. ഒരു നാമത്തെ ഇത്തരത്തിൽ വർഗ്ഗീയമായി

ചിന്തിക്കാൻ നിങ്ങൾക്കല്ലാതെ മറ്റാർക്കാണ് ഇവിടെ സാധിക്കുന്നത്. അവിടെ സ്ത്രീകളെ അപമാനിച്ചുവെന്ന് പറയുകയാണ്. ഒരു സ്ത്രീയെപ്പോലും അപമാനിക്കരുതെന്ന് പറയുന്നവരുടെ കൂട്ടത്തിലാണ് ഞാൻ. ആലത്തൂർ നിയോജകമണ്ഡലത്തിൽ മത്സരിച്ച ശ്രീമതി രമ്യ ഹരിദാസ് എന്ന സ്ഥാനാർത്ഥിയെ സി.പി.ഐ.(എം.)-ന്റെ കേന്ദ്ര കമ്മിറ്റി മെമ്പർ ശ്രീ. എ. വിജയരാഘവൻ അധിക്ഷേപിച്ചപ്പോൾ മാപ്പ് പറഞ്ഞതും തള്ളിപ്പറഞ്ഞതും നമ്മളാരും എവിടെയും കണ്ടിട്ടില്ല. നിങ്ങളുടെ പാർട്ടിയിലുള്ള അഡ്വ. നിമിഷ രാജു എന്ന പെൺകുട്ടിയെ എസ്.എഫ്.ഐ.-യിലെ ശ്രീ. പി. എം. ആർഷോ അധിക്ഷേപിച്ചപ്പോൾ എവിടെയും അതിനെ തള്ളിപ്പറഞ്ഞതായോ മാപ്പുപറഞ്ഞതായോ നമ്മൾ കണ്ടിട്ടില്ല. പക്ഷേ ആർ.എം.പി. എന്ന രാഷ്ട്രീയ പ്രസ്ഥാനം അത്തരത്തിൽ അധിക്ഷേപിച്ച ആളുകളെ ആ സമയംതന്നെ തള്ളിക്കളയാൻ ആർജവം കാണിച്ച പ്രസ്ഥാനമാണ്. അതുപോലെ മാപ്പപേക്ഷിക്കാൻ ഒരു മടിപോലും ഞങ്ങൾക്കുണ്ടായിരുന്നില്ല. ഇത്തരം അധിക്ഷേപങ്ങൾ ഒരു ഭാഗത്തുനിന്നും ഉണ്ടാകരുതെന്ന് പറയുന്നവരാണ് ഞങ്ങൾ. അതേ ആർജവവും ചോരത്തിളപ്പും ഞങ്ങൾ എവിടെയും കണ്ടില്ല.

ഇവിടത്തെ സ്ത്രീകളെ പലപ്പോഴും സി.പി.ഐ.(എം.) നേതാക്കൻമാർ അധിക്ഷേപിച്ചപ്പോൾ ഈ ചോരത്തിളപ്പ് ഞങ്ങൾ എവിടെയും കണ്ടില്ല. നമ്മുടെ ഈ നാട്ടിൽ അങ്ങനെയുണ്ടാകണം. ഞാൻ മത്സരിച്ച സമയത്ത്, മൂന്നാം സ്ഥാനത്തായ ഞങ്ങളെ വടകര ടൗണിൽ വച്ച് അധിക്ഷേപിക്കുകയും അശ്ലീല കോലം കെട്ടി ഒരു ടൗൺ മുഴുവൻ നടന്ന് പ്രകടനം നടത്തുകയും ചെയ്തപ്പോൾ അതിനെ എതിർത്ത് സംസാരിക്കാനും മാപ്പ് അപേക്ഷിക്കാനും ഒരാളെപോലും ഞങ്ങൾ കണ്ടില്ല. സ്ത്രീകൾ ഞങ്ങളുടെ ടൗണിൽ അധിക്ഷേപിക്കപ്പെടരുതെന്ന് പറയുന്നവരാണ് ഞങ്ങൾ. അതിന് ഒരു സംശയവും ഞങ്ങളെപ്പോലുള്ള ആളുകൾക്കില്ല. ഉന്നതവിദ്യാഭ്യാസ യോഗ്യതയും ഉന്നത പദവിയുമുണ്ടായിരുന്നിട്ടും പരവൂർ മുനിസിഫ് കോടതിയിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ. അനീഷ്യ മാനസിക പീഡനം താങ്ങാനാവാതെ സ്വന്തം കുളിമുറിയിൽ കെട്ടിത്തൂങ്ങി ആത്മഹത്യ ചെയ്തിട്ട് ഒരു നടപടിയും സ്വീകരിക്കാൻ സാധിച്ചിട്ടില്ല. ഒരു പ്രമുഖയായ നടി ആക്രമിക്കപ്പെട്ട കേസിൽപോലും പോലീസ് സംവിധാനങ്ങളുടെ പിടുപ്പുകേട് നമ്മൾ കണ്ടതാണ്. കേസ് അട്ടിമറിക്കാൻ പ്രതിഭാഗം അഭിഭാഷകർപോലും

ശ്രമിച്ചതിന്റെ തെളിവുകൾ, ശബ്ദസന്ദേശമുൾപ്പെടെ പുറത്തുവന്നിട്ട് അഭിഭാഷകർക്കെതിരെ കേസ്സെടുക്കാൻപോലും തയ്യാറായിട്ടില്ല. വീഡിയോ അടങ്ങിയ മെമ്മറി കാർഡ് കോടതി ജീവനക്കാർ കണ്ടുവെന്ന് മാത്രമല്ല, മജിസ്ട്രേറ്റ് വീട്ടിൽ കൊണ്ടുപോയി കാണുന്നു. മെമ്മറി കാർഡും പെൻഡ്രൈവും കോടതിയുടെ സേഫ് കസ്റ്റഡിയിൽനിന്നും നിരവധി തവണ പുറത്ത് പോയിയെന്ന് ജുഡീഷ്യൽ മൊഴികളുണ്ടാകുന്നു. ഇത്തരം അത്യന്തം ഗുരുതരമായ വീഴ്ചകൾ കോടതിയുടെയും അഭിഭാഷകരുടെയും കാര്യത്തിലുണ്ടായിട്ട് എന്ത് നടപടിയാണ് സ്വീകരിച്ചത്; ഈ നാട്ടിലെ സ്ത്രീകൾക്ക് കോടതിയെയും പോലീസിനെയും എങ്ങനെയാണ് സമീപിക്കാൻ സാധിക്കുന്നത്? ബലാത്സംഗ കേസുകളിലേതുൾപ്പെടെയുള്ള തെളിവുകൾ കോടതികളിലുണ്ട്. ഇത്തരത്തിലുള്ള തെളിവുകൾ കോടതിയിൽനിന്ന് പുറത്ത് പോകുമ്പോൾ എങ്ങനെയാണ് സാധാരണക്കാരായ സ്ത്രീകൾക്ക് നീതി ലഭിക്കുന്നത്. ഇതിനെതിരെ എന്ത് നടപടിയാണ് ആഭ്യന്തരം, നിയമം എന്നീ വകുപ്പുകളുടെ ഭാഗത്തുനിന്നുണ്ടാകുന്നത്. ഒരു പ്രമുഖയായ നടിക്ക് ഇതാണ് അനുഭവമെങ്കിൽ, ഈ നാട്ടിലെ സാധാരണക്കാരായ സ്ത്രീകൾക്ക് എന്ത് അനുഭവമാണുണ്ടാകുക;

നശിപ്പിക്കപ്പെടുകയോ കൃത്രിമം കാണിക്കുകയോ ആണ് ചെയ്യുന്നത്. പൂക്കോട് വെറ്ററിനറി കോളേജിലെ സിദ്ധാർത്ഥിന്റെ മരണം നമ്മൾ കണ്ടതാണ്. ആ അച്ഛനും അമ്മയ്ക്കും നീതി വാങ്ങികൊടുക്കാൻ നമുക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. വാളയാറിലും വണ്ടിപ്പെരിയാറിലും കുടുംബത്തിലെ കുട്ടികൾക്കുണ്ടായ ദുരിതങ്ങൾ നമ്മൾ കണ്ടതാണ്. ഇതിനൊന്നിനും കൃത്യമായ നടപടിയുണ്ടാകുന്നില്ല. പ്രതികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരാനുള്ള ഒരു നടപടിയും പോലീസിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. അതൊന്നും ചെയ്യാത്ത ഈ ആഭ്യന്തര വകുപ്പ് തികഞ്ഞ പരാജയമാണ്. ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഈ ആഭ്യന്തര വകുപ്പ് ഈ നാടിനുതന്നെ അപമാനമായി മാറിക്കൊണ്ടിരിക്കുകയാണ്. ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: സർ, ഇവിടെ അവതരിപ്പിക്കപ്പെട്ട ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ക്രമസമാധാനം സംരക്ഷിക്കാനുള്ള സർക്കാരിന്റെ ഉത്തരവാദിത്വത്തിൽ സർക്കാർ പരാജയപ്പെട്ടുവെന്ന് എനിക്കുമുമ്പ് സംസാരിച്ച ബഹുമാന്യയായ അംഗം

പരാമർശിക്കുകയുണ്ടായി. കാര്യങ്ങൾ നന്നായി വിലയിരുത്തിയാൽ ഇന്ത്യയിലെ ക്രമസമാധാന പരിപാലനത്തിന്റെ കാര്യത്തിൽ കേരളം ഒന്നാമതാണെന്ന് കാണാൻ കഴിയും. ഒരുപക്ഷേ ബഹുമാന്യയായ അംഗം തെറ്റിദ്ധരിക്കാനുണ്ടായ ചില സാഹചര്യങ്ങൾ ഈ സമീപ കാലയളവിലുണ്ടായിട്ടുണ്ട്. അതിലൊന്ന്, നെയ്യാറിൽ കെ.എസ്.യു.-വിന്റെ സംസ്ഥാന കമ്മിറ്റി സംഘടിപ്പിച്ച ക്യാമ്പുമായി ബന്ധപ്പെട്ടുണ്ടായ പ്രശ്നങ്ങളായിരിക്കാം. നെയ്യാറിൽ വിദ്യാർത്ഥി സംഘടനയായ കെ.എസ്.യു.-വിന്റെ ക്യാമ്പ് നടന്ന് അവസാനിപ്പിക്കുന്ന സന്ദർഭത്തിൽ പുറത്തുവന്ന വാർത്തകൾ നമ്മൾ കണ്ടതാണ്. പങ്കെടുത്ത പലരും തമ്മിലുണ്ടായ കൂട്ടത്തല്ല് കെ.എസ്.യു.-വിന്റെയോ എൻ.എസ്.യു.ഐ.-യുടെയോ ചരിത്രത്തിലെ ആദ്യത്തെ സംഭവമല്ല. വിദ്യാഭ്യാസ പ്രവർത്തനത്തിന്റെയും വിദ്യാർത്ഥി സംഘടനാ പ്രവർത്തനത്തിന്റെയും കാലയളവിൽ നൈനാ സാഹ്നി എന്ന പെൺകുട്ടിയുടെ ചരിത്രം മനസ്സിലാക്കിയവരാണ് ഇവിടെയിരിക്കുന്ന മഹാഭൂരിപക്ഷം സാമാജികരും. ആ അനുഭവത്തിൽനിന്നും പാഠമുൾക്കൊണ്ടാണ് ഈ സമീപകാലയളവിൽ നെയ്യാറിൽ വച്ച് കെ.എസ്.യു.

സംഘടിപ്പിച്ച സംസ്ഥാന ക്യാമ്പ് നടന്നിട്ടുള്ളത്. ക്യാമ്പിൽ പങ്കെടുത്ത കുട്ടികൾ തമ്മിലടിച്ച വാർത്തകൾ വായിച്ചതുകൊണ്ടായിരിക്കാം ബഹുമാന്യയായ വടകര അംഗം ഇവിടെ ക്രമസമാധാന പ്രശ്നമുണ്ടെന്ന് പറയാൻ കാരണമായത്. ഞങ്ങൾ അക്കാര്യത്തിൽ അത്ഭുതപ്പെടുന്നില്ല. തൃശ്ശൂരിൽ ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ഭാഗമായി പരാജയം ഏറ്റുവാങ്ങിയ സന്ദർഭത്തിൽ തൃശ്ശൂർ ഡി.സി.സി. ഓഫീസിനുള്ളിൽ കടന്നുചെന്ന് കോൺഗ്രസുകാർ തമ്മിലടിച്ചത് സമീപദിവസങ്ങളിലാണ്. ഈ രണ്ട് വാർത്തകൾ കൊണ്ടായിരിക്കണം ബഹുമാന്യയായ അംഗത്തിന്റെ പ്രസംഗത്തിൽ കേരളത്തിൽ ക്രമസമാധാന പ്രശ്നമുണ്ടെന്ന തോന്നലുണ്ടായത്.

കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ കോൺഗ്രസിനും യു.ഡി.എഫ്.-നും വലിയ മുന്നേറ്റമുണ്ടായി. ആ മുന്നേറ്റത്തെയും വിജയത്തെയും അംഗീകരിക്കുന്നവരാണ് നമ്മളെല്ലാവരും. എന്നാൽ ഇവിടെ നാം കാണേണ്ട ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം, ലോക്സഭാ തിരഞ്ഞെടുപ്പുകളുടെ അനുഭവത്തിൽ എല്ലാകാലത്തും യു.ഡി.എഫ്.-ന് മേൽക്കൈ ഉണ്ടായിട്ടുണ്ട്. 2004 ഒഴികെയുള്ള പൂർവ്വകാല ലോക്സഭാ തിരഞ്ഞെടുപ്പുകളുടെ അനുഭവം

പരിശോധിക്കുമ്പോൾ യു.ഡി.എഫ്.-നാണ് മേൽക്കൈയുണ്ടായിട്ടുള്ളത്. സമീപകാലയളവിലെ തിരഞ്ഞെടുപ്പുകളുടെ വിജയത്തിൽ വല്ലാതെ അഹങ്കരിച്ചുകൊണ്ട് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനങ്ങളെ മോശപ്പെടുത്തിക്കൊണ്ടുള്ള പ്രസ്താവനകളും പ്രയോഗങ്ങളും പ്രസംഗങ്ങളും നടത്തുന്നവരായി കേരളത്തിലെ കോൺഗ്രസ് മാറിക്കൊണ്ടിരിക്കുകയാണ്.

ഇവിടെ ആഭ്യന്തര വകുപ്പിന്റെ ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട ചർച്ചയിൽ പോലീസിനെ സംബന്ധിച്ച് വിശദീകരിച്ചുകഴിഞ്ഞു. യു.ഡി.എഫ്. അംഗങ്ങൾ അവരുടെ പ്രസംഗത്തിൽ പോലീസിന്റെ ചില തെറ്റായ കാര്യങ്ങളെ സംബന്ധിച്ച് വാചാലരാകുന്ന സാഹചര്യവുമുണ്ടായി. 2012-ൽ ഞാൻ കോഴിക്കോട് ആർട്സ് കോളേജിലെ വിദ്യാർത്ഥിയായിരുന്നു. അക്കാലയളവിൽ കോഴിക്കോട് നടന്നിട്ടുള്ള ഐതിഹാസികമായൊരു വിദ്യാർത്ഥി പ്രക്ഷോഭത്തിന്റെ ചരിത്രം യു.ഡി.എഫ്. അംഗങ്ങൾ ഈ സന്ദർഭത്തിലെങ്കിലും ഓർക്കേണ്ടതായിട്ടുണ്ട്. അവിടെ നടന്ന സമരത്തിൽ പങ്കെടുത്ത ആളുകളാണ് ഞങ്ങളൊക്കെ. അന്ന് എസ്.എഫ്.ഐ.-യുടെ സംസ്ഥാന പ്രസിഡന്റായിരുന്ന ആളാണ് അഴീക്കോട് നിയമസഭാംഗമായി ഈ

സഭയിലിരിക്കുന്ന ശ്രീ. കെ. വി. സുമേഷ്. ശ്രീ. എം. വിജിൻ, ശ്രീ. ലിന്റോ ജോസഫ് ഉൾപ്പെടെയുള്ളവർ ആ സമരത്തിൽ പങ്കെടുത്തവരാണ്. ആ സമരത്തിന്റെ ഭാഗമായി പങ്കെടുത്ത വിദ്യാർത്ഥി പ്രവർത്തകർക്കുനേരെ അന്നത്തെ നോർത്ത് അസിസ്റ്റന്റ് പോലീസ് കമ്മീഷണർ രാധാകൃഷ്ണപിള്ള തോക്ക് ചൂണ്ടി നിറയൊഴിച്ച അനുഭവം യു.ഡി.എഫ്.-ന്റെ ഭരണകാലത്താണ്. ഇങ്ങനെ നരാധമരാഷ്ട്രീയം കേരളത്തിൽ നടപ്പിലാക്കിയ, പോലീസിനെ ഉപയോഗപ്പെടുത്തിക്കൊണ്ട്, മെറിറ്റ് അട്ടിമറിച്ച് പ്രവേശനം നേടിയ നിർമ്മൽ മാധവ് എന്ന വിദ്യാർത്ഥിയെ സംരക്ഷിക്കാൻ യു.ഡി.എഫ്-ന്റെ ഭരണകാലത്ത് മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം നടത്തിയ പോലീസ് അക്രമത്തെ സംബന്ധിച്ച് സഭയിലിരിക്കുന്ന പല അംഗങ്ങൾക്കും മനസ്സിലായിട്ടുണ്ടാകും.

കോൺഗ്രസുമായി ബന്ധപ്പെട്ട് പറയുമ്പോൾ, തിരഞ്ഞെടുപ്പിൽ കോൺഗ്രസ് നേരിട്ട് ബി.ജെ.പി.-യുമായി ഏറ്റുമുട്ടിയ ചില സംസ്ഥാനങ്ങളുണ്ട്. ആ കാര്യങ്ങൾ കോൺഗ്രസിന്റെ അംഗങ്ങൾ മറച്ചുവച്ചുകൊണ്ടാണ് പ്രസംഗിക്കുന്നത്. കേരളം ഭരിക്കുന്ന എൽ.ഡി.എഫ്.-ന് തിരിച്ചടിയുണ്ടായപ്പോൾ വലിയ രീതിയിലുള്ള പ്രചാരണമാണ്. പ്രിയപ്പെട്ട

കോൺഗ്രസുകാരെ, നിങ്ങൾ ഭരിക്കുന്ന ഹിമാചൽപ്രദേശിൽ ഇക്കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ എത്ര സീറ്റ് കിട്ടി. ഹിമാചൽപ്രദേശിൽ ഒരു സീറ്റുപോലും നേടാൻ കഴിയാത്ത രാഷ്ട്രീയ പാർട്ടിയായി കോൺഗ്രസ് മാറിയില്ലേ? നിങ്ങൾക്ക് സ്വാധീനമുള്ള, നിങ്ങൾ ഭരണം നടത്തുന്ന, നിങ്ങളുടെ ഗവൺമെന്റുള്ള സംസ്ഥാനത്ത് നിങ്ങൾക്ക് സീറ്റില്ല. മറ്റ് ചില സംസ്ഥാനങ്ങളുടെയും അനുഭവങ്ങൾ പരിശോധിച്ചു നോക്കൂ. കോൺഗ്രസിന് വലിയ സ്വാധീനമുണ്ടായിരുന്ന പ്രധാനപ്പെട്ട സംസ്ഥാനങ്ങളിലൊന്നായ ഉത്തരാഖണ്ഡിൽ ബി.ജെ.പി.-ക്ക് അഞ്ച് സീറ്റുകൾ നേടാൻ കഴിഞ്ഞപ്പോൾ ഒരു സീറ്റിൽപോലും കോൺഗ്രസിന് വിജയിക്കാനായില്ല എന്ന വാർത്തകൾ നിങ്ങൾ മറച്ചുവയ്ക്കുകയാണോ? ഗുജറാത്തിൽ 25 സീറ്റുകളിൽ ബി.ജെ.പി. വിജയിക്കുമ്പോൾ ഒരു സീറ്റിൽ മാത്രം കോൺഗ്രസിന് ജയിക്കാനായി. ഡൽഹിയിലെ അനുഭവം എന്താണ്; അവിടെ കോൺഗ്രസിന് എത്ര സീറ്റുണ്ട്. രാജ്യതലസ്ഥാനത്ത് ഒരു സീറ്റിൽപോലും ജയിക്കാൻ കഴിയാത്ത രാഷ്ട്രീയ പാർട്ടിയായി കോൺഗ്രസ് മാറി. എന്തുകൊണ്ട് മാറിയെന്നുള്ളത് നിങ്ങൾ സ്വയമേ പരിശോധിക്കേണ്ട കാര്യമാണ്. മധ്യപ്രദേശിലും മറ്റ് പല

സംസ്ഥാനങ്ങളിലും നിങ്ങൾക്ക് ഊഹിക്കാനാകാത്ത വിധത്തിൽ തിരിച്ചടിയുണ്ടായി. അതിനെ മറച്ചുവച്ചുകൊണ്ടാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് വലിയ തിരിച്ചടിയുണ്ടായി എന്ന പ്രചരണത്തിലേയ്ക്ക് നിങ്ങൾ കടന്നുകൊണ്ടിരിക്കുന്നത്. ഞാൻ അതിന്റെ മറ്റ് വിശദാംശങ്ങളിലേയ്ക്കൊന്നും ഈ സന്ദർഭത്തിൽ കടക്കുന്നില്ല.

ബഹുമാന്യനായ മൂവാറ്റുപുഴ അംഗം ഡോ. മാത്യു കുഴൽനാടൻ പ്രസംഗത്തിൽ മുഖ്യമന്ത്രിക്കും അദ്ദേഹത്തിന്റെ കുടുംബത്തിനുമെതിരായി എന്തെങ്കിലും പറയുമോയെന്ന് ഞാൻ ശ്രദ്ധിച്ചിരുന്നു. നിർഭാഗ്യവശാൽ മുഖ്യമന്ത്രിയുടെ കുടുംബത്തിനെതിരായി ആധികാരികമായി ഒന്നും പറയാനില്ലാതെയാണ് മൂവാറ്റുപുഴ അംഗം ഇത്തവണ അദ്ദേഹത്തിന്റെ പ്രസംഗം അവസാനിപ്പിച്ചത്. എന്താണിതിന്റെ കാരണം? മുഖ്യമന്ത്രിക്കും അദ്ദേഹത്തിന്റെ മകൾക്കുമെതിരായി അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് ബഹുമാന്യനായ മൂവാറ്റുപുഴ അംഗം തിരുവനന്തപുരം വിജിലൻസ് കോടതിയെ സമീപിച്ച് ഒരു ഹർജി സമർപ്പിച്ചുവെങ്കിലും മതിയായ തെളിവുകൾ ഹാജരാക്കാനോ ആരോപണം ആധികാരികമായി തെളിയിക്കാനോ കഴിയാത്തതിനാൽ

ബഹുമാനപ്പെട്ട കോടതി അദ്ദേഹത്തിന്റെ ഹർജി മാറ്റിവയ്ക്കുന്ന, ഒഴിവാക്കുന്ന സ്ഥിതിയല്ലേയുണ്ടായിട്ടുള്ളത്. ഇതെല്ലാം വന്നതിനുശേഷവും ഇന്ന് ബഹുമാനപ്പെട്ട മൂവാറ്റുപുഴ അംഗം വീണ്ടും നിയമസഭയിൽ വന്ന് പറയുകയാണ്, മുഖ്യമന്ത്രി മറ്റ് സ്ഥലങ്ങളിൽ പ്രചരണത്തിന് പോയില്ല. ശ്രീ. രാഹുൽ ഗാന്ധിക്കെതിരെ പ്രചരണം നടത്തിയത് കേരളത്തിന്റെ മുഖ്യമന്ത്രിയാണെന്ന് പറയുകയാണ്. ഞങ്ങളെല്ലാവരും ബഹുമാനിക്കുന്ന ഇന്ത്യയിലെ പ്രമുഖനായ രാഷ്ട്രീയ നേതാവാണ് ശ്രീ. രാഹുൽ ഗാന്ധി. കേരളത്തിൽ വന്ന് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനങ്ങൾക്കെതിരായി പ്രസംഗിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത് നിങ്ങളാണ്. ശ്രീ. അരവിന്ദ് കെജ്‌രിവാളിനെപ്പോലുള്ള ഇന്ത്യയിലെ പല മുഖ്യമന്ത്രിമാരെയും ഇ.ഡി.-യും സെൻട്രൽ ഏജൻസികളും വേട്ടയാടുന്ന അതേ പതിപ്പിൽ കേരളത്തിലെ മതനിരപേക്ഷ രാഷ്ട്രീയത്തിന് നേതൃത്വം കൊടുക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ മുഖ്യമന്ത്രിയെയും വേട്ടയാടണം എന്ന നിലപാട് ശ്രീ. രാഹുൽ ഗാന്ധിയെക്കൊണ്ട് പറയിപ്പിച്ചത് കേരളത്തിലെ പ്രതിപക്ഷനേതാവാണ്. ആ ദുഷ്ടലാക്കാണ് നിങ്ങളുടെ രാഷ്ട്രീയം എന്നത് ഞങ്ങൾക്ക് അറിയാം. അത്

ജനങ്ങൾക്കും ബോധ്യമുണ്ട്. മറ്റ് കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഈ തിരഞ്ഞെടുപ്പിൽ ഇടതുപക്ഷജനാധിപത്യ മുന്നണിക്കുണ്ടായ തിരിച്ചടിയെ മറികടന്ന് ജനങ്ങളെ അണിനിരത്തിക്കൊണ്ടും മഹാഭൂരിപക്ഷം വരുന്ന ജനങ്ങളുടെ പിന്തുണ നേടിക്കൊണ്ടും ഇടതുപക്ഷ ജനാധിപത്യ മുന്നണി തിരിച്ചുവരുമെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽ കൂടി ഞാൻ പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. ഈ തിരഞ്ഞെടുപ്പിൽ വലിയ വിജയം നേടിയെന്ന രീതിയിൽ യു.ഡി.എഫ്. അംഗങ്ങൾ ശക്തമായ രീതിയിൽ പ്രചണ്ഡമായ ചില പ്രചാരണങ്ങൾ അഴിച്ചുവിട്ടുകൊണ്ടിരിക്കുകയാണ്. മുഖ്യമന്ത്രിക്കെതിരായി നടത്തുന്ന ഒരുതരം പ്രചാരവേലകളായാണ് നമുക്കത് ബോധ്യപ്പെടുന്നത്. ഇലക്ഷൻ സമയങ്ങളിലും ജനാധിപത്യ പ്രക്രിയയിൽ ഊന്നിനിന്നുകൊണ്ടുള്ള പ്രചരണത്തിൽനിന്ന് മാറി മുഖ്യമന്ത്രിയെ വ്യക്തിപരമായി അധിക്ഷേപിക്കാനുള്ള ശ്രമങ്ങളാണ് യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളതെന്ന് നമുക്കറിയാം.

മുസ്ലീം ലീഗ് വലിയ വിജയം നേടിയെന്നാണ് ലീഗിന്റെ പ്രതിനിധി ഇവിടെ പറഞ്ഞിട്ടുള്ളത്. മുസ്ലീം ലീഗ് എല്ലാകാലത്തും രണ്ട് സീറ്റിൽ മത്സരിക്കും, രണ്ട് സീറ്റിൽ ജയിക്കും. അതിൽനിന്നും വ്യത്യസ്തമായ ഒരു സാഹചര്യവും ഈ തിരഞ്ഞെടുപ്പിൽ ഉണ്ടായിട്ടില്ല. മൂന്നോ നാലോ സീറ്റിന് അർഹതയുണ്ടെന്ന് മുസ്ലീം ലീഗ് നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരുന്നു. എന്നാൽ മുസ്ലീം ലീഗിന് ഒരു സീറ്റുപോലും അധികം കൊടുക്കാൻ യു.ഡി.എഫ്. തയ്യാറാകാതെ വന്നപ്പോൾ, അതിനെതിരെ ഒരക്ഷരം ഉരിയാടാൻ സാധിക്കാതെപോയ പാർട്ടിയാണ് മുസ്ലീം ലീഗ് എന്ന യാഥാർത്ഥ്യം നമ്മൾ മനസ്സിലാക്കണം. ഇപ്രാവശ്യത്തെ വിജയത്തിൽ വോട്ട് കൂടിയെന്നാണ് ലീഗ് പറയുന്നത്. എങ്ങനെയാണ് വോട്ട് കൂടിയത്. തീവ്രവർഗ്ഗീയ പ്രസ്ഥാനങ്ങളെ ചേർത്തുപിടിച്ചില്ലേ; കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ ജമാഅത്തെ ഇസ്ലാമിയുടെ രാഷ്ട്രീയ പ്രസ്ഥാനമായ വെൽഫെയർ പാർട്ടി നേടിയ വോട്ട് ഇപ്രാവശ്യം നിങ്ങളോടൊപ്പം ചേർക്കണ്ടേ, എസ്.ഡി.പി.ഐ. നേടിയ വോട്ട് നിങ്ങളോടൊപ്പം ചേർക്കണ്ടേ, ഈ വോട്ടുകളെല്ലാം ചേർത്തുകൊണ്ട്, ഇവിടെ സമുദായം അപകടത്തിലാണെന്ന രീതിയിൽ പ്രചണ്ഡമായ വർഗ്ഗീയ പ്രചാരണം

നടത്തിക്കൊണ്ടല്ലേ വോട്ടുകൂട്ടാൻ ശ്രമിച്ചിട്ടുള്ളത് എന്നതിന്റെ ഉത്തരം പറയാനുള്ള ബാധ്യത സ്വാഭാവികമായും മുസ്ലീം ലീഗിന്റെ പ്രതിനിധികൾക്കുണ്ട്. വടകരയിലെ പ്രതിനിധി ഇവിടെ ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. കെ. എസ്. ഹരിഹരൻ നടത്തിയ ഒരു പ്രസ്താവനയുണ്ട്. കോഴിക്കോട് നടന്ന പരിപാടിയിൽ ഒരു സമസ്ത നേതാവിന് നമസ്കരിക്കാനുള്ള സൗകര്യം സ്റ്റേജിൽ ഇടതുപക്ഷം ചെയ്തുകൊടുത്തുവെന്നത് വലിയ അപരാധമായി ഇവിടെ അവതരിപ്പിക്കപ്പെടുകയുണ്ടായി. മുസ്ലീങ്ങളുടെ സംഘടനയാണല്ലോ മുസ്ലീം ലീഗ്; ബാങ്കുവിളിച്ചാൽ നമസ്കരിക്കണമെന്നത് മുസ്ലീം ലീഗുകാർക്കും മുസ്ലീങ്ങൾക്കും പൊതുവെ നിർബന്ധമായ ഒരു കടമയാണ്. എവിടെയാണോ ഉള്ളത് അവിടെവച്ച് അത് നിർവ്വഹിക്കാൻ അവർക്ക് അനുവാദമുണ്ട് എന്നതുകൊണ്ടുതന്നെ അതിനെ പ്രശംസിക്കാൻ ബാധ്യസ്ഥരായവർ അത് രാഷ്ട്രീയമായി ദുരുപയോഗം ചെയ്യാനാണ് ശ്രമിച്ചതെന്ന ദുഃഖസത്യം നാം മനസ്സിലാക്കേണ്ടതാണ്. ഇപ്പോൾ രാജ്യസഭയിലേയ്ക്ക് കേരളത്തിൽനിന്നും മൂന്ന് സീറ്റുകളാണ് ഒഴിവുവരുന്നത്. രാജ്യസഭയിലെ ഒരു സീറ്റ് മുസ്ലീം ലീഗിന് അർഹതപ്പെട്ടതാണ്. പക്ഷേ സിന്ദാബാദ് വിളിക്കുകയും പോസ്റ്റർ ഒട്ടിക്കുകയും

ചെയ്തുകൊണ്ട് മുസ്ലീം ലീഗിനുവേണ്ടി കഠിനാധ്വാനം ചെയ്ത ആരെയുമല്ല ആ സീറ്റിലേയ്ക്ക് മത്സരിപ്പിക്കുന്നത്. ഹിന്ദു എന്ന പത്രം എഴുതിയിരിക്കുന്നത്, It is not a political deal, this is a business deal എന്നാണ്. ആ രീതിയിലാണ് മുസ്ലീം ലീഗ് രാജ്യസഭാ സീറ്റുകൾ വിറ്റുകൊണ്ടിരിക്കുന്നതെന്ന കാര്യം നാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്.

ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുമ്പോൾ, ഒരു ജനതയുടെയും നാടിന്റെയും ഭരണാധികാരികളുടെയും ദൈനംദിന പ്രവർത്തനത്തിന്റെ കണ്ണാടിയാണ് പോലീസും ജയിലും അതിന്റെ ഇടപെടലുകളും നടപടികളുമെന്ന് നമുക്കറിയാം. ഭരണനിർവ്വഹണത്തിലെ കാര്യക്ഷമതയുടെ അളവുകോലായാണ് പൊതുസമൂഹം ഇതിനെ വിലയിരുത്തുന്നത്. ലോകത്തിലെ ഏത് പോലീസ് സംവിധാനത്തോടും കിടപിടിക്കുന്നതാണ് നമ്മുടെ പോലീസ് സംവിധാനവും ജയിലുകളുമെന്നത് അഭിമാനകരമാണ്. കുറ്റകൃത്യങ്ങൾ തടയുന്നതിലും തെളിയിക്കുന്നതിലും നീതിനിർവ്വഹണത്തിലും ഇന്ത്യയിലെ ഏറ്റവും മികച്ച സേന കേരളാ പോലീസാണ്. സമീപകാലത്തുണ്ടായ ഒരോ കേസുമെടുത്ത് പരിശോധിച്ചാൽ നമുക്കത് അക്കമിട്ട് ഇവിടെ സമർത്ഥിക്കാൻ സാധിക്കും.

ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ആൾക്കൂട്ടകൊലപാതകങ്ങളും വർഗ്ഗീയ കലാപങ്ങളും വാർത്തയല്ലാത്തവിധം ജനജീവിതം ഭീതിതമായ പരിസരത്ത് നിർത്തപ്പെടുമ്പോൾ മത-വർഗ്ഗീയ കലാപങ്ങളില്ലാത്ത, ആൾക്കൂട്ടക്കൊലപാതകങ്ങളില്ലാത്ത സ്വസ്ഥമായ ജീവിത പരിസരം ഉറപ്പാക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. രണ്ടുദിവസം മുമ്പ് ഞാൻ ഒരു വാർത്ത വായിക്കുകയുണ്ടായി. മൊറാദാബാദിലെ മസ്ജിദിലെ ഇമാം മൗലാന അക്രം സാഹിബിനെ ഹിന്ദുത്വ തീവ്രവാദികൾ വെടിവച്ചുകൊന്നു. ഉത്തരേന്ത്യയിലെ പല സംസ്ഥാനങ്ങളിലും ഈ തീവ്രവാദ പ്രസ്ഥാനങ്ങൾ ആ രീതിയിൽ ന്യൂനപക്ഷ വിഭാഗത്തെ അക്രമിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ കേരളത്തിൽ എല്ലാ ജനവിഭാഗത്തിനും സ്വൈര്യമായി ജീവിക്കാനുള്ള ഒരു അവസ്ഥ സംജാതമാക്കിയത് ക്രമസമാധാനപാലനത്തിന്റെ ഉത്തരവാദിത്വമുള്ള കേരളത്തിന്റെ മുഖ്യമന്ത്രിയാണെന്ന കാര്യം നന്ദിയോടെ സ്മരിക്കാൻ നമ്മൾ ഒരോരുത്തരും തയ്യാറാകേണ്ടതുണ്ട്. എന്നാൽ പതിനായിരക്കണക്കിന് ആളുകൾ ജോലി ചെയ്യുന്ന ഒരു സംവിധാനമെന്ന നിലയിൽ സമൂഹത്തെ പൊതുവിൽ ഗ്രസിച്ച വീഴ്ചകൾ ഒറ്റപ്പെട്ട വ്യക്തികളിലും സംഭവിച്ചിട്ടുണ്ടെന്നത്

ഞാൻ നിഷേധിക്കുന്നില്ല. എന്നാൽ അത്തരം പുഴക്കുത്തുകളോട് വിട്ടുവീഴ്ചയില്ലാത്ത സമീപനം സ്വീകരിക്കുന്നതാണ് ഇടതുപക്ഷ സർക്കാരുകളുടെ പ്രവർത്തനരീതി.

ജനകീയ സർക്കാരിന്റെ മുഖം എന്ന നിലയിൽ പോലീസ് സംവിധാനം ജനങ്ങളോട് ഏറ്റവും അടുത്ത് നിലകൊള്ളുന്നതായാണ് കഴിഞ്ഞ എട്ട് വർഷക്കാലമായി നമ്മൾ കാണുന്നത്. ദേശീയ ക്രൈം ഡാറ്റകൾ ഉദ്ധരിച്ച് കേരളത്തിൽ കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നുവെന്ന ഒരു ആഖ്യാനം പലപ്പോഴും കേൾക്കാറുണ്ട്. ഇതിനുകാരണം മലയാളിയുടെ നിയമസാക്ഷരതയും സേനയിലുള്ള വിശ്വാസവുമാണെന്നതാണ് വസ്തുത. മറ്റ് പല സംസ്ഥാനങ്ങളിലും പോലീസിൽ എത്തുന്നതും കേസ് രജിസ്റ്റർ ചെയ്യുന്നതും വലിയ കുറ്റകൃത്യങ്ങൾ മാത്രമാണ്. എന്നാൽ കേരളത്തിൽ ഏറ്റവും ചെറിയ കുറ്റകൃത്യങ്ങൾ വരെ രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ട്. ഓരോ കാലത്തും ഓരോതരം വെല്ലുവിളികളാണ് പോലീസ് സേനയ്ക്ക് അഭിമുഖീകരിക്കേണ്ടി വരുന്നത്. ഇതിന് അനുസൃതമായി പോലീസ് സേനയെ ശാസ്ത്രീയമായി നവീനമാക്കുകയെന്നതാണ് ഈ സർക്കാരിന്റെ നയം. പശ്ചാത്തല വികസനത്തിനും സേനാംഗങ്ങളുടെ

മാനസിക ശാരീരികക്ഷമതയ്ക്കും മുന്തിയ പരിഗണനയാണ് ഈ സർക്കാർ നൽകിവരുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങളെയും കുറ്റകൃത്യങ്ങളെയും പ്രതിരോധിക്കാൻ മുന്തിയ പരിഗണനയാണ് സർക്കാർ നൽകുന്നതെന്ന് നമുക്കറിയാം. ഇതിന്റെ ഭാഗമാണ് കേരള പോലീസിന്റെ സ്ത്രീ സുരക്ഷാ പദ്ധതികൾ. വനിതാ പോലീസ് സ്റ്റേഷനുകൾ, വനിതാ ബറ്റാലിയൻ, അപരാജിത, വനിതാ സെൽ, പിങ്ക് പോലീസ്, നിഴൽ, വനിതാ സ്വയംപ്രതിരോധ സംഘം, വനിതാ ബീറ്റ്, പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് എന്നിവ 2021 ജൂലൈ 19-ന് നിലവിൽ വന്നു. സ്ത്രീധന പീഡനങ്ങൾ, സൈബർ അതിക്രമങ്ങൾ, പൊതുഇടങ്ങളിലെ അവഹേളനങ്ങൾ എന്നിവ നേരിടുന്നതിന് പിങ്ക് പോലീസ്, പിങ്ക് പട്രോൾ, പിങ്ക് ജനമൈത്രി ബീറ്റ്, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, കൗൺസിലിംഗ് സംവിധാനം തുടങ്ങിയവ നൽകിയിട്ടുള്ള സുരക്ഷിതത്വബോധം നമ്മുടെ സ്ത്രീകളിൽ വലിയ മാറ്റവും ഉണർവും സൃഷ്ടിച്ചിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ ക്രമാതീതമായി ഈ ലോകത്ത് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. സമീപകാലത്ത് അരങ്ങേറിയ ഇത്തരം കുറ്റകൃത്യങ്ങളിൽ പലതിലും, സേന കരസ്ഥമാക്കിയ ശാസ്ത്ര-

സാങ്കേതിക വിദ്യയുടെ കരുത്തിൽ കേസിന്റെ മെറിറ്റിലേയ്ക്ക് എത്തിപ്പെടാനും കുറ്റവാളികളെ കണ്ടെത്താനും നമ്മുടെ പോലീസിന് കഴിഞ്ഞതിന്റെ എത്രയോ ഉദാഹരണങ്ങൾ നമ്മുടെ മുമ്പിലുണ്ട്. ഇതുകൊണ്ടാണ് സേനയുടെ മികവിനും ആധുനികവത്കരണത്തിനുമായി നിരവധി പുരസ്കാരങ്ങൾ നമ്മെ തേടിയെത്തിയത്. കേരള പോലീസിന്റെ മൂന്ന് പ്രോജക്ടുകൾക്ക് ഈ വർഷത്തെ SKOCH അവാർഡുകൾ ലഭിച്ചു. വിർച്വൽ ക്യൂ, ഇ-വി.ഐ.പി., ഒ.ടി.പി. തട്ടിപ്പുകൾക്കെതിരെ ബാങ്കുകളുടെ പങ്കാളിത്തത്തോടെ വികസിപ്പിച്ച വാട്സ്ആപ്പ് സംവിധാനം എന്നിവയ്ക്കാണ് അവാർഡുകൾ ലഭിച്ചത്. ഒരു സ്വതന്ത്ര സ്ഥാപനം നൽകുന്ന രാജ്യത്തെ പരമോന്നത സിവിലിയൻ ബഹുമതിയാണ് സ്കോച്ച് അവാർഡ്. 2018-ലെ പ്രളയത്തിൽ നടത്തിയ രക്ഷാപ്രവർത്തനങ്ങൾക്ക് കേരള പോലീസിന് സ്കോച്ച് ഗോൾഡ് അവാർഡ് ലഭിച്ചിരുന്നു. കഴിഞ്ഞവർഷം സ്റ്റുഡന്റ് പോലീസ് കേഡറ്റ്, പിങ്ക് പോലീസ് പട്രോൾ, പഠനം ഉപേക്ഷിച്ച കുട്ടികൾക്ക് പഠനം തുടരാൻ പ്രോത്സാഹനം നൽകുന്ന ഹോപ്പ് പദ്ധതി എന്നിവയ്ക്ക് സ്കോച്ച് ഓർഡർ ഓഫ് മെറിറ്റ് അവാർഡ് ലഭിച്ചിരുന്നു. കേരള പോലീസ് സൈബർഡോം സൈബർ

സുരക്ഷാവിഭാഗത്തിൽ 2018-ലെ എഫ്.ഐ.സി.സി.ഐ. സ്മാർട്ട് പോലീസിംഗ് അവാർഡുകൾ ലഭിച്ചത് ഇവിടെ പ്രസ്താവ്യമാണ്. വിവിധ സംസ്ഥാന പോലീസ് സേനകൾ, കേന്ദ്ര സായുധ പോലീസ് സേനകൾ തുടങ്ങിയവയിൽനിന്നും ലഭിച്ച 211 എൻട്രികളിൽ നിന്നാണ് ഫിക്കി സ്മാർട്ട് പോലീസിംഗ് അവാർഡിന് നാം തിരഞ്ഞെടുക്കപ്പെട്ടതെന്നത് അഭിമാനകരമാണ്. വ്യത്യസ്ത മേഖലയിലെ മികവിന് 5 പുരസ്കാരങ്ങൾ കേരളം കരസ്ഥമാക്കി. കൂടാതെ സ്പെഷ്യൽ ജ്യൂറി അവാർഡും കേരളാ പോലീസിനാണ്. മുഖ്യമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. എം. നൗഷാദ്: സർ, തികഞ്ഞ അഭിമാനത്തോടുകൂടി ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. കഴിഞ്ഞ 8 വർഷക്കാലംകൊണ്ട് സമസ്തമേഖലയിലും കേരളത്തെ മുന്നോട്ടുനയിക്കാൻ കഴിഞ്ഞ സർക്കാരാണ് ഇന്ന് നിലവിലുള്ളത്. വിശിഷ്യാ ക്രമസമാധാനരംഗത്ത്. കേരളാ പോലീസിനെ ജനങ്ങളുടെ കാവലാളുകളായി മാറ്റിയ ഭരണമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണം. അതിനുമുമ്പൊരു കാലഘട്ടമുണ്ടായിരുന്നു. കേരളത്തിൽ യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ വർഗ്ഗീയ കലാപങ്ങൾ-215, സ്ത്രീപീഡന

കേസുകൾ-54168, ബാലപീഡന കേസുകൾ-7160, കസ്റ്റഡി മരണങ്ങൾ-11 ഉണ്ടായിട്ടുണ്ടെന്നുള്ളത് നമുക്കറിയാം. 2015-ലെ നിയമസഭ ചോദ്യത്തിനുള്ള മറുപടിയിലാണ് ഇക്കാര്യങ്ങൾ പറഞ്ഞിട്ടുള്ളത്. പ്രതിയെ പിടിക്കാൻ പ്രതിയുടെ ചെരുപ്പ് തൂക്കിയിട്ടിട്ട് കാത്തിരിക്കുന്ന, പോലീസ് സേനാംഗങ്ങളെ മുഖംമൂടി ധരിച്ച് പ്രതിയായി പിടിക്കപ്പെട്ടുവെന്ന് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന ഒരു കാലഘട്ടമായിരുന്നു. ഡി.ജി.പി. ഐ.ജി.-മാർക്കെതിരായും എസ്.പി.-മാർ ഡി.ജി.പി.-ക്കെതിരായും സോഷ്യൽ മീഡിയയിൽക്കൂടി പരസ്പരം ആക്രമണം നടത്തുന്ന ഒരു കാലഘട്ടത്തിൽനിന്നാണ് മണിക്കൂറുകൾക്കുള്ളിൽ പ്രതികളെ പിടിക്കുന്ന, പണം നഷ്ടപ്പെട്ടുപോകുന്നവർക്ക് കൃത്യമായി അത് തിരിച്ചെടുത്തുകൊടുക്കാൻ കഴിയുന്ന തരത്തിലേയ്ക്ക് സൈബർ പോലീസിനെ മാറ്റിയ, നിരവധി അവാർഡുകൾ കരസ്ഥമാക്കിയ കേരളത്തിലെ പോലീസ് സേന. ഇന്ത്യാ ടുഡേയുടെ മോസ്റ്റ് ഹാപ്പി സ്റ്റേറ്റ് അവാർഡ് കേരളത്തിനാണ്. യു.ഡി.എഫ്.-കാർക്ക് ഇതൊന്നും മനസ്സിലാകില്ല. ഏറ്റവും മികച്ച പോലീസ് സ്റ്റേഷനുകളിലൊന്നായി 2021-ൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം തിരഞ്ഞെടുത്തത് ഒറ്റപ്പാലം പോലീസ് സ്റ്റേഷനെയാണ്. കോവിഡ്

നിയന്ത്രിക്കുന്നതിൽ വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയതിന് 2020-21-ലെ ദേശീയ ഇ-ഗവേണൻസ് ഗോൾഡ് അവാർഡ് ലഭിച്ചതും കേരളത്തിനാണ്. കേരള പോലീസിന്റെ Drone Forensic Lab and Research Centre-ന് 2022-ലെ ടെക്നോളജി സർക്കാർ അവാർഡും ലഭിച്ചു. വെൺമണി ഇരട്ടക്കൊലപാതക കേസ് തെളിയിച്ചതിന്റെ വൈദഗ്ധ്യം വിലയിരുത്തി കേന്ദ്ര ആഭ്യന്തര മന്ത്രാലയം നടത്തിയ smart use of fingerprints science in investigation മത്സരത്തിൽ കേരളത്തിന് മൂന്നാം സ്ഥാനം ലഭിച്ചു. ഇത്തരത്തിൽ മികച്ച പോലീസായി കേരള പോലീസ്. റോയൽ കനേഡിയൻ മൗണ്ടഡ് പോലീസിനെപ്പോലെ, ഓസ്ട്രേലിയൻ ഫെഡറൽ പോലീസിനെപ്പോലെ, ന്യൂയോർക്ക് സിറ്റി പോലീസിനെപ്പോലെ കേരള പോലീസ് ലോകോത്തര നിലവാരത്തിൽ നിൽക്കുകയാണ്. പോലീസ് സേനയുടെ പ്രവർത്തനഫലമായി ഇന്ന് കലാപങ്ങളില്ലാത്ത, വർഗ്ഗീയ സംഘർഷങ്ങളില്ലാത്ത, കസ്റ്റഡി മരണങ്ങളില്ലാത്ത നാടാക്കി കേരളത്തെ മാറ്റി. സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണമൊരുക്കുന്ന, പോലീസ് സ്റ്റേഷനിൽ പോകാതെതന്നെ

പ്രായമായവർക്ക് ഓൺലൈൻ വഴി അവരുടെ പരാതികൾ നൽകാൻ കഴിയുന്ന തരത്തിലേയ്ക്ക് ഈ സംവിധാനത്തെ മാറ്റി. എല്ലാ പോലീസ് സ്റ്റേഷനുകളിലും പി.ആർ.ഒ.-മാരെ നിയമിച്ചും ഹെൽപ്പ്ഡെസ്കുകൾ സ്ഥാപിച്ചും മുന്നോട്ടുപോകുന്നു. ആ സ്ഥിതിയിലേയ്ക്ക്, ഇന്ന് ലോകത്തെ, ഇന്ത്യയിലെ ക്രമസമാധാനനിലയിൽ ഒന്നാമത് നിൽക്കുന്ന സംസ്ഥാനമാണ് നമ്മുടേത്. നിർഭാഗ്യവശാൽ ഇതൊന്നും കാണാൻ ഇവർക്ക് കഴിയുന്നില്ല. സിനിമ സംവിധായകൻ ജോഷിയുടെ വീട്ടിൽ നടന്ന മോഷണത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ശ്രീ. പി. പി. ചിത്തരഞ്ജൻ നേരത്തേ ഇവിടെ സൂചിപ്പിച്ചു. ശ്രീ.ജോഷി കേരളാ പോലീസിനെക്കുറിച്ച് പറഞ്ഞത് ഇവിടത്തെ മാധ്യമങ്ങൾക്ക് വാർത്തയല്ല. കേരളാ പോലീസിനെതിരായി ആര് എന്തുപറഞ്ഞാലും ഇന്ന് വാർത്തയാണ്. കോവിഡ്, പ്രളയ കാലഘട്ടങ്ങളിൽ അവരുടെ സേവനം നമ്മൾ കണ്ടതാണ്. ഈ മികവുകളെല്ലാം ഉള്ളപ്പോഴും പോലീസിന്റെ മികവിനെ ഇകഴ്ത്തിക്കാട്ടാനും അതോടൊപ്പം ഈ ഗവൺമെന്റിനെ പൊതുസമൂഹത്തിന്റെ മുമ്പിൽ ചെറുതാക്കി കാണിക്കാനും ബോധപൂർവ്വം ശ്രമിക്കുന്ന ചുരുക്കം സേനാംഗങ്ങൾ ഈ സേനയിലുണ്ടെന്നുള്ളത് ഞാൻ

ചൂണ്ടിക്കാണിക്കുന്നു. പോലീസ് സേനയിലെ ക്രിമിനലുകളെ കണ്ടെത്തി അവരെ സർവ്വീസിൽനിന്നും പുറത്താക്കാൻ ആർജ്ജവം കാണിച്ച ഗവൺമെന്റാണിത്. അതുപോലെ ഇത്തരത്തിൽ ഗവൺമെന്റിന്റെ നിലപാടുകൾക്കെതിരായി, ജനവിരുദ്ധമായി പ്രവർത്തിക്കുന്ന ചുരുക്കം പോലീസ് ഉദ്യോഗസ്ഥരെ കണ്ടെത്തി അവരെ സർവ്വീസിൽനിന്നും പുറത്താക്കുന്നതിനുവേണ്ടിയുള്ള ജാഗ്രതകൂടി സേനയുടെ ഉത്തരവാദിത്വപ്പെട്ടവരുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്. തെരഞ്ഞെടുപ്പിനെക്കുറിച്ച് എല്ലാവരും ഇവിടെ സൂചിപ്പിച്ചു. പാർലമെന്റ് തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. കേരളത്തിൽ ജയിച്ചു. നിങ്ങൾ ആദ്യമായാണോ ജയിക്കുന്നത്? 2004-ൽ അല്ലാതെ എന്നാണ് ഞങ്ങൾക്ക് ഈ തിരഞ്ഞെടുപ്പിൽ മുൻതൂക്കം ലഭിച്ചിട്ടുള്ളത്. 1977-ൽ സീറോ. 1980-ൽ സഖാവ് ഇ. കെ. നായനാർ മുഖ്യമന്ത്രി. മറന്നുപോകരുത്. 2019-ലോ? നിങ്ങളുടെ ഭാഷയിൽ പറഞ്ഞാൽ ആലപ്പുഴയിൽ ഒരു കനൽ. 2021-ൽ 99 സീറ്റുമായാണ് സഖാവ് പിണറായി വിജയൻ അധികാരത്തിലെത്തിയത്. നിങ്ങളുടെ ഭാഷയിൽ പറഞ്ഞാൽ, ഇപ്പോൾ ആലപ്പുഴയിൽനിന്നും ആ കനൽ

ആലത്തൂർ എത്തി. പക്ഷേ, തൃശ്ശൂർ അങ്ങ് പോയി. തൃശ്ശൂരിൽ വോട്ട് കുറഞ്ഞത് യു.ഡി.എഫ്.-ന് ആണ്. അതിന്റെ തമ്മിൽത്തല്ല് അവിടെ നടക്കുകയാണ്. അവിടത്തെ യൂത്ത് കോൺഗ്രസുകാർ പരസ്യമായി പറയുന്നു, 'കാല് വാരിയതാണ്, വോട്ട് വിറ്റതാണ്' എന്ന്. അതിന്റെ പേരിൽ ഡി.സി.സി. ആഫീസിൽ കൂട്ടയടി ഡി.സി.സി. പ്രസിഡന്റ് രാജിവയ്ക്കുന്നു, പോസ്റ്റർ വയ്ക്കുന്നു. പക്ഷെ നമ്മുടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പ്രതികരണമെന്താണ്? അവിടെ എൽ.ഡി.എഫ്.-ഉം ബി.ജെ.പി.-യും തമ്മിലാണ് അന്തർധാരയെന്ന്. എന്തൊരു കഷ്ടമാണിത്. സ്വന്തം കാലിനടിയിലെ മണ്ണ് ഒലിച്ചുപോകുന്നതിന് മറ്റുള്ളവന്റെ നെഞ്ചത്ത് കയറുകയാണ്. 2019-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ 18 നിയമസഭാ സീറ്റിലും നിങ്ങൾക്ക് 122 സീറ്റിലും മുൻതൂക്കമുണ്ടായിരുന്നു. പക്ഷേ 2021-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-ന് വെറും 41 സീറ്റുകൾ മാത്രമേ നേടാനായുള്ളൂ എന്നത് ഓർക്കുന്നത് നന്ന്. ഞങ്ങൾ പരാജയം അംഗീകരിക്കുന്നു. ഞങ്ങൾക്ക് പോരായ്മകളുണ്ടായിട്ടുണ്ടെങ്കിൽ അത് ഞങ്ങൾ തിരുത്തും. അത് ജനങ്ങളെ ബോധ്യപ്പെടുത്തും. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നതൊരു യാഥാർത്ഥ്യമാണ്. ആ

തെറ്റിദ്ധാരണ മാറ്റിയെടുത്തുകൊണ്ട് കൂടുതൽ കരുത്തോടുകൂടിത്തന്നെ ഈ ഗവൺമെന്റ് മുന്നോട്ടുപോകും. അക്കാര്യത്തിൽ നിങ്ങൾ വിഷമിക്കണ്ട. നിങ്ങൾക്ക് എപ്പോഴും അവിടെത്തന്നെ ഇരിക്കാം. അതുറപ്പാണ്. ഈ ഗവൺമെന്റ് ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. ലോക്സഭാ തെരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് ദേശീയ പാർട്ടി പദവി നൽകിയത് ശ്രീ. രാഹുൽ ഗാന്ധിയുടെ ദയ കൊണ്ടാണെന്നാണോ; കോൺഗ്രസ് 2004-ൽ അസ്തമിക്കേണ്ടതാണ്. 2004-ൽ ഓക്സിജൻ തേടി സഖാവ് ഹർകിഷൻസിംഗ് സുർജിത്തിന്റെ വസതിയിലേയ്ക്കെത്തിയത് ശ്രീമതി സോണിയാ ഗാന്ധിയാണെന്നത് മറക്കണ്ട. ബി.ജെ.പി. ഗവൺമെന്റ് രൂപീകരണവുമായി മുന്നോട്ടുപോയപ്പോൾ അതിനെ മറികടക്കുന്നതിനായി 63 അംഗങ്ങളുള്ള ഇടതുപക്ഷം, സഖാവ് ഹർകിഷൻസിംഗ് സുർജിത് കോൺഗ്രസിന് പിന്തുണ നൽകിയതുകൊണ്ടാണ് അന്ന് ജീവൻ ലഭിച്ചത്. അത് മറന്നുപോകരുതെന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ ചർച്ചയ്ക്ക് തുടക്കം കുറിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. കടകംപള്ളി സുരേന്ദ്രൻ പറഞ്ഞത്, മുമ്പ് പോലീസിലെ 'സെൽ' ഭരണം എന്ന് പറഞ്ഞ് ആക്ഷേപിച്ചിരുന്നു. ഇപ്പോൾ ആ ആക്ഷേപം കേൾക്കുന്നില്ല. എന്നാണ്. അടുത്തകാലത്തുവന്ന നയവ്യതിയാനമാണത്. 'സെൽ' ഭരണത്തിൽനിന്നും 'ഗുണ്ടാ' ഭരണത്തിലേയ്ക്ക് കേരള പോലീസ് ഇപ്പോൾ മാറിയിരിക്കുകയാണ്. ഇത് ഞാൻ പറയുന്നതല്ല. പോലീസുകാരുടെ ഗുണ്ടാ ബന്ധം സംബന്ധിച്ച് 09-02-2023-ൽ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2037, ശ്രീമതി കെ. കെ. രമയുടെ ചോദ്യമാണ്. ഒന്ന്, 2016-ൽ സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാനത്ത് ഗുണ്ടാ ബന്ധമുള്ളതായി കണ്ടെത്തിയിട്ടുള്ള പോലീസുകാരുടെ എണ്ണം എത്ര? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി, 'പോലീസ് ഉദ്യോഗസ്ഥരിൽ നിലവിൽ ഗുണ്ടാ ബന്ധമുണ്ടെന്ന് വ്യക്തമായ 8 പേരാണുള്ളത്' എന്നാണ്. ഇത് 09-02-2023-ലെ കണക്കാണ്. ഒരുവർഷത്തിനുശേഷം ഇതിൽ എത്ര വർദ്ധനയുണ്ടായിട്ടുണ്ടെന്ന് പരിശോധിക്കണം. എന്നാലും

മെച്ചപ്പെട്ടുകാണുമെന്നാണ് കരുതുന്നത്. അത് പ്രോഗ്രസീവ് റിപ്പോർട്ടിൽ കാണേണ്ടതാണ്. രണ്ട്, ഈ കാലയളവിൽ പോലീസുകാരുടെ ഗുണ്ടാ ബന്ധം സംബന്ധിച്ച് ആകെ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത്? തെറ്റുചെയ്യുന്ന പോലീസുകാർക്കെതിരെ നടപടിയെടുക്കുമെന്നാണ് ഇവിടെ പറഞ്ഞത്. എന്നാൽ മറുപടി, 'പരിശോധനയിൽ പോലീസുകാരുടെ ഗുണ്ടാ ബന്ധം വ്യക്തമാക്കുന്ന ഒരു പരാതി സംസ്ഥാന പോലീസ് മേധാവിക്ക് ലഭിച്ചതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത പരാതിയിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥരുൾപ്പെടെ 8 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട് ' എന്നാണ്. വകുപ്പുതല അച്ചടക്ക നടപടി എന്താണെന്ന് മുൻ ആഭ്യന്തരമന്ത്രിയായിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെയുള്ളവർക്ക് അറിയാവുന്ന കാര്യമാണ്. ഇത്തരം ഗുണ്ടകളെ നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള ഒരു നടപടിയും ഉണ്ടാകുന്നില്ലെന്ന് മാത്രമല്ല, പോലീസുകാർക്ക് ചങ്ങാത്തം ഇപ്പോൾ ഗുണ്ടകളുമായിട്ടാണ്. കേരള പോലീസിന് വലിയ അംഗീകാരവും ബഹുമതിയുമുള്ള ഒരു കാലം ഉണ്ടായിരുന്നു. കേരള പോലീസ് ഇന്ത്യയിലെ പോലീസ് സേനയ്ക്ക് അഭിമാനമായിരുന്നു. അന്ന്

പോലീസ് ഉദ്യോഗസ്ഥർക്ക് സ്വതന്ത്രമായും നിഷ്പക്ഷമായും പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നു. ഇന്ന് അതുണ്ടോ? ഇവിടെ ക്രമസമാധാനത്തെക്കുറിച്ചൊക്കെ പറയുകയുണ്ടായി. എൽ.ഡി.എഫ്. ഭരണത്തിൽ എത്ര പോലീസ് ഉദ്യോഗസ്ഥരാണ് ആത്മഹത്യ ചെയ്തത്? പോലീസ് ഉദ്യോഗസ്ഥരുടെ ആത്മഹത്യയുടെ എണ്ണം കൂടിവരികയാണ്. മാന്യമായി ജോലി ചെയ്യാൻ ആഗ്രഹിക്കുന്ന പോലീസ് ഉദ്യോഗസ്ഥർ പോലീസ് സേനയിൽനിന്ന് ഒഴിഞ്ഞുപോകുകയാണ്. ഈയടുത്ത സമയത്ത് കോഴിക്കോട് ജില്ലയിൽ ഒരു ഹവീൽദാറിന് എസ്.ഐ.-യായി പ്രൊമോഷൻ ലഭിച്ചു. ഇപ്പോൾ അദ്ദേഹം എസ്.ഐ. പോസ്റ്റ് വേണ്ടെന്നുവച്ച് പഴയ ഹവീൽദാർ പോസ്റ്റിലേയ്ക്ക് തിരികെ പോകുകയാണ്. അതാണ് പോലീസിലെ സ്ഥിതി. മാന്യന്മാർക്ക് ജോലി ചെയ്യാൻ സാധിക്കാത്തവിധത്തിൽ നമ്മുടെ പോലീസ് സേന മാറിക്കൊണ്ടിരിക്കുകയാണ്. ഗുണ്ടേ നേതാക്കന്മാരുടെ വീട്ടിലൊരുക്കുന്ന വിരുന്നിൽ പങ്കെടുക്കുന്നത് ആരാണ്? പോലീസ്, ഗുണ്ടകളെ പിടികൂടുന്നതിന്റെ ഭാഗമായിട്ടാണ് 'ഓപ്പറേഷൻ ആഗ് ഡി ഹണ്ട്' എന്ന പരിശോധന സംവിധാനത്തിന് രൂപം നൽകി. 'ഓപ്പറേഷൻ ആഗ് ഡി ഹണ്ട്'-

ന്റെ ഭാഗമായി ഗുണ്ടാത്തലവന്റെ വീട്ടിൽ പരിശോധനയ്ക്കെത്തിയ സാധാരണ പോലീസുകാർ കണ്ടത് DySP ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥർ ഗുണ്ടാത്തലവനോടൊപ്പം വിരുന്നിൽ പങ്കെടുക്കുന്നതാണ്. അത് ഒറ്റപ്പെട്ട സംഭവമല്ല. അങ്കമാലിയിൽ ഈ സംഭവം നടന്നത് അടുത്ത സമയത്താണെങ്കിലും തിരുവനന്തപുരത്ത് നേരത്തെ സമാനമായ സംഭവമുണ്ടായിട്ടുണ്ട്. ഗുണ്ടാത്തലവന്മാർക്കൊപ്പം പോലീസ് വിരുന്ന് സൽക്കാരത്തിൽ പങ്കെടുത്തത് അങ്ങാടിപ്പാട്ടാണ്. പോലീസ് സ്റ്റേഷനിൽ പരാതി നൽകിയാൽ എന്തിനെങ്കിലും പരിഹാരമുണ്ടാകുന്നുണ്ടോ? പട്ടാപ്പകൽ കൊള്ള നടക്കുകയാണ്. എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട മഞ്ചേശ്വരം എം.എൽ.എ. ശ്രീ. എ. കെ. എം. അഷ്റഫ് ഇവിടെയുണ്ട്. അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ ഉപ്പളയിൽ ബാങ്കിന്റെ എ.ടി.എം.-ൽ നിന്ന് പട്ടാപ്പകലാണ് 50 ലക്ഷം രൂപ തട്ടിയെടുത്തത്. വെറുതെ പറയുകയല്ല, നിങ്ങൾ പരിശോധിക്കണം. വളരെ ഉത്തരവാദിത്വബോധത്തോടുകൂടിയാണ് ഞാൻ പറയുന്നത്. വളാഞ്ചേരിയിൽ പോലീസ് എന്താണ് ചെയ്തതെന്ന് അറിയുമോ? സ്ഫോടക വസ്തു പിടിച്ചെടുത്ത കേസിലുൾപ്പെടുത്തുമെന്ന് ഭീഷണിപ്പെടുത്തിയാണ്

22 ലക്ഷം രൂപ സി.ഐ.-യും എസ്.ഐ.-യും ചേർന്ന് തട്ടിയെടുത്തത്. ഈ പോലീസിനെക്കുറിച്ചാണ് മേന്മ പറഞ്ഞു കൊണ്ടിരിക്കുന്നത്. കോഴിക്കോട് പന്തീരാങ്കാവിൽ ഒരു സ്ത്രീപീഡനക്കേസിൽ പ്രതിക്ക് രക്ഷപെടാൻ സൗകര്യമൊരുക്കിയത് പോലീസ് ഉദ്യോഗസ്ഥരാണ്. ഇങ്ങനെ പോലീസിനെതിരെ എന്ത് ആരോപണം ഉയർന്നാലും അതിനെതിരെ നടപടിയെടുത്താൽ പോലീസിന്റെ ആത്മവീര്യം നഷ്ടപ്പെടുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതി യു.ഡി.എഫ്.-ന്റെ കാലത്ത് പോലീസിനെ വിമർശിച്ച കാര്യമൊക്കെ നിങ്ങൾ പറഞ്ഞല്ലോ; ഈയടുത്ത സമയത്ത് ബഹുമാനപ്പെട്ട ഹൈക്കോടതി നടത്തിയ ഒരു പരാമർശമുണ്ട്. 'എന്ത് തോന്നിവാസം കാണിച്ചാലും ആത്മവീര്യം തകരുമെന്ന് പറഞ്ഞ് കൂടെ നിർത്തണമെന്നാണോ പറയുന്നത് . ചെയ്ത തെറ്റിന് നടപടി സ്വീകരിച്ചാൽ എങ്ങനെയാണ് ആത്മവീര്യം നഷ്ടപ്പെടുന്നതെന്ന ജസ്റ്റീസ് ദേവൻ രാമചന്ദ്രന്റെ പരാമർശം എൽ.ഡി.എഫ്.-ന്റെ പോലീസ് നയത്തിനെതിരെയേറ്റ കനത്ത പ്രഹരമാണ്. 'വേലി തന്നെ വിളവ് തിന്നുന്നു' എന്ന പ്രയോഗം ആരോ മുമ്പെങ്ങോ ഉണ്ടാക്കിയത്

എൽ.ഡി.എഫ്.-ന്റെ പോലീസിനെ കണ്ടിട്ടാണോ എന്നാണ് ഇപ്പോൾ സംശയം. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കുകയാണ് പോലീസ് സേനയുടെയും ഗവൺമെന്റിന്റെയും പ്രഥമവും പ്രധാനവുമായ ഉത്തരവാദിത്വം. ആ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ ഈ ഗവൺമെന്റ് സമ്പൂർണ്ണ പരാജയമാണ്. ആ ഉത്തരവാദിത്വത്തിൽ പരാജയപ്പെടുകയും ജനകീയ പ്രശ്നങ്ങളിൽനിന്ന് ഒളിച്ചോടുകയും ചെയ്തതിന്റെ ഫലമായിട്ടാണ് ഈ തെരഞ്ഞെടുപ്പിൽ അതിദയനീയ പരാജയം എൽ.ഡി.എഫ്.-നുണ്ടായത്. എന്തൊക്കെയാണ് പറഞ്ഞത്. 'ഇടതില്ലെങ്കിൽ ഇന്ത്യയില്ല', ഹോ! എന്തുജാതി മുദ്രാവാക്യമാണ്. എവിടെയാണ് ഇടതുള്ളത്? ഇവിടെയിരിക്കുന്ന 18 മന്ത്രിമാരുടെ നിയോജകമണ്ഡലങ്ങളിലും ഇടതില്ല. അവിടെ അവർ പുറകിൽ പോയില്ലേ. ആകെ ഇപ്പോൾ നാല് സീറ്റാണുള്ളത്. നേരത്തെ ഇവിടെ ഡോ. മാത്യു കുഴൽനാടൻ പറഞ്ഞല്ലോ; ആ നാല് സീറ്റിൽ യഥാർത്ഥ ഇടത് എന്നുപറയുന്നത് ആലത്തൂരിലെ കനൽത്തരി ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണനാണ്. പിന്നെ രണ്ട് സീറ്റ് ലഭിച്ചത് തമിഴ്നാട്ടിലാണ്. തമിഴ്നാട്ടിൽ സി.പി.എം. സ്ഥാനാർത്ഥിയുടെ വാൾപോസ്റ്ററിനുമുകളിൽ ഞങ്ങൾ കണ്ടത്

അവിടത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. എം. കെ. സ്റ്റാലിന്റെയും ശ്രീ. രാഹുൽ ഗാന്ധിയുടെയും ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിന്റെ പ്രസിഡന്റ് പ്രൊഫ. ഖാദർ മൊയ്തീൻ സാഹിബിന്റെയും ഫോട്ടോകളാണ്. ഞങ്ങളുടെ നേതാക്കന്മാരുടെ ഫോട്ടോ വച്ചാണ് അരിവാൾ ചുറ്റികയ്ക്ക് വോട്ട് പിടിച്ച് രണ്ട് എം.പി.-മാർ തമിഴ്നാട്ടിൽനിന്ന് പോയത്. ഒരു എം.പി. രാജസ്ഥാനിൽനിന്ന് പോയതിന്റെ കാര്യം ഇവിടെ നേരത്തെ പറഞ്ഞല്ലോ? രാജസ്ഥാനിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പിന്തുണയോടുകൂടി ഇന്ത്യാ മുന്നണിയുടെ ഭാഗമായാണ് ജയിച്ചത്. ഇടതില്ലെങ്കിൽ ഇന്ത്യ ഇല്ലെന്ന് നിങ്ങൾ പറഞ്ഞല്ലോ; യഥാർത്ഥത്തിൽ നിങ്ങൾക്ക് ആകെ ഒരു സീറ്റേയുള്ളൂ. ലോക്സഭയിൽ പ്രതിപക്ഷ നേതാവിന്റെ കസേരയിൽ സഖാവ് എ.കെ.ജി. ഇരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. അവിടെ നിന്നാണ് നിങ്ങൾ നാല് സീറ്റിലേയ്ക്ക് ചുരുങ്ങിയതെന്ന കാര്യം ഓർക്കണം. മുസ്ലീംലീഗ് പാർട്ടിയെ സംബന്ധിച്ചിടത്തോളം ഈ തിരഞ്ഞെടുപ്പിൽ വലിയ വിജയമുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ അതിൽ ഞങ്ങൾ മതിമറന്ന് ആഹ്ലാദിക്കുന്നില്ല. ഞങ്ങൾക്ക് നല്ല പാരമ്പര്യമില്ലേ? റെക്കോർഡ്

ഭൂരിപക്ഷത്തിലാണ് ഞങ്ങളുടെ സ്ഥാനാർത്ഥികൾ വിജയിച്ചത്. മലപ്പുറം, മഞ്ചേരി പാർലമെന്റ് മണ്ഡലങ്ങൾ ഉണ്ടായതിനുശേഷം ഇതുവരെ ലഭിക്കാത്ത ഭൂരിപക്ഷത്തിലാണ് സ്ഥാനാർത്ഥികൾ വിജയിച്ചത്. മൂന്ന് ലക്ഷത്തിൽപ്പരം വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് മലപ്പുറത്തുനിന്ന് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ തെരഞ്ഞെടുക്കപ്പെട്ടത്. പൊന്നാനിയിൽനിന്ന് രണ്ടരലക്ഷത്തിലധികം വരുന്ന വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് പ്രിയപ്പെട്ട അബ്ദുസമദ് സമദാനി തിരഞ്ഞെടുക്കപ്പെട്ടത്. തമിഴ്നാട്ടിൽ മത്സരിച്ചത് രാമനാഥപുരം എന്ന മണ്ഡലത്തിലാണ്. ശ്രീരാമന്റെ പേരിൽ അറിയപ്പെടുന്ന മണ്ഡലത്തിലാണ് ഞങ്ങളുടെ പ്രിയങ്കരനായ സ്ഥാനാർത്ഥി മത്സരിച്ചത്. അവിടെ ശ്രീ. നരേന്ദ്രമോദി വന്ന് പ്രചരണം നടത്തിയിട്ടും 166000 വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് രാമനാഥപുരത്തുനിന്ന് ഞങ്ങളുടെ സ്ഥാനാർത്ഥി ശ്രീ. നവാസ് കനി തെരഞ്ഞെടുക്കപ്പെട്ടത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്..... കൺക്ലൂഡ്.

ശ്രീ. പി. ഉബൈദുള്ള: സർ, വടകരയുടെ കാര്യമൊക്കെ പറഞ്ഞു. വടകരയിൽ വർഗ്ഗീയ പ്രചരണം നടത്തിയതാരാണ്? ഇവിടെ ബഹുമാന്യയായ

കെ. കെ. രമ ഇരിക്കുന്നുണ്ട്. ഇലക്ഷനുശേഷം അവരുടെ ഒരു ഫെയ്സ്ബുക്ക് പോസ്റ്റ് എല്ലാവരുടെയും കണ്ണ് നിറയ്ക്കുന്നതായിരുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്..... കൺക്ലൂഡ്.

ശ്രീ. പി. ഉബൈദുള്ള: സർ, ഒരു കാര്യം പറയട്ടെ. അവിടെ 'കാഫിർ' പ്രയോഗം നടത്തി വർഗ്ഗീയ ധ്രുവീകരണമുണ്ടാക്കാൻ ശ്രമിച്ചത് ആരാണ്? പോലീസിനെ മേനിപറയുന്ന ആളുകൾ അത് കണ്ടെത്താൻ തയ്യാറാകണം. സഖാവ് ചന്ദ്രശേഖരനെ വെട്ടിക്കൊലപ്പെടുത്താൻ പോയപ്പോൾ ക്വട്ടേഷൻ സംഘം സഞ്ചരിച്ച വാഹനത്തിന് മുകളിൽ 'മാഷാ അള്ളാ' എന്ന സ്റ്റിക്കർ ഒട്ടിച്ച് വർഗ്ഗീയത ഉണ്ടാക്കാൻ ശ്രമിച്ച ആളുകൾ ഈ തെരഞ്ഞെടുപ്പിലും വർഗ്ഗീയ ധ്രുവീകരണമുണ്ടാക്കാൻ ശ്രമിച്ചു. ...... (മൈക്ക് ഓഫ്)....

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. പോലീസ് സേനയെ കാലോചിതമായി പരിഷ്കരിച്ച് ശാസ്ത്രീയമായി കുറ്റവാളികളെ കണ്ടെത്തുന്നതിനുള്ള ആധുനിക സംവിധാനങ്ങളെല്ലാം ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. വർഗ്ഗീയ സംഘർഷങ്ങളില്ലാതെ സമാധാനപരമായ ജീവിതം ഉറപ്പാക്കിയ ഒരു

കാലഘട്ടത്തിലൂടെയാണ് കേരളം കടന്നുപോകുന്നത്. എവിടെയെല്ലാം വർഗ്ഗീയ ശക്തികൾ തല പൊക്കാൻ ശ്രമിക്കുന്നുണ്ടോ അവിടെയൊക്കെ അതിനെ അമർച്ചചെയ്യാനുള്ള സമീപനമാണ് കേരളത്തിലെ പോലീസ് സേന സ്വീകരിക്കുന്നത്. ആളുകൾ തെരഞ്ഞെടുപ്പിന്റെയൊക്കെ കാര്യങ്ങൾ പറയുമ്പോൾ അവിടെ വർഗ്ഗീയത, ഇവിടെ വർഗ്ഗീയത എന്നൊക്കെ പറഞ്ഞ് വലിയ പ്രചരണം നടത്തുകയാണ്. അതിലൊന്നും വലിയ കാര്യമില്ലെന്നാണ് എനിക്ക് തോന്നുന്നത്. ജയിലുകളിലുണ്ടായ മാറ്റങ്ങളെക്കുറിച്ച് ദീർഘമായി പറയേണ്ട കാര്യമില്ല. കാരാഗൃഹവാസമെന്ന പഴയ സങ്കൽപ്പവും അവസ്ഥയും ഏറെ മാറിയിരിക്കുന്നു. കുറ്റകൃത്യങ്ങളിൽപ്പെട്ടവരെ കറക്ട് ചെയ്യാനാവശ്യമായ സമീപനമാണ് ജയിലുകളിൽ സ്വീകരിച്ചുവരുന്നത്. അതോടൊപ്പം അവരുടെ കഴിവുകളിലെ വൈദഗ്ദ്ധ്യം തിരിച്ചറിഞ്ഞ് അവർക്ക് പ്രവർത്തിക്കാനുള്ള സംവിധാനങ്ങളും അവിടെ ചെയ്യുന്നുണ്ട്. ഒരേസമയം അവരെ മാനസികമായി മാറ്റിക്കൊണ്ടുവരാനുള്ള ശ്രമത്തോടൊപ്പം അവർക്ക് സാമ്പത്തിക നേട്ടവും ലഭ്യമാക്കുന്നു. സംസ്ഥാനത്തിന് സാമ്പത്തിക അഭിവൃദ്ധി, ജയിലിൽ സമാധാനപരമായ അന്തരീക്ഷം ഇവയ്ക്കെല്ലാം ഒരു പരിധിവരെ ഇത്

സഹായകരമായിട്ടുണ്ട്. ജയിലുകളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പരിഷ്കാരങ്ങളെക്കുറിച്ച് ഇവിടെ ഒരുപാട് പേർ സംസാരിച്ചുകഴിഞ്ഞു. വിവിധങ്ങളായ പരിപാടികളാണ് ആവിഷ്കരിച്ചിരിക്കുന്നത് എന്നത് എടുത്തുപറയേണ്ട കാര്യമാണ്. തടി കൊണ്ടുള്ള നിർമ്മാണപ്രവർത്തനങ്ങൾ, നെയ്ത്തുജോലികൾ, പുതിയ ബ്രാൻഡ് ഷർട്ടുകൾ, ഭക്ഷണ സാധനങ്ങൾ എന്നിവ ചെയ്തുവരുന്നു. ഉല്പന്നങ്ങൾ പുറത്തേയ്ക്ക് കൊടുക്കുന്നുമുണ്ട്. അതെല്ലാം വിപണിയിൽ പ്രിയങ്കരങ്ങളായ വസ്തുക്കളായി മാറിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് പോലീസിന്റേയും ജയിലിന്റേയും ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട വിഷയത്തിൽ ഇത് പാസ്സാക്കിക്കൊടുക്കുകയെന്ന ഉത്തരവാദിത്വം എല്ലാവർക്കുമുള്ളതാണെന്ന് ഞാൻ സൂചിപ്പിക്കുന്നു.

സൈബർ കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ ലോകത്താകെയും രാജ്യത്താകെയും പ്രശ്നമുണ്ട്. രാജ്യത്തിന് പുറത്തുള്ളവർ നമ്മുടെ രാജ്യത്തിന് അകത്തേയ്ക്ക് ഒട്ടേറെ സൈബർ കുറ്റകൃത്യങ്ങൾ നടത്തുന്നുണ്ട്. അതിന്റെ തെളിവുകളും കണ്ടെത്തിയിട്ടുണ്ട്. ഏറ്റവും ആധുനിക സംവിധാനത്തോടുകൂടി പ്രത്യേക സൈബർ ഡിവിഷൻ രൂപീകരിച്ചാണ് കേരളാ പോലീസ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം പ്രശ്നങ്ങളെ വലിയൊരളവിൽ തടയിടാൻ ഇതിന്റെ ഭാഗമായി സാധിച്ചിട്ടുണ്ട്.

ഏതെങ്കിലും സാഹചര്യങ്ങളിൽ കാണാതാകുന്ന ആളുകളെ കണ്ടെത്തുന്നതിന് പോലീസ് വളരെ ജാഗ്രതയോടുകൂടിയ സമീപനമാണ് സ്വീകരിക്കുന്നത്. കേരളത്തിലെ കണക്കുകൾ പരിശോധിച്ചാൽ ഇത് നമുക്ക് മനസ്സിലാക്കാൻ കഴിയും. അങ്ങിങ്ങായി ചിലപ്പോൾ പിടികിട്ടാതിരിക്കുന്നതും അല്ലെങ്കിൽ ഇപ്പോഴും കാണാമറയത്ത് നിൽക്കുന്നതുമായ ആളുകളുണ്ടാകാം. ഇല്ലെന്ന് പറയുന്നില്ല. പൗരസമൂഹത്തിന്റെ ഉയർന്ന സാമൂഹ്യബോധത്തെ കണക്കിലെടുത്ത് സമൂഹത്തോട് എങ്ങനെയാണ് പെരുമാറേണ്ടതെന്ന് മനസ്സിലാക്കി പോലീസ് സേന വളരെ വലിയ ഉത്തരവാദിത്വബോധത്തോടെ കാര്യങ്ങൾ നോക്കുന്നുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ, അങ്ങിങ്ങായി ചില അപശബ്ദങ്ങൾ ഉണ്ടാകുന്നുണ്ട്. കുറ്റകൃത്യങ്ങൾ ചെയ്യുന്ന അപൂർവ്വം ചില പോലീസ് ഉദ്യോഗസ്ഥരെയും കാണാൻ കഴിയും. ഗുണ്ടകൾ വിളിച്ചാൽ അവരുടെ വിരുന്ന് സൽക്കാരത്തിൽ പങ്കെടുക്കുന്ന അപൂർവ്വത്തിൽ അപൂർവ്വമായ ആളുകളുണ്ടാകും. അത്തരം വ്യക്തികളെ യഥാസമയം കണ്ടെത്തി ക്രിമിനലുകൾ എന്ന രീതിയിൽ ശിക്ഷാനടപടികൾ പോലീസ് സേനയിൽ സ്വീകരിക്കുകയും ചെയ്ത കാര്യങ്ങൾ ഈ സർക്കാരിന്റെ കാലത്തുണ്ടായിട്ടുണ്ട്. അത്തരം ആളുകളെ കണ്ടെത്താനും അവരെ കറക്ട്

ചെയ്യാനുള്ള ശ്രമങ്ങളെല്ലാം പരാജയപ്പെട്ടാൽ അവരെ സർവ്വീസിൽ നിന്ന് പിരിച്ചുവിടുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാനും നമുക്ക് കഴിയും. സംസ്ഥാന വിജിലൻസ് വിഭാഗം ഒരുപാട് കാര്യങ്ങൾ നിർവ്വഹിക്കുന്നുണ്ട്. ഉദ്യോഗസ്ഥതലത്തിൽ നടക്കുന്ന അഴിമതിയിൽ കുറ്റക്കാരായ ആളുകളെ കണ്ടെത്തുന്നതിൽ ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച നടപടികളും എത്ര കേസുകളാണ് കണ്ടെത്തിയതെന്നും ഏതുരീതിയിലുള്ള ശിക്ഷാ നടപടികളാണ് സ്വീകരിച്ചതെന്നും കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയും. വളരെ മെച്ചപ്പെട്ട രീതിയിൽ ഇന്ന് കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു വിഭാഗമാണ് പോലീസ് സേന എന്നതാണ് വസ്തുത. കേസുകൾ അന്വേഷിച്ച് കുറ്റപത്രം സമർപ്പിക്കുന്നതിൽ കേരളം മുന്നിലാണെന്ന് NCRB (National Crime Records Bureau) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇന്ത്യൻ ശിക്ഷാ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിൽ 96 ശതമാനവും സംസ്ഥാനത്തിന്റെ പ്രത്യേക നിയമങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്ത 99 ശതമാനം കേസുകൾക്കും കുറ്റപത്രം സമർപ്പിച്ചതായാണ് റിപ്പോർട്ട്. സമയബന്ധിതമായി ഇക്കാര്യങ്ങൾ നിർവ്വഹിച്ചിട്ടുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. NCRB, മെട്രോപൊളിറ്റൻ നഗരങ്ങളുടെ പട്ടികയിൽ

ഉൾപ്പെടുത്തിയിട്ടുള്ള 19 നഗരങ്ങളിൽ കുറ്റപത്രം സമർപ്പിക്കുന്നതിൽ കൊച്ചിയും കോഴിക്കോടുമാണ് മുൻപന്തിയിലുള്ളത്. യഥാസമയം കുറ്റക്കാരെ കണ്ടെത്താനും ശിക്ഷാനടപടികൾ സ്വീകരിക്കാനും ആവശ്യമായ നിലപാട് സ്വീകരിച്ചുവരുന്നു എന്നതും എടുത്തുപറയേണ്ട കാര്യമാണ്. ഇത്തരം കുറ്റപത്രങ്ങൾ സമർപ്പിച്ചാൽ ശിക്ഷിക്കപ്പെടുന്നവരുടെ എണ്ണത്തിൽ വ്യത്യാസമുണ്ടാകും. എന്നാൽ ശിക്ഷിക്കപ്പെടുന്നവരുടെ എണ്ണത്തിലും കേരളം വളരെ മുന്നിലാണെന്നത് മറ്റൊരു വസ്തുതയാണ്. സംസ്ഥാന പോലീസ് സേനയെ രാജ്യത്തെ ഏറ്റവും മികച്ച ക്രമസമാധാനപാലന സേനയാക്കി മാറ്റാൻ ഏറെ നടപടികൾ ഈ കാലഘട്ടത്തിൽ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രീകൃത കൺട്രോൾ റൂം, പോലീസ് സ്റ്റേഷനിൽ ഹാജരാകാതെ തന്നെ പരാതി സമർപ്പിക്കുന്നതിനുള്ള പോർട്ടൽ, ജനമൈത്രി പോലീസ് സ്റ്റേഷൻ, ശിശു സൗഹൃദ പോലീസ് സ്റ്റേഷൻ, സ്മാർട്ട് പോലീസ് സ്റ്റേഷൻ, വനിതാ പോലീസ് സ്റ്റേഷനുകൾ, സോഷ്യൽ പോലീസിംഗ്, ഡിജിറ്റൽ ഡീ-അഡിക്ഷൻ സെന്ററുകൾ, പ്രത്യേകിച്ച് വിദ്യാർത്ഥികൾ, ചെറുപ്പക്കാർ, കുട്ടികൾ ഉൾപ്പെടെയുള്ളവർ മൊബൈലിനും മറ്റ് ആധുനിക സാങ്കേതിക സംവിധാനങ്ങൾക്കും അഡിക്ടായി മാറുന്നതിൽ നിന്ന് അവരെ

പിന്തിരിപ്പിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ, മയക്കുമരുന്ന് വിപത്തിന് എതിരെയുള്ള നടപടികൾ, പോലീസ് ടെലികമ്മ്യൂണിക്കേഷൻ സിസ്റ്റത്തിൽ വരുത്തിയിട്ടുള്ള ആധുനിക സംവിധാനത്തോടുകൂടിയുള്ള കമ്മ്യൂണിക്കേഷൻ സിസ്റ്റം, Drone Forensic Lab, Integrated Core Policing System (iCoPS) എന്നിവയെല്ലാം ഇപ്പോൾ കേരളത്തിൽ നടപ്പാക്കുന്നു. ക്രമസമാധാന പാലനത്തിനും സമാധാനപരമായ ജീവിതത്തിനും വലിയ മുൻഗണന നൽകിക്കൊണ്ടുള്ള പ്രവർത്തനമാണ് സർക്കാർ നടത്തുന്നത്. ഇതിന്റെ ഫലമായി ഗുണ്ടകളെയും സാമൂഹ്യവിരുദ്ധരെയും അമർച്ച ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഗുണ്ടകൾ ഇപ്പോഴും പലയിടങ്ങളിലും ഭീഷണി ഉയർത്തുന്നു എന്ന വസ്തുത കണ്ടറിഞ്ഞ് അതീവ ഗൗരവമായ ഇടപെടൽ പോലീസ് സേനയുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതുണ്ടെന്നും ഈ സന്ദർഭത്തിൽ ഞാൻ സൂചിപ്പിക്കുന്നു. Fire and Rescue വിഭാഗത്തേയും കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. വനിതകൾ ഉൾപ്പെടെയുള്ള കൂടുതൽ ജീവനക്കാരെ നിയോഗിക്കാനുള്ള സംവിധാനം സ്വീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ നിലവിലെ സ്ഥിതി നോക്കുമ്പോൾ പോലീസ്, ജയിൽ, ഫയർഫോഴ്സ് തുടങ്ങിയവയുടെ പ്രവർത്തനം കുറച്ചുകൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്.

ഇതുസംബന്ധിച്ചുള്ള പ്രധാനവിഷയങ്ങൾ ചർച്ച ചെയ്യുന്നതിനുപകരം, തെരഞ്ഞെടുപ്പ് കഴിഞ്ഞ സാഹചര്യത്തിൽ ജയപരാജയങ്ങൾ സംബന്ധിച്ച് പരസ്പരം മത്സരിക്കുന്ന വിധത്തിലുള്ള പ്രസംഗങ്ങളാണ് നടന്നത്. ഈ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. ജയിച്ചു എന്നത് നേരാണ്. അവർ ഇതിനുമുമ്പ് പരാജയപ്പെട്ടിട്ടുമുണ്ട്. അതുകൊണ്ടാണ് ഇവിടെ അവർ പ്രതിപക്ഷത്തും നമ്മൾ ഭരണപക്ഷത്തും ഇരിക്കുന്നത്. ഇനി വരാനിരിക്കുന്ന തെരഞ്ഞെടുപ്പിൽ ജയപരാജയങ്ങളെ സംബന്ധിച്ച് ജനങ്ങളാണ് വിധി എഴുതുന്നതെന്ന് മാത്രം മനസ്സിലാക്കിയാൽ മതിയാകും. ദേശീയ അടിസ്ഥാനത്തിൽ ഇന്ത്യാ മുന്നണി താൽക്കാലികമായി നേരിയ മുൻതൂക്കം നേടിയിട്ടുണ്ട്. നേരത്തെ കർണ്ണാടക, ഹിമാചൽപ്രദേശ് എന്നിവിടങ്ങളിൽ കോൺഗ്രസ് വിജയിച്ചിരുന്നു. ഇപ്പോഴത്തെ ലോക്സഭാ തെരഞ്ഞെടുപ്പിലെ സമീപനംപോലെ, സാധ്യതയുള്ളവരെയും കഴിവുള്ളവരെയും കൂട്ടിയോജിപ്പിക്കേണ്ടവരെയും ഒന്നിച്ചുനിർത്തി തെരഞ്ഞെടുപ്പിനെ നേരിട്ടിരുന്നെങ്കിൽ രാജസ്ഥാൻ, മധ്യപ്രദേശ്, ഛത്തീസ്ഗഡ് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ഇവർക്ക് നഷ്ടപ്പെടില്ലായിരുന്നു. മാത്രമല്ല ദേശീയ രാഷ്ട്രീയത്തിൽ പുതിയൊരു മുഖമുണ്ടാക്കാൻ അന്ന് കോൺഗ്രസിന്റെ വിജയം വഴിവയ്ക്കും.

ചിലതെല്ലാം അശ്രദ്ധമായ പ്രവർത്തനത്തിന്റെ ഫലമാണെന്ന തിരിച്ചറിവുണ്ടാകണം. അതുപോലെ ഇപ്പോൾ നേടിയിട്ടുള്ള മാറ്റങ്ങൾ നിലനിർത്തിക്കൊണ്ട് മുന്നോട്ടുപോകണമെങ്കിൽ കടന്നാക്രമണങ്ങളെല്ലാം ഒഴിവാക്കണം. ഇന്ത്യയിൽ ഇടതുപക്ഷ/കമ്മ്യൂണിസ്റ്റ് പാർട്ടികൾ എത്രവലിയ മാറ്റങ്ങളാണ് കേരളത്തിലും ഇന്ത്യയിലും ഉണ്ടാക്കിയിട്ടുള്ളതെന്ന്, ചരിത്രം പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയും. ഇടതുപക്ഷമില്ലാത്ത ഇന്ത്യയെന്ന് പരിഹാസത്തോടെ പറയുന്ന ആളുകൾ അതുപറയുമ്പോൾ പലവട്ടം ആലോചിക്കേണ്ടതുണ്ട്. ഏതെല്ലാം മേഖലകളിലാണ് മാറ്റങ്ങൾ ഉണ്ടായിട്ടുള്ളത്; അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. അതുകൊണ്ടുതന്നെ അത്തരം മുദ്രാവാക്യങ്ങളെ പരിഹസിക്കുന്ന രീതിയിലുള്ള സമീപനം സ്വീകരിക്കുന്നതിനോട് യോജിപ്പില്ലെന്നും ശക്തമായ പ്രതിഷേധമുണ്ടെന്നും ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നു. ഒരിക്കൽക്കൂടി ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പരിപൂർണ്ണമായി പിന്തുണയ്ക്കുകയാണ്. കേരളം അഭിമാനകരമായ

സമാധാനജീവിതമുള്ള ഒരു നാടാണ്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്കൊന്നും അവകാശപ്പെടാൻ കഴിയാത്ത നിലയിൽ പ്രവർത്തിക്കുന്ന പോലീസ് ഫോഴ്സാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. നമ്മുടെ പോലീസ് നമുക്ക് അഭിമാനമാണ്. രാജ്യമാകെ ശ്രദ്ധിക്കുന്ന തരത്തിലുള്ള അന്വേഷണ പാടവവും എല്ലാ കാര്യങ്ങളിലും ശക്തമായി ഇടപ്പെടാൻ കഴിയുന്ന പ്രഗത്ഭരായിട്ടുള്ള ഓഫീസർമാരും കേരളത്തിലെ പോലീസ് സേനയുടെ പ്രത്യേകതകളാണ്. ഇന്ന് സാങ്കേതികവിദ്യ പുരോഗമിച്ചതിന്റെ ഭാഗമായി ഉണ്ടാകുന്ന കുറ്റകൃത്യങ്ങളെയെല്ലാം നേരിടാൻ നമ്മുടെ പോലീസ് സേന സജ്ജമാണ്. നേരത്തെ ബഹുമാന്യനായ അംഗം ശ്രീ. ഇ. ചന്ദ്രശേഖരൻ പറഞ്ഞതുപോലെ 'Integrated core policing system' എന്ന സിസ്റ്റം ഇന്ത്യയിൽ ആദ്യമായി നമ്മുടെ സംസ്ഥാനത്ത് കേരള പോലീസ് നടപ്പിലാക്കുകയുണ്ടായി. ഏതൊരു സാധാരണ മനുഷ്യനും മനസ്സിലാകുന്ന രീതിയിൽ സാങ്കേതികവിദ്യ ഉപയോഗിച്ച് ഓൺലൈൻ എഫ്.ഐ.ആർ., പോലീസ് ഉദ്യോഗസ്ഥർക്ക് പ്രത്യേകമായ ആപ് തുടങ്ങിയ വൈവിധ്യപൂർണ്ണമായ ആധുനികവൽക്കരണ സംവിധാനങ്ങൾ പോലീസ്

സേനയിൽ നടപ്പിലാക്കുകയാണ്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് ശക്തമായ നയമുണ്ട്. സമാധാനപൂർണ്ണമായ ജീവിതമാണ് കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്നത്. കഴിഞ്ഞ എട്ടുവർഷമായി വർഗ്ഗീയ സംഘർഷങ്ങളോ, കലാപങ്ങളോ ഇവിടെയില്ല. സംസ്ഥാനത്ത് അത്തരം നീക്കങ്ങളുണ്ടായ ഘട്ടങ്ങളിലെല്ലാം ആഭ്യന്തരവകുപ്പിന്റെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള പോലീസ് സേന വളരെ ശക്തമായാണ് ഇടപെട്ടുകൊണ്ടിരിക്കുന്നത്. എന്നാൽ ചില ബഹുമാനപ്പെട്ട അംഗങ്ങൾ ഒറ്റപ്പെട്ട സംഭവങ്ങളെ പർവ്വതീകരിച്ച് തെറ്റായ കാര്യങ്ങളാണ് സഭയിൽ അവതരിപ്പിച്ചത്. ഇടതുപക്ഷ ജനാധിപത്യമുന്നണിക്കും സി.പി.ഐ.(എം)-നും ശരിയായ കാഴ്ചപ്പാടാണുള്ളത്. പോലീസിനെക്കൊണ്ട് പാർട്ടി വളർത്തുന്നവരല്ല സി.പി.ഐ.(എം). 1957 മുതലുള്ള കേരളത്തിന്റെ രാഷ്ട്രീയ ചരിത്രം പരിശോധിച്ചാൽ ഇക്കാര്യം എല്ലാവർക്കും ബോധ്യമാകും. ഏതുവിഷയമുണ്ടായാലും രാഷ്ട്രീയ പാർട്ടിയെയോ, വ്യക്തിയെയോ നോക്കിയല്ല കേരളത്തിലെ പോലീസ് നടപടികൾ സ്വീകരിക്കുന്നത്. ആര് തെറ്റ് ചെയ്താലും

അത് സി.പി.ഐ.(എം) ആണെങ്കിലും കോൺഗ്രസ്സാണെങ്കിലും ലീഗാണെങ്കിലും ഏതു വ്യക്തിയാണെങ്കിലും മുഖം നോക്കാതെ നടപടി സ്വീകരിക്കുന്ന നിലയിലേയ്ക്ക് കേരളത്തിലെ പോലീസ് മാറിയെന്നത് അഭിമാനകരമായ കാര്യമാണ്. എ.കെ.ജി. സെന്റർ ആക്രമണം സഭയിൽ അടിയന്തരപ്രമേയമായി ചർച്ചചെയ്തപ്പോൾ എത്ര അവധാനതയോടെയാണ് അന്ന് പ്രതിപക്ഷം വാദങ്ങൾ ഉന്നയിച്ചത്. കേരളത്തിൽ ടി വിഷയം ഉണ്ടാക്കിയേക്കാമായിരുന്ന പ്രശ്നങ്ങളെക്കുറിച്ച് നിങ്ങൾ ചിന്തിച്ചിരുന്നോ? ഇതിനുപിന്നിൽ യു.ഡി.എഫ്. ആണെന്ന് അന്ന് ഈ സഭയിൽ ഞങ്ങളെല്ലാവരും പറഞ്ഞു; ആരാണ് പിടിക്കപ്പെട്ടത്? ഏതുവിഷയമാണെങ്കിലും, അത് കുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന സംഭവങ്ങളാണെങ്കിലും ഗുണ്ടകളുടെ വിഷയങ്ങളാണെങ്കിലും സർക്കാർ ശക്തമായി ഇടപെട്ടില്ലേ. പോലീസ് സേനയിലാണെങ്കിലും ആര് തെറ്റ് ചെയ്താലും ശക്തമായ നടപടികൾ സ്വീകരിക്കും.

യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 11 ലോക്കപ്പ് കൊലപാതകങ്ങളുണ്ടായി. പോലീസുകാർക്കെതിരെ കർശനമായ എന്തെങ്കിലും നടപടികൾ സ്വീകരിച്ചോ?

തെറ്റ് ചെയ്യുന്നവർ എല്ലാ മേഖലയിലുമുണ്ട്; മനുഷ്യരുടെ കൂട്ടത്തിലും ഡിപ്പാർട്ട്മെന്റുകളുടെ ഭാഗത്തും തെറ്റ് ചെയ്യുന്നവരുണ്ട്. എന്നാൽ തെറ്റായ കാര്യം ചെയ്താൽ തലയിൽ തൊപ്പിയുണ്ടാവില്ലെന്ന് ആർജ്ജവത്തോടെ പറയാനും അത് ശക്തമായി നടപ്പിലാക്കാനും ശ്രീ. പിണറായി വിജയൻ നയിക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഗവൺമെന്റിന് മാത്രമേ കഴിയൂ. ദേശീയതലത്തിൽത്തന്നെ പോലീസിനെ ആധുനികവൽക്കരിക്കാനും അഭിമാനകരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന സംവിധാനമായും രാഷ്ട്രീയത്തിന് അതീതമായി, നിയമപരമായി തെറ്റ് ചെയ്താൽ will be prosecuted എന്ന ശരിയായ കാഴ്ചപ്പാട് നമ്മുടെ പോലീസ് ഉയർത്തിപ്പിടിക്കുന്നുണ്ട്. നേരത്തെ ഇവിടെ പറഞ്ഞതുപോലെ ജയിൽ ആധുനികവൽക്കരിക്കുന്നതിനുവേണ്ടി വലിയ പരിശ്രമങ്ങൾ നടത്തിയിട്ടുണ്ട്. അഴീക്കോട് മണ്ഡലത്തിലെ കണ്ണൂർ ജയിലിൽ അടിയന്തരാവസ്ഥക്കാലത്തെയും ബ്രിട്ടീഷ് ഭരണക്കാലത്തെയും ഒട്ടേറെ രേഖകൾ കാലപഴക്കംകൊണ്ട് നശിച്ചുപോകുന്ന സ്ഥിതിയുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ അവിടെ ഒന്നരവർഷം ജയിൽവാസം അനുഭവിച്ച കാലഘട്ടത്തിൽ നടത്തിയ

കത്തിടപാടുകൾ ജയിൽ സന്ദർശനവേളയിൽ കാണാൻ സാധിച്ചു. 'ജയിൽ മ്യൂസിയം' എന്ന ആശയം നടപ്പിലാക്കിയാൽ ഇത്തരം രേഖകൾ സൂക്ഷിച്ച് വയ്ക്കാനും വരുംതലമുറയ്ക്ക് ഭാവിയിൽ ഉപയോഗപ്രദമാക്കാനും സാധിക്കും. ഫയർഫോഴ്സ്, ജയിൽ എന്നിവിടങ്ങളിൽ ആധുനികവൽക്കരണം നടപ്പിലാക്കാനും പുതിയ സംവിധാനങ്ങൾ അതിന്റെ ഭാഗമാക്കാനുമുള്ള ശ്രമങ്ങൾ നടന്നുവരുന്നു. കേരളത്തിലുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനങ്ങളുടെ ഭാഗമായുണ്ടാകുന്ന ദുരന്തങ്ങളെ അഭിമുഖീകരിക്കാൻ സാധിക്കുന്ന നിലയിലേയ്ക്ക് അഭിമാനകരമായ പ്രവർത്തനമാണ് നമ്മുടെ ഫോഴ്സ് കാഴ്ചവയ്ക്കുന്നത്.

എന്നാൽ ഗവൺമെന്റിനെയും മുഖ്യമന്ത്രിയെയും ടാർജറ്റ് ചെയ്തുകൊണ്ട് പോലീസിനെ ആക്ഷേപിക്കുകയാണ് അവർ ചെയ്യുന്നത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് പോലീസിനെ ഗ്രൂപ്പടിസ്ഥാനത്തിൽ വിഭജിച്ചപ്പോഴുണ്ടായ സംഭവവികാസങ്ങൾ നമുക്കറിയാം; ഓരോ നേതാവിന്റെയും കീഴിൽ ഓരോ ഓഫീസർമാർ, ഓരോ ആളുകളും പറയുന്നത് കേൾക്കുക, പോലീസിനെ രാഷ്ട്രീയമായിട്ട് വിഭജിക്കുക എന്നിവ. എന്നാൽ കഴിഞ്ഞ എട്ടുവർഷമായുള്ള

തുടർഭരണത്തിന്റെ നാളുകളിൽ അങ്ങനെയൊരു നിലപാടും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് കേരളത്തിൽ സ്വീകരിച്ചിട്ടില്ല. ഒരു പോലീസ് ഉദ്യോഗസ്ഥനെയും രാഷ്ട്രീയം നോക്കി മാറ്റി നിർത്തുന്ന സമീപനവും ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. ക്രമസമാധാനം പാലിക്കുന്നതിൽ അഭിമാനകരമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച് മുന്നോട്ടുപോകുന്നുവെന്നത് കേരളത്തിന് അഭിമാനിക്കാൻ കഴിയുന്ന കാര്യമാണ്. ഈ ധനാഭ്യർത്ഥന ചർച്ചാവേളയിൽ  ഇലക്ഷനെക്കുറിച്ചും ചർച്ച ചെയ്തു. ഞങ്ങൾ ഇടതുപക്ഷക്കാരാണ്; ഞങ്ങൾ വിജയപരാജയങ്ങളിൽ സമനിലതെറ്റി അതിവൈകാരികതയോടെ നിന്നുപോകുന്നവരല്ല. ജീവിതത്തിലൊരിക്കലും പഞ്ചായത്ത് മെമ്പർപോലും ആകാൻ കഴിയുമെന്ന് ബോധ്യമില്ലാതിരുന്നിട്ടും ചെമ്പതാകയുമായും ഇടതുപക്ഷ ആശയങ്ങളുമായിച്ചേർന്ന് കേരളത്തിലെമ്പാടും അനവധിയായിട്ടുള്ള സമരങ്ങളും പോരാട്ടങ്ങളും നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പാർട്ടി സെക്രട്ടറിയും പറഞ്ഞതുപോലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ ഞങ്ങൾ പരാജയപ്പെടുകയുണ്ടായി. ആ പരാജയപ്പെട്ട ഇടതുപക്ഷത്തെ എത്രമാത്രം മോശമായ നിലയിലാണ്

നിങ്ങളിവിടെ പരിഹസിച്ചത്; "ഇടതുപക്ഷം ഇല്ലാതെ ഇന്ത്യ; പക്ഷേ ഇന്ത്യയുണ്ട്, ഇടതുപക്ഷമില്ല". നിങ്ങൾ പരിണതപ്രജ്ഞരായ രാഷ്ട്രീയനേതാക്കന്മാർ അവധാനതയോടെയാണോ ഈ വിധിയെ കാണുന്നത്. ഈ ഇന്ത്യയിൽ ഞങ്ങളില്ലെങ്കിൽ നിങ്ങൾ ഉണ്ടാവുമായിരുന്നില്ല. ഇന്ത്യയിൽ ശ്രീ. നരേന്ദ്ര മോദിയും ആർ.എസ്.എസ്.ഉം നടപ്പിലാക്കിയിട്ടുള്ള തീവ്രവർഗ്ഗീയതയും തെരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിൽ ശ്രീ. നരേന്ദ്ര മോദി നടത്തിയ പ്രസംഗവും എന്താണ്; മധ്യപ്രദേശിലെ ബാലാഘട്ടിൽ ശ്രീ. നരേന്ദ്ര മോദി നടത്തിയ പ്രസംഗത്തിൽ ഇന്ത്യയിലെ മുസ്ലീങ്ങളെ ഒരന്യദേശക്കാരാണെന്ന് ചിത്രീകരിക്കുന്ന രീതിയിൽ രാജ്യത്തിന്നുവരെ ഒരു പ്രധാനമന്ത്രിയും നടത്താത്ത അപകടകരമായ, അപക്വമായ പ്രതികരണം അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായില്ലേ? ഞങ്ങൾ ഇടതുപക്ഷക്കാർ വോട്ട് നോക്കിയല്ല നിലപാട് സ്വീകരിക്കുന്നത്. ഇന്ത്യയിലെ മുസ്ലീങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുമെന്ന് പറയുന്ന രാഷ്ട്രീയ പാർട്ടിപോലും എത്ര അപക്വമായിട്ടാണ് ടി വിഷയത്തിൽ പ്രതികരിച്ചത്. കേരളത്തിൽ നിങ്ങളുടെ കൊടിപിടിക്കാൻപോലും അവർ അനുവദിച്ചില്ല. എന്നാൽ ഞങ്ങളുടെ ഒരു

ഘടകകക്ഷിയുടെ കൊടി പച്ചയായതുകൊണ്ട് വയനാട്ടിൽ ശ്രീമതി വൃന്ദ കാരാട്ട് ആ കൊടി ഉയർത്തിപ്പിടിച്ചു. ഞങ്ങൾ തോറ്റിട്ടുണ്ടെന്ന കാര്യം യാഥാർത്ഥ്യമാണ്. ജയപരാജയങ്ങളുടെ അടിസ്ഥാനത്തിൽ ഇലക്ഷനിൽ വിജയിക്കാൻ സംഘപരിവാർ മുന്നോട്ടുവയ്ക്കുന്ന ആശയത്തെ പ്രതിരോധിക്കാൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് കഴിയില്ലായെന്ന രാഷ്ട്രീയ യാഥാർത്ഥ്യം നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾ ജയിച്ചുവെന്നല്ലേ നിങ്ങൾ പറയുന്നത്; ഹിമാചൽപ്രദേശിലും മധ്യപ്രദേശിലും തെലുങ്കാനയിലും സംഭവിച്ചത് എന്താണ്? നിങ്ങളുടെ സാമ്പത്തിക നയത്തെ, രാഷ്ട്രീയ നയത്തെ വിശകലനം ചെയ്തില്ലെങ്കിൽ കടുത്ത അപകടത്തിലേയ്ക്ക് നിങ്ങൾ പോകും. ഞങ്ങൾ ശ്രീ. രാഹുൽ ഗാന്ധിയെ അപമാനിച്ചിട്ടൊന്നുമില്ല. പക്ഷേ ഇങ്ങോട്ടുപറഞ്ഞാൽ അങ്ങോട്ടും പറയും. ഇങ്ങോട്ടെന്താണ് നിങ്ങൾ പറഞ്ഞത്; ഞങ്ങളുടെ മുഖ്യമന്ത്രിയെ ജയിലിൽ ഇടുമെന്നല്ലേ നിങ്ങൾ പറഞ്ഞത്. ശ്രീ. പിണറായി വിജയനെ പിടിച്ച് ജയിലിൽ ഇടണമായിരുന്നുവെന്നാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ദേശീയ ചുമതലയുള്ള ശ്രീ. രാഹുൽ ഗാന്ധി കേരളത്തിലെ തെരഞ്ഞെടുപ്പ് പ്രസംഗത്തിൽ പറഞ്ഞത്. അത് ശരിയായിട്ടുള്ള കാര്യമാണെന്ന്

നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? എന്തിന്റെ പേരിലായാലും എഫ്.ഐ.ആർ. ഉണ്ടോ; കേസ്സുണ്ടോ; കേരളത്തിൽ നിങ്ങളുടെ രാഷ്ട്രീയ മുദ്രാവാക്യം എന്തായിരുന്നു? ഇന്ത്യയിൽ ഇടതുപക്ഷം നടത്തിയിട്ടുള്ള ആശയപരമായ ഒരു വലിയ സമരമുണ്ട്. രാജസ്ഥാനിലും മഹാരാഷ്ട്രയിലും ചെരുപ്പില്ലാതെ കിലോമീറ്ററോളം നടന്ന് സമരത്തിന്റെ ഭാഗമായി ചോര വീണൊഴുകുന്ന കാലുമായി പതിനായിരക്കണക്കിന് ദരിദ്രനാരായണന്മാർ നടത്തിയ പ്രക്ഷോഭത്തിന്റെ ഗുണം കിട്ടിയത് നിങ്ങൾക്കാണ്. നിങ്ങൾ വെറുതെയല്ല ജയിച്ചത്. ഒന്നുരണ്ടു സീറ്റിന്റെ കാര്യം ഇവിടെ പറഞ്ഞില്ലേ; ഇന്ത്യയിൽ ഇടതുപക്ഷം നടത്തിയ ആശയ പോരാട്ടത്തിന്റെ അനന്തരഫലമാണത്. ഇന്ത്യയിൽ ഇടതുപക്ഷത്തിന് ഒരു പങ്കുണ്ട്. അത് സീറ്റിനുവേണ്ടിയോ, വോട്ടിനുവേണ്ടിയോ ആയിരുന്നില്ല. മുത്തലാഖ് വിഷയത്തിലും പൗരത്വഭേദഗതി നിയമത്തിലും മണിപ്പൂർ വിഷയത്തിലും ന്യൂനപക്ഷ നിലപാട് ഞങ്ങൾ സ്വീകരിച്ചത് നാല് വോട്ടുകൾക്ക് വേണ്ടിയോ, ന്യൂനപക്ഷപ്രീണനത്തിന് വേണ്ടിയോ അല്ല. ശ്രീ. നരേന്ദ്ര മോദി ഇന്ത്യയിലെ മുസ്ലീങ്ങളെ, ന്യൂനപക്ഷങ്ങളെ വിഭജിക്കാൻ ശ്രമിക്കുമ്പോൾ അത് പറ്റില്ലെന്ന്

ഞങ്ങൾ ആർജ്ജവത്തോടെ പറഞ്ഞു. അതിന്റെ പേരിൽ സീറ്റ് കിട്ടിയോ വോട്ട് കിട്ടിയോയെന്ന് ഞങ്ങൾ നോക്കിയിട്ടില്ല. ഈ നാട്ടിലെ മതനിരപേക്ഷ ജനാധിപത്യം സംരക്ഷിക്കാൻവേണ്ടിയാണ് ഞങ്ങൾ ആ രാഷ്ട്രീയ നിലപാട് സ്വീകരിച്ചത്. ഞങ്ങൾ തോറ്റിട്ടുണ്ടാവാം; എങ്കിലും ആ നിലപാട് മാറ്റില്ല. ഞങ്ങൾ ആ നിലപാടിലൂടെതന്നെ ഏറ്റവും ശക്തമായി മുന്നോട്ടുപോകും.

ഇന്ത്യയെന്നുപറയുന്ന മഹത്തായ രാജ്യത്തെ സംരക്ഷിക്കാൻ ഇന്ത്യാമുന്നണിക്ക് രാഷ്ട്രീയമായി വിയോജിച്ചുകൊണ്ട് നിങ്ങൾ നിൽക്കുമ്പോഴും ഇന്ത്യാമുന്നണിയുമായി സഹകരിച്ചും നിങ്ങളുമായി യോജിച്ചും രാജ്യത്തിന്റെ താൽപര്യം സംരക്ഷിക്കാൻവേണ്ടിയാണ് ഞങ്ങൾ നിന്നത്. 2004-ലും ഞങ്ങൾ ആ നിലപാടാണ് എടുത്തത്. രാഷ്ട്രീയത്തിലെ ലാഭനഷ്ടക്കണക്ക് നോക്കിയാൽ ഇന്ത്യയിലെ സി.പി.ഐ.(എം)-ന് നഷ്ടമാണ്. അത് നഷ്ടമാണെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് ഈ രാജ്യത്തിന്റെയും ജനങ്ങളുടെയും താൽപര്യം മുൻനിർത്തിക്കൊണ്ട് ഏറ്റവും ശക്തമായി ഞങ്ങൾ മുന്നോട്ടുപോയത്. ഞങ്ങളിൽ അവശേഷിക്കുന്നത് ഒരാളായാൽപോലും ഈ നാട്ടിലെ വർഗ്ഗീയതയ്ക്കെതിരെ, ജനാധിപത്യ പോരാട്ടങ്ങൾക്കെതിരെ സീറ്റിനും വോട്ടിനും വേണ്ടിയല്ല,

കൽപ്പാന്തകാലത്തോളം എം.എൽ.എ.ആയോ, മന്ത്രിയായോ രാജ്യം ഭരിക്കാനുമല്ല, ഈ രാജ്യത്തെ ജനങ്ങളുടെ അവകാശം സംരക്ഷിക്കാൻ ഒരാളെങ്കിൽ ഒരാൾ ഈ പതാകയുമായി അതിശക്തമായ പോരാട്ടം ഈ നാട്ടിൽ നടത്തും. അത് ഈ രാജ്യത്തിനും ജനങ്ങൾക്കും വേണ്ടിയാണ്. അതുകൊണ്ട് തോറ്റുപോയെന്ന് പറഞ്ഞ് എൽ.ഡി.എഫ്.-നെ കളിയാക്കണ്ട. ഞങ്ങൾ ഉള്ളതുകൊണ്ടാണ് നിങ്ങൾ ജയിച്ചത്. ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, ശബ്ദഘോഷങ്ങൾകൊണ്ട് തെരഞ്ഞെടുപ്പ് വിജയത്തെ മറികടക്കാൻ സാധിക്കില്ല. നമുക്ക് യഥാർത്ഥ കാര്യങ്ങളിലേയ്ക്ക് വരാം. ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട ചില ചോദ്യങ്ങൾ ഞാൻ നേരത്തേ ചോദിച്ചു. ആഭ്യന്തര വകുപ്പിൽ നടക്കുന്ന കാര്യങ്ങൾ വളരെ കഷ്ടമാണെന്നുള്ളത് അങ്ങ് അറിയണം; അങ്ങത് അറിഞ്ഞിട്ടുണ്ടോയെന്ന് എനിക്കറിയില്ല. നിലവിൽ 22680 ഐ.പി.സി. കേസുകളാണുള്ളത്. അത് കഴിഞ്ഞ വർഷത്തേക്കാളും കൂടുതലാണ്. അത് വിജയമാണെന്ന് സ്ഥാപിക്കുകയാണെങ്കിൽ എനിക്ക് പ്രശ്നമില്ല. കുട്ടികൾക്കെതിരായ അതിക്രമം

സംബന്ധിച്ച കേസുകളുടെ എണ്ണം മുമ്പുള്ളതിനേക്കാൾ കൂടി, നിലവിൽ അത് 5640 ആണ്. സൈബർ കേസുകളുടെ എണ്ണം കഴിഞ്ഞ വർഷത്തതിന്റെ ഇരട്ടിയായി, നിലവിൽ അത് 3295 ആണ്. സ്ത്രീകൾക്ക് എതിരെയുള്ള അതിക്രമം പഴയതിനേക്കാൾ വളരെ കൂടിയിട്ടുണ്ട്. നിലവിലെ കേസുകളുടെ എണ്ണം 18,980 ആണ്. കഴിഞ്ഞ വർഷത്തേക്കാൾ പോക്സോ കേസുകളുടെ എണ്ണവും കൂടിയിട്ടുണ്ട്; നിലവിൽ അത് 3287 ആണ്. നമ്മുടെ നാട്ടിൽ ഗുണ്ടാ ആക്രമണങ്ങൾ സർവ്വസാധാരണമാണ്. ഗുണ്ടകളും പോലീസും തമ്മിൽ ഒരുമിച്ചുചേർന്ന് സന്തോഷത്തോടെ പോവുകയാണ്. ഇതിന്റെ അടിസ്ഥാനത്തിലായിരിക്കും ഡി.ജി.പി.-യുടെ വാട്ട്സാപ്പ് മെസ്സേജ് എല്ലാ പോലീസ് സ്റ്റേഷനിലെയും എസ്.എച്ച്.ഒ.-മാർക്ക് അയച്ചത്. ഈ ആഴ്ച നമ്മളെ സംബന്ധിച്ചിടത്തോളം സേഫാണെന്നും ആരോടും മോശമായി പെരുമാറരുതെന്നും എല്ലാവരും മര്യാദയ്ക്ക് നിൽക്കണമെന്നും നിയമസഭാ സമ്മേളനമായതിനാൽ ഗവൺമെന്റിനെ വിഷമത്തിലാക്കരുതെന്നുമായിരുന്നു എസ്.എച്ച്.ഒ.-മാരുടെ സഹകരണം തേടിയുള്ള ആ മെസ്സേജിലുണ്ടായിരുന്നത്. കാര്യങ്ങൾ എല്ലാം കുഴപ്പത്തിലാണെന്നതിന് ഇതിനെക്കാൾ കൂടുതൽ രേഖകൾ

നൽകാൻ സാധിക്കില്ല. 'ഓപ്പറേഷൻ കാവൽ' എന്നത് 'ഓപ്പറേഷൻ ഗുണ്ട' ആയി മാറിയിരിക്കുന്നു. ഡി.വൈ.എസ്.പി. സാബുവിനെ അങ്ങേയ്ക്ക് അറിയാമെന്ന് എനിക്കറിയാം. അയാൾക്ക് പ്രൊമോഷൻ കിട്ടിയപ്പോൾ എറണാകുളത്ത് തുടരുന്നതിന് വളരെയധികം ശ്രമം നടത്തിയെങ്കിലും പലയിടത്തായി പോകേണ്ടിവന്നു. ഈ സാബുവാണ് ഗുണ്ടകളുടെ കൂടാരത്തിൽ സൽക്കാരത്തിന് പോയത്. ഇവരാണോ നമുക്ക് കാവൽക്കാരായി സംരക്ഷണം നൽകുന്നത്?

ഈ ചർച്ചയിൽ കാര്യങ്ങൾ കൃത്യമായി പറയണമെന്ന് നിർബന്ധമുണ്ടായിരുന്നതുകൊണ്ട് ഞാൻ അങ്ങയോട് ചില ചോദ്യങ്ങൾ ചോദിച്ചിരുന്നു. 2016 മുതൽ 2022 വരെ കാപ്പ ചുമത്തിയ ഗുണ്ടകളുടെ എണ്ണം എത്രയെന്നുള്ള ചോദ്യത്തിന് മറുപടി ലഭ്യമായത് ക്രോഡീകരിച്ചുവരുന്നുവെന്നും പട്ടിക ലഭ്യമല്ലെന്നുമാണ്. സംസ്ഥാനത്ത് 2015 ജനുവരി മുതലുള്ള സ്ത്രീ പീഡനം, അക്രമം, കവർച്ച, കൊള്ള എന്നിവയുടെ വിശദവിവരം തേടിയുള്ള രണ്ടാമത്തെ ചോദ്യത്തിനുള്ള ഉത്തരവും വിവരം ശേഖരിച്ചുവരുന്നുവെന്നാണ്. 2015 മുതൽ 2023 ഡിസംബർ വരെ പോലീസുകാർ പ്രതികളായ എത്ര

കേസ്സുകൾ രജിസ്റ്റർ ചെയ്തു; കേരള പോലീസിൽ ക്രിമിനൽ കേസ്സിൽ പ്രതികളായ എത്ര പേരുണ്ട്; ഈ സർക്കാരിന്റെ കാലത്ത് എത്ര മാധ്യമ പ്രവർത്തകർക്ക് എതിരെ കേസ്സെടുത്തിട്ടുണ്ട്; ഏതെല്ലാം മാധ്യമ പ്രവർത്തകർക്കെതിരെ എന്തിനെല്ലാമുള്ള കേസ്സുകളാണ് എടുത്തിട്ടുള്ളത്? എന്നിങ്ങനെയുള്ള ചോദ്യങ്ങളുടെ ഉത്തരമായി ലഭ്യമായതും വിവരം ശേഖരിച്ച് വരുന്നുവെന്നാണ്. ഒരു ഗുണമുള്ളത് അങ്ങ് വളരെ തുല്യമായാണ് പെരുമാറിയത്. ശ്രീ. എച്ച്. സലാം-ന്റെ ഇതേ അർത്ഥത്തിലുള്ള ചോദ്യത്തിന് മറുപടി നൽകിയതും വിവരം ശേഖരിച്ചുവരുന്നുവെന്നാണ്. എല്ലാ ചോദ്യത്തിനുമുള്ള മറുപടി വിവരം ശേഖരിച്ചുവരികയാണെന്നാണ്. പോലീസ് എന്നത് ആഭ്യന്തര വകുപ്പിന്റെ കീഴിലാണോ വിവര ശേഖരണ വകുപ്പിന്റെ കീഴിലാണോ പ്രവർത്തിക്കുന്നത്? എല്ലാം വിവരംശേഖരിച്ചുവരികയാണെങ്കിൽ അതിനെ വിവര ശേഖരണ വകുപ്പ് എന്നല്ലേ പറയേണ്ടത്. ഇതാണ് പോലീസിന്റെ പ്രധാനപ്പെട്ട പ്രശ്നം. പോലീസിൽ ചെയ്യേണ്ട കാര്യങ്ങൾ കൃത്യമായി ചെയ്യുകയും 'നോ' പറയേണ്ട സന്ദർഭത്തിൽ മുഖ്യമന്ത്രി അവരോട് 'നോ' എന്ന് പറയുകയും വേണം. അങ്ങനെ പറയാതെ വരുമ്പോഴാണ്

പോലീസ് അവർക്ക് തോന്നിയ രൂപത്തിൽ പെരുമാറുന്നത്. അതാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ഈ നിലയിൽ നമ്മുടെ സംസ്ഥാനത്തിന് പോകാൻ സാധിക്കുമോ? അതിക്രമങ്ങളും ഗുണ്ടായിസവും ഗുണ്ടാ പ്രവർത്തനങ്ങളും എല്ലാം വർദ്ധിക്കുകയല്ലേ? മാധ്യമങ്ങളിലെ ഒരു ദിവസത്തെ വാർത്തകൾ വായിച്ചാൽ മതിയാകും. ഇത്തരം വാർത്തകളെ മാധ്യമ കുബേരൻമാരോ കുലപതികളോ നടത്തുന്ന വിമർശനമാണെന്ന് നമുക്ക് വെറുതെ സാഹിത്യ ഭാഷയിൽ പറയാം. നാട്ടിൽ നടക്കുന്ന പ്രവർത്തനങ്ങൾ മാധ്യമങ്ങൾ സത്യസന്ധമായി റിപ്പോർട്ട് ചെയ്യുന്നതാണ്. ആ റിപ്പോർട്ടിലെ കാര്യങ്ങൾ വളരെ വിഷമമുണ്ടാക്കുന്നതാണെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ആഭ്യന്തര വകുപ്പിനകത്തെ സാരാംശങ്ങൾ വിവരശേഖരണം കഴിഞ്ഞിട്ട് പിന്നീട് പറയാം. ഇന്നലെ അങ്ങ് സഭയിൽ സാധാരണ ചെയ്യുന്നതുപോലെ ഒരു മണിക്കൂർ സമയമെടുത്ത് രാഷ്ട്രീയമായ എല്ലാ കാര്യങ്ങളെക്കുറിച്ചും ലഭ്യമായ എല്ലാ വിവരങ്ങളും പറഞ്ഞു. ഒരു വാക്ക് പോലും എതിർത്ത് പറയാതെ ഞങ്ങൾ ശാന്തമായി കേട്ടു. അങ്ങ് പറഞ്ഞ ആ പ്രസംഗത്തിൽ ശ്രീ. രാഹുൽ ഗാന്ധിയെ പപ്പുവെന്ന് indirect ആയി വിളിച്ച പ്രയോഗം പിൻവലിക്കുമെന്ന് ഞാൻ

കരുതിയതാണ്. DNA പരിശോധന നടത്താൻ .... (.....ബഹളം.....) ഞാൻ വഴങ്ങുന്നില്ല. അദ്ദേഹം പറഞ്ഞത് ഞാൻ കൃത്യമായി പറയാം. അദ്ദേഹത്തെക്കുറിച്ച് ചില ആളുകൾ പറഞ്ഞുകൊണ്ടിരിക്കുന്ന ആ പദം ഞാൻ പറയുന്നില്ലെന്ന് അങ്ങ് പറഞ്ഞാൽ അത് മനസ്സിലാക്കാനുള്ള ബുദ്ധി ഞങ്ങൾക്കുണ്ട്. ഏറ്റവും അങ്ങേയറ്റത്ത് ഇരിക്കുന്ന ആൾ, ഈ സഭയുടെ പുറമ്പോക്കിന് സമീപം ഇരിക്കുന്ന ആൾ പറയുകയാണ് രാഹുൽ ഗാന്ധിയുടെ ഡി.എൻ.എ. പരിശോധിക്കണമെന്ന്. ശ്രീ. രാഹുൽ ഗാന്ധിയുടെ പിതാവായ രാജീവ് ഗാന്ധി ശ്രീപെരുംപുത്തൂരിൽ വച്ച് തീ ബോംബിന് വിധേയനായി തലതെറിച്ചുപോകുകയും മാംസപിണ്ഡമായി മാറുകയും ചെയ്തതാണ്. അങ്ങനെയുള്ള രക്തസാക്ഷിയുടെ മകന്റെ ഡി.എൻ.എ. പരിശോധിക്കണമെന്ന് പറഞ്ഞപ്പോൾ അങ്ങ് പറഞ്ഞത് കൊടുത്താൽ കൊല്ലത്തും കിട്ടുമെന്നാണ്. ഇതാണോ വേണ്ടത്? ജൂനിയർ മെമ്പർ അങ്ങനെ ഒരു കാര്യം പറയുമ്പോൾ ദീർഘകാലത്തെ അനുഭവ പരിചയമുള്ള അങ്ങ് തിരുത്തുമെന്നാണ് കരുതിയത്. ഞങ്ങളുടെ സങ്കൽപ്പത്തിന് വലിയ ഇടിവ് തട്ടിയെന്ന് ഓർമ്മിപ്പിക്കുന്നത് ദൗർഭാഗ്യകരമാണ്. (...ബഹളം....) എന്തെങ്കിലും ചോദിക്കാനുണ്ടോ?

മി. സ്പീക്കർ: ചോദ്യത്തിന് വഴങ്ങിയാൽ സമയം നഷ്ടമാകും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എന്നാൽ വഴങ്ങുന്നില്ല. ഇവിടെ നടന്നുകൊണ്ടിരിക്കുന്നത് ഒരു കിരാത രാഷ്ട്രീയമാണ്. ഇവിടെ തർക്കിച്ച് ജയിച്ചുവെന്ന് പറഞ്ഞുവല്ലോ; 303 സീറ്റുള്ള ബി.ജെ.പി.-യുടെ ഭൂരിപക്ഷം ഞങ്ങൾ ഇല്ലാതാക്കിയില്ലേ? ഇപ്പോൾ അവർക്ക് പാർലമെന്റിൽ ഒറ്റയ്ക്ക് ഭൂരിപക്ഷമില്ല. 45 പേരുണ്ടായിരുന്ന കോൺഗ്രസ് 102 ആയി വർദ്ധിച്ചു. അത് ഞങ്ങളുടെ പരാജയമാണോ? ഞങ്ങൾ ഓരോ സ്റ്റെപ്പും മുമ്പോട്ട് വെച്ച് പോകുകയാണ്. 102 സീറ്റിൽ എവിടെയെങ്കിലും ഈ പറയുന്ന ബി.ജെ.പി.-യെ തോൽപ്പിക്കുന്നതിനുവേണ്ടി അങ്ങയുടെ പാർട്ടിയുടെ ഒരു സഹായം കിട്ടിയിട്ടുണ്ടോ? 267 സീറ്റോടുകൂടി പാർലമെന്റിൽ എൻ.ഡി.എ. തല ഉയർത്തി നിൽക്കുകയാണ്. അതിന്റെ നേതാവ് രാഹുൽ ഗാന്ധിയാണ്.

മി. സ്പീക്കർ: എൻ.ഡി.എ. അല്ല, ഇന്ത്യമുന്നണി ആണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതിൽനിന്ന് ഉയർന്ന് കോൺഗ്രസ് 102 സീറ്റിൽ നിൽക്കുകയാണ്. എന്നിട്ടും ഞങ്ങളെ വീണ്ടും ചവിട്ടി താഴ്ത്താൻ വേണ്ടി ശ്രമിക്കുകയാണ്. നിങ്ങൾക്ക് കിട്ടിയിരിക്കുന്ന ഇത്തിരിയിടത്തിൽ

ഉള്ളതലകൂടി ചവിട്ടിതാഴ്ത്തും എന്ന നിർബന്ധ ബുദ്ധിയോടുകൂടിയിരിക്കുകയാണ്. നിങ്ങൾ ആർക്ക് അനുകൂലമാണ്; നിങ്ങൾ പരസ്യമായി പ്രഖ്യാപിക്കുന്നതുപ്പോലെ ബി.ജെ.പി. വിരുദ്ധതയാണെങ്കിൽ ബി.ജെ.പി.-യെ എല്ലാ അർത്ഥത്തിലും താഴ്ത്തിക്കെട്ടുന്നതിനുവേണ്ടി നിങ്ങൾ ശ്രമിക്കണ്ടേ? ഒരു സീറ്റിൽ ഞങ്ങൾ തോറ്റു, ബി.ജെ.പി. രക്ഷപ്പെട്ടുവെന്ന് പറഞ്ഞ് നിങ്ങൾ സന്തോഷിക്കുകയാണ്. ഞങ്ങളെ അപമാനിക്കുവാൻ സാധിക്കുന്നയിടത്തും ഞങ്ങൾക്ക് ക്ഷീണം വരുന്നയിടത്തും ഞങ്ങളുടെ തലയിൽ കയറുന്നതിനാണ് നിങ്ങൾ ശ്രമിക്കുന്നത്. അതേ സമയം ഞങ്ങൾക്ക് വിജയമുണ്ടായ സ്ഥലത്ത് അത് പരാജയമാണെന്ന് വരുത്തി തീർക്കുന്നതിനുവേണ്ടിയുള്ള വാദഗതി ഉയർത്തുകയും ചെയ്യും. ഈ രണ്ട് സമീപനവും ശരിയല്ല. ആ സമീപനത്തിൽനിന്നും രാഷ്ട്രീയമായി ഗവൺമെന്റ് മാറണം. അതോടൊപ്പം ആഭ്യന്തര വകുപ്പിനകത്തെ ന്യൂനതകൾ പരിഹരിക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്നുമാണ് ഓർമ്മിപ്പിക്കാനുള്ളത്. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വളരെ വിശദമായി ബഹുമാനപ്പെട്ട അംഗങ്ങൾ കാര്യങ്ങളെല്ലാം ഇവിടെ സംസാരിച്ചിട്ടുണ്ട്. കഴിഞ്ഞദിവസത്തെപ്പോലെ കുറേഭാഗം രാഷ്ട്രീയമായ കാര്യങ്ങളാണ്. കേരളത്തിലെ ആഭ്യന്തരവകുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിശോധിക്കുമ്പോൾ നമുക്കെല്ലാവർക്കും ഒഴിച്ചുകൂടാനാകാത്തതാണ് നാട് സമാധാനപൂർണ്ണമായി നിലനിൽക്കുകയെന്നത്. അക്കാര്യത്തിൽ അഭിമാനകരമായ ഒരു അന്തരീക്ഷമാണ് ഇന്ന് സംസ്ഥാനത്ത് നിലനിർത്താൻ കഴിഞ്ഞിട്ടുള്ളത്. സുസ്ഥിര വികസനമെന്ന ലക്ഷ്യം നേടുന്നതിന് സമാധാനപൂർണ്ണമായ അന്തരീക്ഷം കേരളത്തിൽ ഇന്ന് നിലനിൽക്കുകയാണ്. ഇവിടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയെന്നത് പ്രധാനമാണ്. അതിനോടൊപ്പം സുരക്ഷയോടെയും സമാധാനത്തോടെയും ജീവിക്കാൻ കഴിയുന്ന സംസ്ഥാനമായി കേരളത്തെ പരിവർത്തിപ്പിക്കാൻ കഴിഞ്ഞുവെന്നതാണ് എൽ.ഡി.എഫ്. സർക്കാരിന്റെ ഏറ്റവും പ്രധാനമായ നേട്ടം. കഴിഞ്ഞ 8 വർഷക്കാലയളവിൽ ആഭ്യന്തര വകുപ്പിൽ നിരവധി ഭാവനാപൂർണ്ണമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ 8 വർഷം

മുമ്പ് പോലീസിനെക്കുറിച്ച് നാടിനും നാട്ടുകാർക്കുമുണ്ടായിരുന്ന പ്രതികരണമോ ധാരണയോ അല്ല ഇന്ന് സമൂഹത്തിനുള്ളത്. ഏതുകാര്യത്തിനും ഏതൊരു ആപത്ഘട്ടത്തിലും ആശ്രയിക്കാൻ കഴിയുന്ന ഒരു സേന എന്ന നിലയിൽ കേരള പോലീസ് മാറിയിരിക്കുന്നു. നൂറ്റാണ്ടിലെ മഹാപ്രളയവും പ്രകൃതിദുരന്തങ്ങളും കോവിഡ് മഹാമാരി നേരിട്ടപ്പോഴും തെളിയിക്കപ്പെട്ട കാര്യങ്ങളാണ് അത്. ആർക്കും ഏതുസമയവും ആശ്രയിക്കാവുന്ന, പ്രശ്നപരിഹാരത്തിന് നിർഭയമായി കടന്നുചെല്ലാവുന്ന സ്ഥലമായി കേരളത്തിലെ പോലീസ് സ്റ്റേഷനുകൾ മാറിയെന്നത് ഇന്ന് തർക്കമില്ലാത്ത കാര്യമാണ്. സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ ഭൂരിഭക്ഷവും സ്ത്രീസൗഹൃദവും ശിശുസൗഹൃദവുമാക്കി മാറ്റാനും കഴിഞ്ഞിരിക്കുന്നു. ക്രമസമാധാനപാലനത്തോടൊപ്പംതന്നെ പ്രധാനമാണ് മതനിരപേക്ഷത കൃത്യമായി സംരക്ഷിക്കാനാകുന്നുവെന്നത്. വർഗ്ഗീയശക്തികൾ വർഗ്ഗീയ സംഘർഷങ്ങളുണ്ടാക്കാൻ നടത്തുന്ന ശ്രമങ്ങൾക്കെതിരെ ഉറച്ചതും ശക്തവുമായ നിലപാട് സ്വീകരിക്കാൻ പോലീസിനുകൂടി കഴിയുമ്പോഴാണ് മതനിരപേക്ഷത സംരക്ഷിക്കാനാകുന്നത്. അത്തരത്തിലുള്ള ശരിയായ ഇടപെടലുകൾ വർഗ്ഗീയ

പ്രശ്നങ്ങളിൽ പോലീസ് സ്വീകരിച്ചുവെന്ന് നമുക്ക് കാണാൻ സാധിക്കും. അതിന്റെ ഭാഗമായി രാജ്യത്തിനുതന്നെ അഭിമാനിക്കാൻ കഴിയുന്ന മതനിരപേക്ഷതയുടെ ഒരു വിളനിലമായി കേരളത്തെ നിലനിർത്താൻ നമുക്ക് കഴിഞ്ഞിരിക്കുന്നു. ഇവിടെ വർഗ്ഗീയമായി ചേരി തിരിക്കാനുള്ള ശ്രമങ്ങൾ വിവിധഘട്ടങ്ങളിൽ ചിലർ നടത്താറുണ്ട്. ഇക്കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ഘട്ടത്തിൽപ്പോലും ചിലയിടങ്ങളിൽ അതുണ്ടായതാണ്. പക്ഷേ അക്കാര്യത്തിലൊക്കെ മുഖം നോക്കാതെയുള്ള ഇടപെടലുകളാണ് കേരള പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടായത്. അതുകൊണ്ടാണ് വർഗ്ഗീയതയ്ക്ക് കേരളത്തിൽ അവർ ആഗ്രഹിക്കുന്നതുപോലെ ആടിത്തിമിർക്കാൻ കഴിയാത്തത്. ഈ തെരഞ്ഞെടുപ്പ് കാലയളവിൽ സമാധാനപരമായ ഒരു തെരഞ്ഞെടുപ്പ് പ്രചാരണ അന്തരീക്ഷം സംസ്ഥാനത്തുണ്ടായതിന് നമ്മുടെ സംസ്ഥാനത്തെ എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും അഭിമാനിക്കാൻ കഴിയുന്നതാണ്. അക്കാര്യത്തിൽ നല്ല രീതിയിലുള്ള നിലപാട് പോലീസ് സ്വീകരിച്ചുവെന്നത് ഏവരും സമ്മതിക്കുന്ന കാര്യമാണ്. കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്നവർക്കെതിരെ മുഖം നോക്കാതെ നടപടിയെടുക്കുന്ന രീതി

കേരളത്തിൽ സ്വീകരിച്ചുവരികയാണ്. പഴുതടച്ച കേസന്വേഷണ പ്രക്രിയയാണ് കേരളത്തിൽ നടക്കുന്നത്. അതോടൊപ്പം ഫലപ്രദമായ പ്രൊസിക്യൂഷൻ നടപടികളും കേരളം തുടരുകയാണ്. അതിന്റെ ഭാഗമായി ഒരിക്കലും തെളിയില്ലെന്ന് കരുതിയ ചില കേസ്സുകൾ തെളിയിക്കാൻ കഴിഞ്ഞിട്ടുണ്ട്. കുറ്റകൃത്യം നടത്തി മറവിലിരുന്ന് ഒരിക്കലും പിടികൂടില്ലെന്ന ധാരണയിലായിരുന്ന ചിലർ. പക്ഷേ അത്തരം പ്രതികളെ കൽത്തുറുങ്കിലാക്കാനും കേരള പോലീസിന് കഴിഞ്ഞിരിക്കുന്നു.

നമ്മുടെ നാട് സ്ത്രീ സുരക്ഷയുടെ കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കുന്ന നാടാണ്. വീടിനുള്ളിലായാലും പൊതു ഇടങ്ങളിലായാലും സ്ത്രീകൾക്ക് സംരക്ഷണം നൽകുന്നതിനുതകുന്ന പദ്ധതികളാണ് പോലീസ് നടപ്പാക്കിവരുന്നത്. നമ്മുടെ സംസ്ഥാനത്ത് വനിതാ പോലീസ് സ്റ്റേഷനുകൾക്ക് സാധാരണ പോലീസ് സ്റ്റേഷനുകളുടെ എല്ലാ അധികാരങ്ങളും നൽകിയിരിക്കുകയാണ്. പരാതിക്കാർക്ക് സ്റ്റേഷനിലെത്താതെതന്നെ പരാതികൾ അറിയിക്കാൻ സാധിക്കുന്ന വനിതാ സെല്ലുകൾ, അപരാജിത, നിഴൽ, വനിതകൾക്കായുള്ള സ്വയം പ്രതിരോധ പരിശീലനങ്ങൾ ഇവയെല്ലാം

ഇതിൽ പ്രധാനപ്പെട്ടതാണ്. ഗാർഹിക പീഡനം, സ്ത്രീധനവുമായി ബന്ധപ്പെട്ട പരാതികൾ ഇതെല്ലാം ജാഗ്രതയോടെ കൈകാര്യം ചെയ്യാൻ കഴിയുന്നുണ്ട്. പരാതികളിൽ ഇരയുടെ ഭാഗത്തുനിന്നുകൊണ്ട് നടപടി സ്വീകരിക്കുകയെന്ന നിലപാട് തന്നെയാണ് പോലീസ് സ്വീകരിച്ചുവരുന്നത്. സ്ത്രീകൾക്ക് സുരക്ഷയൊരുക്കുന്നതിനായി Pink Protection Project നിലവിലുണ്ട്. പോലീസിന്റെ പിങ്ക് പട്രോൾ, ജനമൈത്രി ബീറ്റ്സ്, പിങ്ക് ഷാഡോ, പിങ്ക് റോമിയോ ഇവയ്ക്കെല്ലാം പുറമേ മാനസികമായ പിന്തുണ ഉറപ്പാക്കുന്ന പ്രത്യേക കൗൺസിലിംഗ് സംവിധാനങ്ങളും പ്രവർത്തിക്കുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ പെരുകുന്ന കാലമാണിത്. സൈബർ ലോകത്തും സ്ത്രീകൾ വ്യാപകമായി ചൂഷണത്തിന് വിധേയമാക്കപ്പെടുന്നു. അത്തരം ചതിക്കുഴികളിൽനിന്ന് അവർക്ക് സംരക്ഷണം നൽകുന്നതിനോടൊപ്പം അപകടങ്ങൾ തിരിച്ചറിയുന്നതിനാവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങളും മൊബൈൽ ആപ്പുകളും ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ ഫലപ്രദമായി

കൈകാര്യം ചെയ്യുന്നതിന് പോലീസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനവും നൽകിവരുന്നുണ്ട്.

നേരത്തെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സൈബർ കുറ്റകൃത്യങ്ങൾ പെരുകുന്നതിനെക്കുറിച്ച് പറഞ്ഞു. ഈ കാലഘട്ടത്തിൽ സാങ്കേതികവിദ്യ അനുദിനം മാറിക്കൊണ്ടിരിക്കുകയാണ്. വിവരസാങ്കേതികവിദ്യയുടെ വ്യാപനം കുറ്റകൃത്യങ്ങളുടെ സ്വഭാവത്തിലും മാറ്റം വരുത്തിയിരിക്കുന്നു. ലോകത്തിന്റെ ഏത് കോണിലിരുന്നും ചെയ്യാനാകുമെന്നതാണ് സൈബർ കുറ്റകൃത്യത്തിന്റെ പ്രത്യേകത. അന്വേഷണ സംവിധാനങ്ങളെപ്പോലും വെല്ലുവിളിക്കുന്ന നിലയിലാണ് ലോകത്തെമ്പാടും സൈബർ കുറ്റകൃത്യങ്ങൾ സംഭവിക്കുന്നത്. കുട്ടികൾ മുതൽ വയോജനങ്ങൾ വരെ പ്രായഭേദമന്യേ ഇതിന്റെ ഇരകളായിത്തീരുകയാണ്. ഡാർക്ക് വെബ്ബിലൂടെ നടക്കുന്ന ഇത്തരം കുറ്റകൃത്യങ്ങൾ വർദ്ധിച്ച സാഹചര്യത്തിലാണ് സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റവാളികളെ അതിവേഗം കണ്ടെത്തുന്നതിനുമായി പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഒരു സൈബർ പോലീസ് ഡിവിഷൻ ആരംഭിച്ചത്. ഇതിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുന്നതിന്റെ

ഭാഗമായി എറണാകുളത്തും കോഴിക്കോട്ടും ഓരോ 'സൈബർ ഡോം' വീതവും ആരംഭിച്ചിട്ടുണ്ട്. സൈബർ കേസുകൾ കൈകാര്യം ചെയ്യുന്നതിൽ അന്വേഷണ ഉദ്യോഗസ്ഥർക്ക് മതിയായ പരിശീലനം നൽകുകയെന്നത് ഇത്തരം കുറ്റകൃത്യങ്ങളിൽ തെളിവുകൾ ശേഖരിക്കുന്നതിനും പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിനും അനിവാര്യമായ കാര്യമാണ്. ഇത് മുൻനിർത്തി പരമാവധി താഴേത്തലം മുതൽ മുകൾത്തട്ട് വരെയുള്ള ഉദ്യോഗസ്ഥർക്ക് സൈബർ കേസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക പരിശീലനം നൽകേണ്ടതാവശ്യമാണ്. അത്തരം പരിശീലനം നേടിയ നിരവധി ഉദ്യോഗസ്ഥർ ഇപ്പോൾ സേനയുടെ ഭാഗമായിട്ടുണ്ട്. ഇവരുടെ സേവനം ഫലപ്രദമായി ഉപയോഗിക്കാൻ പോലീസിന് കഴിയുന്നുമുണ്ട്. ഓൺലൈനിലൂടെയുള്ള സാമ്പത്തികതട്ടിപ്പുകൾ കേരളത്തിലും വ്യാപകമാകുന്നുവെന്ന് തിരിച്ചറിഞ്ഞതോടെയാണ് അതിനെ ചെറുക്കാൻ 1930 എന്ന സൈബർ ക്രൈം ഹെൽപ്‌ലൈൻ പോലീസ് ആരംഭിച്ചത്. നിരവധി പേർക്കാണ് ഇതിലൂടെ ആശ്വാസം ലഭിച്ചത്. 2024 ഏപ്രിൽ വരെ ഈ നമ്പറിലേയ്ക്ക് 13239 പരാതികളാണ് ലഭിച്ചത്. ആകെ 197,62,00,000

രൂപയുടെ തട്ടിപ്പാണ് ഈ പരാതികളിലൂടെ നഷ്ടപ്പെട്ടതായി കണക്കാക്കുന്നത്. അതിൽ 29,49,00000 രൂപ വീണ്ടെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. തട്ടിപ്പുമായി ബന്ധപ്പെട്ട 10094 ബാങ്ക് അക്കൗണ്ടുകളും 7290 സിം കാർഡുകളും 10418 ഉപകരണങ്ങളും 7126 വെബ്സൈറ്റുകളും 3900 സാമൂഹ്യമാധ്യമ പ്രൊഫൈലുകളും 476 മൊബൈൽ ആപ്ലിക്കേഷനുകളും നിർവീര്യമാക്കാനും സൈബർ പോലീസിന് കഴിഞ്ഞിട്ടുണ്ട്. സൈബർ ഡിവിഷനുകീഴിൽ നിർമ്മിതബുദ്ധി സാങ്കേതികവിദ്യാധിഷ്ഠിതമായ ‘ Cyber wall Project’ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഈ പ്രോജക്ട് പൂർണമായും നടപ്പാക്കിവരുമ്പോൾ പൊതുജനങ്ങൾക്ക് ഫോൺ നമ്പറുകൾ, സോഷ്യൽ മീഡിയ പ്രൊഫൈലുകൾ, യു.ആർ.എൽ.-കൾ എന്നിവയെല്ലാം വ്യാജമാണോയെന്ന് തിരിച്ചറിയാനുള്ള സൗകര്യമുണ്ടാകും. ഇത് പോലീസിന്റെ ‘ Pol-App’ മൊബൈൽ ആപ്ലിക്കേഷനുമായി സംയോജിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇക്കാലത്ത് സാർവത്രികമായിരിക്കുന്ന ഡ്രോണുകൾ സൃഷ്ടിച്ചേക്കാവുന്ന സുരക്ഷാഭീഷണി മറികടക്കുന്നതിനും അവയെ കണ്ടെത്തി തകർക്കുന്നതിനും 'Drone Forensic Lab’ വികസിപ്പിച്ച രാജ്യത്തെ

ആദ്യത്തെ സേനയാണ് കേരള പോലീസ്. സൈബർ ഡോമിനുകീഴിൽ 2021-ലാണ് ഡ്രോൺ ഫോറൻസിക് ലാബ് ആൻഡ് റിസർച്ച് സെന്റർ സ്ഥാപിച്ചത്. ആന്റി-ഡ്രോണുകൾ, നിരീക്ഷണ ഡ്രോണുകൾ, വി.വി.ഐ.പി. സുരക്ഷയ്ക്കാവശ്യമായ മൊബൈൽ ആന്റി-ഡ്രോൺ സിസ്റ്റം തുടങ്ങിയവയുടെ നിർമ്മാണം പുരോഗമിച്ചുവരികയാണ്. ഇതിനുപുറമെ ‘ DroneX’ എന്ന പേരിൽ ഡ്രോൺ ഫോറൻസിക് സോഫ്റ്റ്‌വെയർ, ഡാർക്ക് വെബ്ബിലെ നിഗൂഢതകൾ നീക്കുന്നതിനും കുറ്റകൃത്യങ്ങൾ വിശകലനം ചെയ്യുന്നതിനുമായി ‘ Hac'KP Summit’ എന്ന ഹാക്കത്തോണിലൂടെ Cyberdome - ‘ GRAPNEL’ എന്ന സോഫ്റ്റ്‌വെയറും കേരള പോലീസ് സൗജന്യമായി വികസിപ്പിച്ചെടുത്തു. സൈബർ രംഗത്ത് നിരവധി ഇടപെടലുകളാണ് കേരള പോലീസ് നടത്തുന്നത്. ‘ Deepfake’ എന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ ഫേക്ക് വീഡിയോ നിർമ്മിച്ച് പണം തട്ടിയെടുത്ത രാജ്യത്തെ ആദ്യ കേസ് റിപ്പോർട്ട് ചെയ്തത് കോഴിക്കോട് ജില്ലയിലായിരുന്നു. ഇതിൽ തികച്ചും മാതൃകാപരമായ അന്വേഷണമാണ് പോലീസ് നടത്തിയത്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്നും

തട്ടിപ്പുസംഘത്തെ പിടികൂടിയെന്നതുമാത്രമല്ല നഷ്ടപ്പെട്ട തുക മുഴുവൻ വീണ്ടെടുക്കാനായി എന്നതും അഭിമാനകരമായ കാര്യമാണ്. കൂടാതെ, സൈബർ തട്ടിപ്പുകൾക്ക് പിന്നിൽ പ്രവർത്തിക്കുന്ന ചില വിദേശസംഘങ്ങളെ ഈ കാലഘട്ടത്തിൽ പിടികൂടാൻ കേരള പോലീസിന് സാധിച്ചു. തൃശ്ശൂരിൽ വിദേശസംഘങ്ങൾക്കായി സിം ആക്ടിവേറ്റ് ചെയ്തു നൽകുന്ന വിഷ്ണു എം. എസ്. എന്ന പ്രതിയെയും ഈ സിം കാർഡുകളുപയോഗിച്ച് തട്ടിപ്പുകൾ നടത്തിവന്ന കംബോഡിയൻ സംഘത്തിലെ പ്രധാനിയെയും കേരള പോലീസിന് അറസ്റ്റ് ചെയ്യാൻ സാധിച്ചു. മൊബൈൽ സർവ്വീസ് പ്രൊവൈഡർമാരുടെ അംഗീകൃത ഏജന്റുമാരെ സ്വാധീനിച്ച് സിം കാർഡുകൾ സംഘടിപ്പിച്ച് സൈബർ തട്ടിപ്പുകാർക്ക് നൽകുന്ന സംഘത്തെ കേരള പോലീസിന് പിടികൂടുകയും ഇത്തരത്തിൽ സിം കാർഡുകൾ തരപ്പെടുത്തി നൽകുന്ന കർണാടക സ്വദേശിയെ മലപ്പുറത്തുനിന്നും അറസ്റ്റ് ചെയ്യുകയും ഇയാളിൽനിന്നും നാൽപതിനായിരത്തിലധികം സിം കാർഡുകളും നൂറോളം മൊബൈൽ ഫോണുകളും പോലീസ് പിടിച്ചെടുക്കുകയും ചെയ്തു. തട്ടിപ്പുസംഘത്തിലെ പ്രധാനപ്രതിയെ ഹരിയാനയിൽനിന്നാണ് പിടികൂടിയത്. കേരളത്തിലെ

പ്രധാനപ്പെട്ട ആരോഗ്യസ്ഥാപനമായ ആർ.സി.സി.-യിൽ അടുത്തകാലത്തുണ്ടായ ട്രാൻസ്ഫോമർ അറ്റാക്കിൽ കൃത്യമായി ഇടപെടാനും ചുരുങ്ങിയ സമയം കൊണ്ട് അറ്റാക്ക് ബാധിക്കപ്പെട്ട സെർവറുകൾ പ്രവർത്തനസജ്ജമാക്കാനും സംസ്ഥാനത്തെ സൈബർ പോലീസിന് കഴിഞ്ഞു. ആർ.സി.സി.-യിലെ രോഗബാധിതർക്ക് റേഡിയേഷൻ നൽകുന്നതിന് ഉപയോഗിച്ചിരുന്ന സെർവറുകൾ ആക്രമിക്കപ്പെട്ടു. അതിലെ ഫയലുകൾ ഇൻക്രിപ്റ്റ് ചെയ്തു. അവയെല്ലാം വീണ്ടും തുറന്നുനൽകുന്നതിന് പണം ആവശ്യപ്പെട്ടുകൊണ്ടുള്ള സൈബർ അറ്റാക്ക് നടന്നത്. ഇതുസംബന്ധിച്ച സൈബർ കേസ് പോലീസ് അന്വേഷിച്ചുവരികയാണ്. കൂടാതെ സൈബർ ഡിവിഷനുകീഴിലുള്ള Counter Child Sexual Exploitation Centre (CCSE)-ന്റെ നേതൃത്വത്തിൽ 2023-2024-ൽ ചൈൽഡ് പോണോഗ്രാഫി പ്രചരിപ്പിച്ചതുമായി ബന്ധപ്പെട്ട് 5 P-Hunt ഓപ്പറേഷനുകൾ നടത്തി. 1892 സെർച്ചുകളിലൂടെ 704 ഡിവൈസുകൾ പിടികൂടുകയും 357 കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തു. 31 പ്രതികളെയാണ് ഈ കേസിൽ അറസ്റ്റ് ചെയ്തത്. നമ്മുടെ സമൂഹത്തിൽ ഡ്രഗ്സുമായി ബന്ധപ്പെട്ട കാര്യങ്ങൾ വലിയ തോതിൽ

ആപത്തായി മാറിക്കൊണ്ടിരിക്കുന്ന ഒന്നാണ്. ഇത് സമൂഹത്തിൽനിന്നും നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള കാര്യക്ഷമമായ ഇടപെടൽ മറ്റ് ഏജൻസികളോടൊപ്പം പോലീസും നടത്തിവരികയാണ്. ലഹരി മരുന്നുപയോഗം, വ്യാപനം എന്നിവ തടയുന്നതിനായി 'ഓപ്പറേഷൻ ഡി ഹണ്ട്' സംഘടിപ്പിച്ചിട്ടുണ്ട്. ലഹരി മാഫിയയ്ക്കെതിരെയും ശക്തമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. ലഹരി കടത്ത്, വിപണനം തുടങ്ങിയ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ NDPS (Narcotic Drugs and Psychotropic Substances Act) നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. അതോടൊപ്പം സ്ഥിരം മയക്കുമരുന്ന് കേസുകളിലുൾപ്പെടുന്ന കുറ്റവാളികളെ PIT-NDPS (Prevention of Illicit Traffic in Narcotic Drugs and Psychotropic Substances Act) നിയമപ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലഹരി മാഫിയകളെ അമർച്ച ചെയ്യാനുള്ള ശക്തമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇത്തരത്തിൽ PIT-NDPS നിയമപ്രകാരം 586 പേർക്കെതിരെ നടപടി സ്വീകരിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്. ഇത് പരിശോധിക്കുന്നതിനായി പ്രത്യേക വിഭാഗവും

ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സ്കൂൾ-കോളേജ് വിദ്യാർത്ഥികളിൽ ലഹരി ഉപയോഗം ഒഴിവാക്കുന്നതിനും ലഹരി വിരുദ്ധ അവബോധം സൃഷ്ടിക്കുന്നതിനുമായി വിവിധ തരത്തിലുള്ള ഇടപെടലുകൾ നാം നടത്തുന്നുണ്ട്. 'യോദ്ധാവ്' എന്ന പ്രത്യേക കർമ്മ പദ്ധതി പോലീസ് ഇക്കാര്യത്തിൽ നടപ്പാക്കിവരികയാണ്. വിവിധ വകുപ്പുകളുമായി ചേർന്ന് സ്കൂളുകൾ, ട്യൂഷൻ സെന്ററുകൾ, കുട്ടികൾ ഒത്തുചേരുന്ന പൊതുസ്ഥലങ്ങൾ എന്നിവ കേന്ദ്രീകരിച്ച് നിരീക്ഷണ സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമെ സ്കൂളുകൾക്ക് സമീപത്തായി പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങളെ കർശനമായി നിരീക്ഷിക്കുന്നതിന് ഷാഡോ പോലീസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പല കാരണങ്ങളാൽ വിദ്യാഭ്യാസം നിലച്ചുപോകുന്ന വിദ്യാർത്ഥികളെ ലഹരി മാഫിയയുടെ കൈകളിലകപ്പെടാതെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനായി 'HOPE' എന്ന പദ്ധതി പോലീസ് നടത്തിവരുന്നുണ്ട്. വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും കുറ്റകൃത്യങ്ങളിലേർപ്പെടാനുള്ള അവരുടെ പ്രവണത നിയന്ത്രിക്കുന്നതിനും സൈബർ ആക്രമണങ്ങളുടെ ഇരയായി മാറുന്നതിൽനിന്നും

സംരക്ഷിക്കുന്നതിനുമായി ജനമൈത്രി സുരക്ഷാ പദ്ധതിയുടെകീഴിൽ എല്ലാ യു.പി. സ്കൂളിലും പ്രത്യേക ക്ലബ്ബുകൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വിവിധ രീതിയിലുള്ള ഓൺലൈൻ സേവനങ്ങൾ ഈഘട്ടത്തിൽ പോലീസ് നടത്തിവരുന്നുണ്ട്. പോലീസ് സ്റ്റേഷനിലെത്താതെ പൊതുജനങ്ങൾക്ക് ഫലപ്രദമായി സേവനങ്ങൾ നൽകുന്നതിനുവേണ്ടി ആരംഭിച്ച 'തുണ', 'Pol-App' എന്നിവ മികവാർന്ന നിലയിൽ മുന്നോട്ടുപോകുന്നു. 'തുണ' എന്ന വെബ്പോർട്ടൽ വഴി അപകടത്തിന്റെ ജി.ഡി. കോപ്പിയും അപേക്ഷകളുടെ തത്സ്ഥിതിയും കുറ്റകൃത്യങ്ങളിലുൾപ്പെടുന്നില്ലെന്ന സർട്ടിഫിക്കറ്റുകളും രേഖകൾ നഷ്ടപ്പെട്ടതിനുള്ള പോലീസ് സർട്ടിഫിക്കറ്റുകളും പോലീസ് സ്റ്റേഷനിലെത്താതെ ജനങ്ങൾക്ക് നേരിട്ട് ഡൗൺലോഡ് ചെയ്യാനാകും. സ്മാർട്ട് ഫോണിന്റെ വ്യാപനം കണക്കിലെടുത്ത് ഇതേ സേവനങ്ങൾ 'Pol-App' എന്ന മൊബൈൽ ആപ്ലിക്കേഷൻ വഴിയും ലഭ്യമാണ്. കഴിഞ്ഞ വർഷം ഉച്ചഭാഷിണിക്കുള്ള അനുമതി, അപകടത്തിന്റെ ജി.ഡി. കോപ്പി, കുറ്റകൃത്യങ്ങളിലുൾപ്പെടുന്നില്ലെന്ന സർട്ടിഫിക്കറ്റുകൾ എന്നിവയ്ക്കായി ലഭിച്ച അപേക്ഷകളിൽ 95 ശതമാനത്തിലേറെയും ഓൺലൈനായാണ് ലഭിച്ചതെന്നത്

പ്രത്യേകം എടുത്തുപറയേണ്ടതാണ്. കേരളത്തിലെ പോലീസിന്റെ പ്രവർത്തനങ്ങളെ ആധുനികവത്ക്കരിക്കാൻ നടക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി പോലീസിന്റെ പ്രവർത്തനങ്ങൾ ഓട്ടോമേറ്റ് ചെയ്യുക, ഓൺലൈൻ പരാതികൾ രജിസ്റ്റർ ചെയ്യുക, പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിന്റെ സ്ഥിതി തിരിച്ചറിയുക ഇവയെല്ലാം അതിവേഗം ലഭ്യമാക്കുന്നതിനായി CCTNS (**Crime and Criminal Tracking Network and Systems**) എന്ന മിഷൻ മോഡ് പ്രോജക്ട് ആരംഭിച്ചിട്ടുണ്ട്. സമാനമായ കുറ്റകൃത്യങ്ങളെയും ഒരേ കുറ്റവാളികളെയും കുറിച്ചുള്ള വിവരങ്ങൾ പല സോഫ്റ്റ്വെയറുകളിലായി നിരവധി തവണ രേഖപ്പെടുത്തേണ്ടിവരുന്ന സാഹചര്യമുണ്ട്. ഇതൊഴിവാക്കി നിലവിലുള്ള സോഫ്റ്റ്വെയറുകളെ പൊതുവായൊരു സോഫ്റ്റ്വെയറിനുകീഴിൽ കൊണ്ടുവരുന്നതിനായി ‘ iCoPS’ (integrated core policing system) എന്നൊരു സോഫ്റ്റ്‌വെയർ കേരള പോലീസ് വികസിപ്പിച്ചു. പോലീസ് സേനയിലെ വിദഗ്ധ ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്തിയാണ് ഇത്തരമൊരു സോഫ്റ്റ്‌വെയർ വികസിപ്പിച്ചത് എന്നതാണ് ഇതിന്റെ പ്രത്യേകത. നമ്മുടെ

രാജ്യത്ത് ഈ രീതിയിൽ സോഫ്റ്റ്‌വെയർ വികസിപ്പിച്ച ആദ്യത്തെ പോലീസ് സേന കേരള പോലീസ് സേനയാണെന്നത് നാം കാണണം. കുറ്റകൃത്യങ്ങൾ തടയുന്നതിനും ഗതാഗത ലംഘനങ്ങൾ തിരിച്ചറിയുന്നതിനുമായി **Automatic Number Plate Recognition** for boarder sealing (**ANPR**) സ്ഥാപിച്ചിട്ടുണ്ട്. മാത്രമല്ല, നിലവിലുള്ള സിസ്റ്റത്തിനുപുറമെ 8 കോടി 55 ലക്ഷം രൂപ ചെലവിൽ CCTV Surveillance System സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പോലീസ് സേനയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി 15 പോലീസുദ്യോഗസ്ഥരെ ഉൾപ്പെടുത്തി dedicated AI team രൂപീകരിച്ചു. ഇവർക്ക് IIITM-K നടത്തുന്ന AI and Data Analytics കോഴ്സിൽ പങ്കെടുക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. പോലീസിന്റെ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായതും നിലവിൽ ലഭ്യമായതുമായ നിർമ്മിതബുദ്ധി സാങ്കേതികവിദ്യയുടെ ഉപയോഗവും പുതിയ സാങ്കേതികതവികാസവുമാണ് ഈ മേഖലയിൽ ലക്ഷ്യമിടുന്നത്. ഡാറ്റ, ഫോട്ടോഗ്രാഫുകൾ, സി.സി.ടി.വി. ഫൂട്ടേജുകൾ, കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട രേഖകൾ, തെളിവ് ഫയലുകൾ ഇവയെല്ലാം

അതിവേഗം വിശകലനം ചെയ്യാനും അതുവഴി പഴുതില്ലാത്ത കുറ്റപത്രം തയ്യാറാക്കാനും നിർമ്മിതബുദ്ധി ഫലപ്രദമായി ഉപയോഗപ്പെടുത്താനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. പോലീസ് ആധുനികവത്ക്കരണത്തിന്റെ ഭാഗമായി ഓരോ പോലീസ് ജില്ലയിലും ഒന്ന് എന്ന നിരക്കിൽ 20 പോലീസ് സ്റ്റേഷനുകൾ സ്മാർട്ടാക്കുന്നതിനായുള്ള 1 കോടി 98 ലക്ഷം രൂപ ചെലവുള്ള പ്രോജക്ട് പുരോഗമിക്കുകയാണ്. പൊതുജനങ്ങൾക്ക് അടിയന്തര ഘട്ടങ്ങളിൽ പോലീസിന്റെ പിന്തുണ തേടുന്നതിനായി അടിയന്തര പ്രതികരണ സംവിധാനം ERSS (Emergency Response Support System) എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. 2003-ൽ നമ്മുടെ സംസ്ഥാനത്ത് നടന്നിട്ടുള്ള പ്രവർത്തനങ്ങളിൽ പോലീസ് കാണിച്ചിട്ടുള്ള മികവ് ബഹുമാന്യരായ നിരവധി അംഗങ്ങൾ ചർച്ചയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 2003 ഡിസംബറിലാണ് ചാമക്കാല സ്വദേശി ശ്രീനാഥിനെ ആക്രമിച്ച് വെള്ളത്തിൽ താഴ്ത്തി കൊലപ്പെടുത്തിയ സംഭവമുണ്ടായത്. ആ കേസിലെ പ്രതി തമിഴ്നാട്ടിലെ പലയിടങ്ങളിലായി പല പേരിൽ കഴിയുകയായിരുന്നു. 20 വർഷത്തിനുശേഷം തമിഴ്നാട്ടിൽനിന്നും ആ പ്രതിയെ കണ്ടെത്താൻ കേരള പോലീസിന് കഴിഞ്ഞു.

അതുപോലെ മോഷണശ്രമത്തിന് പിടിയിലായ കൂട്ടുകാരായ രണ്ട് പ്രതികൾ; അതിൽ ഒരാളെ ചോദ്യം ചെയ്തപ്പോൾ ഇടുക്കി കട്ടപ്പനയിലെ ഇരട്ട കൊലപാതകം തെളിഞ്ഞു. ഒന്നാം പ്രതിയായ വിഷ്ണുവിന്റെ സഹോദരി വിദ്യയുടെ നാല് ദിവസം പ്രായമുള്ള കുഞ്ഞിനെയും വിഷ്ണുവിന്റെ അച്ഛൻ വിജയനെയും കൊലപ്പെടുത്തിയത് രണ്ടാം പ്രതിയായ നിധീഷ് എന്നയാളാണെന്ന് ചോദ്യം ചെയ്യലിൽ കണ്ടെത്തി. അതുമാത്രമല്ല, വിദ്യയെയും സഹോദരി സുമിയെയും കൊല ചെയ്യുന്നതിന് പ്രതി പദ്ധതിയിട്ടിരുന്നതായും തെളിയുകയുണ്ടായി. ഇവിടെ നേരത്തെ ചർച്ചയിൽ സിനിമ സംവിധായകൻ ജോഷിയുടെ വീട്ടിലെ മോഷണകേസ് കണ്ടെത്തിയതിനെക്കുറിച്ച് പ്രത്യേകം പറയുകയുണ്ടായി. ആ കവർച്ച നടത്തിയ പ്രതിയെ 15 മണിക്കൂറിനുശേഷം കേരള പോലീസിന് കണ്ടെത്താൻ കഴിഞ്ഞത് പോലീസിന്റെ മികവ് തന്നെയാണ് കാണിക്കുന്നത്. ആറോളം സംസ്ഥാനങ്ങളിൽ പത്തൊൻപതോളം മോഷണകേസുകളിൽ പ്രതിയായ വ്യക്തിയാണ് പിടിയിലായത്. അവിടെനിന്നും ഒരു കോടിയോളം രൂപ വരുന്ന വജ്ര സ്വർണ്ണാഭരണങ്ങളായിരുന്നു കവർച്ച ചെയ്തിരുന്നത്. അതുപോലെ മുണ്ടക്കയം

സ്വദേശിയായ 92-കാരി തങ്കമ്മയെ ഇടിച്ചിട്ട് വാഹനം രക്ഷപ്പെടാൻ ശ്രമിച്ച വാഹനത്തെയും ഡ്രൈവറെയും മാസങ്ങൾക്കുള്ളിൽ കേരള പോലീസിന് പിടികൂടാനായി. 2023 ഡിസംബറിലാണ് ശബരിമല തീർത്ഥാടനത്തിനുശേഷം മടങ്ങിവന്ന കാറിടിച്ച് തങ്കമ്മ മരണപ്പെട്ടത്. നിർത്താതെപോയ വാഹനത്തെയും ഡ്രൈവർ ദിനേശ് കെ. റെഡ്ഡിയെയും ഹൈദരാബാദിൽനിന്നും കണ്ടെത്തിയാണ് അറസ്റ്റ് ചെയ്തത്. കൊല്ലത്ത് ഓയൂരിൽ ആറ് വയസ്സുള്ള പെൺകുട്ടിയെ തട്ടികൊണ്ടുപോയ കേസിൽ ശക്തമായ അന്വേഷണം നടത്തി അഞ്ച് ദിവസങ്ങൾക്കുള്ളിൽ പ്രതികളെ കണ്ടെത്താനായി. ശക്തമായ പോലീസ് അന്വേഷണത്തിന്റെ ഭാഗമായി ഗത്യന്തരമില്ലാതെ കുട്ടിയെ പ്രതികൾക്ക് ഉപേക്ഷിക്കേണ്ടി വരികയാണുണ്ടായത്. പോലീസ് നടത്തിയ ശാസ്ത്രീയാന്വേഷണത്തെ തുടർന്ന് പ്രതികളെ തിരിച്ചറിയാനും അവരെ തമിഴ്നാട്ടിലെ തെങ്കാശിയിൽവച്ച് പിടികൂടാനും കഴിഞ്ഞു. ഇതര സംസ്ഥാനതൊഴിലാളികൾ ധാരാളം ജീവിക്കുന്ന സംസ്ഥാനമാണ് കേരളം. ജീവിതവൃത്തിയ്ക്കായി ജോലി ചെയ്ത് അവരിവിടെ സാധാരണജീവിതം നയിച്ചുവരികയുമാണ്. പക്ഷേ, അവരിൽ ചുരുക്കം ചിലർ കുറ്റകൃത്യങ്ങളിൽ

ഇടപെടുന്നവരാണ്. അതിനാലാണ് അവർക്കായി ഇവിടെ രജിസ്ട്രേഷൻ നടപടി ആരംഭിക്കണമെന്ന് തീരുമാനിച്ചതിന്റെ ഭാഗമായി അതിഥി തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിച്ച് കേരള പോലീസിന്റെ വെബ്സൈറ്റിൽ 'ലേബർ രജിസ്ട്രേഷൻ' എന്ന മെനുവിൽ ലഭ്യമാക്കാനും ൻ കഴിഞ്ഞിട്ടുണ്ട്. ഈ ഡാറ്റാ ബെയ്സ് ഇവരുടെ വിവരശേഖരണത്തിനുള്ള പൊതുയിടമാക്കി മാറ്റിവരികയാണ്. പോലീസിനെ കൂടുതൽ ജനകീയവൽക്കരിക്കുകയെന്നതാണ് സർക്കാരിന്റെ നയം. ക്രമസമാധാനപാലനം ജനങ്ങളുടെകൂടി ആവശ്യമാണെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് വലിയ രീതിയിലുള്ള പ്രവർത്തനങ്ങൾ ഇതുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ചിട്ടുള്ളത്. '**social policing**' സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. ഇക്കാര്യത്തിൽ സമൂഹത്തിൽ ഫലപ്രദമായി ഇടപെടുകയെന്ന പ്രതിജ്ഞാബന്ധമായ നിലപാട് സ്വീകരിച്ചതിന്റെ ഫലമായി ഈ രംഗത്ത് വലിയ മാറ്റം സൃഷ്ടിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക, പോലീസുകാർക്ക് മികച്ച തൊഴിലിടങ്ങൾ സൃഷ്ടിക്കാനാവുക എന്നുള്ളതിലും സർക്കാർ പ്രത്യേക

ശ്രദ്ധചെലുത്തിയിട്ടുണ്ട്. സാങ്കേതികവിദ്യയിലും അടിസ്ഥാനസൗകര്യങ്ങളിലും മികവേറിയ പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്തിന്റെ മുഖമുദ്രയാണ്. മെച്ചപ്പെട്ട പൊതുജനസമ്പർക്കം, കീഴ്മേൽബന്ധം, സേനയ്ക്കുള്ളിൽ സ്ത്രീ സൗഹാർദ്ദ അന്തരീക്ഷം സൃഷ്ടിക്കൽ, ധാർമികതയിലൂന്നിയുള്ള കൃത്യനിർവ്വഹണം എന്നിങ്ങനെ വിവിധ മേഖലകളിൽ സ്ഥിരം പരിശീലനത്തിനുള്ള സംവിധാനമാണ് ലക്ഷ്യമിടുന്നത്. 'ജനമൈത്രി സുരക്ഷാ പദ്ധതി' സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും വ്യാപിപ്പിച്ചിരിക്കുകയാണ്. ഇത് ഫലപ്രദമായി നമ്മുടെ നാടിന് പ്രളയഘട്ടത്തിലും മറ്റും അനുഭവപ്പെട്ട കാര്യമാണ്. ജനമൈത്രി പോലീസിന്റെ ഭാഗമായുള്ള ബീറ്റ് ഓഫീസർമാരുടെ 'ഗൃഹസന്ദർശനം' എന്ന ആശയം വിപുലമായി നടപ്പാക്കാൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം. കേരളത്തിലെ ജനങ്ങളുടെ പ്രത്യേകത, വലിയതോതിൽ വയോജനങ്ങളുടെ എണ്ണം വർദ്ധിക്കുകയെന്നുള്ളതാണ്. ഇപ്പോൾ വയോജനങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തൽ ഏതൊരു പരിഷ്കൃതസമൂഹത്തിന്റെയും ഉത്തരവാദിത്വമാണ്. സമൂഹത്തിൽ ഇപ്പോൾ അണുകുടുംബങ്ങളുടെ വ്യാപനമാണ് നടക്കുന്നത്.

അപ്പോൾ ഒറ്റപ്പെട്ട ജീവിതസാഹചര്യങ്ങളിലേയ്ക്ക് വയോജനങ്ങൾ എത്തിചേരുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങളുമുണ്ട്. ആ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ജീവിതസായാഹ്നത്തിൽ അവർക്ക് താങ്ങാകുന്നതിനും വലിയ ഇടപെടലാണ് സർക്കാർ നടത്തുന്നത്. മുതിർന്നപൗരന്മാരുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനുമായി കേരള പോലീസ് 'പ്രശാന്തി ഹെൽപ്പ് ലൈൻ' ആരംഭിച്ചിട്ടുണ്ട്. വയോജനങ്ങളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇത് നല്ല തുണയായി മാറുകയാണ്. സംസ്ഥാനത്തെ റെയിൽവേ യാത്രക്കാരുടെ സുരക്ഷ ഒരുക്കുന്നതിനൊപ്പം ട്രെയിനുകൾ കേന്ദ്രീകരിച്ചുള്ള മനുഷ്യക്കടത്ത്, ലഹരിക്കടത്ത് ഇതിനെല്ലാമെതിരെ ശക്തമായ നടപടി സ്വീകരിക്കൽ പ്രധാനമാണ്. ഈ ലക്ഷ്യത്തോടെ കേരളത്തിലെ 13 റെയിൽവേ സ്റ്റേഷനുകളിൽ റെയിൽവേ പോലീസിന്റെ സഹകരണത്തോടുകൂടി പ്രത്യേക 'ജനമൈത്രി സുരക്ഷാ പദ്ധതി' നടപ്പാക്കിവരികയാണ്. കുട്ടികളിൽ പൗരബോധവും ലക്ഷ്യബോധവും സാമൂഹിക പ്രതിബദ്ധതയും വളർത്തിയെടുക്കുന്നതിനായി രൂപീകരിച്ച 'സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി' രാജ്യത്തിനുതന്നെ മാതൃകയായൊരു

പദ്ധതിയായി മാറുകയും അത് കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നുമുണ്ട്. 997 സ്കൂളുകളിൽ 88,000 വിദ്യാർത്ഥികൾ ഈ പദ്ധതിയുടെ ഭാഗമായി പരിശീലനം നേടി വരികയാണ്. ഇതുവരെ രണ്ടര ലക്ഷത്തോളം യോദ്ധാക്കളെ SPC (Student Police Cadet) മുഖേന വാർത്തെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. പോലീസ് സംവിധാനത്തെ സ്ത്രീ സൗഹൃദമാക്കുകയെന്ന നയമാണ് എൽ.ഡി.എഫ് സർക്കാർ പുലർത്തിവരുന്നത്. 2016-ൽ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ അധികാരമേൽക്കുമ്പോൾ പോലീസ് സേനയിലെ വനിതകളുടെ അംഗബലം 6 ശതമാനമായിരുന്നു. ഇന്നത് 11.37 ശതമാനമായി ഉയർന്നു. അത് പടിപടിയായി ഉയർത്തി 15 ശതമാനത്തിലേയ്ക്കെത്തിക്കുക എന്നതാണ് സർക്കാർ ഇപ്പോൾ ലക്ഷ്യം വയ്ക്കുന്നത്. സംസ്ഥാനത്തെ പോലീസ് സേനയുടെ ഏറ്റവും വലിയ പ്രത്യേകതയായി ഇപ്പോൾ കാണാൻ കഴിയുന്നത്, ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള ഊർജ്ജസ്വലരായ ചെറുപ്പക്കാർ പോലീസ് സേനയിലേയ്ക്ക് വൻതോതിൽ കടന്നുവരികയാണ്. സാങ്കേതികവിദ്യകളിലെ കഴിവും യോഗ്യതയുമുള്ള ധാരാളം വനിതകളും ഇക്കൂട്ടത്തിലുണ്ട്. ഇത്തരം സാങ്കേതികയോഗ്യത നേടിയ സേനാംഗങ്ങളെ

അവരുടെ കഴിവ് തെളിയിക്കാൻ കഴിയുന്ന മേഖലകളിൽത്തന്നെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. അതിന്റെ ഭാഗമായി പല മേഖലകളിലും ഇവരുടെ സേവനം ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. മികച്ച ക്രമസമാധാന പാലനശേഷി, കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനുമുള്ള മികവ്, ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി പൊതുജനസേവനം നടത്താനുള്ള പ്രാപ്തി, മയക്കുമരുന്ന് വ്യാപനം തടയുന്നതിനുള്ള ആർജ്ജവം ഇവയെല്ലാം ഇന്നത്തെ കേരള പോലീസിന്റെ പ്രത്യേകതകളാണ്. ഈ നിലയിൽ പ്രകടമായ മാറ്റം ഇന്ന് കേരള പോലീസിൽ ദൃശ്യമാണ്. പോലീസ് 100 ശതമാനം പൂർണ്ണമായി എന്നല്ല ഇതുകൊണ്ടുദ്ദേശിക്കുന്നത്. ജനകീയ സേന എന്ന നിലയിൽ ഭൂരിപക്ഷം ഉദ്യോഗസ്ഥരുടെ മനോഭാവത്തിലും ജനോന്മുഖമായ മാറ്റമുണ്ടായിട്ടുണ്ട്. സേന എന്ന നിലയിൽ ആ ജനോന്മുഖമായ മാറ്റം ദൃശ്യമാണ്. എന്നാൽ ഒരു ചെറിയ വിഭാഗം ഒരു മാറ്റത്തിനും വിധേയരല്ല, മാറാൻ തയ്യാറല്ലെന്ന ശാഠ്യത്തോടെ നിൽക്കുന്നുണ്ട്. അവരെ കണ്ടെത്തി പടിപടിയായി സേനയിൽനിന്നും ഒഴിവാക്കുക മാത്രമേ മാർഗ്ഗമുള്ളൂ. കഴിഞ്ഞ 8

വർഷത്തിനുള്ളിൽ 108 ഉദ്യോഗസ്ഥരെ സേനയിൽനിന്നും പുറത്താക്കേണ്ടി വന്നിട്ടുണ്ട്. നീതി നടപ്പാക്കേണ്ടവർ കുറ്റവാളികളായാൽ അത് സേനയുടെ വിശ്വാസ്യതയെയാണ് പ്രതികൂലമായി ബാധിക്കുന്നത്. ആ വിശ്വാസ്യതയെ കളങ്കപ്പെടുത്തുന്ന നിലയാണുണ്ടാകുന്നത്. ക്രിമിനലുകളെ കേരള പോലീസിൽ വച്ചുപൊറുപ്പിക്കില്ല എന്ന നിലപാട് തന്നെയാണ് സർക്കാരിനുള്ളത്. അച്ചടക്കമുള്ള സേന എന്ന നിലയിൽ പോലീസിന്റെ പ്രവർത്തനം പലതലങ്ങളിൽ വിലയിരുത്തപ്പെടും. അതുകൊണ്ടുതന്നെ പോലീസുദ്യോഗസ്ഥർ ആരുമായാണ് ചങ്ങാത്തം കൂടേണ്ടത് എന്നതും പ്രധാനമാണെന്നതാണ് സർക്കാർ കാണുന്നത്. ആര് വിളിച്ചാലും പോകുക, അവർക്കൊപ്പം ഫോട്ടോ എടുക്കുക, വിരുന്നുകളിൽ പങ്കെടുക്കുക തുടങ്ങിയ കാര്യങ്ങളിൽ തികഞ്ഞ ജാഗ്രത പോലീസുദ്യോഗസ്ഥർക്ക് ഉണ്ടാകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് സേനയിലെ വളരെ ചുരുക്കം ചിലരാണ് ഇത്തരത്തിലുള്ള തെറ്റായ പ്രവണത കാണിക്കുന്നത്. സത്യസന്ധതയോടെ പ്രവർത്തിക്കുന്ന എല്ലാതരത്തിലും മികവാർന്ന പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഉദ്യോഗസ്ഥരാണ്, സേനാംഗങ്ങളാണ് മഹാഭൂരിഭാഗവുമുള്ളത്. അവരെ സർക്കാർ നിരന്തരം

പ്രോത്സാഹിപ്പിക്കുക തന്നെയാണ്. പ്രൊഫഷണൽ രീതിയിൽ പെരുമാറുന്ന തരത്തിൽ പോലീസ് സംവിധാനത്തെ മാറ്റിയെടുക്കാനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. തുറന്ന മനസ്സോടെ സേനാംഗങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി എല്ലാ തട്ടുകളിലുള്ളവരുമായി സഹകരിക്കുന്ന മികച്ച അന്തരീക്ഷമാണ് സേനയ്ക്ക് ആവശ്യമായിട്ടുള്ളത്. അതിനുള്ള ശ്രമങ്ങൾ നിതാന്ത ജാഗ്രതയോടെ തുടരുകയാണ്.

ഇവിടെ വലിയതോതിൽ ഉയർന്നുവന്നില്ലെങ്കിലും, നമ്മുടെ സംസ്ഥാനത്തെ വിജിലൻസ് സംവിധാനം ഫലപ്രദമായി മുന്നോട്ടുപോകുകയാണ്. ജനാധിപത്യ സമൂഹത്തിൽ മഹാവിപത്തായ ഒന്നാണ് അഴിമതി. ഈ അഴിമതിയെ നമ്മുടെ നാട്ടിൽനിന്നും തുടച്ചുനീക്കുന്നതിനായി പൊതുജന പങ്കാളിത്തത്തോടെ 'അഴിമതി മുക്ത കേരളം' എന്ന ക്യാമ്പയിൻ നാം നടത്തിവരികയാണ്. നാടിന്റെ വികസന പ്രക്രിയകൾക്ക് ആശങ്കയേകുന്ന സാമൂഹ്യ വിപത്താണ് അഴിമതിയെന്ന് വിദ്യാർത്ഥികളെയും യുവജനങ്ങളെയും ജനസമൂഹത്തെയും ഒന്നാകെ ബോധവത്കരിക്കുന്നതിനായി അതിവിപുലമായ പ്രചരണ പരിപാടികളാണ് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ

ബ്യൂറോയുടെ നേതൃത്വത്തിൽ നടത്തിവരുന്നത്. അഴിമതിയുടെ ഉറവിടം കണ്ടെത്തി ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ 'Zero Tolerance to Corruption' എന്ന നയം സർക്കാർ നടപ്പിലാക്കി. ഇതിന്റെ ഭാഗമായി ജനങ്ങളുടെ ദൈനംദിന ജീവിത പ്രശ്നങ്ങളുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും ഡിജിറ്റലൈസ് ചെയ്തുവരികയാണ്. ഇ-ഗവേർണൻസിലൂടെ പൗരന്മാർക്ക് അഴിമതി രഹിതമായി സർക്കാർ സേവനങ്ങളും വിവര കൈമാറ്റവും സാമ്പത്തിക ഇടപാടുകളും സുതാര്യമായി അർഹതപ്പെട്ടവരുടെ കൈകളിൽ എത്തിച്ചുവരുന്നു. സമ്പൂർണ്ണ സാക്ഷരതയിലൂടെ സംസ്ഥാനം കൈവരിച്ച അഭിമാനകരമായ നേട്ടം ഡിജിറ്റൽ സാക്ഷരതയിലും നേടാൻ ഈ നയത്തിലൂടെ കഴിഞ്ഞു. സർക്കാർ വകുപ്പുകളിൽ അഭ്യന്തര-വിജിലൻസ് സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം വിജിലൻസ് നൽകിവരുന്നുണ്ട്. നീതി നിർവ്വഹണം കൂടുതൽ കാര്യക്ഷമവും ജനസൗഹൃദവുമാക്കുന്നതിനായി വിജിലൻസിന്റെ 6 കോടതിയിലും 'ഇ-കോർട്ട്' സംവിധാനം ഏർപ്പെടുത്തി. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിജിലൻസ് കേസ് മാനേജ്മെന്റ് സിസ്റ്റം മൊഡ്യൂളുമായി

കണക്ക് ചെയ്ത് നല്ല രീതിയിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി. വഴി നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് Institute of Management in Government (IMG) വഴി സദ്ഭരണ ഇൻഡക്ഷൻ ട്രെയിനിംഗ് നടപടികളും ഇതോടൊപ്പം ആരംഭിച്ചിട്ടുണ്ട്. വിവിധ സർക്കാർ വകുപ്പുകളിൽ ഇനിയും അവശേഷിക്കുന്ന അഴിമതി കണ്ടെത്തുന്നതിനായി വിജിലൻസ് നിരീക്ഷണം ശക്തമാക്കി മിന്നൽ പരിശോധനകളും നടത്തിവരുന്നുണ്ട്.

ഈ സർക്കാരിന്റെ കാലത്ത് 4702 മിന്നൽ പരിശോധനകൾ, 1192 പ്രാഥമിക അന്വേഷണങ്ങൾ, 257 വിജിലൻസ് അന്വേഷണങ്ങൾ എന്നിവ നടത്താൻ കഴിഞ്ഞിട്ടുണ്ട്. 140 ട്രാപ്പ് കേസുകളുൾപ്പെടെ 425 കേസുകൾ രജിസ്റ്റർ ചെയ്തു. 148 പേർ അറസ്റ്റിലായി. ഈ വർഷം 2024 മേയ് വരെ 16 ട്രാപ്പ് കേസുകളും വിവിധ സർക്കാർ വകുപ്പുകളിലായി 4 സംസ്ഥാനതല മിന്നൽ പരിശോധനകളും ഉൾപ്പെടെ 593 മിന്നൽ പരിശോധനകളും 56 വിജിലൻസ് കേസുകളും 30 വിജിലൻസ് എൻക്വയറികളും 130 പ്രാഥമിക അന്വേഷണങ്ങളും 56 രഹസ്യാന്വേഷണങ്ങളും രജിസ്റ്റർ ചെയ്തു. പൊതുജനങ്ങളുമായി ഏറ്റവും കൂടുതൽ സമ്പർക്കം പുലർത്തുന്നതും അവരുടെ ക്ഷേമത്തിനും ദുരിത

നിവാരണത്തിനുമായി പ്രവർത്തിക്കുന്നതുമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, റവന്യൂ തുടങ്ങിയ വകുപ്പുകളിൽ വിജിലൻസ് ജാഗ്രതയോടെയാണ് ഇടപെട്ടുവരുന്നത്. അഴിമതി ഇല്ലായ്മ ചെയ്യാൻ നമ്മുടെ രാജ്യത്ത് പല നിയമ വ്യവസ്ഥകളും സംവിധാനങ്ങളും നിലവിലുണ്ട്. എന്നാൽ അത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പൊതുജന പങ്കാളിത്തം അത്യന്താപേക്ഷിതമാണ്. ഈ കാഴ്ചപ്പാടോടെ ജില്ലകൾ കേന്ദ്രീകരിച്ച് വിവിധ സന്നദ്ധസംഘടനകളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും റസിഡൻസ് അസോസിയേഷനുകളുടെയുമൊക്കെ സഹകരണത്തോടെ വിദ്യാർത്ഥികളെയും യുവജനങ്ങളെയും അണിനിരത്തി ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിച്ചുവരികയാണ്. അഴിമതി കേസുകളിൽ വിചാരണ ത്വരിതപ്പെടുത്തുന്നതിലേയ്ക്കായി കൊല്ലം ആസ്ഥാനമാക്കി ഒരു വിജിലൻസ് കോടതി സ്ഥാപിക്കുന്നതിനുള്ള ഉത്തരവ് നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുടെ ഫലമായാണ് 'ട്രാൻസ്പരൻസി ഇന്റർനാഷണൽ' തയ്യാറാക്കിയ അഴിമതി സൂചികയിൽ രാജ്യത്തെ ഏറ്റവും അഴിമതി കുറഞ്ഞ

സംസ്ഥാനമായി കേരളം മാറിയതും, ഇന്ത്യയ്ക്കുതന്നെ അഭിമാനകരമായി നിലനിൽക്കാൻ കഴിയുന്നതും.

ചർച്ചയിൽ ചെറിയ തോതിൽ ഉയർന്നുവന്നതാണ് ജയിലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഡോ. അലക്സാണ്ടർ ജേക്കബ് കമ്മിറ്റിയെ നിയോഗിച്ചുകൊണ്ട് സംസ്ഥാനത്തെ ജയിലുകളിലെ ഭരണനിർവ്വഹണത്തെ കുറിച്ച് പഠനം നടത്തിയിരുന്നു. അവർ സുപ്രധാനമായ ഒട്ടേറെ നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായി. കമ്മിറ്റിയുടെ ശിപാർശകളിൽ സാമ്പത്തിക ബാധ്യതയില്ലാത്തവയിൽ ഇതിനകം നടപടി സ്വീകരിച്ചിട്ടുണ്ട്. അന്തേവാസികളുടെ സംശുദ്ധീകരണവും പുനരധിവാസവും ലക്ഷ്യമാക്കി നിരവധി പ്രവർത്തനങ്ങൾ ജയിൽ വകുപ്പ് നടപ്പാക്കി വരികയാണ്. നമ്മുടെ സംസ്ഥാനത്ത് നിയമ നടപടികളുടെ ഭാഗമായി പൊതു സമൂഹത്തിൽനിന്ന് മാറ്റി നിർത്തപ്പെട്ട അന്തേവാസികളെ സമൂഹത്തിന്റെ പൊതുധാരയിലേയ്ക്ക് കൊണ്ടുവരിക എന്ന് ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ രാജ്യത്തെ മറ്റ് ജയിലുകൾക്കുതന്നെ മാതൃകയായിട്ടുള്ളതാണ്. അതോടൊപ്പം, അന്തേവാസികളുടെ സുരക്ഷിത കസ്റ്റഡിയും ക്ഷേമവും പുനരധിവാസവും

മുൻനിർത്തിക്കൊണ്ടുള്ള പുതിയ പദ്ധതികൾ നടപ്പാക്കിവരികയാണ്. നിലവിലുള്ള ജയിൽ മാന്വൽ 1979-ൽ നിലവിൽ വന്നതാണ്. തികച്ചും വിഭിന്നമായ ആധുനിക കാലത്ത് ജയിൽ നടത്തിപ്പുമായി ബന്ധപ്പെട്ട വിവിധ ഉപദേശക സമിതികൾ, വിസിറ്റേഴ്സ് ബോർഡ്, പുതിയ സംശുദ്ധീകരണ നിയമങ്ങൾ, നടപടികൾ എന്നിവയ്ക്കെല്ലാമൊപ്പം ഭരണ നിർവ്വഹണത്തിൽ വന്ന മാറ്റങ്ങൾക്കനുസൃതമായ മാന്വൽ പരിഷ്കരണം നടത്താൻ ഉദ്ദേശിക്കുകയാണ്. 2014-ലാണ് കേരളാ പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങൾ നിലവിൽ വന്നത്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും വിവിധ ഹൈക്കോടതികളുടെയും ഉത്തരവുകളുടെയും നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ ജയിൽ അന്തരീക്ഷത്തിൽ കാതലായ മാറ്റങ്ങൾ ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അതോടൊപ്പം പ്രധാന ഓഫീസർമാരുടെ കർത്തവ്യം, സുരക്ഷാനടപടികളിലെ പരിഷ്കരണം, കോടതികളുമായുള്ള ഓൺലൈൻ വിചാരണ, സ്ത്രീ തടവുകാരുടെ പ്രശ്നങ്ങൾ, രോഗികളായ തടവുകാർക്ക് മതിയായ ചികിത്സ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ തുടങ്ങിയവ ചട്ടങ്ങളിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇതിനായി ഒരു

വിദഗ്ധ സമിതിക്ക് രൂപം നൽകുന്നതാണ്. 2023-ൽ വനിതാ അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരടക്കം ജയിൽ വകുപ്പിൽ 262 പേർ പരിശീലനം പൂർത്തിയാക്കി പാസിംഗ്ഔട്ട് നടത്തി വകുപ്പിന്റെ ഭാഗമായി. 2024-ൽ 355 പേർക്ക് പുതിയതായി നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജയിലുകളിലുംകൂടി 8000 തടവുകാർക്കുള്ള സൗകര്യങ്ങളാണുള്ളത്. എന്നാൽ ശരാശരി തടവുകാരുടെ എണ്ണം 9500-ൽ കൂടുതലാണ്. ഇത് കണക്കിലെടുത്ത് കൂടുതൽ സൗകര്യം ഒരുക്കേണ്ടതുണ്ട്. കേരള സംസ്ഥാനം രൂപംകൊണ്ടശേഷമുള്ള ആദ്യത്തെ സെൻട്രൽ ജയിലായ തവനൂർ സെൻട്രൽ ജയിലിന്റെ നിർമ്മാണം പൂർത്തിയായി 2022-ൽ പ്രവർത്തനം ആരംഭിച്ചു. അതേ ഘട്ടത്തിൽതന്നെ കൂത്തുപറമ്പ് സ്പെഷ്യൽ ജയിലും പുതുതായി പണികഴിപ്പിച്ചു. പാർപ്പിട സൗകര്യത്തിന്റെ കുറവ് പരിഹരിക്കുന്നതിനായി രണ്ട് ഘട്ടങ്ങളിലായി പുതിയ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കണമെന്നാണ് സർക്കാർ പൊതുവായി തീരുമാനിച്ചത്. പത്തനംതിട്ട ജില്ലാ ജയിലിൽ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. തളിപ്പറമ്പ് ജയിലിന്റെ ആദ്യഘട്ട പ്രവൃത്തി തൊണ്ണൂറ് ശതമാനത്തോളം

പൂർത്തിയായി. രണ്ടാംഘട്ട നിർമ്മാണത്തിന് 3 കോടി 27 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വടകര, മണ്ണാർക്കാട്, വയനാടിലെ കൃഷ്ണഗിരി എന്നിവിടങ്ങളിൽ ജയിൽ നിർമ്മാണത്തിനുള്ള ഭരണാനുമതി ഇതിനകം നൽകിയിട്ടുണ്ട്. അത്യാധുനിക സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കിക്കൊണ്ട് ജയിൽസുരക്ഷ വർദ്ധിപ്പിക്കുന്ന നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. സി.സി.ടി.വി. സിസ്റ്റം, പവർ ഫെൻസിംഗ്, മെറ്റൽ ഡിറ്റക്ടർ, ബാഗേജ് സ്കാനർ ഇവയെല്ലാം ജയിലുകളിൽ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കോടതികളെയും ജയിലുകളെയും ബന്ധിപ്പിച്ചുള്ള വീഡിയോ കോൺഫറൻസിംഗ് വഴിയുള്ള വിചാരണ സംവിധാനം നിലവിൽവന്നു എന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. അതോടൊപ്പം തടവുകാരെ മാനസാന്തരം വരുത്തി ഉത്തമപൗരന്മാരാക്കി മാറ്റുന്നതിനുതകുന്ന സംവിധാനമായാണ് പുതിയ കാലഘട്ടത്തിലെ ജയിലുകളെ കാണുന്നത്. 2014-ൽ രൂപീകരിച്ച ജയിൽ ചട്ടങ്ങൾ പ്രകാരം അടുത്ത ബന്ധുക്കളുടെ മരണം, മരണാസന്നമായ രോഗാവസ്ഥ, വിവാഹം മുതലായവയ്ക്ക് അടിയന്തര പരോൾ അനുവദിക്കുന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് മഹാമാരിയുടെ അവസരത്തിൽ

ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശപ്രകാരം ജയിൽ അന്തേവാസികൾക്ക് പരോൾ അനുവദിച്ചത്. അപ്രകാരം അനുവദിച്ച പരോൾപോലും രാഷ്ട്രീയമായി കണ്ട് വിലയിരുത്തുന്ന രീതിയാണ് ചില മാധ്യമങ്ങൾ സ്വീകരിച്ചത്. ഇത്തരത്തിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്ന അഭിപ്രായം വിവിധഘട്ടങ്ങളിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയും പ്രകടിപ്പിച്ചിട്ടുണ്ട്. ജീവപര്യന്തം ശിക്ഷാപ്രതികൾക്ക് ദീർഘവും അനിശ്ചിതവുമായ കാലഘട്ടം ജയിലിൽ കഴിച്ചുകൂട്ടുമ്പോഴുണ്ടാകുന്ന മാനസിക സമ്മർദ്ദവും വീർപ്പുമുട്ടലുകളും ലഘൂകരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനോടൊപ്പം തൊഴിലുകളിൽ ഏർപ്പെട്ട് മെച്ചപ്പെട്ട കൂലിയും സൗകര്യങ്ങളും ലഭ്യമാകാനുള്ള സാഹചര്യവും ഉറപ്പാക്കുന്നുണ്ട്. ജീവിതത്തിലേയ്ക്ക് തിരിച്ചുവരുന്നുവെന്ന പ്രതീക്ഷ നൽകുകയും അപ്രകാരമുള്ള പുനരധിവാസ പ്രവർത്തനങ്ങളിൽ സമൂഹത്തെക്കൂടി ചേർത്ത് പിടിക്കുകയും ചെയ്യുന്ന രീതിയാണ് ജയിൽ വകുപ്പ് സ്വീകരിക്കുന്നത്. അന്തേവാസികളുടെ ആരോഗ്യവും ഇത്തരുണത്തിൽ പ്രധാനമാണ്, പ്രത്യേകിച്ച് അവരുടെ മാനസികാരോഗ്യം. ഇതിനായി കൂടുതൽ കൗൺസിലിംഗ് സംവിധാനങ്ങളും ആരോഗ്യ പരിരക്ഷാ സംവിധാനങ്ങളും

നടപ്പിലാക്കുക, ജയിൽ ആശുപത്രികളുടെ നവീകരണം, സാമ്പത്തിക നേട്ടമില്ലാതെതന്നെ അന്തേവാസികൾക്ക് സഹായകമാകുന്ന വിധത്തിൽ ജയിൽ ഡെവലപ്മെന്റ് ഫണ്ട് ഏർപ്പെടുത്തുക തുടങ്ങിയവ ഈ വർഷത്തെ വികസന ലക്ഷ്യങ്ങളാണ്.

ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിനെക്കുറിച്ച് ആരും പരാമർശിച്ചിട്ടില്ലെന്നാണ് തോന്നുന്നത്. സർക്കാർ നടത്തിവരുന്ന വികസന ക്ഷേമപ്രവർത്തനങ്ങൾ സമയബന്ധിതമായും കാര്യക്ഷമമായും പൊതുജനങ്ങളിൽ എത്തിക്കുന്നതിന് പബ്ലിക് റിലേഷൻസ് വകുപ്പിന് വലിയ ഒരളവുവരെ സാധിക്കുന്നുണ്ട്. സർക്കാരിന്റെ പ്രവർത്തനം ജനങ്ങളിൽ എത്തിക്കാൻ ക്രിയാത്മകമായ പരിപാടികളാണ് വിവര-പൊതുജന സമ്പർക്ക വകുപ്പ് നടത്തുന്നത്. സമൂഹമാധ്യമങ്ങളിലും ചർച്ചാവേദികളിലും വകുപ്പിന്റെ ഇടപെടൽ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ജനങ്ങളെ സർക്കാരുമായി നേരിട്ട് ബന്ധിപ്പിക്കുന്ന കണ്ണിയായി പബ്ലിക് റിലേഷൻസ് വകുപ്പിനെ ഉയർത്തും. ഇന്നത്തെ കാലഘട്ടത്തിലെ ആധുനിക സാങ്കേതികവിദ്യയുടെ പ്രയോജനങ്ങൾ കാലോചിതമായി

ഉപയോഗപ്പെടുത്തിക്കൊണ്ട് പരിഷ്കരണത്തിനാവശ്യമായ നടപടികൾ കൈക്കൊള്ളുകയാണ്. മാധ്യമപ്രവർത്തകരുടെ ക്ഷേമം ഉറപ്പുവരുത്തുന്ന രീതിയിൽ നിലവിലുള്ള പെൻഷൻ പദ്ധതി ശക്തിപ്പെടുത്താനും ഉദ്ദേശിക്കുകയാണ്.

അച്ചടി വകുപ്പിന്റെ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആധുനിക യന്ത്ര സാമഗ്രികൾ ഉൾപ്പെടെ ഇതിനായി ലഭ്യമാക്കിവരികയാണ്. ജനങ്ങൾക്ക് വളരെ ആവശ്യമുള്ള ഗസറ്റ് ഓൺലൈനായി നിലവിൽ ലഭ്യമാണ്. പി.എസ്.സി.-യുടെ OMR Sheet പ്രിന്റ് ചെയ്യുന്ന പ്രവൃത്തികൾ നല്ല നിലയിൽ നടന്നുവരുന്നു. എസ്.എസ്.എൽ.സി., ഹയർ സെക്കൻഡറി പരീക്ഷകളുടെ ഉത്തരക്കടലാസുകളും സർക്കാർ ആവശ്യങ്ങൾക്കുള്ള ഫോറങ്ങളും മറ്റും വകുപ്പ് വിജയകരമായി അച്ചടിച്ച് നൽകിവരുന്നുണ്ട്.

നമ്മുടെ ചർച്ചയിൽ ധാരാളം കാര്യങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അതിൽ പലരും പ്രധാനമായി ഊന്നൽ നൽകിയത് രാഷ്ട്രീയകാര്യങ്ങൾക്കാണ്. അതിനെല്ലാം ഇന്നലെ വിശദമായി മറുപടി പറഞ്ഞതുകൊണ്ട്

ആവർത്തനത്തിലേയ്ക്ക് കടക്കുന്നില്ല. അതേകാര്യങ്ങളല്ലാതെയുള്ള നിരവധി കാര്യങ്ങൾക്ക് മറുപടി പറയാനുണ്ട്.

നമ്മുടെ സംസ്ഥാനത്തുനിന്നും കുറേയാളുകളെ വിദേശത്തേയ്ക്ക് കൊണ്ടുപോയി അവയവ കച്ചവടത്തിന് ഇരയാക്കിയെന്ന കേസ് ഉയർന്നുവന്നത് എല്ലാവരുടെയും ശ്രദ്ധയിലുണ്ടാകുമല്ലോ, അക്കാര്യത്തിൽ ഫലപ്രദമായ നടപടിയാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. അതിനായി പ്രത്യേക അന്വേഷണ സംഘത്തെതന്നെ നിയോഗിച്ചിരിക്കുകയാണ്.

ലോക്സഭാ തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. കേരളത്തിൽ പരാജയപ്പെട്ടതും യു.ഡി.എഫ്.-ന് നല്ല വിജയം നേടിയതുമെല്ലാം ഇന്നലെ നമ്മൾ ചർച്ച ചെയ്തതാണ്. എന്നാലും പ്രതിപക്ഷത്തിന് അക്കാര്യത്തിൽ പിന്നെയും പിന്നെയും സംശയമുണ്ടോ എന്നൊരു തോന്നൽ വരുന്നുണ്ട്. ആറ്റിങ്ങൽ മണ്ഡലത്തിൽ ഞങ്ങൾ പരാജയപ്പെട്ടുവെന്നതും നിങ്ങൾ ജയിച്ചുവെന്നതും ശരിയാണ്. ഇവിടെ ചില വോട്ടിന്റെ കണക്കുകൾ പറയുന്നതുകേട്ടപ്പോൾ നിങ്ങൾ എന്തോ മികച്ച വിജയം നേടി നിൽക്കുന്നുവെന്ന തോന്നലാണുണ്ടായത്. എന്താണതിന്റെ സ്ഥിതിയെന്ന് പരിശോധിക്കാം.

2019-ലെ തിരഞ്ഞെടുപ്പിൽ വർക്കല അസംബ്ലി നിയോജകമണ്ഡലത്തിൽ 48000 വോട്ട് ലഭിച്ച യു.ഡി.എഫ്.-ന് ഇത്തവണ 39000 വോട്ടാണ് ലഭിച്ചത്. അത്രയും വോട്ടിന്റെ താഴ്ച അവിടെയുണ്ടായി.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, വർക്കല മണ്ഡലത്തിൽ എൽ.ഡി.എഫ്.-ന് എത്ര വോട്ടാണ് ലഭിച്ചത്?

ശ്രീ. പിണറായി വിജയൻ: സർ, എൽ.ഡി.എഫ്.-ന്റെ കണക്കാണല്ലോ അവിടെനിന്നും പറഞ്ഞത്. നിങ്ങൾ കണക്ക് പറയുമ്പോൾ നിങ്ങളുടെ അവസ്ഥ എന്താണെന്ന് നോക്കേണ്ടതായിരുന്നു. അതാണ് ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുന്നത്. അവിടെ പരാജയപ്പെട്ടുവെന്നുള്ളത് ഞങ്ങൾ അംഗീകരിച്ചല്ലോ, പക്ഷേ നിങ്ങൾ എന്തോ മികവാർന്ന വിജയം നേടിയിരിക്കുകയാണെന്ന മട്ടിൽ കാര്യങ്ങൾ അവതരിപ്പിക്കുന്നതുകൊണ്ട് അക്കാര്യം ഓർക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. 2019-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ ആറ്റിങ്ങൽ മണ്ഡലത്തിൽ 50045 വോട്ടുണ്ടായിരുന്ന യു.ഡി.എഫ്.-ന് ഇപ്പോൾ 46000 വോട്ടാണ് ലഭിച്ചത്. അത് വർദ്ധനവാണോ കുറവാണോ? 2019-ലെ തിരഞ്ഞെടുപ്പിൽ ചിറയിൻകീഴ് മണ്ഡലത്തിൽ

യു.ഡി.എഫ്.-ന് ലഭിച്ചത് 56000 വോട്ടായിരുന്നു. ഇപ്പോൾ അത് 44000 ആയി കുറഞ്ഞു. നിലവിലെ യാഥാർത്ഥ്യങ്ങളെക്കുറിച്ചാണ് ഞാൻ സംസാരിക്കുന്നത്. നെടുമങ്ങാട് മണ്ഡലത്തിൽ 54000 വോട്ടാണ് യു.ഡി.എഫ്.-ന് ലഭിച്ച ഇപ്പോൾ 50000 വോട്ടാണ് ലഭിച്ചത്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, കളമശ്ശേരിയിൽ എത്ര വോട്ടാണ് ലഭിച്ചത്?

ശ്രീ. പിണറായി വിജയൻ: സർ, കളമശ്ശേരി ഇതിൽ ഉൾപ്പെടുന്നില്ല. നിങ്ങൾ ഇവിടെ ചില മണ്ഡലങ്ങളിലെ വോട്ടിന്റെ എണ്ണത്തെക്കുറിച്ച് പറഞ്ഞല്ലോ, അങ്ങനെ എണ്ണം പറഞ്ഞ മണ്ഡലങ്ങളുടെ കാര്യമാണ് ഓർക്കേണ്ടത്. വാമനപുരം മണ്ഡലത്തിൽ കഴിഞ്ഞതവണ 59000 വോട്ട് ലഭിച്ച യു.ഡി.എഫ്.-ന് ഇപ്പോൾ 45000 വോട്ടാണ് ലഭിച്ചത്. അരുവിക്കര മണ്ഡലത്തിൽ കഴിഞ്ഞതവണ 58000 വോട്ട് ലഭിച്ച യു.ഡി.എഫ്.-ന് ഇപ്പോൾ 47000 വോട്ടാണ് ലഭിച്ചത്. കാട്ടാക്കട മണ്ഡലത്തിൽ 51000 വോട്ട് ലഭിച്ച യു.ഡി.എഫ്.-ന് ഇത്തവണ 43000 വോട്ടാണ് ലഭിച്ചത്. യു.ഡി.എഫ്. ജയിച്ചു എന്നത് വസ്തുതയാണല്ലോ, പക്ഷെ ഇതാണ് അവസ്ഥയെന്നത്

മനസ്സിലാക്കണം. അത്രയും വോട്ടുകൾ എങ്ങോട്ട് പോയി? ആ വോട്ടുകൾ ഞങ്ങൾക്ക് ലഭിച്ചിട്ടില്ലെന്ന കാര്യം നിങ്ങൾ സമ്മതിക്കുമല്ലോ. അവരവരുടെ അവസ്ഥ മനസ്സിലാക്കിയശേഷം അതിനെക്കുറിച്ച് പരിശോധിക്കാൻ തയ്യാറാകണം. മറ്റ് കാര്യങ്ങളെക്കുറിച്ചെല്ലാം ഇന്നലെ പറഞ്ഞതാണ്. ഞാൻ അത് ആവർത്തിക്കുന്നില്ല.

മറ്റൊരു കാര്യം, ശ്രീ. രാഹുൽ ഗാന്ധിയെ ഞാൻ എന്തോ പറഞ്ഞെന്നാണ് ഇവിടെ പറഞ്ഞത്. ഞാനൊന്നും പറഞ്ഞില്ല, ശ്രീ. രാഹുൽ ഗാന്ധിക്ക് അദ്ദേഹത്തിന്റേതായ stature ഉണ്ട്. ആ stature-ൽനിന്നുകൊണ്ട് പറയാൻ പാടില്ലാത്ത കാര്യങ്ങളാണ് അദ്ദേഹം പറഞ്ഞത്. സ്വാഭാവികമായും അതിന്റെ മറുപടി ഞാൻ പറഞ്ഞിട്ടുണ്ട്. അത് ശ്രീ. രാഹുൽ ഗാന്ധിക്ക് ചേർന്ന നിലയിലല്ല. അതാണ് പ്രശ്നം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഈ തിരഞ്ഞെടുപ്പിന്റെ ആദ്യാവസാനം അങ്ങ് ശ്രീ. രാഹുൽ ഗാന്ധിയെക്കുറിച്ച് പറഞ്ഞ ഒരു നല്ല വാക്കെങ്കിലുമുണ്ടോ; ഒരു നല്ല വാക്കുമില്ല, കാരണം അങ്ങേയ്ക്ക് നേരെ ശത്രുക്കളായിരുന്നത് ഇന്ത്യാ മുന്നണിയുടെ തലപ്പത്ത് നിൽക്കുന്ന

ശ്രീ. രാഹുൽ ഗാന്ധിയാണ്. അതേസമയം ബി.ജെ.പി.-യുടെ നേതാവായ ശ്രീ. നരേന്ദ്ര മോദി ആയിരുന്നില്ല. ഈ തിരഞ്ഞെടുപ്പിൽ ഏതെങ്കിലുമൊരു സന്ദർഭത്തിൽ അങ്ങനെ സംഭവിച്ചിട്ടുണ്ടോ? എനിക്ക് ഓർമ്മയില്ലെന്നുവരികിൽ അങ്ങ് എന്നെ തിരുത്തിയാൽ ഞാൻ തിരുത്തൽ ഉൾക്കൊള്ളാൻ തയ്യാറാണ്. ഏതെങ്കിലും സന്ദർഭത്തിൽ ശ്രീ. രാഹുൽ ഗാന്ധിയെക്കുറിച്ച് ഒരു വാക്കെങ്കിലും നന്മ പറഞ്ഞിട്ടുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, നിങ്ങളാണല്ലോ അദ്ദേഹത്തെ ഈ തരത്തിലാക്കിയത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അങ്ങനെയൊന്നും ചെയ്യില്ലെന്ന് എനിക്ക് നല്ല ബോദ്ധ്യമുണ്ട്. വേറെ ചിലർ അദ്ദേഹത്തെ ഉപദേശിച്ചതുകൊണ്ടാണ് മറ്റ് ആളുകളെയെല്ലാം അറസ്റ്റ് ചെയ്തിട്ടും എന്തുകൊണ്ട് കേരളത്തിന്റെ മുഖ്യമന്ത്രിയെ അറസ്റ്റ് ചെയ്യുന്നില്ലെന്ന് ചോദിച്ചത്. എന്ത് അടിസ്ഥാനത്തിലാണ് ആ ചോദ്യം ഉന്നയിച്ചത്? ശ്രീ. രാഹുൽ ഗാന്ധിയെപ്പോലെയുള്ള കോൺഗ്രസിന്റെ സമുന്നത നേതാവ് കേരളത്തിൽ വന്ന് ആ നിലയ്ക്കാണോ സംസാരിക്കേണ്ടത്? അതിന് സ്വാഭാവികമായും മറുപടി പറയും. ആ മറുപടി പറഞ്ഞിട്ടുണ്ട്. അതാണുണ്ടായിട്ടുള്ളത്. അദ്ദേഹം

സ്വീകരിക്കുന്ന നിലപാടുകളെ കോൺഗ്രസ് രാഷ്ട്രീയത്തിന്റെ ഭാഗമായി കാണാൻ ഞങ്ങൾക്ക് സാധിക്കും. അത്തരം കാര്യങ്ങൾ ഞങ്ങൾ അങ്ങനെ തന്നെകാണും. പക്ഷേ ഈ വിഷയത്തിൽ അതല്ലല്ലോ ഉണ്ടായത്. തിരഞ്ഞെടുപ്പ് രംഗത്ത് ഇത്തരമൊരു നിലപാട് ആർക്കാണ് ഗുണകരമായി വരുന്നത്? കേന്ദ്ര സേന കേരളത്തിൽ എന്തെല്ലാം ചെയ്യാൻ കഴിയുമെന്നാണ് നോക്കുന്നത്. അതിന് ചൂട്ട് പിടിക്കാനാണല്ലോ നിങ്ങൾ ശ്രമിക്കുന്നത്. ചൂട്ട് പിടിക്കുന്ന നിങ്ങൾക്ക് എണ്ണ ഒഴിച്ചുതരുന്ന പണി കേരളത്തിൽ വന്ന് അദ്ദേഹം ചെയ്യാൻ പാടില്ല. അതുദ്ദേശിച്ചാണ് അദ്ദേഹത്തെ വിമർശിച്ചത്. ആ വിമർശനം സ്വാഭാവികമാണ്.

മറ്റൊന്ന്, ശ്രീ. അമ്രാ റാമിന്റെ രാജസ്ഥാനിലെ വിജയത്തെക്കുറിച്ചാണ് നിങ്ങൾ പ്രധാനമായും പറഞ്ഞുകൊണ്ടിരിക്കുന്നത്. കയറിക്കോ അങ്ങോട്ടെന്നുപറഞ്ഞ് നിങ്ങൾ സഹായിച്ച് ശ്രീ. അമ്രാ റാമിനെ കയറ്റിയതാണെന്ന മട്ടിലാണ് പ്രചരിപ്പിക്കുന്നത്. ഇന്ത്യാ മുന്നണിയുടെ ഭാഗമായിട്ടാണ് അവിടെ സി.പി.ഐ.(എം.) പ്രവർത്തിക്കുന്നത്. അതിൽ സി.പി.ഐ.(എം.) സ്ഥാനാർത്ഥിയായ ശ്രീ. അമ്രാ റാമിന് അവിടത്തെ

കോൺഗ്രസുകാർ വോട്ട് ചെയ്തിട്ടുണ്ടെന്നുള്ളത് സത്യമാണ്. പക്ഷേ പല മണ്ഡലങ്ങളിലും കോൺഗ്രസ് വിജയിച്ചത് സി.പി.ഐ.(എം.)-ന്റെ വോട്ട് ലഭിച്ചിട്ടാണെന്നതും മറക്കരുത്. നിങ്ങൾ ചിരിക്കുന്നത് കാര്യങ്ങൾ അറിയാതെയാണ്; അന്നേരം നിശ്ശബ്ദത പാലിച്ചിട്ട് കാര്യമില്ല. ഇപ്പോൾ ചിരിച്ചാൽ പിന്നെ ദുഃഖിക്കേണ്ടി വരും. ഞാൻ പറയാൻ പോകുന്ന എല്ലാ കാര്യങ്ങളും ശ്രദ്ധിച്ച് കേൾക്കണം. സി.പി.ഐ.(എം.) ശക്തി കേന്ദ്രമാണ് കർഷക സമര കേന്ദ്രമായ സിക്കാർ (Sikar). ആ കർഷക സമരത്തിൽ സി.പി.ഐ.(എം.)-ഉം കർഷക സംഘടനയും ഇടതുപക്ഷവും വഹിച്ച പങ്ക് എന്താണെന്ന് എല്ലാവർക്കുമറിയാം. ഐതിഹാസികമായ കർഷക സമരം നടന്ന ഭൂമികയാണത്. ഇപ്പോൾ നിങ്ങൾ പറയുന്ന ശ്രീ. അമ്രാ റാം അവിടത്തെ പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയും പാർട്ടി കേന്ദ്ര കമ്മിറ്റിയംഗവുമാണ്. ഐതിഹാസികമായ കർഷക സമരത്തിന് നേതൃത്വം നൽകിയ നേതാവാണ് ശ്രീ. അമ്രാ റാം. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഉജ്ജ്വലമായ പോരാട്ടമാണ് അവിടെ നടന്നിട്ടുള്ളത്. അതിന്റേതായ പിന്തുണ വലിയതോതിൽ ജനങ്ങളുടെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്. ഒരു വർഷം നീണ്ടുനിന്ന കർഷക സമരത്തിന്റെ

മുന്നണി പോരാളിയായിരുന്നു അദ്ദേഹം. കോൺഗ്രസിനെയും ബി.ജെ.പി.-യെയും തോൽപ്പിച്ചുകൊണ്ട് പാർലമെന്റിലേയ്ക്കല്ല, നിയമസഭയിലേയ്ക്ക് അദ്ദേഹം 4 തവണ വിജയിച്ച് വന്നിട്ടുണ്ടെന്ന കാര്യം നിങ്ങൾ മറക്കരുത്. സിക്കാർ മണ്ഡലത്തിലെ Dhod-ൽ നിന്നാണ് അദ്ദേഹം എം.എൽ.എ. ആയത്. നിങ്ങൾ അവിടെ ഇരുന്നു പറഞ്ഞതുകൊണ്ട് ഞാൻ പറയാൻ പോകുന്ന കാര്യങ്ങളൊന്നും ഇല്ലാതാകാൻ പോകുന്നില്ല. 2014, 2019 വർഷങ്ങളിൽ ബി.ജെ.പി. ജയിച്ച മണ്ഡലമാണ് സിക്കാർ. കഴിഞ്ഞ തവണയും അതിനുമുമ്പും അവിടെ ബി.ജെ.പി.-യാണ് വിജയിച്ചത്. ഇത്തവണ അവിടെ സി.പി.ഐ.(എം.) വിജയിച്ചു. ഇടതുപക്ഷത്തിന്റെ നേതൃത്വത്തിൽ എല്ലാവരും പങ്കെടുത്തുകൊണ്ട് നടത്തിയ കർഷക സമരംകൂടിയാണ് ഈ വിജയത്തിന് പശ്ചാത്തലമായത്. ആ സമരത്തിന്റെ സമുന്നതനായ നേതാവുകൂടിയായിരുന്നു ശ്രീ. അമ്രാ റാം. പല അസംബ്ലി മണ്ഡലങ്ങളിലും സി.പി.ഐ.(എം.) ഒറ്റയ്ക്ക് മത്സരിച്ച ഒരു പ്രദേശമാണിത്. 2023-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ സിക്കാർ ലോക്സഭയിലുൾപ്പെടുന്ന ധോദ് അസംബ്ലി മണ്ഡലത്തിലെ വോട്ടിന്റെ കണക്ക് പരിശോധിക്കാം. ബി.ജെ.പി. സ്ഥാനാർത്ഥിയായിരുന്ന ശ്രീ. ഗോവർധൻ

വർമ്മ 85543 വോട്ടുകൾ നേടി വിജയിച്ചു (42.30 ശതമാനം വോട്ട്). സി.പി.ഐ.(എം.)-ന്റെ ശ്രീ. പേമാ റാം 72165 വോട്ടുകൾ നേടി രണ്ടാം സ്ഥാനത്തെത്തി പരാജയപ്പെട്ടു. സി.പി.ഐ.(എം.)-ന് 35.69 ശതമാനം വോട്ടുകളാണ് ഒറ്റയ്ക്ക് ആ മണ്ഡലത്തിൽ നേടാനായത്. മൂന്നാം സ്ഥാനത്തെത്തിയ ഇന്ത്യൻ നാഷണൽ കോൺഗ്രസ് സ്ഥാനാർത്ഥി ജഗദീഷ് പ്രസാദ് ദനോഡിയ 34487 വോട്ടുകളാണ് നേടിയത് (17.05 ശതമാനം). അന്ന് കോൺഗ്രസ് ഇടതുപക്ഷത്തിന് പിന്തുണ നൽകുകയോ എന്തെങ്കിലും ധാരണയുണ്ടാക്കുകയോ ചെയ്തിരുന്നെങ്കിൽ അവിടെ ബി.ജെ.പി. സ്ഥാനാർത്ഥി ജയിക്കില്ലായിരുന്നു. പക്ഷെ അവിടെ മികച്ചുനിൽക്കുന്നത് സി.പി.ഐ.(എം.) ആണെന്ന് മറക്കരുത്. 2018-ൽ സി.പി.ഐ.(എം.) രാജസ്ഥാനിൽ ഒറ്റയ്ക്ക് മത്സരിച്ച് രണ്ട് സീറ്റുകൾ നേടി. ഭദ്ര മണ്ഡലത്തിൽ ശ്രീ. ബൽവാൻ പൂനിയയും ദുൻഗർഗഡ് (Dungargarh) മണ്ഡലത്തിൽ ശ്രീ. ഗിർധരിലാൽ മഹിയയുമാണ് അവിടെ കോൺഗ്രസിനെയും ബി.ജെ.പി.-യെയും പരാജയപ്പെടുത്തി വിജയിച്ചത്. പല സ്ഥലങ്ങളിലും സി.പി.ഐ.(എം.) ഒറ്റയ്ക്ക് മത്സരിച്ചുതന്നെയാണ് ഈ വിജയങ്ങൾ നേടിയിട്ടുള്ളത്. 2023-ൽ സി.പി.ഐ.(എം.) സ്ഥാനാർത്ഥികൾ

പരാജയപ്പെട്ടത് സി.പി.ഐ.(എം.)-ന്റെ വോട്ട് കുറഞ്ഞതുകൊണ്ടല്ല, ആ വോട്ടുകൾ അങ്ങനെതന്നെ നിലനിർത്താൻ കഴിഞ്ഞു. പക്ഷെ കോൺഗ്രസിന് ലഭിച്ചിരുന്ന വോട്ട് ബി.ജെ.പി.-യിലേയ്ക്ക് മറിഞ്ഞതിനാലാണ് സി.പി.ഐ.(എം.) സ്ഥാനാർത്ഥികൾ പരാജയപ്പെട്ടത്. ശ്രീ. ബൽവാൻ പൂനിയ 2018-ൽ ജയിച്ച ഭദ്ര നിയമസഭാ മണ്ഡലത്തിലെ 2023-ലെ കണക്ക് പരിശോധിക്കാം. 2018-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ 82204 വോട്ടുകൾ നേടി മുൻ എം.എൽ.എ.-യായിരുന്ന ബി.ജെ.പി. സ്ഥാനാർത്ഥിയെ പരാജയപ്പെടുത്തിയാണ് സി.പി.ഐ.(എം.) സ്ഥാനാർത്ഥിയായിരുന്ന ശ്രീ. ബൽവാൻ പൂനിയ വിജയിച്ചത്. ബി.ജെ.പി. സ്ഥാനാർത്ഥി 59051 വോട്ടുകളും കോൺഗ്രസ് സ്ഥാനാർത്ഥി 37574 വോട്ടുകളും നേടി. 2023-ലെ തിരഞ്ഞെടുപ്പിൽ സി.പി.ഐ.(എം.)-ഉം ബി.ജെ.പി.-യും തമ്മിലായിരുന്നു ബലാബലം. രണ്ട് പാർട്ടികളും കഴിഞ്ഞ തവണത്തെ അതേ സ്ഥാനാർത്ഥികളെത്തന്നെയായിരുന്നു രംഗത്തിറക്കിയത്. സി.പി.ഐ.(എം.) സ്ഥാനാർത്ഥിയായിരുന്ന ശ്രീ. ബൽവാൻ പൂനിയ തന്റെ വോട്ടുവിഹിതം 2018-ലെ 82204-ൽനിന്ന് 101616-ലേയ്ക്കുയർത്തി, 20544 വോട്ടുകൾ അധികം നേടി.

ബി.ജെ.പി. സ്ഥാനാർത്ഥി അതിനേക്കാൾ കൂടുതൽ വോട്ടുകൾ നേടി. 102748 വോട്ടുകൾ നേടി 1132 വോട്ടുകളുടെ ഭൂരിപക്ഷത്തിന് ബി.ജെ.പി. സ്ഥാനാർത്ഥി ജയിച്ചു. കണക്കുകൾ ഇവിടെ തീരുന്നില്ല. നിങ്ങൾ കാണേണ്ട കാര്യമാണ് ഞാൻ പറയുന്നത്. മണ്ഡലത്തിലെ മുഴുവൻ വോട്ടുകളും പോൾ ചെയ്യപ്പെട്ട വോട്ടുകളും ഉയർന്നു. പക്ഷേ കോൺഗ്രസിന്റെ വോട്ട് പത്തിലൊന്നായി ചുരുങ്ങി. 2018-ൽ 37574 വോട്ടുകൾ നേടിയ കോൺഗ്രസ്, സംസ്ഥാന ഭരണത്തിന്റെ തണലിൽ വെറും 3771 വോട്ടിലേയ്ക്കൊതുങ്ങി. 33803 വോട്ടുകളുടെ കുറവാണ് അവിടെ സംഭവിച്ചത്. ഭരണത്തിലിരിക്കുന്ന പാർട്ടിക്ക് ഒരു നിയമസഭാ തിരഞ്ഞെടുപ്പിൽ ഇത്രയും വോട്ടുകൾ കുറയുന്നത് സാധാരണഗതിയിൽ സംഭവിക്കുന്ന കാര്യമല്ല, പക്ഷെ കോൺഗ്രസിന്റെ കാര്യത്തിൽ അത് അസംഭവ്യമല്ല. 2023-ലെ ഒരു തിരഞ്ഞെടുപ്പിന്റെ ഫലം ഞാൻ പറഞ്ഞത് അതുകൊണ്ടാണ്. സി.പി.ഐ.(എം.)-നെ തോൽപ്പിക്കാനായി തങ്ങളുടെ ഏറ്റവും വലിയ രാഷ്ട്രീയ എതിരാളിയെ ജയിപ്പിക്കാനാണ് കോൺഗ്രസ് തയ്യാറായത് എന്ന കാര്യമാണ് നാം കാണേണ്ടത്. ഇത്തവണത്തെ ലോക്സഭാ തിരഞ്ഞെടുപ്പിൽ ഭദ്ര നിയമസഭാ മണ്ഡലം ഉൾപ്പെടുന്ന ചുറു (Churu)

ലോക്സഭാ മണ്ഡലത്തിൽ സി.പി.ഐ.(എം.) കോൺഗ്രസിനെ പിന്തുണയ്ക്കുകയാണ് ചെയ്തത്. ഭദ്ര നിയമസഭാ മണ്ഡലത്തിലെ ഒരു ലക്ഷത്തിലധികം വരുന്ന സി.പി.ഐ.(എം.) വോട്ടുകൾ ഒന്നുപോലും ചോർന്നുപോകാതെ കോൺഗ്രസ് സ്ഥാനാർത്ഥിയായ ശ്രീ. രാഹുൽ കസ്വാന് നൽകുകയുണ്ടായി. 16 ശതമാനം വോട്ടുയർത്തി ബി.ജെ.പി.-യിൽനിന്നും സീറ്റ് പിടിച്ചെടുക്കാൻ ഇത്തവണ കോൺഗ്രസിന് കഴിഞ്ഞത് ഈ പിന്തുണകൊണ്ടാണ്. ചുറുവിലെ കോൺഗ്രസ് എം.പി.-യോട് ചോദിച്ചാൽ (അങ്ങനെ ചോദിക്കാൻ കഴിയുന്നവരാണല്ലോ അവിടെനിന്ന് ചോദിച്ചുകൊണ്ടിരിക്കുന്നത്) സി.പി.ഐ.(എം.) എത്രത്തോളം പിന്തുണ നൽകിയെന്നതടക്കമുള്ള കാര്യങ്ങൾ കൃത്യമായി മനസിലാക്കാൻ സാധിക്കും. രാജസ്ഥാനിൽ കോൺഗ്രസ് നേടിയ എട്ട് സീറ്റുകളിലും സി.പി.ഐ.(എം.)-ന്റെ വോട്ടുകളുണ്ടെന്നാണ് വ്യക്തമാകുന്നത്. ചുറുവിന് പുറമെ ഗംഗാനഗർ (Ganganagar), ജുൻജുനു (Jhunjhunu) തുടങ്ങിയ മണ്ഡലങ്ങളിലും കോൺഗ്രസ് സ്ഥാനാർത്ഥികൾ ജയിച്ചത് സി.പി.ഐ.(എം.) വോട്ടുകൾകൂടി നേടിയാണെന്ന് കണക്കുകൾ നിരത്തി പറയാൻ കഴിയും. ഭദ്ര, ദുൻഗർഗഡ്, ധോദ് തുടങ്ങിയവ

നിയമസഭാ തിരഞ്ഞെടുപ്പിൽ സി.പി.ഐ.(എം.) ഒറ്റയ്ക്ക് നാൽപ്പത് ശതമാനത്തിലധികം വോട്ടുകൾ നേടുന്ന മണ്ഡലങ്ങളാണ്. ദന്ത രാംഗഡ് (Danta Ramgarh), റെയിസിംഗ് നഗർ (Raisinghnagar), ലക്ഷ്മൺഗഡ് (Lachhmangarh), സിക്കാർ, ഹനുമാൻഗഡ് (Hanumangarh) മുതലായ മണ്ഡലങ്ങളിൽ സി.പി.ഐ.(എം.)-ന് 20-30 ശതമാനം വോട്ട് ലഭിക്കുന്നുണ്ട്. പത്ത് ശതമാനം വോട്ട് ലഭിക്കുന്ന അര ഡസനോളം മണ്ഡലങ്ങൾ വേറെയുമുണ്ട്. 2018-ൽ സി.പി.ഐ.(എം.) ജയിച്ച ദുൻഗർഗഡ് (Dungargarh) ഉൾപ്പെടുന്നത് ബിക്കാനീർ ലോക്സഭാ മണ്ഡലത്തിലാണ്. സി.പി.ഐ.(എം.) 72000-ലധികം വരുന്ന വോട്ട് അവിടെ കോൺഗ്രസിന് നൽകി. പത്ത് ശതമാനം വോട്ട് കോൺഗ്രസിന് ഉയർത്താൻ കഴിഞ്ഞു. പക്ഷെ കോൺഗ്രസ് പാർട്ടിക്കകത്തുതന്നെയുള്ള ചില ആഭ്യന്തര പ്രശ്നങ്ങൾ കാരണമായിരുന്നു അവിടെ പരാജയപ്പെട്ടത്. ഒരു പൊതുരാഷ്ട്രീയ മുന്നണിയുടെ ഭാഗമായാണ് രാജസ്ഥാനിൽ മത്സരം നടന്നത്, അത് പൊതുശത്രുവിനെ തോൽപ്പിക്കാനാണ്. പരസ്പരം വോട്ട് വാങ്ങിയും കൊടുത്തുമാണ് ആ മുന്നണി പ്രവർത്തിച്ചത്. അതിനുശേഷം, ശ്രീ. രാഹുൽ ഗാന്ധി ജയിച്ചതുകാരണമാണ് സിക്കാറിൽ അമ്രാ

റാം ജയിച്ചത് എന്ന് നിങ്ങളെപ്പോലുള്ളവർ പറയുന്നത് ശരിയല്ല. ഒറ്റയ്ക്ക് മത്സരിച്ചാൽ കോൺഗ്രസിന്റെ സ്ഥിതിയെന്താകുമായിരുന്നുവെന്ന് ആലോചിച്ചുനോക്കൂ. ഓരോ സംസ്ഥാനത്തിനും അതിന്റേതായ പ്രത്യേകതകളുണ്ട് എന്നാണ് ഞങ്ങൾ ആദ്യമേ പറയുന്നത്. ആ പ്രത്യേകതകൾ മനസ്സിലാക്കിക്കൊണ്ടുള്ള തിരഞ്ഞെടുപ്പ് ധാരണകളും കൂട്ടുകെട്ടുകളുമാണ് വേണ്ടത്. അതിന്റെ ഭാഗമായി കാര്യങ്ങൾ നീക്കിയാൽ നല്ല ഫലമുണ്ടാകും. ആ ഫലം ഉത്തർപ്രദേശിലും മഹാരാഷ്ട്രയിലും നമ്മുടെ തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട്ടിലും കണ്ടില്ലേ; നിങ്ങളുടെ ഒറ്റയ്ക്കുള്ള ശക്തികൊണ്ട് എന്തോ നേടിയെന്നാണ് ഇപ്പോഴും നിങ്ങൾ കരുതുന്നത്. എവിടെയാണ് നിങ്ങൾ നേടിയത്? കോൺഗ്രസ് ജയിച്ചുനിൽക്കുന്ന സംസ്ഥാനങ്ങളായ കർണ്ണാടകയിലെയും തെലങ്കാനയിലെയും സ്ഥിതിയെന്താണ്? ഇതാണ് നാം കാണേണ്ടത്. ഇപ്പോൾ പൊതുശത്രുവിനെ അങ്ങേയറ്റം ദുർബലപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്, അതിനിനിയും കഴിയണം. കാരണം അവർ അത്രമാത്രം നിഷേധാത്മകമായ കാര്യങ്ങളാണ് ചെയ്യുന്നത്. നമ്മുടെ രാജ്യത്തിന്റെ ഐക്യത്തിന് യോജിക്കാത്ത നിലപാടുകളാണ് അവർ സ്വീകരിക്കുന്നത്.

അതിനെ ശക്തമായി നേരിടുന്ന നിലാപാടുകളാണ് നാം സ്വീകരിക്കേണ്ടത്. ഞങ്ങളെ വല്ലാതെ ആക്രമിച്ച് മന:സുഖം നേടുകയെന്നുള്ളത് നിങ്ങൾ സ്വീകരിക്കേണ്ട നിലപാടല്ല. ഈ ധനാഭ്യർത്ഥനകൾ പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XII

## പോലീസ്

മി. സ്പീക്കർ: സർവ്വശ്രീ മഞ്ഞളാംകുഴി അലി, കെ. പി. എ. മജീദ്, എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, യു. എ. ലത്തീഫ്, കുറുക്കോളി മൊയ്തീൻ, എ. കെ. എം. അഷ്റഫ്, അൻവർ സാദത്ത്, കെ. ബാബു (തൃപ്പൂണിത്തുറ), പി. സി. വിഷ്ണുനാഥ്, ടി. ജെ. വിനോദ്, എൽദോസ് പി. കുന്നപ്പിള്ളിൽ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം. വിൻസെന്റ്, സി. ആർ. മഹേഷ്, ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ XII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയ്ക്ക്, പോളിംഗിന് ബെൽ മുഴങ്ങിക്കഴിഞ്ഞാൽ ചെയറിൽനിന്നും നിർദ്ദേശം വരുന്നതാണ്. അതിനുശേഷം സ്റ്റാർട്ട് പോളിംഗ് എന്ന് ചെയർ അറിയിക്കുമ്പോൾ മാത്രമെ ബഹുമാനപ്പെട്ട അംഗങ്ങൾ വോട്ട് രേഖപ്പെടുത്താൻ പാടുള്ളൂ.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. അഹമ്മദ് ദേവർകോവിൽ

2. ശ്രീ. എൻ. കെ. അക്ബർ

3. ശ്രീമതി ഒ. എസ്. അംബിക

4. ശ്രീ. ജി. ആർ. അനിൽ

5. ശ്രീ. ആന്റണി ജോൺ

6. ശ്രീ. ആന്റണി രാജു

7. ശ്രീ. എം. എസ്. അരുൺ കുമാർ

8. ശ്രീമതി സി. കെ. ആശ

9. ശ്രീ. കെ. ബാബു (നെന്മാറ)

10. ഡോ. ആർ. ബിന്ദു

11. ശ്രീമതി ജെ. ചിഞ്ചുറാണി

12. ശ്രീ. കെ. ബി. ഗണേഷ് കുമാർ

13. ശ്രീ. ചിറ്റയം ഗോപകുമാർ

14. ശ്രീ. സി. കെ. ഹരീന്ദ്രൻ

15. ശ്രീ. കെ. ടി. ജലീൽ

16. ശ്രീമതി കാനത്തിൽ ജമീല

17. ശ്രീ. ജി. എസ്. ജയലാൽ

18. ഡോ. എൻ. ജയരാജ്

19. ശ്രീ. കെ. യു. ജനീഷ് കുമാർ

20. ശ്രീ. ജോബ് മൈക്കിൾ

21. ശ്രീ. ഒ. ആർ. കേളു

22. ശ്രീ. കെ. കൃഷ്ണൻകുട്ടി

23. ശ്രീ. സി. എച്ച്. കുഞ്ഞമ്പു

24. ശ്രീമതി ദെലീമ

25. ശ്രീ. ലിന്റോ ജോസഫ്

26. ശ്രീ. ടി. ഐ. മധുസൂദനൻ

27. ശ്രീ. പി. മമ്മിക്കുട്ടി

28. ശ്രീ. കെ. ജെ. മാക്സി

29. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

30. ശ്രീ. എ. സി. മൊയ്തീൻ

31. ശ്രീ. കെ. പി. മോഹനൻ

32. ശ്രീ. മുഹമ്മദ് മുഹസിൻ

33. ശ്രീ. ഡി. കെ. മുരളി

34. ശ്രീ. മുരളി പെരുനെല്ലി

35. ശ്രീ. പി. നന്ദകുമാർ

36. ശ്രീ. എം. നൗഷാദ്

37. ശ്രീ. എ. പ്രഭാകരൻ

38. ശ്രീ. പ്രമോദ് നാരായൺ

39. ശ്രീ. പി. പ്രസാദ്

40. ശ്രീ. വി. കെ. പ്രശാന്ത്

41. ശ്രീമതി യു. പ്രതിഭ

42. ശ്രീ. കെ. പ്രേംകുമാർ

43. ശ്രീ. കെ. രാധാകൃഷ്ണൻ

44. ശ്രീ. പി. ടി. എ. റഹീം

45. ശ്രീ. എ. രാജ

46. ശ്രീ. എം. ബി. രാജേഷ്

47. ശ്രീ. എം. രാജഗോപാലൻ

48. ശ്രീ. കെ. രാജൻ

49. ശ്രീ. പി. രാജീവ്

50. ശ്രീ. കെ. കെ. രാമചന്ദ്രൻ

51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

52. ശ്രീ. ടി. പി. രാമകൃഷ്ണൻ

53. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

54. ശ്രീ. റോഷി അഗസ്റ്റിൻ

55. ശ്രീ. കെ. എം. സച്ചിൻദേവ്

56. ശ്രീമതി ശാന്തകുമാരി കെ.

57. ശ്രീ. എ. കെ. ശശീന്ദ്രൻ

58. ശ്രീ. ഐ. ബി. സതീഷ്

59. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

60. ശ്രീ. വി. ശിവൻകുട്ടി

61. ശ്രീ. വാഴൂർ സോമൻ

62. ഡോ. സുജിത് വിജയൻപിള്ള

63. ശ്രീ. കെ. വി. സുമേഷ്

64. ശ്രീ. പി. പി. സുമോദ്

65. ശ്രീ. വി. ആർ. സുനിൽ കുമാർ

66. ശ്രീ. പി. എസ്. സുപാൽ

67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

68. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

69. ശ്രീ. തോമസ് കെ. തോമസ്

70. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

71. ശ്രീ. വി. എൻ. വാസവൻ

72. ശ്രീമതി വീണാ ജോർജ്

73. ശ്രീ. ഇ. കെ. വിജയൻ

74. ശ്രീ. എം. വിജിൻ

75. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ :</u>

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

2. ശ്രീ. അൻവർ സാദത്ത്

3. ശ്രീ. എ. കെ. എം. അഷ്റഫ്

4. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

5. ശ്രീ. ചാണ്ടി ഉമ്മൻ

6. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

7. ശ്രീ. സി. ആർ. മഹേഷ്

8. ഡോ. മാത്യു കുഴൽനാടൻ

9. ശ്രീ. കുറുക്കോളി മൊയ്തീൻ

10. ശ്രീ. മോൻസ് ജോസഫ്

11. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

12. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

13. ശ്രീമതി കെ. കെ. രമ

14. ശ്രീ. സജീവ് ജോസഫ്

15. ശ്രീ. എൻ. ഷംസുദ്ദീൻ

16. ശ്രീ. സണ്ണി ജോസഫ്

17. ശ്രീ. പി. ഉബൈദുള്ള

18. ശ്രീമതി ഉമ തോമസ്

19. ശ്രീ. എം. വിൻസെന്റ്

20. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 75

പ്രതികൂലിക്കുന്നവർ - 20

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XIII

## ജയിലുകൾ

മി. സ്പീക്കർ: സർവ്വശ്രീ മഞ്ഞളാംകുഴി അലി, കെ. പി. എ. മജീദ്, എൻ. ഷംസുദ്ദീൻ, എൻ. എ. നെല്ലിക്കുന്ന്, യു. എ. ലത്തീഫ്, എ. കെ. എം. അഷ്റഫ്, കുറുക്കോളി മൊയ്തീൻ, അൻവർ സാദത്ത്, കെ. ബാബു (തൃപ്പൂണിത്തുറ), തിരുവഞ്ചൂർ രാധാകൃഷ്ണൻ, പി. സി. വിഷ്ണുനാഥ്, ടി. ജെ. വിനോദ്, എം.

വിൻസെന്റ്, സി. ആർ. മഹേഷ്, എൽദോസ് പി. കുന്നപ്പിള്ളിൽ, ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ XIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഖണ്ഡനോപക്ഷേപങ്ങൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ ...................

പ്രതികൂലിക്കുന്നവർ....................

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. എം. എസ്. അരുൺ കുമാർ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു (നെന്മാറ)
10. ഡോ. ആർ. ബിന്ദു
11. ശ്രീമതി ജെ. ചിഞ്ചുറാണി

12. ശ്രീ. കെ. ബി. ഗണേഷ് കുമാർ

13. ശ്രീ. ചിറ്റയം ഗോപകുമാർ

14. ശ്രീ. സി. കെ. ഹരീന്ദ്രൻ

15. ശ്രീ. കെ. ടി. ജലീൽ

16. ശ്രീമതി കാനത്തിൽ ജമീല

17. ശ്രീ. ജി. എസ്. ജയലാൽ

18. ഡോ. എൻ. ജയരാജ്

19. ശ്രീ. കെ. യു. ജനീഷ് കുമാർ

20. ശ്രീ. ജോബ് മൈക്കിൾ

21. ശ്രീ. ഒ. ആർ. കേളു

22. ശ്രീ. കെ. കൃഷ്ണൻകുട്ടി

23. ശ്രീ. സി. എച്ച്. കുഞ്ഞമ്പു

24. ശ്രീമതി ദെലീമ

25. ശ്രീ. ലിന്റോ ജോസഫ്

26. ശ്രീ. ടി. ഐ. മധുസൂദനൻ

27. ശ്രീ. പി. മമ്മിക്കുട്ടി

28. ശ്രീ. കെ. ജെ. മാക്സി

29. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

30. ശ്രീ. എ. സി. മൊയ്തീൻ

31. ശ്രീ. കെ. പി. മോഹനൻ

32. ശ്രീ. മുഹമ്മദ് മുഹസിൻ

33. ശ്രീ. ഡി. കെ. മുരളി

34. ശ്രീ. മുരളി പെരുനെല്ലി

35. ശ്രീ. പി. നന്ദകുമാർ

36. ശ്രീ. എം. നൗഷാദ്

37. ശ്രീ. എ. പ്രഭാകരൻ

38. ശ്രീ. പ്രമോദ് നാരായൺ

39. ശ്രീ. പി. പ്രസാദ്

40. ശ്രീ. വി. കെ. പ്രശാന്ത്

41. ശ്രീമതി യു. പ്രതിഭ

42. ശ്രീ. കെ. പ്രേംകുമാർ

43. ശ്രീ. കെ. രാധാകൃഷ്ണൻ

44. ശ്രീ. പി. ടി. എ. റഹീം

45. ശ്രീ. എ. രാജ

46. ശ്രീ. എം. ബി. രാജേഷ്

47. ശ്രീ. എം. രാജഗോപാലൻ

48. ശ്രീ. കെ. രാജൻ

49. ശ്രീ. പി. രാജീവ്

50. ശ്രീ. കെ. കെ. രാമചന്ദ്രൻ

51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

52. ശ്രീ. ടി. പി. രാമകൃഷ്ണൻ

53. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

54. ശ്രീ. റോഷി അഗസ്റ്റിൻ

55. ശ്രീ. കെ. എം. സച്ചിൻദേവ്

56. ശ്രീമതി ശാന്തകുമാരി കെ.

57. ശ്രീ. എ. കെ. ശശീന്ദ്രൻ

58. ശ്രീ. ഐ. ബി. സതീഷ്

59. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

60. ശ്രീ. വി. ശിവൻകുട്ടി

61. ശ്രീ. വാഴൂർ സോമൻ

62. ഡോ. സുജിത് വിജയൻപിള്ള

63. ശ്രീ. കെ. വി. സുമേഷ്

64. ശ്രീ. പി. പി. സുമോദ്

65. ശ്രീ. വി. ആർ. സുനിൽ കുമാർ

66. ശ്രീ. പി. എസ്. സുപാൽ

67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

68. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

69. ശ്രീ. തോമസ് കെ. തോമസ്

70. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

71. ശ്രീ. വി. എൻ. വാസവൻ

72. ശ്രീമതി വീണാ ജോർജ്

73. ശ്രീ. ഇ. കെ. വിജയൻ

74. ശ്രീ. എം. വിജിൻ

75. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ :</u>

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
2. ശ്രീ. അൻവർ സാദത്ത്
3. ശ്രീ. എ. കെ. എം. അഷ്റഫ്
4. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
5. ശ്രീ. ചാണ്ടി ഉമ്മൻ
6. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
7. ശ്രീ. സി. ആർ. മഹേഷ്
8. ഡോ. മാത്യു കുഴൽനാടൻ
9. ശ്രീ. കുറുക്കോളി മൊയ്തീൻ
10. ശ്രീ. മോൻസ് ജോസഫ്
11. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
12. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

13. ശ്രീമതി കെ. കെ. രമ

14. ശ്രീ. സജീവ് ജോസഫ്

15. ശ്രീ. എൻ. ഷംസുദ്ദീൻ

16. ശ്രീ. സണ്ണി ജോസഫ്

17. ശ്രീ. പി. ഉബൈദുള്ള

18. ശ്രീമതി ഉമ തോമസ്

19. ശ്രീ. എം. വിൻസെന്റ്

20. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 75

പ്രതികൂലിക്കുന്നവർ - 20

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XIV

## സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും

മി. സ്പീക്കർ: സർവ്വശ്രീ മഞ്ഞളാംകുഴി അലി, യു. എ. ലത്തീഫ്, കെ. പി. എ. മജീദ്, എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, ടി. വി. ഇബ്രാഹിം, കുറുക്കോളി മൊയ്തീൻ, എ. കെ. എം. അഷ്റഫ്, അൻവർ സാദത്ത്, കെ. ബാബു (തൃപ്പൂണിത്തുറ), എൽദോസ് പി. കുന്നപ്പിള്ളിൽ, എം. വിൻസെന്റ്, പി. സി. വിഷ്ണുനാഥ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, സി. ആർ. മഹേഷ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ XIV-ാംനമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഖണ്ഡനോപക്ഷേപങ്ങൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള

ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ ...................

പ്രതികൂലിക്കുന്നവർ....................

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. ആന്റണി രാജു

7. ശ്രീ. എം. എസ്. അരുൺ കുമാർ

8. ശ്രീമതി സി. കെ. ആശ

9. ശ്രീ. കെ. ബാബു (നെന്മാറ)

10. ഡോ. ആർ. ബിന്ദു

11. ശ്രീമതി ജെ. ചിഞ്ചുറാണി

12. ശ്രീ. കെ. ബി. ഗണേഷ് കുമാർ

13. ശ്രീ. ചിറ്റയം ഗോപകുമാർ

14. ശ്രീ. സി. കെ. ഹരീന്ദ്രൻ

15. ശ്രീ. കെ. ടി. ജലീൽ

16. ശ്രീമതി കാനത്തിൽ ജമീല

17. ശ്രീ. ജി. എസ്. ജയലാൽ

18. ഡോ. എൻ. ജയരാജ്

19. ശ്രീ. കെ. യു. ജനീഷ് കുമാർ

20. ശ്രീ. ജോബ് മൈക്കിൾ

21. ശ്രീ. ഒ. ആർ. കേളു

22. ശ്രീ. കെ. കൃഷ്ണൻകുട്ടി

23. ശ്രീ. സി. എച്ച്. കുഞ്ഞമ്പു

24. ശ്രീമതി ദെലീമ

25. ശ്രീ. ലിന്റോ ജോസഫ്

26. ശ്രീ. ടി. ഐ. മധുസൂദനൻ

27. ശ്രീ. പി. മമ്മിക്കുട്ടി

28. ശ്രീ. കെ. ജെ. മാക്സി

29. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

30. ശ്രീ. എ. സി. മൊയ്തീൻ

31. ശ്രീ. കെ. പി. മോഹനൻ

32. ശ്രീ. മുഹമ്മദ് മുഹസിൻ

33. ശ്രീ. ഡി. കെ. മുരളി

34. ശ്രീ. മുരളി പെരുനെല്ലി

35. ശ്രീ. പി. നന്ദകുമാർ

36. ശ്രീ. എം. നൗഷാദ്

37. ശ്രീ. എ. പ്രഭാകരൻ

38. ശ്രീ. പ്രമോദ് നാരായൺ

39. ശ്രീ. പി. പ്രസാദ്

40. ശ്രീ. വി. കെ. പ്രശാന്ത്

41. ശ്രീമതി യു. പ്രതിഭ

42. ശ്രീ. കെ. പ്രേംകുമാർ

43. ശ്രീ. കെ. രാധാകൃഷ്ണൻ

44. ശ്രീ. പി. ടി. എ. റഹീം

45. ശ്രീ. എ. രാജ

46. ശ്രീ. എം. ബി. രാജേഷ്

47. ശ്രീ. എം. രാജഗോപാലൻ

48. ശ്രീ. കെ. രാജൻ

49. ശ്രീ. പി. രാജീവ്

50. ശ്രീ. കെ. കെ. രാമചന്ദ്രൻ

51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

52. ശ്രീ. ടി. പി. രാമകൃഷ്ണൻ

53. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

54. ശ്രീ. റോഷി അഗസ്റ്റിൻ

55. ശ്രീ. കെ. എം. സച്ചിൻദേവ്

56. ശ്രീമതി ശാന്തകുമാരി കെ.

57. ശ്രീ. എ. കെ. ശശീന്ദ്രൻ

58. ശ്രീ. ഐ. ബി. സതീഷ്

59. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

60. ശ്രീ. വി. ശിവൻകുട്ടി

61. ശ്രീ. വാഴൂർ സോമൻ

62. ഡോ. സുജിത് വിജയൻപിള്ള

63. ശ്രീ. കെ. വി. സുമേഷ്

64. ശ്രീ. പി. പി. സുമോദ്

65. ശ്രീ. വി. ആർ. സുനിൽ കുമാർ

66. ശ്രീ. പി. എസ്. സുപാൽ

67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

68. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

69. ശ്രീ. തോമസ് കെ. തോമസ്

70. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ

71. ശ്രീ. വി. എൻ. വാസവൻ

72. ശ്രീമതി വീണാ ജോർജ്

73. ശ്രീ. ഇ. കെ. വിജയൻ

74. ശ്രീ. എം. വിജിൻ

75. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ :</u>

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

2. ശ്രീ. അൻവർ സാദത്ത്

3. ശ്രീ. എ. കെ. എം. അഷ്റഫ്

4. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

5. ശ്രീ. ചാണ്ടി ഉമ്മൻ

6. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

7. ശ്രീ. സി. ആർ. മഹേഷ്

8. ഡോ. മാത്യു കുഴൽനാടൻ

9. ശ്രീ. കുറുക്കോളി മൊയ്തീൻ

10. ശ്രീ. മോൻസ് ജോസഫ്

11. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

12. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

13. ശ്രീമതി കെ. കെ. രമ

14. ശ്രീ. സജീവ് ജോസഫ്

15. ശ്രീ. എൻ. ഷംസുദ്ദീൻ

16. ശ്രീ. സണ്ണി ജോസഫ്

17. ശ്രീ. പി. ഉബൈദുള്ള

18. ശ്രീമതി ഉമ തോമസ്

19. ശ്രീ. എം. വിൻസെന്റ്

20. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 75

പ്രതികൂലിക്കുന്നവർ - 20

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXIII

വാർത്താവിതരണവും പ്രചരണവും

മി. സ്പീക്കർ: സർവ്വശ്രീ. മഞ്ഞളാംകുഴി അലി, എൻ. ഷംസുദ്ദീൻ, പി. ഉബൈദുള്ള, എൻ. എ. നെല്ലിക്കുന്ന്, കെ. പി. എ. മജീദ്, എ. കെ. എം. അഷ്റഫ്, ടി. വി. ഇബ്രാഹിം, യു. എ. ലത്തീഫ്, കുറുക്കോളി മൊയ്തീൻ, എം. വിൻസെന്റ്, പി. സി. വിഷ്ണുനാഥ്, കെ. ബാബു (തൃപ്പൂണിത്തുറ), ടി. ജെ. വിനോദ്, അൻവർ സാദത്ത്, എൽദോസ് പി. കുന്നപ്പിള്ളിൽ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, സി. ആർ. മഹേഷ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ XXIII-ാംനമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഖണ്ഡനോപക്ഷേപങ്ങൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ

5. ശ്രീ. ആന്റണി ജോൺ

6. ശ്രീ. ആന്റണി രാജു

7. ശ്രീ. എം. എസ്. അരുൺ കുമാർ

8. ശ്രീമതി സി. കെ. ആശ

9. ശ്രീ. കെ. ബാബു (നെന്മാറ)

10. ഡോ. ആർ. ബിന്ദു

11. ശ്രീമതി ജെ. ചിഞ്ചുറാണി

12. ശ്രീ. കെ. ബി. ഗണേഷ് കുമാർ

13. ശ്രീ. ചിറ്റയം ഗോപകുമാർ

14. ശ്രീ. സി. കെ. ഹരീന്ദ്രൻ

15. ശ്രീ. കെ. ടി. ജലീൽ

16. ശ്രീമതി കാനത്തിൽ ജമീല

17. ശ്രീ. ജി. എസ്. ജയലാൽ

18. ഡോ. എൻ. ജയരാജ്

19. ശ്രീ. കെ. യു. ജനീഷ് കുമാർ

20. ശ്രീ. ജോബ് മൈക്കിൾ

21. ശ്രീ. ഒ. ആർ. കേളു

22. ശ്രീ. കെ. കൃഷ്ണൻകുട്ടി

23. ശ്രീ. സി. എച്ച്. കുഞ്ഞമ്പു

24. ശ്രീമതി ദെലീമ

25. ശ്രീ. ലിന്റോ ജോസഫ്

26. ശ്രീ. ടി. ഐ. മധുസൂദനൻ

27. ശ്രീ. പി. മമ്മിക്കുട്ടി

28. ശ്രീ. കെ. ജെ. മാക്സി

29. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

30. ശ്രീ. എ. സി. മൊയ്തീൻ

31. ശ്രീ. കെ. പി. മോഹനൻ

32. ശ്രീ. മുഹമ്മദ് മുഹസിൻ

33. ശ്രീ. ഡി. കെ. മുരളി

34. ശ്രീ. മുരളി പെരുനെല്ലി

35. ശ്രീ. പി. നന്ദകുമാർ

36. ശ്രീ. എം. നൗഷാദ്

37. ശ്രീ. എ. പ്രഭാകരൻ

38. ശ്രീ. പ്രമോദ് നാരായൺ

39. ശ്രീ. പി. പ്രസാദ്

40. ശ്രീ. വി. കെ. പ്രശാന്ത്

41. ശ്രീമതി യു. പ്രതിഭ

42. ശ്രീ. കെ. പ്രേംകുമാർ

43. ശ്രീ. കെ. രാധാകൃഷ്ണൻ

44. ശ്രീ. പി. ടി. എ. റഹീം

45. ശ്രീ. എ. രാജ

46. ശ്രീ. എം. ബി. രാജേഷ്

47. ശ്രീ. എം. രാജഗോപാലൻ

48. ശ്രീ. കെ. രാജൻ

49. ശ്രീ. പി. രാജീവ്

50. ശ്രീ. കെ. കെ. രാമചന്ദ്രൻ

51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

52. ശ്രീ. ടി. പി. രാമകൃഷ്ണൻ

53. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

54. ശ്രീ. റോഷി അഗസ്റ്റിൻ

55. ശ്രീ. കെ. എം. സച്ചിൻദേവ്

56. ശ്രീമതി ശാന്തകുമാരി കെ.

57. ശ്രീ. എ. കെ. ശശീന്ദ്രൻ

58. ശ്രീ. ഐ. ബി. സതീഷ്

59. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

60. ശ്രീ. വി. ശിവൻകുട്ടി

61. ശ്രീ. വാഴൂർ സോമൻ

62. ഡോ. സുജിത് വിജയൻപിള്ള

63. ശ്രീ. കെ. വി. സുമേഷ്

64. ശ്രീ. പി. പി. സുമോദ്

65. ശ്രീ. വി. ആർ. സുനിൽ കുമാർ

66. ശ്രീ. പി. എസ്. സുപാൽ

67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

68. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

69. ശ്രീ. തോമസ് കെ. തോമസ്

70. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ

71. ശ്രീ. വി. എൻ. വാസവൻ

72. ശ്രീമതി വീണാ ജോർജ്

73. ശ്രീ. ഇ. കെ. വിജയൻ

74. ശ്രീ. എം. വിജിൻ

75. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

പ്രതികൂലിക്കുന്നവർ :

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

2. ശ്രീ. അൻവർ സാദത്ത്

3. ശ്രീ. എ. കെ. എം. അഷ്റഫ്

4. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

5. ശ്രീ. ചാണ്ടി ഉമ്മൻ

6. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

7. ശ്രീ. സി. ആർ. മഹേഷ്

8. ഡോ. മാത്യു കുഴൽനാടൻ

9. ശ്രീ. കുറുക്കോളി മൊയ്തീൻ

10. ശ്രീ. മോൻസ് ജോസഫ്

11. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

12. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

13. ശ്രീമതി കെ. കെ. രമ

14. ശ്രീ. സജീവ് ജോസഫ്

15. ശ്രീ. എൻ. ഷംസുദ്ദീൻ

16. ശ്രീ. സണ്ണി ജോസഫ്

17. ശ്രീ. പി. ഉബൈദുള്ള

18. ശ്രീമതി ഉമ തോമസ്

19. ശ്രീ. എം. വിൻസെന്റ്

20. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 75

പ്രതികൂലിക്കുന്നവർ - 20

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ..... ഓർഡർ..... അടുത്ത സഭ ചേരുമ്പോൾ ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഈ സഭയിൽ ഉണ്ടാകില്ല. അങ്ങേയ്ക്ക് സംസാരിക്കാം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഇന്ന് പതിനഞ്ചാം കേരള നിയമസഭയിലെ പതിനൊന്നാം സമ്മേളനത്തിലെ മൂന്നാമത്തെ ദിവസമാണ്. ഇന്നത്തെ സഭാസമ്മേളനത്തോടുകൂടി പതിനഞ്ചാം കേരള നിയമസഭയിൽനിന്നും ഞാൻ വിടവാങ്ങുകയാണ്. 1996-ലാണ് ഞാൻ ആദ്യമായി അസംബ്ലിയിലേയ്ക്ക് കടന്നുവന്നത്. 1996-ന് ശേഷം നാല് പ്രാവശ്യം തുടർച്ചയായി ഈ സഭയിലിരിക്കാൻ കഴിഞ്ഞു. 2016-2021-ൽ ഒരു

ഇടവേള വന്നെങ്കിലും വീണ്ടും 2021-ൽ ജയിച്ച് ഈ സഭയിൽ വരാനുള്ള അവസരമുണ്ടായി. ഈ സഭയിൽനിന്നും പോകുന്ന സന്ദർഭത്തിൽ ഒരുപാട് കാര്യങ്ങളും മഹാരഥന്മാരായ ഒട്ടേറെ വ്യക്തികളെയും മനസ്സിൽ ഓർമ്മ വരികയാണ്. 1996-ൽ മന്ത്രിയായി വരുന്ന സമയത്ത് ആദ്യമായിട്ടാണ് എം.എൽ.എ. ആയത്. ഭരണപരമായ യാതൊരു പിടിപാടുമുണ്ടായിരുന്നില്ല. അന്ന് മുഖ്യമന്ത്രിയായിരുന്നത് സഖാവ് ഇ. കെ. നായനാരായിരുന്നു. ഇ. കെ. നായനാർ ഉൾപ്പെടെയുള്ള ഉയർന്ന നേതാക്കളായിരുന്നു അന്ന് ആ സഭയിലുണ്ടായിരുന്നത്. അന്നുണ്ടായിരുന്ന ടി. കെ. രാമകൃഷ്ണൻ, ബേബി ജോൺ, ഇ. ചന്ദ്രശേഖരൻ നായർ, പി. ആർ. കുറുപ്പ്, സുശീല ഗോപാലൻ, എ. സി. ഷൺമുഖദാസ്, ടി. ശിവദാസമേനോൻ, വി. കെ. രാജൻ, കൃഷ്ണൻ കണിയാംപറമ്പിൽ തുടങ്ങിയ വ്യക്തികൾ ഇന്ന് ജീവിച്ചിരിപ്പില്ല. പ്രതിപക്ഷത്തും ഭരണപക്ഷത്തുമായി ഒട്ടേറെ നേതാക്കളുണ്ടായിരുന്നു. അതിൽ നമ്മെ വിട്ടുപിരിഞ്ഞ ഉമ്മൻ ചാണ്ടി, കെ. ആർ. ഗൗരി അമ്മ, കെ. എം. മാണി, ആർ. ബാലകൃഷ്ണപിള്ള, എ. വി. അബ്ദുറഹിമാൻ ഹാജി, ടി. എം. ജേക്കബ്, കെ. ശങ്കരനാരായണൻ, കോടിയേരി ബാലകൃഷ്ണൻ, ആര്യാടൻ മുഹമ്മദ്, പി.

രവീന്ദ്രൻ, കെ. നാരായണക്കുറുപ്പ്, ടി. കെ. ബാലൻ, സി. എഫ്. തോമസ് എന്നിവരെ ഈ സമയത്ത് ഞാൻ ഓർത്തുപോകുകയാണ്. അതുപോലെ മുൻ സ്പീക്കറും പിന്നീട് ധനകാര്യ വകുപ്പുമന്ത്രിയുമായിരുന്ന വക്കം പുരുഷോത്തമൻ, മുൻ ഡെപ്യൂട്ടി സ്പീക്കർമാരായ എൻ. സുന്ദരൻ നാടാർ, ടി. എസ്. ജോൺ എന്നിവരെയും ഈ സമയത്ത് ഓർത്തുപോകുകയാണ്. മറ്റ് നിരവധി സഹപ്രവർത്തകരായി ഉണ്ടായിരുന്നവരെയെല്ലാം ഞാൻ ഈ സന്ദർഭത്തിൽ ഓർക്കുന്നു. അവർ നൽകിയ നിർദ്ദേശങ്ങളും ഉപദേശങ്ങളുമൊക്കെതന്നെ എനിക്ക് വഴികാട്ടിയായി മാറിയിട്ടുണ്ടെന്നുള്ളത് ഞാൻ ഈ സന്ദർഭത്തിൽ സ്മരിക്കുകയാണ്. 1996-ൽ ഞാൻ മന്ത്രിയായി വരുന്ന സമയം ഇപ്പോൾ എന്റെ തൊട്ടടുത്ത കസേരയിലിരിക്കുന്ന ബഹുമാന്യനായ മുഖ്യമന്ത്രി അന്ന് സംസ്ഥാനത്തെ വൈദ്യുത-സഹകരണ വകുപ്പുമന്ത്രിയായിരുന്നു. ഞാൻ ഇപ്പോഴും ഓർത്തുപോകുന്ന ഒരു പ്രധാനപ്പെട്ട കാര്യം, നമ്മുടെ കേരളം ഇരുട്ടിലേയ്ക്ക് പോകുന്ന സമയമായിരുന്നു. അന്ന് വൈദ്യുതി രംഗത്ത് വലിയ മാറ്റമുണ്ടാക്കുമെന്ന പ്രഖ്യാപനം നടത്തിയപ്പോൾ ചിലർ കളിയാക്കുകയുണ്ടായി. അന്ന് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ 1056 മെഗാവാട്ട് വൈദ്യുതി

ഉൽപാദിപ്പിച്ചുകൊണ്ടാണ് കേരളത്തെ ഇരുട്ടിൽനിന്നും വെളിച്ചത്തിലേയ്ക്ക് നയിച്ചത്. ഇപ്പോൾ 2021-2023 വരെ അദ്ദേഹം മുഖ്യമന്ത്രിയായിരിക്കുമ്പോൾ ഈ മന്ത്രിസഭയിലെ അംഗമായിരിക്കാൻ കഴിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷവും അത് എന്റെ ഭാഗ്യവുമായി കരുതുന്നു. നമ്മുടെ സഭ ഇന്ത്യയ്ക്കാകെ മാതൃകയായ സഭയാണ്. ഒട്ടേറെ മഹാരഥന്മാർ വഴികാട്ടിയ സഭയാണ് നമ്മുടെ നിയമസഭ. എല്ലാ കാര്യത്തിലും മാതൃകയാണ്. ആ മാതൃക മുന്നോട്ടുകൊണ്ടുപോകേണ്ടത് അത്യന്താപേക്ഷിതമാണെന്ന് പറയാതെതന്നെ എല്ലാവർക്കുമറിയാം. ഇന്ത്യൻ പാർലമെന്റിനുപോലും വഴികാട്ടിയായ നമ്മുടെ സഭയുടെ അന്തസ്സും അഭിമാനവും ഉയർത്തിപ്പിടിച്ചുകൊണ്ട് മുന്നോട്ടുപോകാൻ നമുക്ക് കഴിയണം. അങ്ങനെ കഴിയട്ടേയെന്ന് ആശംസിച്ചുകൊണ്ട് എന്നോട് കാണിച്ച സ്നേഹത്തിനും വിശ്വാസത്തിനുമെല്ലാം എല്ലാവരോടും നന്ദിയും കടപ്പാടും രേഖപ്പെടുത്തുകയാണ്. പ്രത്യേകിച്ച് ചെയർ എനിക്കിപ്പോൾ വിട പറയാനുള്ള അവസരം നൽകിയിരിക്കുകയാണ്. ഇങ്ങനെ സംസാരിച്ചുകൊണ്ട് വിട പറഞ്ഞ് പാർലമെന്റിലേയ്ക്ക് പോകാനുള്ള അവസരം ആർക്കുമുണ്ടായിട്ടില്ലെന്ന് തോന്നുന്നു. ഒരേ സമയത്ത് മന്ത്രിയും എം.എൽ.എ.-

യും പാർലമെന്റ് അംഗവുമായിരിക്കാനുള്ള അവസരമുണ്ടായിരിക്കുകയാണ്. പ്രത്യേകിച്ച് മുഖ്യമന്ത്രിയുടെ ഇടപെടൽ കൂടിയാകും, ഈ സഭാസമ്മേളനത്തിൽക്കൂടി മന്ത്രിയുടെ ചുമതല നിർവഹിക്കണമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് എനിക്ക് ഈ സഭയിൽനിന്ന് ബഹുമാനപ്പെട്ട അംഗങ്ങളോട് സംസാരിച്ചുപോകാനുള്ള അവസരമുണ്ടായത്. എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളോടും ഞാൻ പ്രത്യേകമായ നന്ദി രേഖപ്പെടുത്തുന്നു. ബഹുമാനപ്പെട്ട സ്പീക്കർ ഇരിക്കുന്ന ചെയറിലിരിക്കാനും എനിക്ക് ഭാഗ്യമുണ്ടായിട്ടുണ്ട്. ആ സമയത്ത് ഉദ്യോഗസ്ഥ സുഹൃത്തുക്കളുടെ എല്ലാതരത്തിലുമുള്ള സഹായ സഹകരണങ്ങളുമുണ്ടായിട്ടുണ്ട്. എല്ലാവരോടും നന്ദി പറഞ്ഞുകൊണ്ട് ഈ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ പാർലമെന്റിൽ നമുക്ക് എന്ത് ചെയ്യാൻ കഴിയുമെന്നുള്ളത്.... ഇവിടെ ഇടതുപക്ഷത്തുനിന്നും ഒരാൾ മാത്രമെ വിജയിച്ചുള്ളൂവെന്ന് പറഞ്ഞ് ഒരാളായി മാത്രം കാണേണ്ടതില്ല. നമ്മുടെ സംസ്ഥാനത്ത് മറ്റ് പാർട്ടികളിൽനിന്നും 19 എം.പി.-മാർ വിജയിച്ചിട്ടുണ്ട്. അവരുമായി ചേർന്നുകൊണ്ട് ഈ പുതിയ സാഹചര്യത്തിൽ കേരളത്തിന് ലഭിക്കേണ്ട അവകാശങ്ങളും ആനുകൂല്യങ്ങളും

നേടിയെടുക്കാൻ കഴിയാവുന്നത്ര രീതിയിൽ പ്രവർത്തിക്കാമെന്നുകൂടി ഈ സന്ദർഭത്തിൽ നിങ്ങൾക്ക് ഉറപ്പുനൽകുകയാണ്. നമ്മുടെ കേരളത്തോട് കേന്ദ്ര അവഗണനയൊക്കെയുണ്ട് എന്നുള്ളത് നമ്മൾ എപ്പോഴും ചർച്ച ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. സാധാരണക്കാരനായ ഒരു മനുഷ്യൻ എന്ന നിലയിൽ എനിക്ക് ചെന്നെത്താൻ കഴിയാത്ത അത്രയും വലിയ ഉയരത്തിലെത്തിക്കാൻ എന്റെ പാർട്ടിയും നല്ലവരായ ജനങ്ങളും ഒരുപാട് സഹായിച്ചിട്ടുണ്ട്. ആ പാർട്ടിയോടും ഈ സഭയോടുമുള്ള നന്ദി ഒരിക്കൽകൂടി രേഖപ്പെടുത്തിക്കൊണ്ട് എല്ലാവർക്കും നന്മകൾ നേർന്നുകൊണ്ട് ഞാനെന്റെ വാക്കുകൾ നിർത്തുകയാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഈ സെഷനിൽ ഇന്നത്തോടുകൂടി ഈ സഭയിൽനിന്നും പാർലമെന്റിലേയ്ക്ക് പോകുകയാണ്. ഞാൻ ഒന്നര വർഷമായി സ്പീക്കറായിരിക്കുകയാണ്. ഈ ഒന്നര വർഷക്കാലം പാർലമെന്ററികാര്യ വകുപ്പുമന്ത്രിയെന്ന നിലയിൽ നല്ല രീതിയിലുള്ള സഹകരണവും നിർദേശങ്ങളുമെല്ലാം അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്. തീർച്ചയായും അദ്ദേഹത്തിന്റെ പിന്തുണയ്ക്കും മറ്റും

ചെയർ എന്ന നിലയ്ക്കുള്ള നന്ദി അറിയിക്കുകയാണ്. അതോടൊപ്പം ഇന്ത്യൻ പാർലമെന്റിൽ ഏറ്റവും മികച്ച നിലയിൽ ശോഭിക്കാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. രാധാകൃഷ്ണന് സാധിക്കട്ടേയെന്ന് ഈ ഘട്ടത്തിൽ ആശംസിക്കുകയാണ്.

ഓർഡർ....ഓർഡർ.... നാളെ മുതൽ മൂന്ന് ദിവസങ്ങളിലായി നടക്കുന്ന ലോക കേരള സഭയുടെ നാലാം സമ്മേളനത്തിൽ എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. എല്ലാവർക്കും ഹൃദ്യമായ ബക്രീദ് ആശംസകൾ നേരുന്നു.

ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും ജൂൺ 19-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ജൂൺ മാസം 19-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 03.52-ന് പിരിഞ്ഞു.)

*********